
.12

വിശുദ്ധ ഗ്രന്ഥം

പഴയനിയമം

പ്രവാചകന്മാർ



കേരളത്തിലെ സുറിയാനി

ക. നി. മൂ. സ.

വിവർത്തകസംഘം

പ്രശീത്തായിൽനിന്ന് തർജ്ജമചെയ്ത് വ്യാഖ്യാനസഹിതം

പ്രസിദ്ധീകരിക്കുന്നത്.

വി. യെസ്. പി. മുദ്രാലയം,

മാന്നാനം.

1897

ക്രൗൺ

S.Tr. 227

T.U
227

LITTLE FLOWER MONASTERY
Sl. No. 14
MANAPURAM.

LITTLE FLOWER MONASTERY
MANAPURAM

M/2344.12
BIB

കത്തോലിക്കരും വിശുദ്ധ ഗ്രന്ഥവും

വിശുദ്ധ ഗ്രന്ഥത്തെ സംബന്ധിച്ച് "ദിവിനോ അഫ്ളാന്തെ സ്പിരിത്തു" (Divino Afflante Spiritu) എന്ന തുടങ്ങുന്ന പുതിയ വിശ്വലേഖനത്തിന്റെ

സംഗ്രഹം

പതിമ്മൂന്നാം ലെയോൻ മാപ്പാപ്പാ തിരുമനസ്സുകൊണ്ട് വേദപുസ്തകപഠനം സംബന്ധിച്ച് പുറപ്പെടുവിച്ച "പരമപരിപാലകനായദൈവം" (Providentissimus Deus) എന്ന വിശ്വലേഖനത്തിന്റെ 50-ാം വത്സരപൂർത്തിപ്രമാണിച്ച് പന്ത്രണ്ടാം പീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ട് ഫൻരണ്ട സെപ്തംബർ 30-ാം തീയതി ഒരു വിശ്വലേഖം പുറപ്പെടുവിച്ചു. ഈ അമ്പതുകൊല്ലക്കാലത്തിനിടയ്ക്ക് വിശുദ്ധ ഗ്രന്ഥപഠനത്തിൽ തിരുസ്സഭ ചെയ്തിരിക്കുന്ന വിവിധങ്ങളായ പ്രോത്സാഹനങ്ങളെക്കുറിച്ചും, മേലിൽ ഈ പഠനം അഭിവൃദ്ധമാക്കേണ്ട കായ്ത്തിൽ അവലംബിക്കേണ്ട മാർഗ്ഗങ്ങളെക്കുറിച്ചുമാണ് അതിൽ പ്രതിപാദിച്ചിരിക്കുന്നത്.

ഭാഷകളും ആദിമപ്രതികളും

ആധുനികകാലത്ത് പൗരാണികഭാഷാപഠനം വളരെ പ്രചാരത്തിൽ വന്നിട്ടുണ്ട്. അവ അഭ്യസിക്കുന്നതിന് പല എളുപ്പമാർഗ്ഗങ്ങളും നമുക്കു കൈവന്നിരിക്കുന്നു. അതിനാൽ ഗ്രീക്ക്, എബ്രായാ, ആറാമായ (സുറിയാനി) എന്നീ ബൈബിൾ ഭാഷകൾ അഭ്യസിക്കുന്ന വിഷയത്തിൽ ഒരു ആധുനിക ബൈബിൾ ഭാഷ്യകാരന് യാതൊരു അമാന്തവും കാണിപ്പാൻ നിവൃത്തിയില്ല. ഇതിൽനിന്ന് പ്രാമാണിക (Authentic) മെന്ന് തെന്തോസ് സൂനഹദോസ് പ്രസ്താവിച്ച വുൽഗാത്തായുടെ മാഹാത്മ്യത്തിന് കോട്ടമൊന്നും തട്ടിയിട്ടില്ല. എന്തെന്നാൽ വുൽഗാത്തായുടെ വിശദമായ വ്യാഖ്യാനത്തിന് ആദിമപ്രതികളെ ഒത്തുനോക്കിക്കൊള്ളുവാനത്രെ സൂനഹദോസ് പറഞ്ഞിരിക്കുന്നത്. പ്രാമാണികമെന്ന് നിരൂപകാർത്ഥത്തിലെ (Critical sense)

ന്നതിനേക്കാൾ നൈയാമികാർത്ഥത്തിൽ (Juridical sense) പറയുന്നതുകൊണ്ട് മൂലപ്രതികളിൽനിന്ന് ആധുനികഭാഷകളിൽ വി. ലിഖിതങ്ങൾ വിവർത്തനം ചെയ്യുന്നതിന് അതു ബാധകമാകുമെന്നു വിചാരിക്കേണ്ടാ. അനന്തരം, വിവിധപ്രതികളെ നിരൂപണം ചെയ്യുന്നതിൽ (Textual criticism) ഉണ്ടായിട്ടുള്ള അസാധാരണമായ അഭിവൃദ്ധിയെപ്പറ്റി പ്രസ്താവിച്ചശേഷം അക്കാര്യത്തിൽ ആധുനിക കത്തോലിക്കാ ജനസഞ്ചയം കൂടുതൽ ഔത്സുക്യം പ്രദർശിപ്പിക്കുവാൻ ഉദ്ബോധിപ്പിക്കുന്നു. *

ഭാഷ്യം

അഗാധമായ ഭാഷാജ്ഞാനത്തോടും വിവേകപൂർവ്വമായ താർക്കികദൃഷ്ടിയോടുംകൂടിയാണ് വി. ലിഖിതങ്ങൾ എഴുതിയവരുടെ ആശയം വിശദീകരിക്കാൻ ഒരു ഭാഷ്യകാരൻ ഉദ്യമിക്കുന്നത്. അയാളുടെ പ്രയത്നങ്ങളുടെ പ്രഥമോദ്ദേശം വി. ഗ്രന്ഥത്തിലെ വാക്കുകളിൽ പ്രത്യക്ഷമാംവിധം പ്രകാശിതമായിരിക്കുന്ന വാച്യാർത്ഥത്തെ വെളിവാക്കുകയായിരിക്കും. എങ്കിലും അവയുടെ ആദ്ധ്യാത്മികാർത്ഥം അഥവാ പ്രതിരൂപാർത്ഥം (typical sense) ഉപേക്ഷിച്ചുകളയാവുന്നതല്ല.

ഇവിടെ വിശദലേഖനം അത്യന്തം പ്രധാനമായ ഒരു സംഗതിയെ പ്രത്യേകാൽ സ്പർശിക്കുന്നുണ്ട്. ഒരു പാഠത്തിൽ (in a text) നിശ്ചിതമായ ഒരു ആദ്ധ്യാത്മികാർത്ഥം അഥവാ പ്രതിരൂപാർത്ഥം അടങ്ങിയിരിപ്പുണ്ടെന്ന് വെളിപാടുകൊണ്ടുമാത്രമേ വിശദമാകയുള്ളുവെന്ന് തിരുസ്സഭ കൊണ്ടു പ്രസ്താവിക്കുന്നു. ക്രൂശാരോഹണത്തിലെ വസ്തുക്കളുടെയും, അക്കങ്ങളുടെയും ലാക്ഷണികാർത്ഥങ്ങൾ (Symbolic meanings) പോലെ വേറെതരത്തിൽപ്പെട്ട രൂപകാർത്ഥങ്ങൾ (Figurative meanings) മിതമായും പരിധിവിടാതെയും ഉപയോഗിക്കാമെങ്കിലും, അവയാണ് വേദാർത്ഥങ്ങൾ (Scriptural meanings) എന്നുള്ള ധാരണയുണ്ടാകാതിരിപ്പാൻ എപ്പോഴും ശ്രദ്ധിക്കേ

---

* വേദപുസ്തകത്തിന്റെ വിവിധപ്രതികളെ നിരൂപണം ചെയ്യുന്നതിന്റെ ഉദ്ദേശം മൂലപ്രതിയെ കഴിയുന്നതും സംശുദ്ധമാംവിധം പുനരുദ്ധരിക്കയെന്നതത്രെ. ആദിമകാലങ്ങളിൽ പകർപ്പെഴുത്തുകാരുടെ അശ്രദ്ധകൊണ്ടും അജ്ഞതകൊണ്ടും മറ്റേതാരോതരത്തിലും വി. ഗ്രന്ഥത്തിന്റെ പകർപ്പുകളിൽ ചില ന്യൂനതകൾ കടന്നുകൂടിയിട്ടുണ്ടെന്നേ സമ്മതിക്കാം. ആദ്യത്തെ കൈയെഴുത്തുപ്രതികൾ (Original autographs) ഇപ്പോഴും ഉണ്ടായിരുന്നുവെങ്കിൽ ഈ നിരൂപണത്തിന്റെ ആവശ്യമേ വരികയില്ലായിരുന്നു. അവയെല്ലാം നഷ്ടമായിപ്പോയി. അല്പസ്വല്പമായ ന്യൂനതകൾ കാലാന്തരത്തിൽ ആദിമപ്രതികളിൽ കലർന്നിട്ടുണ്ടെങ്കിലും ശരി, ദൈവത്തിന്റെ പരിപാലനാതിരേകത്താൽ സാരാംശത്തെ സംബന്ധിച്ചിടത്തോളം യാതൊരു കോട്ടവും തട്ടിയിട്ടില്ല. അതിനാൽ, ഇപ്പോൾ നമുക്കു ലഭിച്ചിട്ടുള്ളിടത്തോളം വിവിധ പ്രതികളെ പരിശോധിച്ച് അവയിൽ കാണുന്ന വൈവിധ്യങ്ങളെല്ലാം (Variations) നിരൂപണം ചെയ്യ്, ഏറ്റവും സംശുദ്ധമായ— മൂലത്തോട് ഏറ്റവും യോജിക്കുന്ന— ഒരു പ്രതിയെ സ്ഥാപിക്കുകയാണ് ഈ നിരൂപണംകൊണ്ടു സാധിക്കുന്നത്.

ണ്ടിയിരിക്കുന്നു. എന്തെന്നാൽ ഏതാദ്ദേശമായ ലാക്ഷണികാർത്ഥങ്ങൾ വേദപുസ്തകത്തിന്റെ കാഴ്ചയിൽ ബാഹ്യവും യാദൃച്ഛികവുമാകുന്നു; ആധുനികകാലത്തു് താദ്ദേശമായ അർത്ഥപ്രയോഗങ്ങൾ ആപത്കരങ്ങളായിട്ടും പരിഗണിക്കേണ്ടിയിരിക്കുന്നു.

ബൈബിൾഭാഷ്യവിഷയത്തിൽ ആധുനികകാലത്തുണ്ടായിട്ടുള്ള സൗകര്യങ്ങൾ

തിരുസ്സഭാപിതാക്കന്മാരുടെ അഭിപ്രായങ്ങളും തിരുസ്സഭയുടെ നിർണ്ണയങ്ങളുമത്രെ ഈ സംഗതിയിൽ കത്തോലിക്കാഭാഷ്യകാരന്റെ നിയമം. ചുരുക്കത്തിലോകത്തിന്റെ പുരാണികകാഴ്ചകളെക്കുറിച്ചു് ആധുനികകാലത്തു് ലഭ്യമായിട്ടുള്ള വിപുലമായ വിജ്ഞാനശേഖരത്തിൽനിന്നു് അനുമിക്കാവുന്നതുപോലെ, അതീവവ്യാപിയുള്ള വി. ഗ്രന്ഥത്തെ സംബന്ധിച്ചെടത്തോളം ഈ ഇരുപാധികളും, മുമ്പുള്ളതിലധികം ചില ഭാഗങ്ങൾക്കു സഹായകങ്ങളായിരിക്കുന്നുള്ളു. ആ പ്രാക്തനകാലത്തെ ജനങ്ങളുടെ ചിന്താരീതിയും, പ്രകാശനരീതിയും ഗ്രഹിക്കുകയെന്നതു് അതിപ്രധാനമായ കാഴ്ചയാകുന്നു. അന്നു് അവർ അവലംബിച്ചിരുന്ന ഭാഷാരീതി പരിശോധിച്ചു് വേദപുസ്തകരചയിതാക്കളുടെ ആശയം കുറച്ചുകൂടി നന്നായി നിർണ്ണയിക്കാൻ നമുക്കു സാധിക്കും. അങ്ങനെ വി. ഗ്രന്ഥത്തിന്റെ സത്യവത്വത്തിനെതിരായി ഉപരിപ്ലവബുദ്ധികളായ വായനക്കാർ കൊണ്ടുവരുന്ന ആക്ഷേപങ്ങൾക്കു ഉത്തരം നൽകുന്നതിനും നമുക്കു പ്രയാസമുണ്ടായില്ല.

വിഷമപ്രശ്നങ്ങൾ

പ്രാചീനകാലംമുതൽ ഉത്തരം കണ്ടെത്താതെ കിടന്നിരുന്ന പലേ പ്രശ്നങ്ങൾക്കും ഈ നവീനമാർഗ്ഗേണ ഉത്തരം ലഭിച്ചിട്ടുണ്ടു്. അനേകം വിഷമപ്രശ്നങ്ങൾ ഇപ്പോഴും പൂർണ്ണ തൃപ്തികരമായ ഉത്തരം കിട്ടാതെ അവശേഷിച്ചിട്ടുണ്ടു്. എന്നാൽ ഈ സംഗതിയിൽ ഒരു കത്തോലിക്കാഭാഷ്യകാരൻ നിരുത്സാഹിയാകരുതു്. ദൈവവചനത്തോടുള്ള സ്നേഹത്തിൽനിന്നു തന്റെ പ്രാഥമികാഭിനിവേശം സിദ്ധിച്ചിരിക്കുന്ന ഇയാൾ ഇപ്പോഴും ഉത്തരം കിട്ടാതെ കിടക്കുന്ന പ്രശ്നങ്ങൾക്കു് ഒരു അനുലോമപരിഹാരം (Positive solution) കണ്ടുപിടിക്കാൻ സൂക്ഷ്മവിവേകങ്ങളും ഉപയോഗിച്ചു യത്നിക്കേണ്ടിയിരിക്കുന്നു. ഈദൃശയത്നങ്ങളെ എല്ലാ വിശ്വാസികളും വിലമതിക്കുകയും, ഈ ഭാഷ്യകാരന്മാർ നൂതനവ്യാഖ്യാനങ്ങൾ പുറപ്പെടുവിക്കുന്നതായാൽതന്നെയും, കത്തോലിക്കാതത്വങ്ങൾക്കു വിരുദ്ധമാകാത്തിടത്തോളംകാലം, ഇവരോടു് അനുഭാവാദരങ്ങൾ കാണിക്കുകയും ചെയ്യേണ്ടതാകുന്നു.

വിശ്വാസികളെ പഠിപ്പിക്കേണ്ടകാര്യം

വി. ഗ്രന്ഥത്തെക്കുറിച്ചു് ഇപ്പോൾ ലഭ്യമായിരിക്കുന്ന ക്രൂടതൽ ജ്ഞാനം – നൂതനമായി കിട്ടിയിട്ടുള്ള വിപുലമായ ജ്ഞാനം – സാമാന്യവി

ശ്രാസികൾക്കുക്കുടെയും പ്രയോജനകരമായിത്തീരണം. അതിനാൽ പ്രസംഗംവഴിയായും, പത്രമാസികകൾ വഴിയായും ബൈബിൾജ്ഞാനഭണ്ഡാഗാരം വിശ്വാസികൾക്ക തുറന്നുകൊടുക്കുന്നതിന് വൈദികന്മാർ ശ്രദ്ധപതിക്കേണ്ടതാകുന്നു. വൈദികന്മാരെ ഇതിന് ഒരുക്കുമ്പോൾ സെമ്മിനാരികളിലേ വേദപുസ്തക പഠനം അവരുടെ ബുദ്ധിയെ സാരവത്തായി പോഷിപ്പിക്കുന്നതും ഹൃദയത്തെ ദൈവവചനത്തോടുള്ള സ്നേഹത്താൽ ഉജ്ജ്വലിപ്പിക്കുന്നതുമായിരിപ്പാൻ അധികൃതർ ശ്രദ്ധിക്കണം.

വിശ്വലേഖനത്തിന്റെ ഉപസംഹാരമായി, പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ട്, യുദ്ധംമൂലം മഹാദുരിതങ്ങൾ അനുഭവിക്കുന്ന ലോകത്തെ അനുസ്മരിക്കുന്നു. ആധുനികലോകത്തിലെ തിന്മകൾക്കുള്ള ഏക പരിഹാരമാർഗ്ഗം മ്ശിഹായിലേയ്ക്കുള്ള പ്രത്യാഗമനമാണെന്നും മ്ശിഹാ സ്വയം നമുക്കു വെളിപ്പെടുത്തുന്നതു് വി. ലിഖിതങ്ങളിലാണെന്നും വി. ഈറാനിമോസ് എഴുതിയിരിക്കുന്നതുപോലെ വി. ലിഖിതങ്ങളെ അറിയാതിരിക്കയെന്നതു് മ്ശിഹായെ അറിയാതിരിക്കയാകുന്നുവെന്നും തിരുമനസ്സുകൊണ്ടു പ്രസ്താവിക്കുന്നു.

ദൈവവചനത്തിന് അനുയോജ്യമായ വണക്കത്തോട്ടം, ആദ്ധ്യാത്മികപാരായണമായും വിശുദ്ധ ഗ്രന്ഥത്തിലേ ഏതെങ്കിലും ഭാഗം, കുറഞ്ഞപക്ഷം കാൽമണിക്കൂർ നേരത്തേയ്ക്കു് വായിക്കുന്ന വിശ്വാസികൾക്ക് ഫ്രാ—ാം ലെയോൻ മാർ പാപ്പാ നാ൦൦ ദിവസത്തെ ദണ്ഡവിമോചനം നല്കിയിരിക്കുന്നു.

[Preces et Pia Opera, 64]

പ്രസ്താവന

ക. നി. മൂ. സ. വിവർത്തകസംഘത്തിന്റെ പ്രാരംഭ പ്രവർത്തകനായ ബ. മാണിക്കത്തനാർ അവർകൾ പഴയനിയമ ഗ്രന്ഥങ്ങളിൽ പഞ്ചഗ്രന്ഥിയും, പുതിയനിയമം മുഴുവനും പ്രശീത്തായിൽനിന്നു വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു. അദ്ദേഹത്തെ തുടർന്നു ഈശോബർനോൻ, (Joshue) ന്യായാധിപന്മാർ, റൂത്തൊസ് (Ruth) എന്നീ ഗ്രന്ഥങ്ങൾ ഞങ്ങൾ വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഈ ഗ്രന്ഥങ്ങളെ തുടർന്നു വരേണ്ടതു ശമൂഹേൽ (Samuel) രാജാക്കന്മാർ എന്നീ ഗ്രന്ഥങ്ങളാണു്. എന്നാൽ, പ്രവാചകന്മാരുടെ ചില ഗ്രന്ഥങ്ങൾ കൂട്ടത്തിൽ കാലോചിതവും, പ്രയോജനകരവും മറ്റുമാണെന്നു തോന്നിയതിനാൽ അവ വിവർത്തനം ചെയ്യാൻ തുടങ്ങി. ഓബദ്യാ (Abdias), യൂനാൻ (Jonas), നാഹോം (Nahum), ഹബക്കൂക്ക് (Habakuk), മലാകി (Malachy) മുതലായ ഗ്രന്ഥങ്ങളാണു് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നതു്. പ്രവാചകന്മാരുടെ കാലാനുക്രമത്തോടു് ആധുനികകാലം പലതുകൊണ്ടും യോജിക്കുന്നുണ്ടു്. ഏസോവിന്റെ സന്തതികൾ യാക്കോവിന്റെ സന്തതികളുടെ ദൃഷ്ടിയിൽ സന്തോഷിച്ചതുകൊണ്ടു് അവരെ ശിക്ഷിക്കുമെന്നു് ദൈവം ഓബദ്യാ ദീർഘദർശി വഴിയായി അറിയിക്കുന്നു. ലൗകികപ്രതാപത്തിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിയവരെങ്കിലും, മഹാ തിന്മയിൽ വ്യാപരിച്ചിരുന്ന നിനിവേക്കാരോടു കരുണതോന്നി അവരെ മാനസാന്തരപ്പെടുത്താൻ ദൈവം യൂനാനെ അയച്ചു് അനുതാപം പ്രസംഗിപ്പിക്കുന്നു. വേറൊരുഘട്ടത്തിൽ, അധർമ്മത്തിൽ യഹൂദന്മാരെ നിതരാം അതിശയിക്കുന്ന അസോറായർ (Assyrians) അവരെ (തിരിഞ്ഞെടുക്കപ്പെട്ട ജനങ്ങളെ) മർദ്ദിക്കാൻ ദൈവം അനുവദിക്കുന്നതും, എങ്കിലും ഉദ്ധതന്മാരായ അസോറായരെ അധഃപതിപ്പിക്കാൻ ബാവേൽക്കാരെ (Babylonians) അവിടുന്നു് ഉപകരണമാക്കുന്നതും, പിന്നിട്ടു് ബാവേൽക്കാരെ ശിക്ഷിക്കാൻ പേഷ്യാക്കാരെ അവിടുന്നു് ഉപകരണമാക്കുന്നതുമാണു് നാഹോം ഹബക്കൂക്ക് എന്നീ പ്രവചനഗ്രന്ഥങ്ങളിലേ പ്രതിപാദ്യ വിഷയങ്ങൾ. ആധുനികകാലത്തു് ധർമ്മബോധത്തിലും, മതബോധത്തിലും സോവ്യറ്റു റഷ്യയെക്കാളും, നാസിജർമ്മനിയെക്കാളും മറ്റും മികച്ചവരെങ്കിലും, വേണ്ടത്ര സദാചാരവും, വിശ്വാസവുമില്ലാത്തവരെ ശിക്ഷിക്കുന്നതിനും നേർവഴിയിലേയ്ക്കു തിരിക്കുന്നതിനും നീതിമാന്മാരെ കൂട്ടത്തിൽ നീതിമാന്മാരാക്കുന്നതിനും ദൈവം തന്റെ പരിപാലനാവൈഭവത്തിൽ അനുവദിക്കുന്ന കാര്യങ്ങൾ എത്രയോ നിഗൂഢങ്ങൾ! മാലാകിയുടെ പ്രവചനഗ്രന്ഥം, പ്രഭാതം മുതൽ പ്രദോഷംവരെ അർപ്പിക്കപ്പെടുന്ന സാധ്വർത്തികബലിയെക്കുറിച്ചു്— ക്രിസ്തീയബലിയെക്കുറിച്ചു്— പ്രധാനമായി പ്രതിപാദിക്കുന്നതുകൊണ്ടു് അതും കൂട്ടത്തിൽ കാലോചിതവും പ്രയോജനകരവുമാണു്.

പി. ഗ്രന്ഥത്തിലേ ചില സംജ്ഞാനാമങ്ങൾക്ക് പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ ചില മാറ്റങ്ങൾ വന്നുകാണുന്നുണ്ട്. ഇംഗ്ലിഷിലും, ലത്തീനിലുമുള്ളതിനെ അനുകരിച്ച് ഏറെക്കുറെ മലയാളത്തിലും ഉപയോഗിച്ചുപോന്ന ഈദൃശ നാമങ്ങൾ അവയുടെ മൂലമായ എബ്രായയിലും എബ്രായയോട് കൂടുതൽ സാദൃശ്യമുള്ള സുറിയാനിയിലും മറ്റും ഉച്ചരിച്ചു കേൾക്കുമ്പോൾ ചിലതിനെല്ലാം അല്പം അശ്ശയ്യം തോന്നിയേക്കാം. Abdias, Sophonias, Micheas, Osee, Jonas, Tobias എന്നിങ്ങനെയുള്ള നാമങ്ങൾ ദീർഘനാൾ കേട്ടുപരിചയം വന്നിട്ടുള്ള ആംഗ്ലേയരുടെയും മറ്റും ചെവിയിൽ വെസ്റ്റ്മിൻസ്റ്റർ വിവർത്തകന്മാരെപ്പോലുള്ളവർ Obadiah, Zephaniah, Micah, Hosea, Jona, Tobit എന്നും മറ്റും ഉച്ചരിക്കുമ്പോൾ അവർക്ക് അല്പം വിരസത തോന്നുമെന്നതിനെ നാം അനുമോദിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഈ നാമങ്ങൾക്ക് എന്തുകൊണ്ട് ഇങ്ങനെ മാറ്റം വരുത്തുന്നു? ഉപയോഗിച്ചുപോന്ന രീതിയിൽത്തന്നെ തുടർന്നാൽ പോരെയോ? പോരാ, ഇവ സംജ്ഞാനാമങ്ങളാണ്; മൂലത്തിലേതിനോടൊത്തിരിക്കണം എന്നത്രേ ആധുനിക ബൈബിൾ ഭാഷ്യകാരന്മാരുടെയും പണ്ഡിതന്മാരുടെയും മതം. (പഞ്ചഗ്രന്ഥിയുടെ മുഖവുര പുറം v, vi നോക്കുക.) ഏതായാലും ഇംഗ്ലീഷ്, ലത്തീൻ മുതലായ രീതിയിലുള്ള നാമങ്ങൾ കേട്ടു പരിചയിച്ചിട്ടുള്ളവരുടെ സൗകര്യത്തെ ഉദ്ദേശിച്ച് അവ വലയങ്ങൾക്കുള്ളിൽ കൊടുത്തിട്ടുണ്ട്.

പ്രവാചകഗ്രന്ഥങ്ങൾ

[പ്രവാചകന്മാരുടെ പുസ്തകങ്ങൾ വിശുദ്ധഗ്രന്ഥസഞ്ചയത്തിൽ ചേർത്തിരിക്കുന്ന ക്രമമനുസരിച്ച് നിഷ്പ്രയാസം സ്മരിക്കുന്നതിനുവേണ്ടി, അവ പദ്യരൂപത്തിൽ താഴെ ചേർക്കുന്നു.]

ഏശായാ, പിന്നെ ഏറമ്യ
അതിലുള്ള വിലാപവും,
ബാറൂകും, ഹസ്ക്കിയേൽ, പിന്നെ-
ട്ടാനിയേൽ, ഹോശ, യൂവ്വേലും

ആമോസ്, ഓബദിയാ, യൊനാൻ,
മീകാ, നാഹോം, അതുപരം
ഹവ്ക്കോക്ക്, സ്സെനിയാ, ഹംഗ്ഗി,-
സ്സർയാ, മാലാകിയന്ത്യമായ്.

പ്രവാചകന്മാർ

'പ്രവാചക' ശബ്ദത്തിന്റെ അർത്ഥവ്യാപ്തി

നമ്മുടെ ഭാഷയിൽ 'പ്രവാചകൻ' എന്ന ശബ്ദത്തിനു് ഭാവികാര്യങ്ങൾ പറയുന്നവൻ എന്ന അർത്ഥമാണു് നാം കൊടുക്കുന്നതു്. ഇംഗ്ലീഷ് ഭാഷയിൽ ഉപയോഗിക്കുന്ന "പ്രോഫെറ്റ്" (Prophet) എന്ന ശബ്ദം ഗ്രീക്കിലേ "പ്രൊഫെറേസ്" (Prophêtês) എന്ന ശബ്ദത്തിൽനിന്നു രൂപിച്ചിട്ടുള്ളതാണു്. ഈ ശബ്ദത്തിനു്, പ്രായേണ വന്നു വശായിരിക്കുന്ന അർത്ഥം ഭാവി സംഭവങ്ങൾ മുൻകൂട്ടി പ്രഖ്യാപിക്കുന്നവൻ എന്നത്രേ. ഭാവികാര്യങ്ങൾ മുൻകൂട്ടി പറയുക എന്നതു് പ്രവാചകന്റെ ഉദ്യോഗത്തിൽ പലപ്പോഴും ഉണ്ടാകാറുള്ള സംഗതിയാണെങ്കിലും, മുഖ്യമായി പറഞ്ഞാൽ, "പിതാക്കളുടെ ഹൃദയങ്ങളെ മക്കളിലേയ്ക്കും, അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ (നീതിമാന്മാക്കുന്നയുക്തമായ) ബോധത്തിലേയ്ക്കും തിരിച്ചു് പൂർണ്ണതയുള്ള ഒരു ജനത്തെ കർത്താവിനു തയ്യാറാക്കുക"(ലൂ. അ. ക. വാ. ൭൬.) യാണു് പ്രവാചകന്റെ ഉദ്യോഗമെന്നു് റവ. ഡോ. ബാർട്ടൺ പ്രസ്താവിക്കുന്നു. മുരുക്കിപ്പറഞ്ഞാൽ, ദൈവത്തിന്റെ പ്രതിപുരുഷൻ എന്ന അർത്ഥമാണു് വി. ഗ്രന്ഥത്തിൽ 'പ്രവാചകൻ' എന്ന ശബ്ദത്തിനു് കൂടുതൽ യോജിക്കുന്നതു്. ജനങ്ങളുടെ ഇടയിൽ ദൈവത്തിന്റെ സ്ഥാനം വഹിക്കാനായി ഉയർത്തപ്പെട്ടവൻ എന്നു് ആവർത്ത. അ. ൧൮. വാ. ൧൫–൧൯–ലും, ദൈവം നേരിട്ടു സംസാരിക്കുന്നവൻ എന്നു് സംഖ്യ അ. ൧൨. വാ. ൬–ലും, അയയ്ക്കപ്പെട്ടവൻ എന്നു് ഏശാ. അ. ൬൱. വാ. ൯–ലും, ദൈവത്തിന്റെ സന്ദേശവാഹി എന്നു് മാലാകി അ. ൩. വാ. ൧–ലും, ദൈവത്തിന്റെ മനുഷ്യൻ എന്നു് ൧. ശ്മൂ. അ. ൯. വാ. ൩–ലും, ദൈവത്തിന്റെ ദാസൻ എന്നു് ൨. രാജാ. അ. ൯. വാ. ൭–ലും, വ്യാഖ്യാതാവു് എന്നു് ഏശാ. അ. ൪൩. വാ. ൬൭–ലും, ദൈവത്തിന്റെ ആലോചനയിൽ നില്ക്കുന്നവൻ എന്നു് ഏറ. അ. ൨൩. വാ. ൨൨–ലും, ദൈവത്തിന്റെ വായ് എന്നു് ഏശാ. അ. ൩൦. വാ. ൨–ലും പറഞ്ഞിട്ടുള്ളവയെല്ലാം 'പ്രവാചക' ശബ്ദത്തിന്റെ അർത്ഥവ്യാപ്തിയിൽപ്പെടുന്നു. ഇങ്ങനെ നോക്കുമ്പോൾ, എബ്രായയിലേ 'നബി'യും, സുറിയാനിയിലേ നിബ്യായും, ദൈവകല്പനയുടെ വ്യാഖ്യാതാവു്, ദിവ്യസന്ദേശവാഹി എന്നിങ്ങനെയുള്ള അർത്ഥത്തിൽ കൂടുതൽ യോജിച്ചതാണെന്നു കാണാം. നിബ്യാശബ്ദത്തിന്റെ ധാതു, 'പ്രഖ്യാപിക്കുക' അഥവാ 'പറയുക' എന്നർത്ഥമുള്ള 'നബൂ' എന്ന അസ്സോറായ (അസ്സീറിയൻ) ശബ്ദമാണെന്നു് പണ്ഡിതന്മാർ പറയുന്നു. നെബോ എന്നൊരു അസ്സോറായ (അസ്സീറിയൻ) ദേവതയുണ്ടു്. ആ നാമവും 'നബൂ' ധാതുവിൽ നിന്നു വന്നതാണെന്നു് ശബ്ദശാസ്ത്രജ്ഞന്മാർ അനുമിക്കുന്നു. "ഇപ്പോൾ പ്രവാചകൻ എന്നു വിളിക്കുന്ന ആളിനെ പണ്ടു് ദ്രഷ്ടാവു് (רֹאֶה – Seer: ദർശിക്കുന്നവൻ) എന്നു വിളിച്ചിരുന്നു" എന്നു് ൧. ശ്മൂ. അ. ൯. വാ. ൯–ൽ പറയു

ന്നുണ്ട്. അതിനാൽ, പുരാതനമായ 'ഹസ്സായാ' ശബ്ദത്തെ പിൽക്കാല ത്തെ നിവ്യാശബ്ദം അല്ലമായി അത്ഥപരിവത്തനം ചെയ്യുവെന്നു വിചാരി ക്കേണ്ടിയിരിക്കുന്നു.

പ്രവാചകന്മാരുടെ ഗണം

പ്രവാചകന്മാരുടെ ഗണത്തെപ്പറ്റി വിശുദ്ധഗ്രന്ഥത്തിൽ പറയു ന്നുണ്ട് (ഫ ശ്മൂ. അ. ൧൦. വാ. ൪, ൧൦); അവരുടെ ആസ്ഥാനങ്ങളായ റാംസാ (ഫ ശ്മൂ. അ. ൧൯. വാ. ൧൮), ഈരീഹോ (൨ രാജാ. അ. ൨. വാ. ൪), ഗൽഗാലാ (ടി. അ. ൪. വാ. ൩൮) എന്നീ സ്ഥലങ്ങളെപ്പറ്റി പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്. പ്രവാചകന്മാരുടെ പുത്രന്മാ (പ്രവാചക ശിഷ്യന്മാ) രെക്കുറിച്ചും ൨ രാജാ. അ. ൬. വാ. ൧–ൽ കാണാവുന്നതാണ്. പ്രവാചകന്മാരുടെ ഈ ആസ്ഥാനങ്ങൾ, ദൈവികഭരണ (Theocracy) ഘട്ടത്തിൽ വിശേഷോദ്യോഗങ്ങൾ നിവ്വഹിക്കുന്നുള്ളവരുടെ പരിശീലന കേന്ദ്രങ്ങളായിരുന്നുവെന്നു നമുക്കു വിചാരിക്കാം. എങ്കിലും, ഏതാട്ടശപ്ര വാചകന്മാരുടെ ഗണത്തോടൊന്നിച്ച് വസിക്കുന്നതുമൂലം ഒരാൾക്കു പ്രവാച നവരം കിട്ടുമായിരുന്നുവെന്നോ, അതിനുള്ള അസന്നിഗ്ദ്ധമായ അർഹത സമ്പാദിക്കാമായിരുന്നുവെന്നോ നാം ധരിക്കേണ്ടതില്ല. ആമോസ് പ്രവാ കൻ പറയുന്നു: "ഞാനൊരു പ്രവാചകനുമല്ല, പ്രവാചകന്റെ പുത്രനു മല്ല" (അ. ൭. വാ. ൧൪). ദൈവം അട്ടേഹത്തെ പ്രവാചകനായി തിര ഞ്ഞെടുക്കുന്നതിനു മേല്പറഞ്ഞ തരത്തിലുള്ള പരിശീലനമോ സഹവാസ മോ ആവശ്യമായിരുന്നില്ല എന്നാണ് നാം പ്രസ്തുതവാക്യത്തിൽനിന്നനുമി ക്കേണ്ടതു്. എന്നാൽ, രാജാക്കന്മാരുടെ ചരിത്രത്തിന്റെ ആദിമഘട്ടത്തിൽ പോലും പ്രധാനഭാഗങ്ങൾ അഭിനയിച്ചിരുന്ന വ്യാജപ്രവാചകന്മാരുടെ ആവിർഭാവം ഒരുവേള ഈദൃശകേന്ദ്രങ്ങളിൽനിന്നായിരിക്കുമെന്നു പണ്ഡി തന്മാർ ഊഹിക്കുന്നു (ഫ രാജാ. അ. ൨൨. വാ. ൬). ഇപ്രകാരമുള്ള കള രികളിൽനിന്നു പരിശീലനം സിദ്ധിച്ച വ്യാജപ്രവാചകന്മാക്ക് പ്രവാച കന്മാരുടെ ബാഹ്യവ്യാപാരങ്ങളെല്ലാം ഉണ്ടായിരുന്നു; എങ്കിലും, പ്രവാച കോദ്യോഗത്തിനു അവശ്യം വേണ്ടതായ ഒരു സംഗതി — ദൈവത്തിൽ നിന്നുള്ള പ്രേഷിതത്വം — ഇല്ലായിരുന്നു. ഏറ. അ. ൨൮. വാ. ൨൫, ഹസ്കി. അ. ൧൩. വാ. ൬– ൯–ലും ഇതിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ഏറ. അ. ൨൩ മുഴുവനും വ്യാജപ്രവാചകന്മാരോട് അട്ടേഹം അരുളിച്ചെയ്ത നയ ത്തെ വ്യക്തമാക്കുന്നതായി വേണം വിചാരിക്കുവാൻ. യഥാത്ഥപ്രവാചക ന്മാരെപ്പറ്റി മീകാ (Micheas) അ. ൩. വാ. ൮–ലും ആമോസ് അ. ൩. വാ. ൯–ലും പ്രതിപാദിക്കുന്നുണ്ട്.

രാജാക്കന്മാരുടെ കാലത്തു് പ്രവാചകന്മാർ രാജകീയ സദനങ്ങ ളിൽ പ്രാമാണികമായ സ്ഥാനം അലങ്കരിക്കുന്നതായി നമുക്കു കാണാം; അവർ രാഷ്ട്രീയകാര്യങ്ങളിൽ നേരിട്ട് ഇടപെട്ടിരുന്നു. അവർ രാജകീയ രേഖ കൾ എഴുതി സൂക്ഷിക്കുയും, നാളാഗമങ്ങൾ എഴുതുകയും ചെയ്തിരുന്നു. അന്നത്തെ രാജ്യചരിത്രം, രാജാക്കന്മാരുടെ ചരിത്രം എന്നിവയ്ക്കു നാം അവ രോടാണ് കടപ്പെട്ടിരിക്കുന്നതു്. പ്രവാചകപ്രമുഖനായ ഏശായാ പോലും

ഏതാദ്ദേശകാഴ്ച്ചകളിൽ ഏർപ്പെട്ടിരുന്നുവെന്നു നാം വായിക്കുന്നു (൨ ബെർയ. അ. ൩൨. വാ. ൩൨). രാജ്യകാഴ്ച്ചകളിലും മറ്റും ഇടപെട്ടിരുന്നവരെ ക്രൂടാതെ പൊതുജനങ്ങളുടെ ഭക്ത്യാദരങ്ങൾക്കു പാത്രവാന്മാരും, അതേ സമയം രാജസേവനങ്ങളിൽ വിമുഖന്മാരുമായ പ്രവാചകന്മാരുണ്ടായിരുന്നു. ഏലിയായും ഏലീശായും മറ്റും ഇക്കൂട്ടത്തിൽപ്പെട്ടവരത്രേ.

ഗ്രന്ഥകാരന്മാരായ പ്രവാചകന്മാർ

ബി. സി. ൮–ാം നൂറ്റാണ്ടിനു മുമ്പ് ഗ്രന്ഥകാരന്മാരായ പ്രവാചകന്മാർ ഇല്ലായിരുന്നുവെന്ന് ഒരു ധാരണ ചിലർക്കുണ്ട്. അതു ശരിയല്ല. രാജ്യചരിത്രങ്ങൾ എഴുതുകയും, ചരിത്രരേഖകൾ സംഭരിക്കുയും ചെയ്യുന്നതിൽ ബദ്ധശ്രദ്ധന്മാരായ പ്രവാചകന്മാർ ഉണ്ടായിരുന്നുവെന്ന് മുമ്പു നാം കണ്ടുവല്ലൊ. അവരുടെ ഗ്രന്ഥങ്ങൾ ഭാവി സംഭവങ്ങളെ മുൻകൂട്ടി പ്രഖ്യാപിക്കുന്നവ എന്ന അർത്ഥത്തിലുള്ള പ്രവചന ഗ്രന്ഥങ്ങൾ അല്ലായിരുന്നു; എങ്കിലും, പ്രവാചകശബ്ദത്തിന്റെ അർത്ഥവ്യാപ്തിയെ സംബന്ധിച്ചു മുമ്പു പ്രകാശിപ്പിച്ചിട്ടുള്ള ആശയംവച്ചുനോക്കുമ്പോൾ അവരുടെ ചരിത്ര ഗ്രന്ഥങ്ങളെല്ലാം പ്രവചനപരമായ (prophetical) കൃതികൾ എന്നു പറയേണ്ടിയിരിക്കുന്നു. ഭാവി സംഭവങ്ങളെ രേഖപ്പെടുത്തുന്ന പ്രവചനഗ്രന്ഥങ്ങൾ ബി. സി. ൮–ാം നൂറ്റാണ്ടോടടുത്താണ് എഴുതാൻ തുടങ്ങിയത്. ദാവീദിന്റെയും ശ്ലോമോന്റെയും ഭരണകാലങ്ങൾ പ്രായേണ സമാധാനപരങ്ങളായിരുന്നതിനാലും, ശക്തിക്ഷയത്തിന്റെ ലക്ഷണങ്ങളൊന്നും കാണപ്പെടാതിരുന്നതിനാലും ദൈവത്തോടു വെയ്ക്കേണ്ട വാഗ്ദാനങ്ങളുടെ ആദ്ധ്യാത്മിക നിവ്വഹണത്തെപ്പറ്റി അനുസ്മരിപ്പിക്കേണ്ട ആവശ്യം നേരിടാതിരുന്നതിനാലും, ൮–ാം നൂറ്റാണ്ടിനുമുമ്പ്, ഭാവി സംഭവങ്ങളെ പരാമർശിക്കുന്ന ഈദൃശഗ്രന്ഥങ്ങൾ വിരചിതങ്ങളായില്ല.

൮ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങൾ നമുക്കു കിട്ടിയിട്ടുണ്ട്. ഇവയിൽ നാലെണ്ണം ഏശായാ, ഏറമ്യാ, ഹസ്കീയേൽ, ദാനിയേൽ എന്നിവരുടെയാണ്. ഗ്രന്ഥങ്ങളുടെ വലിപ്പത്തെ അടിസ്ഥാനമാക്കി ഈ നാലു പ്രവാചകന്മാരെയും വലിയ പ്രവാചകന്മാർ (Major Prophets) എന്നാണ് വിളിക്കുന്നത്. യൗനാൻ, ആമോസ്, ഹോശാ, ഓബദ്യാ, യൂഏൽ, മീകാ, നാഹോം, ഹബ്ക്കോക്ക്, സ്പനിയാ, ഹംഗീ, സ്സഖറിയാ, മാലാകി എന്നീ പന്ത്രണ്ടുപേർ ചെറിയ പ്രവാചകന്മാരുടെ (Minor Prophets) ഗണത്തിൽപ്പെടുന്നു. ബാറോക് (Baruch) ആകട്ടെ, ഏറമ്യായുടെ ശിഷ്യനും സെക്രട്ടറിയുമായിരുന്നു. ബാറോകിന്റെ ഗ്രന്ഥം ഏറമ്യായുടെ ഗ്രന്ഥത്തിനു് ഒരനുബന്ധമാണെന്നു പറയാം. കാലഗണനയനുസരിച്ച് ഈ പ്രവാചകന്മാരെ മൂന്നായി തരംതിരിക്കാവുന്നതാണ്. ക) നിനേവേയുടെ അധപതനത്തിനുമുമ്പ് അസോറായ (അസ്സീയ്യൻ) മേൽക്കോയ്മയുടെ കാലഘട്ടത്തിൽ പ്രവചിച്ചവർ (ബി. സി. ൮൦൦–൬൫൨): യൗനാൻ, ആമോസ്, ഹോശാ, ഏശായാ, ഓബദ്യാ (?), യൂഏൽ, മീകാ, നാഹോം, ഹബ്ക്കോക്ക്, സ്പനിയാ. ഖ) ബാബേൽ (Babylonian) മേൽക്കോയ്മയുടെയും ബാബേൽ പ്രവാസത്തിന്റെയും കാലഘട്ടത്തിൽ പ്രവചി

ച്ചവർ (ബി. സി. ന്നൂറ—ഒന്നു): ഏറമ്യാ, ഹസ്സ്കീയേൽ, ദാനീയേൽ. ന്നു) ബാബേൽ പ്രവാസത്തിനുശേഷം പ്രവചിച്ചവർ (ബി. സി. ഒന്നു—ഒന്നാ): ഹഗ്ഗി, സ്സഖറിയാ, മലാഖി. ഈ കാലഗണന അത്ര സൂക്ഷ്മമെന്നു പറയാവുന്നതല്ല. വി. ഗ്രന്ഥപഠിതാക്കൾക്ക് കാലഗണനയുടെ പ്രശ്നം, വിശിഷ്യ, പ്രവാചകന്മാരുടെ കാലഗണനയുടെ പ്രശ്നം വിഷമമായ ഒന്നത്രേ. പ്രവാചകോദ്യോഗത്തോടനുബദ്ധമായ വരം ഗ്രന്ഥകാരന്മാരായ പ്രവാചകന്മാർക്കും, ഗ്രന്ഥകാരന്മാരല്ലാത്ത പ്രവാചകന്മാർക്കും ഏതാണ്ട് ഒരേതരം തന്നെ. എങ്കിലും, അല്പമായ വ്യത്യാസം ഇല്ലാതില്ല. ഗ്രന്ഥകാരന്മാരല്ലാത്ത പ്രവാചകന്മാർ അത്ഭുതപ്രവർത്തനത്തിൽ കൂടുതൽ പ്രഖ്യാതന്മാരായിരുന്നു. സാമാന്യേന അവരുടെ പ്രവചനങ്ങൾ അടുത്ത ഭാവിയിൽ സംഭവിക്കുന്ന കാര്യങ്ങളായിരുന്നു. അതുകൊണ്ടായിരിക്കാം അവർ തങ്ങളുടെ പ്രവചനങ്ങൾ രേഖപ്പെടുത്താഞ്ഞത്. അവർ മിശിഹായെ സംബന്ധിച്ചുള്ള പ്രസ്താവാർഹമായ പ്രവചനങ്ങളൊന്നും ചെയ്തിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു.

പ്രവാചകന്മാരുടെ ദൈവവിളിയും അവരുടെ ദർശനങ്ങളും

കുലീനത്വമോ, വിദ്യാഭ്യാസമോ, തൊഴിലോ, സ്ത്രീപുരുഷഭേദമോ നോക്കാതെയാണ് ദൈവം പ്രവാചകന്മാരെ തിരിഞ്ഞെടുത്തിരുന്നത്. ശ്മൂഏൽ പ്രവാചകൻ ഒരു ലേവ്യനായിരുന്നു. ഏലീശാ ഒരു കൃഷീവനായിരുന്നു; അമ്പോസ് ഗോത്രത്തിൽപ്പെട്ടവനായിരുന്നു. ഏശായാ ഒരു പട്ടണവാസിയായിരുന്നു; കുലീനകുടുംബത്തിൽപ്പെട്ടവനായിരുന്നു. ആമോസ് ഒരു ആട്ടിടയനായിരുന്നു. ഏറമ്യായും ഹസ്സ്കീയേലും പുരോഹിതന്മാരായിരുന്നു. ദ്വോറായും ഹോൽദായും സ്ത്രീകളായിരുന്നു. വിശേഷവിധമായ ഒരുക്കമൊന്നും പ്രവാചകന്മാർക്കു നേരത്തെ ഉണ്ടായിരുന്നില്ല. അവരുടെ ദൈവവിളിയെ സംബന്ധിച്ച വിവരങ്ങൾ അവരുടെ വാക്കുകളിൽ നിന്നു തന്നെ ഗ്രഹിക്കാവുന്നവയുണ്ട് (ആമോ. അ. ൈ. വാ. ന്ന—ന്ദ); ചിലതരെ സംബന്ധിച്ചേടത്തോളം ബാഹ്യസാക്ഷ്യങ്ങളിൽനിന്നും രേഖകളിൽനിന്നും ഗ്രഹിക്കാവുന്നവയുണ്ട് (൧ രാജാ. അ. ന്ന൯. വാ. ന്ദ—ഒ൫). അവരുടെ പ്രവാചകപ്രേഷിതത്വത്തിനാധാരമായി പൊതുജനങ്ങൾക്കു കാണാമായിരുന്നത് അവരുടെ തപോജീവിതവും, ആജ്ഞാവ സ്വഭാവവുമായിരുന്നു. അവർ പ്രസ്പഷ്ടമായ വിധത്തിൽ തങ്ങളുടെ ഉദ്യോഗത്തെപ്പറ്റി പ്രസ്താവിക്കയും ചെയ്തിരുന്നു. അത്ഭുതങ്ങളും തെളിവുകളെന്നോണം പ്രവർത്തിച്ചിരുന്നു. ക്രൂശാതെയും, വിദൂരഭാവിയിൽ സംഭവിക്കാൻ പോകുന്നതിനെപ്പറ്റി പ്രസ്താവിക്കുകയിൽ, അതിനു തെളിവെന്നോണം അടുത്തു സംഭവിക്കാൻ പോകുന്നതിനെപ്പറ്റി പ്രവചിച്ചിരുന്നു. പരമ്പരാഗതമായി അനുസരിച്ചു പോന്ന കർത്തൃപ്രകാശിതമായ മതതത്വങ്ങളോടു പരിപൂർണ്ണമായി യോജിക്കുന്ന പാഠങ്ങളായിരുന്നു അവരുടേതെന്നുള്ളതു വേറൊരു തെളിവായിരുന്നു. ഈ തെളിവുകളെല്ലാം വ്യാജപ്രവാചകന്മാരിൽ നിന്ന് യഥാർത്ഥ പ്രവാചകന്മാരെ വിവേചിക്കാൻ പോരുന്നവയായിരുന്നു.

പ്രവാചകന്മാക്ക് ദൈവം സാമാന്യേന ദർശനങ്ങളായിട്ടത്രേ കാര്യങ്ങൾ അറിയിച്ചുകൊടുത്തിരുന്നത്. ചിലപ്പോൾ ദർശനവിഷയങ്ങൾ ബാഹ്യേന്ദ്രിയങ്ങൾക്കു വിഷയീഭവിപ്പിച്ചുകൊണ്ടായിരുന്നു. മൂശെ ദർശിച്ച കത്തുന്ന മുൾപ്പടർപ്പും, ബെൽത്ത്ശാസർ (Baltassar) കണ്ടതായി ദാനിയേലിനോടു പറഞ്ഞ ഭിത്തിയിലേ ലേഖനവും മറ്റും ഈ തരത്തിൽപ്പെട്ടതാണ്. ഏതിനെന്നെയെങ്കിലും ലാക്ഷണികരൂപ (Symbolic form) മായി അന്തരിന്ദ്രിയങ്ങളിൽ പ്രതിബിംബിക്കുന്നത് പോരൊരുതരം ദർശനമത്രേ. കത്താവു് സിംഹാസനത്തിൽ ഇരിക്കുന്നതായി ഏശായാ (അ. ന്ന) കണ്ടതും, ഉണങ്ങിയ അസ്ഥികളെ ഹസ്സ്കിയേൽ (അ. നാ.) താഴ്വരയിൽ കണ്ടതും മറ്റും ഈ രണ്ടാം തരത്തിൽപ്പെട്ട ദർശനങ്ങളാണ്. ഭാവനയുടെയോ, ലാക്ഷണിക രൂപത്തിന്റെയോ രീതിയിലല്ലാതെ കേവലം ആദ്ധ്യാത്മികമായ അഥവാ ബുദ്ധിസംബന്ധമായ വിധത്തിലുള്ള ദർശനങ്ങളുമുണ്ടായിരുന്നു. ഈ മൂന്നാംതരത്തിൽപ്പെട്ടവയായിരുന്നു പലപ്പോഴും പ്രവാചകന്മാക്കുണ്ടായിരുന്നത്. ഏതെങ്കിലും ഒരരുളപ്പാട് "കത്താവു ഇപ്രകാരം അരുൾ ചെയ്യുന്നു" എന്നു പറഞ്ഞുകൊണ്ടാരംഭിക്കുന്നുവെങ്കിൽ സാമാന്യേന അതു് ഈട്ടശദർശനത്തിൽനിന്നു സിദ്ധിച്ചതാണെന്ന് അനുമിക്കാം. പ്രവാചകന്മാക്ക് അവരുടെ പ്രവചനത്തിന്റെ ശരിയായ അർത്ഥഗ്രഹണമുണ്ടായിരുന്നുവോ? പൊതുവേ പറഞ്ഞാൽ ഇല്ലായിരുന്നുവെന്നാണ് വി. തോമ്മാ അല്ലാൻ പറയുന്നത്. പ്രവാചകന്മാരുടെ ബുദ്ധി ന്യൂനത കലർന്നതാകയാൽ അവർ ദർശിക്കുന്നതും, പറയുന്നതും, പ്രവർത്തിക്കുന്നതുമായ കാര്യങ്ങളെക്കുറിച്ചു് ശരിയായ അർത്ഥഗ്രഹണം (പരിശുദ്ധാത്മാവു് പ്രസ്തുത ദർശനങ്ങളാൽ ഉദ്ദേശിക്കുന്നതെന്തെല്ലാമെന്നു്) അവക്കുണ്ടായിരുന്നില്ല എന്നാണ് അദ്ദേഹം പറയുന്നത് (Sum. Theol. II - II, 173, 4).

പ്രവാചകന്മാക്ക് ദൈവം നൽകുന്ന വരം മറ്റുള്ളവരുടെ നന്മയെ ഉദ്ദേശിച്ചു് (gratia gratis data) നൽകുന്നതാണെന്നു നാം ഓർക്കണം. അതിനാൽ ആ വരം പ്രവാചകന്റെ വ്യക്തിപരമായ ഗുണവിശേഷങ്ങളെ ആസ്പദമാക്കിയുള്ളതല്ല. ദൈവപ്രകാശിതവും ദൈവപ്രേരിതവുമായ ബോധമാണ് പ്രവാചകന്റേതു്. ചിലപ്പോൾ ബോധത്തിൽ നവീനാശയങ്ങൾ അഥവാ സത്യങ്ങൾ നേരിട്ടു നിവേശിപ്പിച്ചുകൊണ്ടു് അവയെ അടിസ്ഥാനമാക്കി ബോധം പ്രവർത്തനമാരംഭിക്കാൻ ദൈവം ഇടയാക്കും. ഈട്ടശനിവേശനം എപ്പോഴും അവശ്യാവശ്യമെന്നു വരുന്നില്ല. പ്രവാചകോദ്യോഗം പ്രായേണ ജീവിതാവസാനംവരെ ദീർഘിക്കുന്നതാണെങ്കിലും, പ്രവാചകനുണ്ടാകുന്ന ദൈവപ്രകാശനം താൽക്കാലികമത്രേ. 'ഏതാണ്ടൊരു വികാരാനുഭവമോ, ക്ഷണികമായ പ്രതീതിയോ അല്ലാതെ സ്ഥായിയായ ഗുണമല്ല പ്രവചനപ്രകാശം' എന്നു വി. തോമ്മസ് അക്വിനാസ് പറയുന്നു (Sum. Theol. II - II, 171, 2).

പ്രവാചകന്മാരുടെ ദൈർഘ്യം

ബി. സി. ഒൻപതാം നൂറ്റാണ്ടുമുതലുള്ള പ്രവാചകന്മാരുടെ ദൈർഘ്യമെന്തായിരുന്നുവെന്നു് സുപ്രസിദ്ധനായ ഒരു പണ്ഡിതൻ പറയുന്നു:

"അവരുടെ പ്രധാനമായ ദൗത്യം ഒരു പ്രാഥമിക വസ്തുത ഉച്ചൈസ്വരം പ്രഖ്യാപനം ചെയ്യുകയായിരുന്നു. അതായത്, കത്താവ് (യോദ് = י. ഹെ = ה. വാവ് = ו. ഹെ = ה പുറ. അ. ന്യ. വാ. ന്യ. വ്യാ.) ഇസ്രായേലിന്റെ ദൈവമാണെന്നും, ഇസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളാണെന്നുമുള്ള വസ്തുത; ഈ വസ്തുതയുടെ പ്രായോഗിക നിഗമനങ്ങൾ പരസ്യജീവിതത്തിലും രഹസ്യജീവിതത്തിലും പകർത്തുന്നകാര്യം. ഇസ്രായേലിൽ പുരോഹിതന്റെ ധർമ്മം മനുഷ്യനുവേണ്ടി മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയായിരുന്നെങ്കിൽ പ്രവാചകന്റെ പ്രധാന ധർമ്മം ദൈവഹിതം അറിയിച്ചുകൊടുക്കുകയായിരുന്നു; മതാനുഷ്ഠാനം വിഗ്രഹാരാധനയോ ചൈതന്യരഹിതമായ കർമ്മമോ ആയിപ്പരിണമിക്കാതെ പാലിക്കുവാൻ അവർ പരിശ്രമിച്ചിരുന്നു. സിനൈമലമുകളിൽവച്ചു ദൈവം ചെയ്ത വാഗ്ദാനങ്ങൾ നിറവേറണമെങ്കിൽ അവയുടെ വ്യവസ്ഥകൾ നിറവേറേണ്ടതാണെന്ന് ജനങ്ങളെ ക്രൂടെക്കൂടെ ഉദ്ബോധിപ്പിച്ചിരുന്നു. രാഷ്ട്രീയകാര്യങ്ങളിൽ പ്രവാചകന്മാർ ഇടപെട്ടിരുന്നെന്നുള്ള സംഗതിയെ സംബന്ധിച്ചേടത്തോളം നാം വിസ്മയിച്ചിട്ടാവശ്യമില്ല. മതവും രാഷ്ട്രവും തമ്മിൽ അന്ന് അത്ര ഗാഢബന്ധമുണ്ടായിരുന്നു. മാത്രമല്ല, വിജാതീയരായ ജനപദങ്ങളുമായി സഖ്യത്തിൽ ഏർപ്പെടാതെ ഇസ്രായേലിന്റെ രാഷ്ട്രീയ നൈർമ്മല്യം കാത്തുകൊണ്ടുപോകുവാൻ അവർ ബദ്ധശ്രദ്ധരായിരുന്നു. ദൈവവും ഇസ്രായേലും തമ്മിലുള്ള ഉടമ്പടി ശാശ്വതമാണെന്നും, ഇസ്രായേലിന്റെ മർദ്ദകന്മാർപോലും ഇസ്രായേലിനെ നേർവഴിക്കു തിരിക്കാനുള്ള ദൈവത്തിന്റെ ഉപകരണങ്ങളാണെന്നും, ദൈവത്തിന്റെ നിഗ്രഹനിശ്ചയങ്ങളെയും ലക്ഷ്യങ്ങളെയും ഭഞ്ജിക്കുവാൻ ആർക്കും സാധ്യമല്ലെന്നുമുള്ള കാര്യങ്ങൾ അവർ പ്രഖ്യാപനം ചെയ്തിരുന്നു. മിശിഹായുടെ ആഗമനത്തോടുകൂടി വരാനിരിക്കുന്ന ഐശ്വര്യത്തെയും അഭിവൃദ്ധിയേയും പറ്റി മുന്നറിവു കൊടുക്കുന്നതിനും, മൂശെയോടു ദൈവം ചെയ്ത പഴയ ഉടമ്പടിയുടെ സ്ഥാനത്തു മിശിഹായുടെ വരവോടുകൂടി പുതിയ ഉടമ്പടി ഉണ്ടാകുമെന്നും മറ്റുമുള്ള കാര്യങ്ങൾ അറിയിക്കുന്നതിനും അവർ നിയുക്തരായിരുന്നു. രാഷ്ട്രീയമായ വൻകാര്യങ്ങളെക്കുറിച്ചെന്നപോലെതന്നെ ചെറിയകാര്യങ്ങളെക്കുറിച്ചും പ്രവാചകന്മാരോടു് ആലോചന ചോദിക്കാറുണ്ടായിരുന്നു. ദൈവനിയുക്തരായ പ്രവാചകന്മാരോടു് ആലോചിക്കുന്നതിനുപകരം വിജാതീയരുടെ അരുളപ്പാടുകൾ കേൾക്കുന്നതു് വലിയ അപരാധമായിട്ടത്രേ പരിഗണിക്കപ്പെട്ടിരുന്നതു് (2 രാജാ. അ. 1. വാ. 2). പണ്ടു് ഇസ്രായേലിൽ, ഈദൃശ സ്വാധീനശക്തിയും അധികാരവും ഉള്ള ആളുകൾ ഉണ്ടായിരുന്നുവെന്നുള്ള വസ്തുത അനിഷേധ്യമത്രേ. ചില ആധുനികവിമർശകന്മാർ ചില വിശദാംശങ്ങളെ സംബന്ധിച്ചേടത്തോളം ഭിന്നാഭിപ്രായക്കാരാണെങ്കിലും, പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിലേ പ്രധാനാംശങ്ങളുടെ പ്രാമാണ്യത്തെ സംബന്ധിച്ചേടത്തോളം ഏകാഭിപ്രായക്കാരാണ്.

വിശുദ്ധ ഗ്രന്ഥം

പഴയനിയമം

ഓബദ്യാ

(Abdias)

കേരളത്തിലെ സുറിയാനി

ക. നി. മൂ. സ.

വിവർത്തകസംഘം

പ്രശീത്തായിൽനിന്ന് തർജ്ജമചെയ്ത് വ്യാഖ്യാനസഹിതം

പ്രസിദ്ധീകരിക്കുന്നത്.

പി. യെസ്. പി. മുദ്രാലയം,

മാന്നാനം.

ഫൻതം.

Nihil obstat

Fr. Ludovic, T. O. C. D.

Fr. Placid, T. O. C. D.

Imprimi potest

Fr. Vincent of the Bl. Sacrament, T. O. C. D.,

PRIOR GENERAL.

5th March 1950.

Imprimatur

Mgr. Jocob Kallarakel

Vicar Capitular

Changanacherry,
Bishop's House,
17th March 1950.

ഓബദ്യായുടെ ഗ്രന്ഥം

(Abdias)

പേരു്: എബ്രായയിൽ ഓബദ്യാ (Obadyah) എന്നാണ് പേരു്: സുറിയാനിയിലും ܥܒܕܝܐ ഓബദ്യാ തന്നെ. ഓബദ് (അവ്ദാ) = ദാസൻ + യാ (മൂശെയ്ക്കു വെളിപ്പെട്ടത്തപ്പെട്ട ദൈവതിരുനാമത്തിലെ ആദ്യത്തെ രണ്ടക്ഷരം: യോദ്, ഹെ) = കർത്താവു്. 'കർത്താവിന്റെ ദാസൻ' എന്നർത്ഥം. ഓബദ്യാ സംജ്ഞ വിശുദ്ധഗ്രന്ഥത്തിൽ പലേ ഭാഗങ്ങളിലും കാണുന്നുണ്ട്. 1 രാജാ. അ. 18 വ. 3 ാ-ൽ ഒരു ഓബദ്യായെക്കുറിച്ചു പറയുന്നുണ്ട്. ക്രോണിക്കിളുകൾ (നാളാഗമം) 1-ം, 2-ം പുസ്തകങ്ങളിലും, എസ്രാ (Esdras) നെഹമിയാ (2 Esdras) എന്നി പുസ്തകങ്ങളിലുമായി ആകെ 12 സ്ഥലങ്ങളിൽ ഓബദ്യാ സംജ്ഞ ഉപയോഗിച്ചുകാണുന്നുണ്ട്. ഇങ്ങനെ വിവിധ സ്ഥലങ്ങളിൽ കാണുന്ന സംജ്ഞ ഒരേ ആളിനെത്തന്നെയാണ് കുറിക്കുന്നതെന്നു കരുതാൻ നിവൃത്തിയില്ല.

വംശം, സ്ഥലം, കാലം: ഓറെയ്ലത്തെക്കുറിച്ചും, സെഹിയോനെക്കുറിച്ചും മറ്റും പ്രവാചകൻ പറയുന്ന സംഗതികളെ ആസ്പദമാക്കി, യൂദാ ബെന്യാമേൻ ഗോത്രങ്ങൾ താമസിച്ചിരുന്ന തെക്കേ രാജ്യ (യൂദെയാ) ക്കാരനാണ് അദ്ദേഹമെന്നനുമിക്കാം. പത്തു ഗോത്രങ്ങളടങ്ങിയ ഇസ്രായേൽക്കാർ താമസിച്ചിരുന്നതു് വടക്കേ ഭാഗത്തായിരുന്നു. എന്നാൽ വി. ദൊരൊത്തേവൂസ് (മെത്രാൻ) വി. എപ്പിഫാനിയൂസ് ആദിയായവർ അഭിപ്രായപ്പെട്ടന്നതു് ഓബദ്യാ പ്രവാചകൻ ശ്കേം (Sichem) കാരനായിരുന്നെന്നാണ്. ഗ്രീക്കുകാർ സെബാസ്റ്റെൻ എന്നു വിളിച്ചു വന്നിരുന്ന ശമറിയായിൽ വി. ഏലീശാ ദീർഘദർശിയുടെയും, വി. യോഹ. മാംദാനായുടെയും, ഓബദ്യാ ദീർഘദർശിയുടെയും ശവകുടീരങ്ങൾ കണ്ടതായി വി. ഈറാനിമ്മോസ് പറയുന്നുണ്ട്. ഓബദ്യാ ശ്കേം കാരനായിരുന്നുവെന്ന് വി. ദൊരോത്തേവൂസും ക്രൂത്തും പറയുന്നതുകൊണ്ടോ ശമറിയായിൽ ആ പ്രവാചകന്റെ ശവകുടീരം കണ്ടുവെന്ന് വി. ഈറാനിമ്മോസ് പറയുന്നതുകൊണ്ടോ അദ്ദേഹം യൂദെയാ രാജ്യക്കാരനല്ലെന്നു തെളിയുന്നില്ല. മറ്റു പ്രവാചകന്മാർ യൂദാവംശജരായിരുന്നതുപോലെ ഓബദ്യായും യൂദാവംശജനായിരുന്നുവെന്നു കൊല്ലോലിയൂസ് ആ ലാപ്പിദേ പ്രസ്താവിക്കുന്നു.

പ്രവാചകൻ ജീവിക്കയും പ്രവചിക്കയും ചെയ്ത കാലഘട്ടത്തെ സംബന്ധിച്ചേടത്തോളം പണ്ഡിതന്മാരുടെ ഇടയിൽ വളരെ അഭിപ്രായ

വ്യത്യാസമുണ്ട്. ൧ രാജാ. അ. ൧൭. വാ. ൧൮–ൽ പറയുന്ന ഓബദ്യാ, പ്രവാചകനായ ഈ ഓബദ്യാ ആണെന്നും, യൂദാ രാജാവായ യാഹോശാപ്പാത്തിന്റെയും, ഇസ്രായേൽ രാജാവായ ആക്കാവിന്റെയും കാലത്തു് (ബി. സി. ൮൭൩) പ്രവചിച്ചുവെന്നും ചിലർ ഊഹിക്കുന്നു. യൂദാരാജാവായ യാഹോരാമിന്റെ (Joram) കാലത്താണ് (൮൯൩–൮൯൨) എന്നു ചിലരും, ആമോസിയായുടെ കാലത്താണ് (൯൬–൮൭൯) എന്നു വേറെ ചിലരും, ഓസിയാ (Ozias or Azarias) യുടെ കാലത്താണ് (൮൭൩–൯൬൮) എന്നു് മറ്റു ചിലരും അഭിപ്രായപ്പെടുന്നു. യാക്കോബിനു് ("യൂദാവംശത്തിനു്") ഉണ്ടായ നാശത്തിന്മേൽ സന്തോഷിക്കുന്ന ആദോംകാർക്കു് (ഏസോവിന്റെ സന്തതികൾക്കു്) ഉണ്ടാകാൻ പോകുന്ന അത്യാഹിതമാണല്ലോ പ്രവചനവിഷയം. ഓബദ്യാ ൧൦ മുതൽ ൧൪ വരെയുള്ള വാക്യങ്ങളിൽ ഓറെഴ്ലെത്തിന്റെ ൬ കാലഘട്ടങ്ങളിലുള്ള നാശത്തെപ്പറ്റി സൂചനയുണ്ടു്: ൧൦, ൧൧ വാക്യങ്ങളിൽ, കഴിഞ്ഞുപോയ ഒരു സംഭവത്തെക്കുറിച്ചും, ൧൨ മുതൽ ൧൪ വരെയുള്ള വാക്യങ്ങളിൽ വരാനിരിക്കുന്ന ഒരു സംഭവത്തെക്കുറിച്ചും. ഓറെഴ്ലെത്തിന്റെ നാശത്തിൽ ആദോംകാർ സന്തോഷിക്കയോ അഥവാ സഹകരിക്കയോ ചെയ്തു് എന്നായിരിക്കാം? ൬ ബെർയാമേൻ (നാളാഗമം) അ. ൬൫. വാ. ൧൪, ൧൫–ൽ പറഞ്ഞിരിക്കുന്നു, പ്ലെശ്ത്തായരും, അറാവായരുംകൂടി യാഹോരാമിന്റെ വസ്തുവകകളെയും, മക്കളെയും, ഭാര്യമാരെയും കവർന്നു കൊണ്ടുപോയെന്നും, അയാളുടെ കനിഷ്ഠപുത്രനായ ഏഹസിയാ (Joachaz) മാത്രമേ അവശേഷിച്ചുള്ളുവെന്നും. ഈ സംഭവമായിരിക്കാം ആദോംകാരെ സന്തോഷിപ്പിച്ചതു്. ഓബദ്യാ ൧ മുതൽ ൯ വരെയുള്ള വാക്യങ്ങൾ, ഏറ. അ. ൧൯. വാ. ൬, ൯, ൧൦, ൧൨–൧൬, ൨൨ ഇവയിൽ അടങ്ങിയിരിക്കുന്നതായി കാണാം. ഓബദ്യാ ഏറമ്യായിൽ നിന്നു് ഉദ്ധരിക്കുന്നുവെന്നു പറയാൻ നിവൃത്തിയില്ല; ഏറമ്യാ ഓബദ്യായിൽനിന്നു് ഉദ്ധരിക്കുന്നുവെന്നു പറയാനാണു് ന്യായം കാണുന്നതു്. പ്രവാചകന്മാരിൽ സാമാന്യം പുരാതനനായ യൂഏൽ (Joel B. C. 800) തന്നെയും ഓബദ്യാ ൧–ാം വാക്യത്തെ യൂഏൽ അ. ൨. വാ. ൩൨–ൽ ഉദ്ധരിച്ചിരിക്കുന്നു. റവ. കൊണ്ഡാമിൻ എസ്. ജെ. പ്രസ്താവിക്കുന്നതു് ഓബദ്യായുടെ പ്രവചനം ഏറമ്യായുടെതിനേക്കാൾ പഴക്കമേറിയതാണെന്നത്രേ (Revue Biblique, 1900, ii. 261). ഇവയെല്ലാം ഓബദ്യായുടെ പുരാതനത്വത്തെ തെളിയിക്കുന്നു. എന്നാൽ ബാവേൽ രാജാവായ നബുക്കദ്നാസർ ബി. സി. ൫൮൬–ൽ ഓറെഴ്ലെമിനെ നശിപ്പിച്ചതും യൂദന്മാരെ അടിമകളാക്കിക്കൊണ്ടുപോയതുമായ സംഭവങ്ങൾ ൨ രാജ്യ. അ. ൨൫. വാ. ൧൭, ൨൧; വിലാപ. അ. ൪. വാ. ൨൨; സങ്കീ. ൧൩൭. വാ. ൭ ഇവയിൽ കാണുന്നുണ്ടു്. ആദോംകാർ യൂദന്മാരുടെ ഈ ദുരദൃഷ്ടത്തിൽ സന്തോഷിച്ചതായും ഗ്രഹിക്കാം. ഇതുതന്നെയാണു് ഓബദ്യായുടെ പ്രവചനവിഷയമെന്നും, വാ. ൨൦–ൽ ഓറെഴ്ലെത്തിന്റെ എസ്താനിയായിലേ അടിമത്തം എന്നു പറഞ്ഞിരിക്കുന്നതു് പിൽക്കാലത്തുണ്ടായ ബാവേൽ പ്രവാസത്തെയാണു് സൂചിപ്പിക്കുന്നതെന്നും പണ്ഡിതന്മാർ പറയുന്നു. അവസാനത്തേ

പ്രവാചകനായ മലാക്കി തന്നെയും അ. ക്ര. വാ. ൨–൫–ൽ ആദോംകാ
ക്കെതിരായി പ്രവചിച്ചിരിക്കുന്നതോർക്കുമ്പോൾ, ഓബദ്യായുടെ പ്രവച
നം അത്ര പുരാതനമായിരിക്കണമെന്നു വരുന്നില്ല എന്നു വിചാരിക്കുക
തോ? ഏതായാലും രണ്ടഭിപ്രായങ്ങൾക്കും ന്യായങ്ങളുള്ളതിനാൽ ഓബദ്യാ
യുടെ കാലനിർണ്ണയം കൃത്യമായി നിർണ്ണയിക്കാവതല്ല.

ആദോംകാർ: Edom, Idumea, Mt. Seir, Edomites, Esau എന്നെല്ലാം ഇംഗ്ലീഷിൽ പറയുന്നതു് ആദോംകാരെയത്രേ വി
വക്ഷിക്കുന്നതു്. ഏസോവിന്റെ സന്തതികളാണിവർ. "ഒന്നാമൻ ചെ
മപ്പു നിറമുള്ളവനായി പുറത്തു വന്നു ..... ഞാൻ ക്ഷീണിച്ചിരിക്ക
കൊണ്ടു് ചെമന്ന ആഹാരങ്ങളിൽ നിന്നു് ഈ ചെമന്നതു് എനിക്കു
ഭക്ഷിക്കാൻ തരിക എന്നു് ഏസോ യാക്കോബിനോടു പറഞ്ഞു. അതിനാൽ
അവന്റെ പേർ ആദോം എന്നു് അവൻ വിളിച്ചു" (സൃഷ്ടി അ. ൨൫.
വാ. ൨൫, ൩൦). "ഇങ്ങനെ ഏസോ സായിർ മലയിൽ പാർത്തു. ഏസോ
ആദോം തന്നെയാകുന്നു" (സൃ. അ. ൩൬. വാ. ൮). ഏസോ ചെമന്ന നി
റമുള്ളവനായിരുന്നതുകൊണ്ടാണു അയാൾക്കു് ആദോം എന്നും അയാളുടെ
സന്തതികൾക്കു് ആദോംകാരെന്നും പേരുണ്ടായതു്. വടക്കു് ഹോർ പർ
വ്വതം മുതൽ ചാവുകടൽവരെ നീണ്ടു കിടക്കുന്ന 'ആറാവാ' താഴ്വാരത്തി
ന്റെ ഇരുവശത്തുമുള്ള പർവ്വതനിരകളെ ഉൾക്കൊള്ളുന്ന പ്രദേശമാണു്
ഇദ്ദേമെയാ. അവിടത്തെ ചെമന്ന പാറകളെ അടിസ്ഥാനമാക്കിയാണു്
ആദോം സംജ്ഞ ആ പ്രദേശത്തിനുണ്ടായതെന്നു് ചിലർ അഭിപ്രായപ്പെ
ടുന്നു. ഏസോവിന്റെ സന്തതികൾ അവിടെ വാസമുറപ്പിക്കുന്നതിനു മുമ്പു്
ഹോറായരാണു് അവിടെ വസിച്ചിരുന്നതു്. ആവർത്ത. അ. ൨. വാ. ൰–൨൨–ൽ
പറയുന്നതുപോലെ ഇസ്രായേൽ ഏസോവിനോടു മൈത്രിയിൽ വർത്തിക്ക
ണമെന്നായിരുന്നു ദൈവകല്പനയെങ്കിലും, ഈ രണ്ടു ജനങ്ങളും എന്നും
വിരുദ്ധ നിലയിലാണു് വർത്തിച്ചുപോന്നതു്. ശാവോലും, ദാവീദും അവ
രോടു യുദ്ധം ചെയ്തതായി പറയുന്നുണ്ടു്. ൧ ശമ്. അ. ൧൪. വാ. ൪൭;
൨ ശമ്. അ. ൮. വാ. ൧൩, ൧൪. ആദോമായക്കു് രാജാക്കന്മാരുണ്ടായിരു
ന്നെന്നും, ൧ രാജാ. അ. ൧൧. വാ. ൧–ൽ ഹദാദ് എന്നൊരു രാജാവിനെ
പ്പറ്റി പറയുന്നുണ്ടെന്നും നാം അനുസ്മരിക്കണം. ദാവീദിന്റെ കാലത്തു്
ആദോമിന്റെമേൽ വലിയ ആക്രമണം നടത്തിയതായി പ്രസ്തുത ഭാഗത്തു
പറയുന്നുണ്ടു്. അക്കാലത്തു് ആദോം രാജകുടുംബത്തിലേ ഒരു സന്താനം
മെസ്രേമിൽ അഭയം പ്രാപിച്ചു. ശ്ലോമോന്റെ കാലത്തു് അയാൾ മട
ങ്ങിയെത്തി, വലിയ ഉപദ്രവങ്ങൾ ചെയ്തുകൊണ്ടിരുന്നു. യൂദാരാജാവായ
യാഹോശാപ്പാത്തിന്റെ കാലത്തു് ആദോമിനു് മുറയ്ക്കൊരു രാജാവുണ്ടാ
യിരുന്നില്ല. എന്നാൽ അല്ലേഹത്തിന്റെ പുത്രനായ യാഹോരാമിന്റെ കാ
ലത്തു് ആദോമ്യർ വിപ്ലവമുണ്ടാക്കി; രാജവാഴ്ച വീണ്ടും തുടങ്ങി. പി
ന്നിട്ടു് അമോസിയായുടെ കാലത്തു് ആദോമിന്റെ മേൽ ഭയങ്കരമായ
ഒരാക്രമണം നടത്തി സ്ലാ (Petra) പിടിച്ചെടുത്തു. ആദോമിന്റെ
മേൽ നടത്തിയ ഈ ആക്രമണങ്ങൾ കേവലം പ്രതികാരപരമായിരുന്നു

വെന്നു വിചാരിക്കേണ്ടതില്ല. അക്കാബാ ഉൽക്കടലിന്റെ തലയ്ക്കൽ ഉണ്ടാ
യിരുന്ന ഈലസ് (Elath) തുറമുഖം യൂദായുടെ വാണിജ്യാഭിവൃദ്ധിക്കു
സഹായമായിരുന്നതിനാൽ അതു കരസ്ഥമാക്കണമെന്നുള്ളതായിരുന്നു ഈ
ആക്രമണങ്ങളുടെയെല്ലാം പ്രധാനോദ്ദേശം. ഇതിനുവേണ്ടി യൂദാ മാത്ര
മല്ല ഇസ്രായേലും, സിറിയാക്കാരും പരിശ്രമിച്ചുകൊണ്ടിരുന്നു. ആദോമി
നെ ആക്രമിക്കാതെയും കീഴടക്കാതെയും ഈലസ് തുറമുഖം കൈവശപ്പെ
ടുത്തുക വിഷമമായിരുന്നു.

മഹാശക്തിയായ അസ്സോർ (Assyria) ആക്രമണത്തിനു വന്നടു
ത്തപ്പോൾ, പലസ്തീനായിലേ മറ്റു രാജ്യങ്ങളോടൊപ്പം ആദോമും അതി
നെ പ്രതിരോധിച്ചു. എങ്കിലും അതു വിഫലമായി. അസ്സോർ (അസ്സീറിയ)
അതിനെ ഭയങ്കരമായി പലതവണ മർദ്ദിച്ചു. പിന്നീടു ബാവേൽക്കാരുടെ
(കൽദായരുടെ) ആക്രമണമായി. ബാവേൽക്കാർ ഓറെശ്ലെത്തെ ആക്രമിച്ച
പ്പോഴും അതിനെ കീഴടക്കിയപ്പോഴും ആദോമ്യർ സഹകരിച്ചെന്നതാ
ണ്, അതല്ലെങ്കിൽ മുറുക്കത്തിൽ തങ്ങളുടെ ശത്രുവായ യൂദായുടെ ദുര
ദൃഷ്ടത്തിൽ സന്തോഷിച്ചുവെന്നതാണ് ഓബദ്യാ അവരുടെമേൽ ആരോ
പിക്കുന്ന അപരാധം. ആദോമ്യരുടെ ഈ പ്രവൃത്തി വിദ്വേഷത്തെ
വർദ്ധമാനമാക്കി. വിലാ. അ. ൪. വാ. ൨൨; സങ്കീ. ൧൩൭, ൭൯൹; ആമോ
സ്. അ. ൧. വാ. ൧൧; ഛസ്സീ. അ. ൩൫; ഈശൊബെർസീ. അ. ൧. വാ.
൨൨; മാലാകി അ. ൧. വാ. ൧–൩; റോ. അ. ൯. വാ. ൭൩; എബ്രാ. അ.
൧൨. വാ. ൭൩. മക്കബ്വായരുടെ കീഴിൽ നടത്തപ്പെട്ട സ്വാതന്ത്ര്യസമര
കാലത്തു് ആദോമ്യർ ഹെബ്രോനും പടിഞ്ഞാറുവശത്തുള്ള നിരന്ന
ഭൂമിയും കൈവശപ്പെടുത്തിയതായി കാണുന്നു. ൧ മക്കബ്വാ. അ. ൪. വാ.
൩൧, ൩൪; അ. ൫. വാ. ൧൪, ൩൫; അ. ൩. വാ. ൩൧. ഇത്യാദി കാണു
ക. എതായാലും പിൽക്കാലത്തു് ഭരണവകാശമുറപ്പിച്ചു് ഒരു ആദോമ്യനായ
അന്തിപ്പാസ് യൂദാരാജാവായി വാഴുവാനിടയായതു് വിചിത്രമെന്നേ പറ
യേണ്ടൂ. ബി. സി. ൧൭൨–ൽ അന്തിപ്പാസ്, ജൂലിയസ് കേസറിനെ സേവി
ച്ചു് യൂദെയായുടെ പ്രൊക്കുറേറർ ആയി. ബി. സി. ൧൦–ൽ അയാളുടെ
മകനായ ഹേറോദേസ് യൂദന്മാരുടെ രാജാവായിത്തീർന്നു. എവുസേബി
യസിന്റെ തിരുസ്സഭാചരിത്രം ഒന്നാംഭാഗം ൬–ാം അദ്ധ്യായം കാണുക.

ഉള്ളടക്കം: ആദോമിന്റെ അജയ്യമെന്നു വിചാരിക്കപ്പെട്ട
ന്ന നഗരത്തെ ആക്രമിച്ചു നശിപ്പിക്കുമെന്നും, ആദോമ്യർ യൂദായുടെ
ദുരദൃഷ്ടത്തിൽ സന്തോഷിച്ചതുകൊണ്ടു് അതേതരത്തിലുള്ള ദുരിതത്തിന്റെ
നാളുകൾ അവർക്കും വന്നുകൂടുമെന്നും, യൂദായുടെ അടിമത്തത്തിന്റെ കാല
ഘട്ടം കഴിയുമ്പോൾ, ആദോമിനെ കീഴ്പെടുത്തുമെന്നും പ്രവാചകൻ
അറിയിക്കുന്നു.

ACHARYA PALACE LIBRARY

ഓബദ്യാ

അദ്ധ്യായം ഒന്നുമാത്രം

ആദോമിന്റെ നില എത്ര പ്രബലമാണെന്നിരുന്നാലും അതു നശിപ്പിക്കപ്പെടും (വാ. ൧–൯). ആദോം, യാക്കോവിന്റെ ദുരുപദ്രവത്തിൽ സന്തോഷിച്ചതു കൊണ്ട് അതേ തരത്തിലുള്ള നാശം ആദോമിനും വന്നുകൂടും (വാ. ൧൦–൧൪). യാക്കോവിന്റെ അടിമത്തം അവസാനിക്കുമ്പോൾ, ആദോമിനെ അവൻ ഭരിപ്പിച്ചുകളയും (വാ. ൧൫–൨൧).

ഓബദ്യായുടെ ദർശനം: കർത്താക്കളുടെ കർത്താവു് ആദോമിനോടു് ഇപ്രകാരം പറയുന്നു: കർത്താവിന്റെ പക്കൽ നിന്നു് ഞങ്ങൾ വാർത്ത കേട്ടു. വിജാതീയരുടെ പക്കലേയ്ക്കു് പ്രതിനിധി അയയ്ക്കപ്പെട്ടു. എഴുന്നേല്പുക; യുദ്ധത്തിനായി നമുക്കു് അവളെ എതിരിടാം. [ഏശാ. അ. ൫൮. വാ ൭; ഏറ. അ. ൫൯. വാ. ൫൪; ഹസ്കി. അ. ൩൭. വാ. ൨൫; യൂഏ. അ. ൩. വാ. ൧൯; മാലാ അ. ൧. വാ. ൩, ൪.]

൨. ഇതാ ഞാൻ നിന്നെ ജനപദങ്ങളുടെ ഇടയിൽ അല്പനാക്കി; നീ തീരെ നിന്ദിതനായിരിക്കുന്നു. [ഏറ. അ. ൪൯. വാ. ൧൫.]

൩. പാറയുടെ ശക്തിയിൽ വസിക്കയും, ഇരിപ്പിടം ഉന്നതത്തിലായിരിക്കയും, ഭൂമിയിലേയ്ക്കു് ആർ എന്നെ താഴ്ത്തും എന്നു് ഹൃദയത്തിൽ പറകയും ചെയ്യുന്ന നിന്നെ നിന്റെ ഹൃദയത്തിന്റെ പ്രശംസ വഞ്ചിച്ചു. [൨ രാജാ. അ. ൧൪. വാ. ൬; ഏശാ. അ. ൧൪. വാ. ൧൩; വെളി. അ. ൧൮. വാ. ൬; ഏറ. അ. ൪൯. വാ. ൧൩.]

൪. രാജാളിപ്പക്ഷിയെപ്പോലെ നീ ഉയർന്നാലും, നക്ഷത്രങ്ങളുടെ ഇടയിൽ നീ കൂടുവച്ചാലും, അവിടെ നിന്നു നിന്നെ ഞാൻ ഇറക്കും എന്നു കർത്താവു് പറയുന്നു. [ഈയോ. അ. ൩൦. വാ. ൧൮; ഏറ. അ. ൪൯. വാ. ൧൬; ഹവ്. അ. ൨. വാ. ൩.]

൫. രാത്രിയിൽ കള്ളന്മാരോ കൊള്ളക്കാരോ നിന്നെ ആക്രമിച്ചിരുന്നുവെങ്കിൽ തങ്ങൾക്കു തൃപ്തിയാകുവോളം മോഷ്ടിച്ചതുവരെ നീ എങ്ങനെ മൗനമവലംബിക്കുമായിരുന്നു? മുന്തിരിപ്പഴങ്ങൾ പറിക്കുന്നവർ നിനക്കെതിരായി വന്നിരുന്നുവെങ്കിൽ, അവർ വല്ല മുന്തിരിക്കുലയും അവശേഷിപ്പിക്കയില്ലായിരുന്നോ? [ആവർ. അ. ൨൪. വാ. ൨൧; ഏറ. അ. ൪൯. വാ. ൯.]

൬. ഏസോ എങ്ങനെ പരിശോധിക്കപ്പെട്ടു! അവന്റെ രഹസ്യങ്ങൾ എങ്ങനെ പരസ്യമായി! [സങ്കീ. ൪൧൨. വാ. ൯; ദാനി. അ. ൨. വാ. ൨൨; ഏറ. അ. ൪൯. വാ. ൧൦.]

൭. അതിർത്തിവരെ അവർ നിന്നെ അയച്ചു. നിന്റെ ഉടമ്പടിക്കാരായ മനുഷ്യരെല്ലാം നിന്നെ വഞ്ചി

ച്ചു. അവർ നിന്നെക്കാൾ പ്രാബല്യമുള്ളവരായിത്തീർന്നു. നിന്റെ സമാധാനപാലകരും, സഹഭോക്താക്കളും വിവേകഹീനനായ നിന്റെ കീഴെ കണിവച്ചു. [ഏശാ. അ. ൧൯. വാ. ൧൧, ൧൪.]

൮. അതേദിവസംതന്നെ കർത്താവു പറയുന്നു: വിജ്ഞാനിയെ ഞാൻ ഏദോമിൽ നിന്നും, വിവേകിയെ ഞാൻ ഏസോവിന്റെ മലയിൽ നിന്നും നശിപ്പിക്കും. [ഈയോ. അ. ൪. വാ. ൧൧, ൧൩; ഏശാ. അ. ൩൪. വാ. ൧൪; ഏറ. അ. ൧൯. വാ. ൬.]

൯. രയ്മാനേ, നിന്റെ മല്ലന്മാർ കൊള്ള ചെയ്യപ്പെടും; ഏസോവിന്റെ മലയിൽനിന്ന് മനുഷ്യൻ നശിക്കും. [ഏറ. അ. ൧൯. വാ. ൩൨.]

൧൦. നിന്റെ സഹോദരനായ യാക്കോവിനോട് ചെയ്ത കൊലപാതകവും കവർച്ചയും മൂലം ലജ്ജ നിന്നെ മൂടുകയും, നീ നിത്യമായി നശിക്കയും ചെയ്യും. [ഹസ്സി. അ. ൩൫. വാ. ൩; അ. ൩൬. വാ. ൧൬; യൂഏ. അ. ൩. വാ. ൧൪; ഹവ്. അ. ൨. വാ. ൨.]

൧൧. നീ അവനെതിരായി എഴുന്നേറ്റ ദിവസം – പരദേശികൾ അവന്റെ സൈന്യത്തെ തടവുകാരാക്കുകയും, അവർ അവന്റെ വാതിലുകൾ കടക്കുകയും, ഓറെശ്ലേമിന്റെമേൽ ചിട്ടിയിടുകയും ചെയ്ത ദിവസം – നീയും അവരിൽ ഒരുവനെപ്പോലെ ആയിരിക്കും. [യൂഏ. അ. ൩. വാ. ൧൦.]

൧൨. നിന്റെ സഹോദരന്റെ ദിവസവും പരദേശികളുടെ ദിവസവും നീ നോക്കരുത്. യൂദായുടെ പുത്രന്മാരെക്കുറിച്ച് അവരുടെ നാശത്തിന്റെ ദിവസം നീ സന്തോഷിക്കരുത്. ഞെരുക്കത്തിന്റെ ദിവസം നീ നിന്റെ വായ് വിസ്തൃതമാക്കരുത്. [മീകാ അ. ൪. വാ. ൧൧; അ. ൫. വാ. ൩–൧൦.]

൧൩. എന്റെ ജനത്തിന്റെ മനോവ്യഥയുടെ ദിവസം അവരുടെ വാതിൽ നീ കടക്കരുത്. അവരുടെ ദുഃഖത്തിന്റെ ദിവസം നീയും അവരുടെ തിന്മയിൽ സന്തോഷിക്കരുത്. അവരുടെ ദുഃഖത്തിന്റെ ദിവസം നീ അവരുടെ സൈന്യത്തെ ഭയപ്പെടുത്തുകയുമരുത്.

൧൪. അവന്റെ അഭയാർത്ഥികളെ നശിപ്പിക്കുന്നതിന് നീ ഇടവഴിയിങ്കൽ നില്ക്കരുത്. ഞെരുക്കത്തിന്റെ ദിവസം അവന് ശേഷിക്കുന്നവരെ നീ ഒറ്റിക്കൊടുക്കയുമരുത്.

൧൫. എന്തെന്നാൽ, കർത്താവിന്റെ ദിവസം സകല ജനപദങ്ങളുടെ മേലും അടുത്തിരിക്കുന്നു. നീ ചെയ്തതുപോലെ നിന്നോടും ചെയ്യപ്പെടും. പ്രതീകാരം നിന്റെ ശിരസ്സിൽ തിരിച്ചുവരും. [ഹസ്സി. അ. ൩൦. വാ. ൩; അ. ൩൬. വാ. ൧൫; യൂഏ. അ. ൩. വാ. ൧൪; ഹവ്. അ. ൨. വാ. ൨.]

൧൬. എന്റെ വിശുദ്ധ പർവ്വതത്തിൽ നിങ്ങൾ കുടിച്ചതുപോലെ, സകല വിജാതീയരും ശാശ്വതമായി കുടിക്കും. അവർ കുടിച്ച് ഇളകുകയും, പരിഭ്രമിച്ച വശാകയും ചെയ്യും. അവർ, അസ്തിത്വമില്ലാതിരുന്നവരെന്നപോലെ ആയിരിക്കും. [ഏറ. അ. ൨൮. വാ. ൨൭, ൨൯; യൂഏ. അ. ൩. വാ. ൧൭.]

൧൭. സെഹിയോൻ പർവ്വതത്തിൽ രക്ഷയുണ്ടാകും; പരിശുദ്ധൻ ഉണ്ടാകും. യാക്കോവ് പ്രഭുതികൾ തങ്ങളെ അവകാശമാക്കിയവരെ അവകാശമാക്കും. [യൂഏ. അ. ൨. വാ. ൩൨.]

൧൮. യാക്കോബിന്റെ ഭവനം അഗ്നിയും യൗസേപ്പിന്റെ ഭവനം ജ്വാലയുമായിരിക്കും; ഏസോവിന്റെ ഭവനമോ ചുള്ളിയായിരിക്കും. അവർ അവരിൽ ദഹിച്ചുപോകും; അവർ അവരെ തിന്നുകളയും. നാശത്തെ അതിജീവിക്കുന്നവനായി ഏസോവിന്റെ ഭവനത്തിൽ ആരുമുണ്ടാകയില്ല. എന്തെന്നാൽ, കർത്താവ് അരുൾ ചെയ്തിരിക്കുന്നു. [ഏശാ.അ. ൧൦. വാ. ൧൬; സ്സറി. അ. ൧൨. വാ. ന.]

൧൯. തെക്കുള്ളവർ ഏസോവിന്റെ പർവ്വതത്തെ അവകാശമാക്കും; മൈതാനത്തിലുള്ളവർ ഫ്ലെശ്ത്തായരെ അവകാശമാക്കും. അവർ അപ്രേമിന്റെ വയലിനെയും, ശാമ്രേനിന്റെ വയലിനെയും അവകാശമാക്കും. ബെന്യാമേൻ ഗെല്അദിനെ അവകാശമാക്കും.

൨൦. ക്നാൻ മുതൽ സെർപ്പ്സ് വരെയുള്ള ഇസ്രായേൽമക്കളുടെ ആദ്യത്തെ ഈ അടിമത്തവും, എസ്പാനിയായിലുള്ള ഓറൊസ്ത്തിന്റെ അടിമത്തവും തെക്കുള്ള പട്ടണങ്ങളെ അവകാശമാക്കും.

൨൧. ഏസോവിന്റെ പർവ്വതത്തെ വിധിക്കാനായി രക്ഷിതരായവർ സെഹിയോൻ പർവ്വതത്തിലേയ്ക്കു കയറും. രാജ്യം കർത്താവിന്റേതായിരിക്കയും ചെയ്യും. [സങ്കീ ൨൨. വാ. ൨൮; ദാനി. അ. ൨. വാ. ൪൪; സ്സ്വറി. അ. ൧൪. വാ. ൯; ല്യൂ. അ. ൧. വാ. ൫൨; വെളി. അ. ൧൧. വാ. ൧൫; അ. ൧൯. വാ. ന.]

വ്യാഖ്യാനം

൧. "ദർശനം": പ്രവാചകൻ പ്രഖ്യാപനം ചെയ്യാനുള്ള സംഗതികളെല്ലാം ദൈവം ദർശനം വഴിയായി അദ്ദേഹത്തിന് അറിയിച്ചുകൊടുക്കുന്നു. "ആദോമിനോട്": ഏസോവിന്റെ സന്തതികളോട്. ഉപക്രമത്തിൽ 'ആദോംകാർ' എന്ന ഭാഗം കാണുക. "ഞങ്ങൾ വാർത്തകേട്ട": കർത്താവു ഇപ്രകാരം പറയുന്നു എന്നുള്ള വാക്യത്തെ തുടർന്ന് 'ഞങ്ങൾ വാർത്തകേട്ട' എന്നു പറയുന്നതെന്തുകൊണ്ടെന്നു ചോദിച്ചേക്കാം. 'കർത്താവിന്റെ പക്കൽ നിന്ന്..... അയയ്ക്കപ്പെട്ട' എന്നതുവരെയുള്ള വാക്യം അനന്വിതവാക്യം (parenthetical clause) മാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഏതായാലും, പ്രവചനഗ്രന്ഥങ്ങളിൽ കാണുന്ന അവ്യക്തവാക്യരചനാരീതിയാണിതെന്നേ മുറയ്ക്കുള്ള സമാധാനം പറയാനുള്ളൂ. "പ്രതിനിധി": വിജാതീയരുടെ പക്കലേയ്ക്കു പ്രതിനിധി അയയ്ക്കപ്പെട്ടതു് അവരെ യുദ്ധത്തിനു പ്രേരിപ്പിക്കാനാണ്. പ്രതിനിധി ഒരുവേള ദൈവികനായിരിക്കാം. അല്ലെങ്കിൽ ദൈവികമായ ഉത്തേജനവുമാകാം. "എഴുന്നേല്പുക": വിജാതീയരിൽ ഏതെങ്കിലും ഒരു ജനപദത്തെ സംബോധന ചെയ്യുന്നതായിക്കരുതാം. "അവളെ": ആദോമിനെ.

൨. "അല്പനാക്കി": ആദോമ്യർ നേരത്തെതന്നെ ജനപദങ്ങളുടെ ഇടയിൽ അല്പരായിരുന്നുവെന്നു വിചാരിക്കേണ്ടതില്ല. ദൈവത്തിന്റെ വചനമനുസരിച്ചും വിജാതീയരിൽ നിന്നുണ്ടാകുന്ന ആക്രമണത്താലും അവർ അധോഗതി പ്രാപിക്കുമെന്നതിന്റെ സൂചനയാണിതു. ബാബേൽക്കാർ തുടങ്ങിയ ജനപദങ്ങളുടെ ഇടയിൽ ആദോമ്യർ നിസ്സാരന്മാരും ഒന്നിനൊന്നു അപഹാസ്യരായും തീരുമെന്നാണ് പ്രവചനം.

൩. "പാറയുടെ ശക്തി": ആദോമ്യരുടെ ഒരു പ്രബല നഗരമായിരുന്ന സ്ലാ അഥവാ പേത്രാ (Rock) എന്ന നഗരം. ഒരിക്കലും മറയ്ക്കും ആക്ര

മിച്ചു കീഴടക്കാൻ വഹിയാത്തതാണീ നഗരമെന്നു അവർക്കു ഒരു വിചാരമുണ്ടായിരുന്നു. "ഇരിപ്പിടം ഉന്നതത്തിലായിരിക്കയും": സായീർ പർവ്വതങ്ങളിൽ ഉറപ്പേറിയ കോട്ടകൾ പണ്ടു സ്ഥാനമുറപ്പിച്ചിരുന്നതിനെ വിവക്ഷിക്കുന്നു. അജയ്യരെന്നൊരു ബോധം, അഹങ്കാരം, അവരെ സ്വയം വഞ്ചിച്ചുകളഞ്ഞു.

൩. "രാജാളിപ്പക്ഷിയെപ്പോലെ.....നക്ഷത്രങ്ങളുടെ ഇടയിൽ": അതിശയോക്തിയലങ്കാര (hyperbole) മാണിവിടെ പ്രയോഗിച്ചിരിക്കുന്നതു്. ആദോമ്യർ എത്ര പ്രതാപവാന്മാരായാലും, സുരക്ഷിതമായ സ്ഥലത്തു വസിച്ചാലും സർവ്വശക്തനായ കർത്താവിന് എന്താണസാധ്യം? അവരെ താൻ താഴ്ത്തുമെന്ന് കർത്താവു് പ്രവാചകൻ വഴിയായി അരുൾ ചെയ്യുന്നു.

൪. "മൂന്നമവലംബിക്കുമായിരുന്നു": രാത്രിയിൽ കള്ളന്മാരും കൊള്ളക്കാരും വന്നു മോഷ്ടിക്കയോ ആക്രമിക്കയോ ചെയ്യുമ്പോൾ, തങ്ങളെ വധിച്ചേക്കുമെന്ന ഭയപ്പെട്ടു് നിലവിളിക്കാതെ ഭീരുക്കൾ മൂന്നമവലംബിക്കുന്നു. അങ്ങനെയെങ്കിൽ ബാബേൽക്കാർ വന്ന് ആക്രമിക്കുമ്പോൾ ആദോമ്യർ എത്രയോ മഹാ ഭീരുത്വത്തോടെ മൂന്നമവലംബിക്കുമെന്ന വ്യംഗ്യം. "വല്ല മുന്തിരിക്കുലയും അവശേഷിപ്പിക്കയില്ലയിരുന്നോ?" കള്ളന്മാരും കൊള്ളക്കാരുമായവർ മുന്തിരിക്കുലകൾ അപഹരിക്കാൻ വന്നാൽ തങ്ങൾക്കു തൃപ്തിയാവോളം എടുത്തിട്ടു ബാക്കിയുള്ളവ പരിത്യജിച്ചിട്ടുപോകും; ചിലപ്പോൾ ചില മുന്തിരിക്കുലകൾ അവരുടെ കണ്ണിൽപ്പെടാതെയും വരും. എന്നാൽ ആദോമ്യരുടെ ശത്രുക്കളാകട്ടെ, ഒന്നും അവശേഷിപ്പിക്കാതെ എല്ലാം ക്രൂരനിഷ്ക്രമായി പരിശോധിച്ചു കണ്ടുപിടിച്ചു കൊണ്ടുപോകും. ഏറ. അ. ൪൯. വാ—൯ കാണുക.

൬. "എങ്ങനെ": ആശ്ചര്യോൽഘോഷം. യാതൊരു വസ്തുവും ഒളിക്കാനോ മറയ്ക്കാനോ ആദോമ്യർക്കു സാധിക്കയില്ലെന്നും, എല്ലാം ശത്രുക്കൾ പുറത്തെടുത്തുകൊണ്ടുവരുമെന്നും സാരം.

൭. "അതിർത്തിവരെ": അവർ നിന്നെ ബഹിഷ്കരിക്കും. ആപൽക്കാലത്തു് അവർ നിന്നെ പരിത്യജിച്ചിട്ടു് ശത്രുക്കൾക്കു് നിന്നെ കയ്യാളിക്കയും അടിമത്തത്തിനു് ഏല്പിക്കയും ചെയ്യും. "വഞ്ചിച്ചു": നിന്റെ ഉടമ്പടിക്കാർ യുദ്ധകാലത്തു് സഹായിക്കാതെയും, പരാജയമുണ്ടായപ്പോൾ അഭയം നൽകാതെയും വഞ്ചിക്കും. "സമാധാനപാലകർ": യൂദായ്യ്തിരായി ആദോമിന്റെ സഹായം ലഭിച്ച ശത്രുക്കൾ ആദോമിനെ തിരിഞ്ഞാക്രമിക്കും. "സഹഭോക്താക്കൾ": മിത്രഭാവത്തിൽ ഒരേ പന്തിയിലിരുന്നു ഭക്ഷിക്കുന്നവർ.

൮. "വിജ്ഞാനിയെ ... വിവേകിയെ ... നശിപ്പിക്കും": ദൈവം തനിയ്ക്കു് വിരോധിയായി പ്രവർത്തിക്കുന്നവരുടെ ബോധത്തെ കലക്കുന്നതിനും, ആലോചനാശക്തിയെ നശിപ്പിക്കുന്നതിനും ശക്തനാണല്ലോ. ആദോമ്യരിൽ ആലോചന നൽകാൻ പ്രാപ്തരായ വൃദ്ധന്മാരുടെ വിജ്ഞാനവും, ലൗകികകാര്യങ്ങൾ നിയന്ത്രിക്കുന്നവരുടെ വിവേകവും അവിടുന്ന് എടുത്തുകളയും. ഇതുപോ. അ. ൨. വാ. ൧൮; ഏറ. അ. ൪൯. വാ. ൬. എന്നിവ പ്രകൃതത്തിൽ സ്മരണീയമത്രേ.

൯. "തയ്മാൻ": സ്സേ (Petra) നഗരത്തിനു ൧൫ മൈൽ തെക്കുള്ള ഒരു സ്ഥലം. "ഏസോവിന്റെ മല": സായീർ പർവ്വതം— ആദോമ്യരുടെ ശക്തികേന്ദ്രം.

൧൦. "സഹോദരനായ യാക്കോബ്": ഇവിടെ ഏസോ, യാക്കോബ് എന്നീപേരുകളിലാണ് അവരുടെ സന്തതികളായ ആദോമ്യരെയും, ഇസ്രായേൽക്കാരെയും (യൂദായേയും) പ്രവാചകൻ സംബോധന ചെയ്യുന്നതു്. "കൊലപാതകം": അവർ അക്കാസിന്റെ സംസ്ഥാനങ്ങൾ ആക്രമിക്കയും, എല്ലാം നശിപ്പിക്കുന്നതിനു ശത്രുക്കളെ പ്രേരിപ്പിക്കയും ചെയ്തു. ൨ ബെർയാ (നാളാഗമം) അ-

൨൨൧. വാ. ൨൩; സങ്കീ. ൧൩൭൩. വാ- ൭. എന്നിവ കാണുക. ഭ്രാതൃഹത്യാപരമായ ക്രൂരതയാണ് ഏദോമായരുടേത്. "നിന്റെ മായി": അപരിഹാര്യമാംവിധം നശിപ്പിക്കപ്പെട്ടത് ഏദോമായർ വീണ്ടും പണ്ടത്തെയത്തിയാലും കത്താവു അതു നശിപ്പിക്കുമെന്ന് മലാക്കി ദീർഘദർശി വഴിയായി അരുളി ചെയ്തിരിക്കുന്നു. മലാ. അ. ൧. വാ. ൪.

൨൨. "അവനെതിരായി എഴുന്നേറ്റ ദിവസം": യൂദായിലെ സേദെക്യാ രാജാവിന്റെ ഭരണകാലത്ത് ബി. സി. ൫൮൬–൫൮൭ൽ ബാബേൽ രാജാവായ നബൂക്കദ്നേസർ ഒന്നാമനെ ആക്രമിച്ച് നശിപ്പിച്ച സംഭവത്തെയായിരിക്കണം ഇവിടെ സൂചിപ്പിക്കുന്നത്. ൨ ദിനവൃത്താ. അ. ൨൨. വാ. ൧൩, ൧൪–ൽ പറയുന്ന പ്രൊശ്ത്തയരുടെയും ആരാമായരുടെയും ആക്രമണമാണിവിടെ സൂചിപ്പിക്കുന്നതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. "ചിട്ടിയിട്ടു": ഓരോരുത്തരെ കൊള്ളചെയ്തു കിട്ടിയവ വീതിച്ചെടുക്കാൻ ചിട്ടിയിട്ടു. ആദ്യമേ പങ്കു പറ്റിയെന്ന വിചാരിക്കേണ്ടിയിരിക്കുന്നു. "അവരിൽ ഒരുവൻ": യൂദായുടെ ശത്രുക്കളിൽ ഒരുവൻ.

൨൩. "നോക്കരുത്": അസൂയാപരമായി യൂദായുടെ ദുരിതാവസ്ഥയിൽ സന്തോഷിക്കരുത്. ഭ്രാതൃസംഭവത്തെയാണിവിടെ സൂചിപ്പിക്കുന്നതെന്നു വിചാരിച്ചാൽ, ഏദോമായരുടെ അസൂയാപരമായ ഈ പ്രവൃത്തിക്ക് ശിക്ഷയുണ്ടാകാതിരിക്കയില്ല എന്ന പ്രഖ്യാപനമാണിതെന്നു കരുതേണ്ടിയിരിക്കുന്നു. "വായ് വിസ്തരിക്കരുത്": യൂദായുടെ നാശത്തിൽ അധിക്ഷേപവചനങ്ങൾ ഉച്ചരിക്കരുത്.

൨൪. "വാതിൽ കടക്കരുത്": ബാബേൽക്കാരോടു ചേർന്ന് യൂദായെ ആക്രമിക്കുന്നതിനും, ഓരോരുത്തരെ നശിപ്പിക്കുന്നതിനും ഉദ്യമിക്കരുത്.

൨൫. "ദുഷ്കടപ്രഭുത്തിങ്കൽ": ഒളിച്ചോടുന്നവരെ വധിക്കാൻ പറഞ്ഞിരിയ മന്ദിരസ്ഥാനങ്ങളിൽ അഥവാ കോട്ടവാതിലുകൾക്കടുത്ത്. ഏദോമായർക്ക് പരാജിതരായ തങ്ങളുടെ സഹോദരങ്ങളെ ഒളിപ്പിക്കാൻ സാധിക്കുമായിരുന്നെങ്കിലും അവരോടു അതിക്രൂരമായിട്ടാണ് പെരുമാറിയത്.

൨൭. "ജനപദങ്ങൾ": സമീപസ്ഥരായ ജനപദങ്ങൾ.

൨൮. "നിങ്ങൾ": ഏദോമായർ. "കുടിച്ചതുപോലെ": വിജയോന്മത്തരായി മധുപാനത്തിലും മറ്റും ജേതാക്കൾ സമയം വിനിയോഗിക്കാറുണ്ടല്ലോ. യൂദായുടെ പരാജയം മൂലമുണ്ടായ തങ്ങളുടെ വിജയത്തിൽ ഏദോമായർ ആഘോഷിക്കുന്നു. വിശുദ്ധ പർവ്വതത്തിൽ കുടിച്ചുവെന്നു പറഞ്ഞിരിക്കുന്നതുകൊണ്ട് ദൈവത്തിന്റെ ആലയത്തെ മദ്യപാനത്താലും മറ്റും അശുദ്ധമാക്കിയെന്ന് ചിലർ ഊഹിക്കുന്നു. "ശാശ്വതമായി കുടിക്കും": ദൈവത്തിന്റെ കോപമാകുന്ന പാനപാത്രത്തിൽ നിന്ന് ജനപദങ്ങൾ ഓരോന്നായി ഇടമുറിയാതെ കുടിക്കും. യൂദായെ മർദ്ദിച്ച ജനപദങ്ങളെ ഇവിടെ ഉദ്ദേശിക്കുന്നുവെന്നു വേണം വിചാരിക്കുവാൻ. "അസ്തിത്വമില്ലാതിരുന്നവരെന്നപോലെ": ബാബേൽക്കാർ തുടങ്ങിയ ജനപദങ്ങൾ ക്രമേണ അധഃപതിച്ചു നാമാവശേഷമായി എന്ന് ചരിത്രത്തിൽനിന്നു നാം അറിയുന്നുണ്ടല്ലോ.

൨൯. "രക്ഷയുണ്ടാകും": ബാബേൽഅടിമത്തത്തിനു ശേഷമുള്ള രക്ഷയേയും, മിശിഹായുടെ പരിത്രാണകർമ്മം വഴിയായുള്ള രക്ഷയേയും വിവക്ഷിക്കുന്നതായി വിചാരിക്കാം. "പരിശുദ്ധൻ": മിശിഹാ. "യാക്കോബ് പ്രഭുതികൾ": യൂദായുടെയും ബെന്യാമിന്റെയും ഗോത്രങ്ങൾ. "അവകാശമാക്കും": വിജാതീയരുടേത് തങ്ങളുടേതിനോടു കൂട്ടിച്ചേർക്കും. അടിമത്തത്തിൽ കൊണ്ടുപോയവരെക്കുറിച്ചല്ല ഇവിടെ പറയുന്നതെന്ന് ക്നാബൻബാവർ പറയുന്നു.

൧൨. "യാക്കോവിന്റെ ഭവനം": യൂദാ ബെന്യാമേൻ ഗോത്രക്കാർ. "യൗസേപ്പിന്റെ ഭവനം": ഇസ്രായേൽക്കാർ: യൂദാ ബെന്യാമേൻ ഗോത്രങ്ങളിൽനിന്നു പിരിഞ്ഞ ൧൦ ഗോത്രക്കാർ. കേവലം കുള്ളിവിറകുപോലെ ഏസോവിന്റെ സന്തതികളായ ആദോമ്യർ, യൂദായുടെയും ഇസ്രായേലിന്റെയും കോപത്തിന് പാത്രീഭവിച്ച് നശിച്ചുപോകുമെന്നു സാരം.

൧൩. "തെക്കുള്ളവർ": യൂദയായുടെ തെക്കേ ചരിവിൽ അഥവാ തെക്കുഭാഗത്ത് താമസിക്കുന്നവർ. "മൈതാനത്തുള്ളവർ": യൂദയായിൽ 'സെഫെലാ' എന്നു വിളിക്കപ്പെടുന്ന സ്ഥലത്തു വസിക്കുന്നവർ. "ശെല്ഫ്": യോർദനാനു കിഴക്കു സ്ഥിതിചെയ്യുന്ന സ്ഥലം.

൨൦. "സെർപ്പസ്": സോറിനും സൈദോനിനും മദ്ധ്യേയുള്ള ഒരു ഫിനീക്യൻ പട്ടണം (Sarepta). "ആഭ്യന്തരത്തെ അടിമത്തം": അസ്സീറിയൻ രാജാക്കന്മാർ, വിശിഷ്യ, സൽമനാസർ (൮ രാജാ. അ. ൧൭. വാ. ൬) ൧൦ ഗോത്രങ്ങളെ ടങ്ങിയ ഇസ്രായേൽക്കാരെ അടിമകളായി അസ്സീറിയായിലേയ്ക്കു കൊണ്ടുപോയതിനെയായിരിക്കണം ഇവിടെ വിവക്ഷിക്കുന്നത്. "ഓറെയ്ലത്തിന്റെ...": ഓറെയ്ലം തലസ്ഥാനമാക്കി യൂദയായിൽ താമസിക്കുന്ന യൂദാ ബെന്യാമേൻ എന്ന ൨ ഗോത്രങ്ങളെ എസ്പാനിയായിൽ അടിമകളാക്കിയതായിരിക്കണം ഇവിടെ ഉദ്ദേശിക്കുന്നത്. ഇവരെ ബാവേൽക്കാർ ൨ പ്രാവശ്യം (ബി. സി. ൯൦൯–ലും, ൪൯൨–ലും) ആക്രമിക്കയും തടവുകാരായി ബാവേലിലേയ്ക്കു കൊണ്ടുപോകയും ചെയ്തിട്ടുണ്ട്. – "എസ്പാന്യാ": പ്രശീത്താ, തർഗം എന്നിവയിൽ കാണുന്ന ഈ സംജ്ഞ സ്പെയിനിനെ വിവക്ഷിക്കുന്നുവെന്ന് പണ്ട് ചിലർ കരുതിപ്പോന്നു. എന്നാൽ ആധുനികകാലത്തു കണ്ടുകിട്ടിയിട്ടുള്ള കനേയ ലിഖിതങ്ങളെ (cuneiform letters and documents) ആസ്പമോക്കി, ശപ്പാർദാ (Shapar da) എന്ന മറ്റു ചില വിവർത്തനങ്ങളിൽ സംജ്ഞ നൽകിക്കാണുന്ന ഈ സ്ഥലം ഫ്രീജിയായ്ക്കും ലീഡിയായ്ക്കും മദ്ധ്യേയോ, ബാവേലിനും മേദിയായ്ക്കും മദ്ധ്യേയോ സ്ഥിതിചെയ്യുന്നു ഒന്നാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. "തെക്കുള്ള പട്ടണങ്ങൾ": യൂദയായ്ക്കു തെക്കുള്ള പട്ടണങ്ങൾ. ആദോമ്യർ യൂദയായ്ക്കു തെക്കുണ്ണോ അധിവസിച്ചിരുന്നത്. അവരുടെ നഗരങ്ങൾ ആണ് ഇവയെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു.

൨൧. "രക്ഷിതരായവർ": അടിമത്തത്തിൽ നിന്നു വിമുക്തരായവർ എന്ന അർത്ഥമാണ് ഇവിടെ സൂചിതമെന്നു തോന്നുന്നു. "രാജ്യം കർത്താവിന്റേതായിരിക്കും": മിശിഹായുടെ സാർവ്വദേശീയഭരണം. യൂദന്മാരുടെയും ലൗകികപ്രതാപം മിശിഹായുടെ ഉത്ഥാനത്തിനു ൪൦ വർഷങ്ങൾക്കു ശേഷം അസ്തമിച്ചു. പുതിയനിയമത്തിൽ മിശിഹായുടെ ദിഗ്വിജയം മാത്രമേ ഉള്ളൂ.

വിശുദ്ധഗ്രന്ഥം

പഴയനിയമം

യൗനാൻ

(Jonas)

കേരളത്തിലെ സുറിയാനി

ക. നി. മൂ. സ.

വിവർത്തകസംഘം

പ്ശീത്തായിൽനിന്ന് തർജ്ജമചെയ്ത് വ്യാഖ്യാനസഹിതം

പ്രസിദ്ധീകരിക്കുന്നത്.

വി. യൌ. പി. മുദ്രാലയം,

മാന്നാനം.

൧൯൩൦.

Nihil obstat

FR. Ludovic, T. O. C. D.
FR. Placid T. O. C. D.

Imprimi potest

FR. Vincent of the Bl. Sacrament,
T. O. C. D.
PRIOR GENERAL.

5th March 1950.

Imprimatur

Mgr. J. Kallarakel
Vicar Capitular.

Changanacherry,
Bishop's House,
17th March 1950.

യൗനാൻ


(Jonas)

പേരു്: 'യൗനാ' (മാടപ്രാവു്) ശബ്ദത്തോടു ബന്ധപ്പെട്ടിട്ടുള്ളതായിട്ടത്രേ യൗനാൻ ശബ്ദത്തെ പണ്ഡിതന്മാർ വ്യവഹരിക്കുന്നതു്. ഈ പ്രവചനഗ്രന്ഥത്തിനു പുറമേ 2 രാജാ. (വുൽഗാ. 4 രാജാ.) അ. ക്രമ. വാ. 2ദ—ൽ മാത്രമേ യൗനാൻ നാമം പഴയനിയമത്തിൽ രേഖപ്പെട്ടത്തിക്കാണുന്നുള്ളു. "മത്തായിയുടെ പുത്രനായിട്ടു് ഗദ്ഹ്പർകാരനായ ദീഘ്ദശ്രീ യൗനാൻ എന്ന സ്വഭൃത്യൻ വഴിയായി ഇസ്രായേലിന്റെ ദൈവമായ കർത്താവു പറഞ്ഞ വചനപ്രകാരം" യോറവ്അം 2—ാമൻ (Jeroboam ii.) ഇസ്രായേലിന്റെ അതിർത്തി പുനഃസ്ഥാപിച്ചുവെന്നു് പറഞ്ഞിരിക്കുന്നു.

വംശം, ദേശം, കാലഘട്ടം: മത്തായിയുടെ പുത്രൻ എന്നു മാത്രമേ യൗനാനെപ്പറ്റി പറഞ്ഞുകാണുന്നുള്ളു. ഏലിയാദീഘ്ദശ്രീ സാർപ്പസിലേ സ്ത്രീയുടെ പുത്രനെ ഉയിർപ്പിച്ചതായി 2 രാജാ. അ. ക്ര—ൽ പറയുന്നുണ്ടു്. ഉയിർപ്പിക്കപ്പെട്ട ആ കുട്ടിയാണു് യൗനാൻ എന്നു് യൂദന്മാരുടെ ഇടയിൽ പരമ്പരയാ പറഞ്ഞുവന്നിരുന്നുവെന്നു് വി. ഈറാനിമ്മോസ് പ്രസ്താവിക്കുന്നു. എന്നാൽ, 2 രാജാ. അ. ക്രമ. വാ. 2ദ—ൽ പറഞ്ഞിരിക്കുന്നതു് നമ്മുടെ കഥാപുരുഷൻ ഗദ്ഹ്പർകാരനാണെന്നാണല്ലോ. ഈ സ്ഥലം സ്പോലോന്റെ അതിർത്തിയിലുൾപ്പെട്ടതാണെന്നു് ഈശോബർനോൻ അ. ക്രൻ. വാ. ക്രമ—ൽ നിന്നു വെളിവാകുന്നു. യൗനാൻ സ്പോലോൻ വംശജനാണെന്നു് അനുമിക്കേണ്ടിയിരിക്കുന്നു. തിബേരിയാസിൽനിന്നു് അധികം വിദൂരമല്ലാത്ത ദിയോചേസറെയാ (Diocaesarea) എന്ന സ്ഥലംതന്നെയാണിതെന്നു് വി. ഈറാനിമ്മോസ് പറയുന്നു. നസ്രസിൽനിന്നു് മൂന്നുമൈൽ വടക്കുകിഴക്കായി സ്ഥിതിചെയ്യുന്ന മെഷെഡ് (Meshed) ആണു് പഴയ ഗദ്ഹ്പർ എന്നു് ആധുനിക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ടൈഗ്രീസ് (Tigris) നദിയുടെ ഉത്തരതീരത്തു് മോസലിനു നേരെ എതിരായി സ്ഥിതിചെയ്യുന്ന 'ടെൽനബിയൂനിസ്' എന്ന സ്ഥലത്താണു് അദ്ദേഹത്തിന്റെ കല്ലറയെന്നു അറബികൾ കരുതിപ്പോരുന്നു. രണ്ടാം യോറവ്അം രാജാവിന്റെ സമകാലികനാണു് യൗനാൻ എന്നത്രേ പൊതുവെയുള്ള അഭിപ്രായം. ഈ രാജാവു് ബി. സി. 2൦൦—൭൫നോടടുത്തു് ഇസ്രായേൽക്കാരുടെ രാജ്യം ഭരിച്ചിരുന്നു. ഇക്കാലത്താണു് യൗനാൻ ദീഘ്ദശ്രീ ജീവിച്ചിരുന്നതും, പ്രവചിച്ചതും. ഗ്രന്ഥത്തിൽനിന്നു് കാലഘട്ടം കൃത്യമായി നിർണ്ണയിക്കാവതല്ല.

ഗ്രന്ഥകർത്താവു്: യൗനാൻതന്നെയാണ് ഈ പ്രവചന ഗ്രന്ഥത്തിന്റെ കർത്താവു് എന്നു് പൊതുവേ കരുതിപ്പോരുന്നു. ഇതൊരു പ്രവചനഗ്രന്ഥമെന്നതിനെക്കാൾ ഒരു പ്രവാചകനെക്കുറിച്ചുള്ള ചരിത്ര ഗ്രന്ഥമെന്നു പറയേണ്ടിയിരിക്കുന്നു. പ്രവാചകൻ പ്രഥമപുരുഷന്റെ (third person) ഭാഷയിൽ പറയുന്നതുകൊണ്ടു് അദ്ദേഹംതന്നെയാണോ ഗ്രന്ഥകർത്താവു് എന്ന സംശയിക്കുന്നവരുമുണ്ടു്. പ്രഥമപുരുഷപ്രയോഗം സാധുവായ എതിർന്യായമല്ല. ഗ്രന്ഥത്തിലേ ഉള്ളടക്കത്തിന്റെ ചരിത്ര പരമായ സത്യവസ്തുതയെ നിഷേധിക്കുന്നവരും, പിൽക്കാലത്തെഴുതപ്പെട്ടതാണെന്നു വാദിക്കുന്നവരും ഇല്ലാതില്ല. ആരാമ്യ ശൈലിപ്രയോഗമാത്രേ (അ. ൧. വാ. ൬, ൭, ൧൨) പിൽക്കാലഗ്രന്ഥരചനയ്ക്കാധാരമായി ചിലർ എടുത്തു കാണിക്കുന്നതു്. എന്നാൽ എപ്രായഭാഷയ്ക്കുണ്ടായിട്ടുള്ള പരിവർത്തനദശകളെപ്പറ്റി നമുക്കു ശരിയായി അറിഞ്ഞുകൂടാ. പിൽക്കാലത്തു് എഴുതപ്പെട്ടുവെന്നതിനു സൂക്ഷ്മതെളിവായി നാം ഇതുവരെ മൂണ്ടിക്കാണിച്ചിരുന്ന ആരാമ്യ ശൈലിപ്രയോഗം ബി. സി. ൭–ാം ശതകത്തിൽ പ്രചുരപ്രചാരത്തിലായിരുന്നുവെന്നു് സെഞ്ജിർലി ലിഖിതങ്ങൾ (Zenjirli inscriptions) സാക്ഷ്യം വഹിക്കുന്നു. യഹൂദരാഷ്ട്രത്തിന്റെ സ്ഥാപനത്തിനുമുമ്പു്, അതായതു്, അബ്രാഹം, ഇസ്ഹാക്ക്, യാക്കോബു് എന്നിവരും യാക്കോബിന്റെ സന്തതികളും സംസാരിച്ചിരുന്നതു് ആരാമ്യ ആയിരുന്നെന്നും, ബി. സി. ൧൦൦ മുതൽ എ. ഡി. ൯൦൦ വരെ യൂദന്മാരുടെ സംസാരഭാഷ അതായിരുന്നെന്നും സുറിയാനിഭാഷാചരിത്രപണ്ഡിതനായ ഡോ. ജോർജ്ജ് ലംസാ പറയുന്നു. ബി. സി. ൭൨൦–ാമാണ്ടോടടുത്തു് എഴുതപ്പെട്ട പ്രസംഗകൻ (Ecclesiasticus) എന്ന ഗ്രന്ഥത്തിന്റെ കർത്താവു് യൗനാനെ പന്ത്രണ്ടു പ്രവാചകന്മാരിൽ ഒരാളായി പരിഗണിക്കുന്നുണ്ടു്. യൗനാന്റെ ഗ്രന്ഥം ചെറിയപ്രവാചകന്മാരുടെ പന്ത്രണ്ടെണ്ണത്തിൽ ഒന്നായി കരുതപ്പെട്ടതു; അതിന്റെ പ്രവാചകസ്വഭാവത്തെ യൂദന്മാർ അംഗീകരിച്ചിരുന്നുവെന്നും അനുമിക്കേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ, നിനെവേയുടെ അധഃപതനത്തിനു മുമ്പു് അതു് എഴുതപ്പെട്ടുവെന്ന വിചാരിക്കേണ്ടിയിരിക്കുന്നു. ഗ്രന്ഥത്തിൽ നിനെവേയെപ്പറ്റി കൊടുത്തിരിക്കുന്ന വിവരണം അധഃപതനത്തിനു മുമ്പുള്ള മൂല്യന്യാവസ്ഥയോടു യോജിക്കുന്നുണ്ടു്.

നിനെവേക്കാർ: "കൂശ് (നോഹിന്റെ പൗത്രൻ– നോഹിന്റെ പുത്രന്റെ പുത്രനെന്ന വിചാരിക്കേണ്ടതില്ലെന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം) നെമ്രോദിനെ ജനിപ്പിച്ചു... സെന്നാർ ദേശത്തിലേ ബാവേലും, അറാകും, അകാദും, കലിയായും അവന്റെ (നെമ്രോദിന്റെ) രാജ്യത്തിന്റെ ആരംഭമായിരുന്നു. ആ ദേശത്തു നിന്നു് അസ്സോര്യൻ (അസ്സീര്യൻ) പുറപ്പെട്ടു് നിനെവേയും... പണതു" (സ്തോ. അ. ൧൦. വാ. ൮–൧൧). ഇതിൽനിന്നു് ഒരു കാര്യം വിശദമാകുന്നു: ബാവേലിൽ നിന്നു കുടിയേറിപ്പാർത്തവരാണ് അസ്സോര്യ (അസ്സീര്യാക്കാർ) രെന്നു്. ഒട്ടുവിലത്തെ വാക്യത്തിൽ അസ്സോര്യൻ എന്നു പറഞ്ഞിരിക്കുന്നതു് നെമ്രോദിന്റെ പുത്രനായ നീനോസു് രാജാവിനെ വിവക്ഷിക്കുന്നുവെന്നാണ്



പ്രവാചകന്മാരുടെ കാലത്തെ സാമ്രാജ്യങ്ങൾ

പൊതുവേയുള്ള അഭിപ്രായം. ആസോറായർ ബാവേലിൽ നിന്നു വന്നവരാണെന്നുള്ള വിശുദ്ധവാക്യത്തെ, ഇരു രാജ്യക്കാരും തമ്മിൽ മതം, ആചാരങ്ങൾ, ലേഖനരീതി, ഭാഷ എന്നിവയിലുള്ള സാധർമ്മ്യം സ്ഥിരീകരിക്കുന്നു. പ്രാസ് (യൂഫ്രട്ടീസ്) ഒദക്ക്ലസ് (ടൈഗ്രീസ്) നദികൾ ക്രൂടിച്ചേരുന്ന ഭാഗം – പേഷ്യൻ ഉൾക്കടലിനു വടക്കു പടിഞ്ഞാറു മാറിയുള്ള ഫലഭൂയിഷ്ഠമായ സ്ഥലം – അതിപുരാതനകാലം മുതൽ ബാവേൽക്കാരുടെ അധിവാസരംഗമായിരുന്നു. ബാവേലിൽനിന്നു പോയവർ ബാവേലിനു വടക്ക് ടൈക്ക്ലസ് (ടൈഗ്രീസ്) നദിയുടെ മേൽഭാഗങ്ങളിൽ വാസമുറപ്പിച്ചു. നിന്വേ നഗരത്തിന്റെ സ്ഥാപനകാലം ബി. സി. ൨൦൦൦-ത്തോടടുത്താണെന്നു ചരിത്രകാരന്മാർ പറയുന്നു. നിന്വേ ടൈക്ക്ലസ് (ടൈഗ്രീസ്) നദിയുടെ പടിഞ്ഞാറെ തീരത്താണ് സ്ഥിതിചെയ്തിരുന്നത്. ആദ്യകാലത്ത് നിന്വേ ആസോറിന്റെ (അസ്സീറിയായുടെ) തലസ്ഥാനമായിരുന്നില്ല. ബി. സി. ൮-ാം നൂറ്റാണ്ടിൽ സൻഹേറീബിന്റെ (Sennacherib) കാലത്താണ് അതു് ആസോർ (അസ്സീറിയൻ) മഹാസാമ്രാജ്യത്തിന്റെ തലസ്ഥാനമായിത്തീർന്നത്. നിന്വേയുടെ സ്ഥാപനകാലം മുതൽ സൻഹേറിബിന്റെ കാലംവരെ ആസോറിനു (അസ്സീറിയായ്ക്ക്) പലേ കാലഘട്ടങ്ങളിൽ വിവിധങ്ങളായ വൃദ്ധിക്ഷയങ്ങളുണ്ടായിക്കൊണ്ടിരുന്നു. ഒടുവിൽ, നിന്വേയുടെ സ്ഥാനം പ്രകൃതിസാഹചര്യങ്ങൾകൊണ്ടും മറ്റും അത്യന്തം ബലവത്തായ ഒന്നാണെന്നു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടത്രേ അതു് പിൽക്കാലത്ത് തലസ്ഥാനനഗരമായി ഉറപ്പിക്കപ്പെട്ടതു്. എല്ലാംകൊണ്ടും അജയ്യമായ ഒരു നഗരമായി നിന്വേയെ ആസോറായർ (അസ്സീറിയാക്കാർ) കരുതിപ്പോന്നു. നിന്വേ സൈനികശക്തിയിലും, ഭൗതികാഭിവൃദ്ധിയിലും പ്രതാപവതിയായിരുന്നുവെങ്കിലും ക്രമേണ അധർമ്മങ്ങളുടെ കേളീരംഗമായിത്തീർന്നു. അധർമ്മങ്ങൾ ക്രമേണ വർദ്ധിച്ചുവർദ്ധിച്ച് മൂർദ്ധന്യാവസ്ഥയിലെത്തിയപ്പോഴാണ് അനുതാപം പ്രസംഗിക്കാൻ യൗനാൻ പ്രവാചകൻ അയയ്ക്കപ്പെട്ടതു്.

മിശിഹായും യൗനാനും: "പ്രസംഗത്തിലെന്നതിനെക്കാൾ സഹനത്തിലത്രേ യൗനാൻ മിശിഹായെപ്പറ്റി പ്രവചിച്ചതു്; അതും, ഏറ്റം സൂക്ഷ്മമംവിധം അവിടത്തെ പീഡാനുഭവത്തെയും ഉത്ഥാനത്തെയും പറ്റി. പാതാളത്തിന്റെ അടിയിൽനിന്നു് മൂന്നാംനാൾ മിശിഹാ ഉത്ഥാനം ചെയ്തതിനെ സൂചിപ്പിക്കാനല്ലെങ്കിൽ പിന്നെയെന്തിനാണ് മൂന്നുദിവസം അദ്ദേഹം തിമിംഗലത്തിന്റെ വയറ്റിൽ ആയിരുന്നിട്ട് പുറത്തു വിടപ്പെട്ടതു്?" (വി. ആഗസ്തീനോസ്: ദൈവനഗരം ൧൮-ാം പു. ൫൦-ാം അ.). യൗനാൻ വിശേഷവിധമായി മിശിഹായുടെ പ്രതിരൂപമാണ്. ദൈവത്വത്തിന്റെ സമ്പൂർണ്ണത വസിക്കുന്നതാരിലോ, ചഞ്ചിക്കാത്തവനും വഞ്ചിക്കപ്പെടാത്തവനുമായ അവതാരപുരുഷനാരോ, ആ കർത്താവീശോ മിശിഹാ അരുൾ ചെയ്യുന്നതു കേട്ടാലും: "ഭ്രഷിച്ചതും വ്യഭിചരിക്കുന്നതുമായ തലമുറ അടയാളം അന്വേഷിക്കുന്നു. എന്നാൽ യൗനാൻ നിവ്യായുടെ അടയാളമല്ലാതെ വേറൊരടയാളം അതിനു കൊടുക്കപ്പെടുകയില്ല.

എന്തെന്നാൽ യൗനാൻ മൂന്നു പകലും മൂന്നു രാവും മത്സ്യത്തിന്റെ വയറിൽ ഇരുന്നതുപോലെ തന്നെ മനുഷ്യപുത്രൻ മൂന്നു പകലും മൂന്നു രാവും ഭൂമിയുള്ളിൽ ഇരിക്കും. നിനവേക്കാരായ മനുഷ്യർ വിധിയിൽ ഈ തല മുറയോടുകൂടി എഴുന്നേറ്റ് ഇതിനെ കുറ്റം വിധിക്കും. എന്തെന്നാൽ, അവർ യൗനാന്റെ പ്രസംഗം മൂലം പശ്ചാത്തപിച്ചു; എന്നാലിതാ! ഇവിടെ യൗനാനെക്കാൾ വലിയവൻ" (മത്താ. അ. ഫ്ര. വാ. ന്മ൯–൧൨). മരിച്ചവരിൽനിന്നുള്ള ഉത്ഥാനമാണ് തന്റെ ദിവ്യദൗത്യത്തെ സ്ഥാപിക്കുവാൻ മിശിഹാ കൊണ്ടുവന്ന തെളിവുകളിൽ പ്രഥമഗണനീയം. "മിശിഹാ പുനരുത്ഥാനം ചെയ്തില്ലെങ്കിൽ, ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു; നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാകുന്നു" എന്ന് വി. ശ്ലീഹാ പ്രസ്താവിക്കുന്നു. മിശിഹായുടെ ഒരു മഹാപ്രതിരൂപമായി യൗനാൻ ഉയർത്തപ്പെട്ടതു ദൈവത്തിന്റെ പ്രത്യേക പരിപാലനാവൈഭവത്താലാണെന്നത്രേ പ്രസിദ്ധ വേദപുസ്തക പണ്ഡിതനായ കാൽമേ (Calmet) യുടെ അഭിപ്രായം; ഒരു വെറും പ്രതിരൂപം മാത്രമല്ല, ഒരു യഥാർത്ഥ തെളിവുകൂടെയുമാകുന്നു എന്നദ്ദേഹം പറയുന്നു. "പഴയനിയമത്തിലെ പ്രവാചകന്മാരുടെ കൃത്യത്തിൽ വിജാതീയരുടെ ഇടയിൽ പ്രസംഗിക്കാനുള്ള ദൗത്യം യൗനാനു മാത്രമേ കിട്ടിയിട്ടുള്ളു എന്നൊരു വൈശിഷ്ട്യമുണ്ട്. നിനവേക്കാരുടെ മാനസാന്തരം ഭാവിയിലുണ്ടാകാനിരുന്ന അവിശ്വാസികളുടെ മാനസാന്തരത്തിന്റെയും സിനഗോഗിന്റെ നഷ്ടശിഷ്ടങ്ങളിന്മേൽ മിശിഹായുടെ സഭ സ്ഥാപിക്കപ്പെടുവാനിരുന്നതിന്റെയും അടയാളവും ഉറപ്പുമായിരുന്നു" (Calmet).

തിമിംഗലപ്രശ്നം: യൗനാനെ വിഴുങ്ങിയ മത്സ്യം ഒരു തിമിംഗല (whale) മാണെന്ന് വി. ഗ്രന്ഥത്തിൽ പറയുന്നുവെന്നും, എന്നാൽ തിമിംഗലത്തിന്റെ വായ് ഒരു മനുഷ്യനെ വിഴുങ്ങാൻ മാത്രം വലുതല്ലെന്നും മദ്ധ്യധരണിക്കടലിൽ തിമിംഗലമില്ലെന്നും, അതിനാൽ, ശാസ്ത്രീയരീത്യാ പരീക്ഷിക്കുമ്പോൾ വിശുദ്ധ പുസ്തകത്തിലെ യൗനാൻകഥ അടിസ്ഥാനരഹിതമാണെന്നും പോൾട്ടയർ, പെയിൻ, ഇങ്ങ്ഴർസോൾ മുതലായവർ ജല്പിച്ചിരുന്നു. ഈ തിമിംഗലപ്രശ്നം വലിയ വിവാദങ്ങൾക്കിടയായിട്ടുള്ളതാണ്. ഒരുവേള ചിലരുടെ വിശ്വാസത്തിനും ക്ഷതമേല്പിച്ചിട്ടുണ്ടാവാം. എന്നാൽ ഈ ശാസ്ത്രജ്ഞമന്യന്മാരുടെ എതിർന്യായങ്ങളെ ഖണ്ഡിക്കുന്നതിനു പര്യാപ്തമായ ഒരു സംഭവം Christian Herald എന്ന അകത്തോലിക്കാ പ്രസിദ്ധീകരണം കുറേവർഷങ്ങൾക്കുമുമ്പ് പൊതുജനസമക്ഷം പ്രകാശിപ്പിക്കയുണ്ടായി. ഈ വസ്തുത ഫാദർ ഹൽ എസ്. ജെ. ഫർഹ൹ ജാനുവരി ന്മ–ാം തീയതിയിലെ "ബോംബേ എക്സാമിനറി"ൽ എടുത്തു പറയുന്നുണ്ട്. അനേകം തിമിംഗലങ്ങളെ ഫർ–ാം നൂറ്റാണ്ടിലും ൨൦–ാം നൂറ്റാണ്ടിലുമായി സമുദ്രത്തിൽ നിന്ന് – മദ്ധ്യധരണിക്കടലിൽനിന്നുതന്നെ– പിടിച്ചെടുത്തിട്ടുണ്ട്. ഫർഹ൹–ൽ ക്യാപ്റ്റൻ തോംപ്സൺ പ്രഭൃതികൾ പിടിച്ചെടുത്ത് മിയാമിയിൽ പ്രദർശിപ്പിച്ച തിമിംഗലത്തിന് ൧൪ അടി നീളവും ൫൨ അടി വണ്ണവുമുണ്ടായിരുന്നു. ഒരു മനുഷ്യന്

ങ്കനിഞ്ഞു നടക്കുന്നതുകൊണ്ടു വിസ്മയമുണ്ടായിരുന്നു അതിന്റെ വാസ്തവം. ഒരു സാധാരണ മനുഷ്യന് കടന്നുപോകുന്നതുകൊണ്ടു വലിപ്പം അതിന്റെ തൊണ്ടയ്ക്കുണ്ടായിരുന്നു. യൂനാൻചരിത്രം മിഥ്യയാണെന്ന് ശാസ്ത്രം അതിന്റെ അന്തിമ വിധിയെഴുതിയിട്ട് നാളുകൾ കുറെ ആയി. ആ അന്തിമവിധി തിരുത്തിയെഴുതേണ്ടതായി വന്നിരിക്കുന്നു. എന്നാൽ, വി. ഗ്രന്ഥത്തിൽ തിമിംഗലത്തെപ്പറ്റിയൊന്നും പറയുന്നില്ല. ഒരു വലിയ മത്സ്യമെന്നേ പറയുന്നുള്ളു. അതു് തിമിംഗലമാകാം; വേറെ വല്ലതുമാകാം. യൂനാനെ വിഴുങ്ങിയതുകൊണ്ടു ഒരു വലിയ മത്സ്യത്തെ ദൈവത്തിനു പുറപ്പെടുത്താവതല്ലെന്നോ? "Giant Fishes, Whales and Dolphins", എന്നൊരു ഗ്രന്ഥം നോർമൻ ഫ്രേസർ ലണ്ടനിൽ നിന്ന് പ്രസിദ്ധീകരിക്കയുണ്ടായി. അതിൽ, മുൻപറഞ്ഞ തരത്തിലുള്ള ഒരു വലിയ തിമിംഗലത്തെ കണ്ടുപിടിച്ച വസ്തുത വിവരിക്കുന്നുണ്ട്. മനുഷ്യനെ വിഴുങ്ങാനുള്ള അതിന്റെ പ്രാപ്തിയെ പ്രത്യേകം എടുത്തു പറയുന്നുണ്ട്. ശാസ്ത്രീയദൃഷ്ട്യാ നോക്കിയാലും, ചരിത്രദൃഷ്ട്യാ നോക്കിയാലും സ്വീകരിക്കാവുന്ന ഒന്നാണ് ഈ പ്രവചനഗ്രന്ഥത്തിലെ ഉള്ളടക്കം.

ഉള്ളടക്കം: ഒന്നും രണ്ടും അദ്ധ്യായങ്ങൾ ദൈവനിയുക്തമായ ദൗത്യം നിർവ്വഹിക്കാതെ യൂനാൻ ഓടിയൊളിക്കുന്ന ഭാഗമാണ്. ചലസ്തീനായിലേയ്ക്കുപ്പെ തുറമുഖത്തുനിന്ന് നിനേവയിലെത്താൻ കിഴക്കോട്ടു യാത്ര ചെയ്യുന്നതിനു പകരം അദ്ദേഹം പടിഞ്ഞാട്ട് കപ്പൽ കയറുന്നു. കത്താവ് ഒരു കൊടുങ്കാറ്റിനെ അയയ്ക്കുന്നു. കപ്പൽക്കാർ ഭയവിഹ്വലരാകയും, കൊടുങ്കാറ്റിനു കാരണഭൂതനായ ആളിനെക്കുറിച്ചു് ചിട്ടിയിടുകയും അതിൻപ്രകാരം യൂനാനെ കടലിലെറിയുകയും ചെയ്യുന്നു. ഒരു വലിയ മത്സ്യം യൂനാനെ വിഴുങ്ങുന്നു. മത്സ്യത്തിന്റെ വയറ്റിൽ കിടന്നുകൊണ്ട് അദ്ദേഹം കർത്തൃകീർത്തനമാരംഭിക്കുന്നു. മത്സ്യം അദ്ദേഹത്തെ കരയിൽ കൊണ്ടുപോയി ഛർദ്ദിക്കുന്നു. മൂന്നും നാലും അദ്ധ്യായങ്ങൾ യൂനാന്റെ ദൗത്യനിർവ്വഹണത്തിന്റെ വിവരണമാണ്. അദ്ദേഹം നിനേവയിൽ പോയി അനുതാപം പ്രസംഗിക്കുന്നു; ജനങ്ങൾ അനുതപിക്കുകയും പ്രായശ്ചിത്തം ചെയ്യുകയും ചെയ്യുന്നു. നിനേവയുടെ നാശത്തെ സോപാധികമായി (Conditionally) പ്രവചിക്കുന്ന പ്രവാചകൻ തന്റെ പ്രവചനപൂർത്തീകരണത്തിനുള്ള സാധ്യതകൾ വരുന്നില്ലല്ലോ എന്നോർത്തു ദുഃഖിക്കുന്നു. കർത്താവ് ഒരു ചെറിയ സംഭവംമൂലം മനുഷ്യരക്ഷയുടെ കാര്യത്തിൽ തനിക്കുള്ള അപാരമായ താൽപര്യത്തെയും, നാശത്തിൽ തനിക്കുള്ള സീമാതീത ദുഃഖത്തെയും യൂനാന് ബോദ്ധ്യമാക്കിക്കൊടുക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളോട് — ഇസ്രായേൽമക്കളോട് — ദൈവത്തിനുണ്ടായിരുന്ന സ്നേഹത്തെ പ്രസ്പഷ്ടമാക്കുന്ന ഉദാഹരണങ്ങൾ പഴയനിയമത്തിൽ അനവധിയാണ്. എന്നാൽ, തന്റെ സാർവ്വജനീന സ്നേഹത്തെ പ്രകാശിപ്പിക്കുന്ന ഏക ഉദാഹരണം അഥവാ മകുടോദാഹരണം യൂനാന്റെ പ്രേഷിതോദ്യോഗമത്രേ.

യൗനാൻ

൧–ാം അദ്ധ്യായം

കത്താവിന്റെ അരുളപ്പാട് (വാ. ൧–൨). യൗനാന്റെ ഒളിച്ചോട്ടം (വാ. ൩). കൊടുങ്കാറ്റ്, കപ്പൽക്കാരുടെ പരിഭ്രമം, ചിട്ടിയിടൽ (വാ. ൪–൭). പ്രവാചകനെ കടലിലെറിയുന്നതും ഒരു വലിയ മത്സ്യം അദ്ദേഹത്തെ വിഴുങ്ങുന്നതും (വാ. ൮–൧൭).

൧. മത്തായിയുടെ പുത്രനായ യൗനാന് കത്താവിന്റെ അരുളപ്പാടുണ്ടായി. അതായത്: [൨ രാജാ. അ. ൧൪. വാ. ൨൫; മത്താ. അ. ൧൨. വാ. ൩൯.]

൨. നീ എഴുന്നേറ്റ് വലിയ പട്ടണമായ നിനെവേയിലേയ്ക്ക് പോകുക. അവരോട് നീ പ്രസംഗിക്കുക. എന്തെന്നാൽ, അവരുടെ തിന്മ എന്റെ മുമ്പാകെ എത്തിയിരിക്കുന്നു. [സ്തോ. അ. ൧൦. വാ. ൧൧, ൧൨; എസ്രാ. അ. ൯. വാ. ൬; യാക്കോ. അ. ൫. വാ. ൪; വെളി. അ. ൧൪. വാ. ൫.]

൩. കത്താവിന്റെ മുമ്പിൽ നിന്ന് തർശീശിലേയ്ക്ക് ഓടിയൊളിക്കുവാൻ യൗനാൻ എഴുന്നേറ്റു. അവൻ യോപ്പേയിലേയ്ക്ക് യാത്രയായി. തർശീശിലേയ്ക്ക് പോകുന്ന ഒരു കപ്പൽ അവൻ കണ്ടു. കത്താവിന്റെ മുമ്പിൽനിന്ന് ഓടിയൊളിക്കുന്നതിന് അവരോടുകൂടെ തർശീശിലേയ്ക്ക് പോകുവാൻ അവൻ കൂലികൊടുത്ത് അതിൽ കയറി. [സങ്കീ. ൧൩൯. വാ. ൭; നടപ. അ. ൯. വാ. ൩൬.]

൪. കത്താവ് കടലിൽ ഒരു കൊടുങ്കാറ്റിനെ വിട്ടു. കടലിൽ വലിയ ഒരു കോളുണ്ടായി. കപ്പൽ തകർന്നുപോകത്തക്കവിധം ഇളകി മറിഞ്ഞുകൊണ്ടിരുന്നു. [സങ്കീ. ൧൦൭. വാ. ൨൭.]

൫. കപ്പൽക്കാർ ഭയപ്പെട്ടു. അവർ ഓരോരുത്തനും അവനവന്റെ ദേവനെ വിളിച്ചപേക്ഷിച്ചു. ഭാരം കുറയ്ക്കുവാനായി അവർ സാമാനങ്ങൾ കപ്പലിൽ നിന്ന് കടലിലെറിഞ്ഞു. യൗനാനാകട്ടെ കപ്പലിന്റെ അടിത്തട്ടിലിറങ്ങി ഉറങ്ങുകയായിരുന്നു. [നടപ. അ. ൨൭. വാ. ൧൮.]

൬. കപ്പിത്താൻ അവന്റെ പക്കൽ അടുത്തുചെന്ന് അവനോട് ചോദിച്ചു: നീ എന്തുകൊണ്ട് ഉറങ്ങുന്നു? നീ എഴുന്നേറ്റ് നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്കുക. ഒരുവേള ദൈവം നമ്മെ സംരക്ഷിക്കും. നാം നശിച്ചുപോകയില്ല. [സങ്കീ. ൧൦൭. വാ. ൨൮; യൂഡ. അ. ൨. വാ. ൧൨.]

൭. അവർ പരസ്പരം പറഞ്ഞു: ആരെപ്രതി ഈ തിന്മ നമ്മുടെമേൽ വന്നുവെന്നു അറിയുന്നതിനായി, വരുവിൻ, നമുക്കു ചിട്ടിയിടാം. അവർ ചിട്ടിയിട്ടു. ചിട്ടി യൗനാന്റെ മേൽ വീണു. [ഉൽപ്പൊ. അ. ൪. വാ. ൧൪, ൧൫; ൧ ശമൂ. അ. ൧൪. വാ. ൪൧, ൪൨; സുഭാ. അ. ൧൬. വാ. ൩൩.]

൮. അവർ അവനോട് പറഞ്ഞു:

ഞങ്ങളുടെമേൽ ഈ തിന്മ വരാനിട യായതെന്തുകൊണ്ടെന്നു ഞങ്ങളെ അറിയിക്കുക. നിന്റെ തൊഴിലെ ന്ത്? നീ എവിടെനിന്നു വരുന്നു? നിന്റെ ദേശമേത്? നീ ഏതു ജാതിക്കാരൻ? [ബർനൊ. അ. ൈ. വാ. ൻ; ഫ ശ്മ്ല. അ. ഫ൪. വാ. ൯൩.]

൯. യൂനാൻ അവരോട് പറഞ്ഞു: ഞാൻ എബ്രായനാകുന്നു. കടലും കരയും സൃഷ്ടിച്ച സ്വർഗ്ഗത്തിന്റെ ദൈവമായ കർത്താവിനെ ഞാൻ ആരാധിക്കുന്നു. [സങ്കീ. ഫ൯൫. വാ. ന്നു; നട. അ. ഫ൭. വാ. ൨൪.]

൧൦. ആ മനുഷ്യർ വളരെ ഭയപ്പെട്ട് അവനോട് ചോദിച്ചു: നീ എന്തു ചെയ്തു? എന്തെന്നാൽ, കർത്താവിന്റെ മുമ്പിൽ നിന്ന് അവൻ ഓടിയൊളിച്ചുവെന്ന് ആ മനുഷ്യർക്കു മനസ്സിലായി.

൧൨. അവൻ അവരെ (കായ്ം) ഗ്രഹിപ്പിച്ചപ്പോൾ അവർ അവനോട് പറഞ്ഞു: കടൽ ഞങ്ങളോട് ശാന്തമാകുന്നതിന് ഞങ്ങൾ നിന്നോടെന്തു ചെയ്യണം? എന്തെന്നാൽ കടൽ ഇതാ ഞങ്ങളുടെ മേൽ ക്രുദ്ധതൽ ക്രുദ്ധതൽ ക്ഷോഭിച്ചുകൊണ്ടിരിക്കുന്നു.

൧൨. യൂനാൻ അവരോട് പറഞ്ഞു: നിങ്ങൾ എന്നെ എടുത്ത് കടലിൽ എറിയുവിൻ. അപ്പോൾ കടൽ നിങ്ങളോട് ശാന്തമാകും. എന്തെന്നാൽ ഞാൻ മുഖാന്തിരമാണ് ഈ വലിയ പെശവ് നിങ്ങളുടെമേൽ ഉണ്ടായിരിക്കുന്നതെന്ന് എനിക്കറിയാം. [ബർനൊ. അ. ൈ. വാ. ൧൨; കൊഹ്. അ. ൻ. വാ. ൧൨; യോഹ. അ. ൧൧. വാ. ൫൦.]

൧൩. ആ മനുഷ്യർ കരയിലേയ്ക്കു പിന്തിരിയുവാൻ വളരെ പരിശ്രമിച്ചു; എന്നാൽ അവക്കു സാധിച്ചില്ല. എന്തെന്നാൽ, കടൽ അവക്കെതിരായി ക്രുദ്ധതൽ ക്രുദ്ധതൽ ക്ഷോഭിച്ചുകൊണ്ടിരുന്നു. [സുഭാ. അ. ൨൧. വാ. ൩൦.]

൧൪. അവർ കർത്താവിനോട് നിലവിളിച്ചു പറഞ്ഞു: ഹാ! കർത്താവേ, ഞങ്ങൾ ഈ മനുഷ്യന്റെ ജീവൻ നിമിത്തം നശിക്കാതിരിക്കട്ടെ. നിർദ്ദോഷമായ രക്തം നീ ഞങ്ങളുടെമേൽ ചുമത്തുകയും ചെയ്യരുതേ. എന്തെന്നാൽ, നീ കർത്താവാകുന്നു; നിനക്കിഷ്ടമാകുന്നതുപോലെ നീ പ്രവർത്തിക്കുകയും ചെയ്യുന്നു. [ആവർത്ത. അ. ൨൧. വാ. ൮; സങ്കീ. ൧൫൭. വാ. ൧൧.]

൧൫. അവർ യൂനാനെ എടുത്ത് കടലിൽ എറിഞ്ഞു. കടൽ പെശവുകളിൽ നിന്ന് ശാന്തമായി. [സങ്കീ. വുൻ. വാ. ൯; ലൂ. അ. ൮. വാ. ൨൪.]

൧൬. ആ മനുഷ്യർ കർത്താവിന്റെ മുമ്പാകെ വളരെ ഭയപ്പെട്ടു. അവർ കർത്താവിന് ബലിയർപ്പിക്കുകയും നേർച്ചകൾ നേരുകയും ചെയ്തു. [മക്കേ. അ. ൪. വാ. ൪൨; നട. അ. ൫. വാ. ൧൧.]

൧൭. കർത്താവ് ഒരു വലിയ മത്സ്യത്തെ തയ്യാറാക്കി; അത് യൂനാനെ വിഴുങ്ങി. മൂന്നു പകലും മൂന്നു രാവും യൂനാൻ മത്സ്യത്തിന്റെ വയറ്റിലായിരുന്നു. [മത്താ. അ. ൧൨. വാ. ൪൦.]

വ്യാഖ്യാനം.

ക. "കർത്താവിൻെറ അരുളപ്പാടുണ്ടായി": ഈദൃശ വാചകരീതി പ്രായേണ പ്രവാചകോദ്യോഗത്തിൻെറ സൂചനയാണ്.

ഖ. "നിന്വേയിലേയ്ക്കു": പലസ്തീനായിൽനിന്ന് ന്യൂ മൈൽ അകലെ. സൂക്ഷി. അ. ക൦. വാ. കഗ—ൽ കാണുന്നതുപോലെ ആസോറായ (അസ്സീയ്യ) നായ നിമ്രോദാണ് ഇതിൻെറ സ്ഥാപകൻ. സർഹാദോമിൻെറ (എസർഹാഡൻെറ) കാലത്തു നിന്വേ ലോകൈക നഗരമെന്ന് പ്രകീർത്തിതമായിത്തീർന്നു. നഗരത്തിന് മുറയ്ക്കു പറഞ്ഞാൽ വ്യ മൈൽ ചുറവളവേ ഉണ്ടായിരുന്നുള്ളുവെങ്കിലും ബാഹ്യവൃത്തം ന്യം മൈലായിരുന്നുവെന്നു കരുതപ്പെടുന്നു. കന്വെ—ൽ നീബൂർ എന്ന ഗവേഷകനത്രേ നിന്വേയുടെ സ്ഥാനം കണ്ടുപിടിച്ചത്. അതിൻെറ ഭിത്തികൾക്ക് ക൦൦ അടി ഉയരവും ന൨ രഥങ്ങൾ നിരത്തി ഓടിക്കത്തക്കവീതി (കനം) യുമുണ്ടായിരുന്നു. ടൈക്ക്രിസ് (ടൈഗ്രീസ്) നദിയുടെ പടിഞ്ഞാറേ കരയിലായിരുന്നു ഇതിൻെറ സ്ഥാനം.

ന൨. "തർശീശ്": ജിബ്രാൾട്ടർ കടലിടുക്കിനു സമീപമുള്ള ഒരു ഫിനീഷ്യൻ കോളനിയായിരുന്നു ഇതെന്നു ഊഹിക്കപ്പെടുന്നു; Tartessus എന്ന പേരിൽ ഗ്രീക്കുകാർക്കും റോമാക്കാർക്കും സുവിദിതമായ സ്ഥലമായിരുന്നു. തർശീശിലേക്കപ്പലുകൾ എന്ന് സങ്കീ. ൭൨. ൧—ൽ പറയുന്ന കപ്പലുകൾക്ക് അതി വിദൂര സ്ഥലങ്ങളിൽ യാത്ര ചെയ്യത്തക്കവണ്ണം ബലമുള്ളവ എന്ന വിവക്ഷയുണ്ട്. "കർത്താവിൻെറ മുമ്പിൽനിന്ന് ഓടിയൊളിക്കുന്നതിനായി": പലസ്തീനാ വിട്ടാൽ പിന്നെ താൻ കർത്താവിൻെറ കല്പനകൾക്ക് വിധേയനല്ലെന്നൊരു വിചാരം യൂനാനുണ്ടായിരുന്നതുപോലെ തോന്നുന്നു. "യോപ്പേ": ഇപ്പോഴത്തെ ജാഫാ (Jaffa).

ഘ. "ദേവനെ വിളിച്ചപേക്ഷിച്ചു": വിവിധ ദേവന്മാരെ വണങ്ങിയിരുന്ന അവർ സത്യദൈവത്തെയല്ല വണങ്ങിയിരുന്നതെങ്കിലും വി. ഈറാനിമ്മോസ് പറയുന്നതുപോലെ, ദൈവത്തിൻെറ പരിപാലനയിൽ അവർക്ക് വിശ്വാസമുണ്ടായിരുന്നു.

ങ. "ആരെ പ്രതി": പൈശാചിൻെറ അസാമാന്യ സ്വഭാവം കണ്ടിട്ട് അവർ അനുമിച്ചു, ദേവൻെറ കോപത്തിനു പാത്രവാനായ ഏതോ ഒരുവൻ കപ്പലിലുണ്ടെന്ന്. അതുകൊണ്ടാണ് അവർ ചിട്ടിയിടാൻ ഉദ്യമിച്ചത്.

വ. "ഈ തിന്മ വരാനിടയായതു ..... അറിയിക്കുക": ഈ തിന്മയ്ക്കു കാരണക്കാരൻ ആരാണെന്ന് ചിട്ടിയിട്ടറിഞ്ഞു. ഇനി, അയാളുടെ കുറ്റമെന്തെന്നാണ് ചോദ്യം.

ഛ. "ഞാൻ മുഖാന്തിരമാണ്": താൻ വഴിയായിട്ടാണ് ഈ അത്യാഹിതം സംഭവിക്കാനിടയായതെന്ന് യൂനാൻെറ മനസ്സാക്ഷിയും ചിട്ടിയിട്ടതിൻെറ ഫലവും വ്യക്തമാക്കി.

ഛന. "കരയിലേയ്ക്കു പിന്തിരിയുവാൻ": യൂനാനെ കടലിലെറിയാതെ കരയ്ക്കു കൊണ്ടുവന്നിറക്കുന്നതിന്. അവിശ്വാസികളായ അവരുടെ ഉദാരബുദ്ധി നോക്കണേ!

ഛഅ. "അവർ കർത്താവിനോട് നിലവിളിച്ചുപറഞ്ഞു": വിജാതീയരായ അവർ യഹൂദർ ആരാധിക്കുന്ന ദൈവത്തെ വിളിച്ചപേക്ഷിച്ചതിൽ നിന്ന് ഏതോ ഒരു പരിവർത്തനം അവരിൽ സംഭവിച്ചുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അവിശ്വാസികൾ സാമാന്യേന കർത്തൃനാമം ഉച്ചരിക്കാറില്ല. അങ്ങനെ ഉച്ചരിച്ചതായി വി. ലിഖിതത്തിൽ സാമാന്യമായി രേഖപ്പെടുത്തി കാണുന്നില്ല. (പുറ അ൦. ന്യ. വാ. ൩൨. വ്യാ.)

൧൭. "ഭയപ്പെട്ട": ഭയശബ്ദം ഇവിടെ ഭക്തൗഘരങ്ങളെ വിവക്ഷിക്കുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു. 'ദ് ഹെൽ' (ഭയപ്പെട്ട) എന്ന ക്രിയയ്ക്ക് ആരാധിച്ചു എന്ന അർത്ഥവുമുണ്ട്. "ബലിയർപ്പിക്കയും നേർച്ചകാഴ്ച നേരുകയും ചെയ്യു": ബലിസമർപ്പണം അപ്പോൾത്തന്നെ കപ്പലിൽവച്ച് അവർ നിർവ്വഹിച്ചുവെന്നു അർത്ഥമാക്കേണ്ടതില്ല. സുപ്രസിദ്ധ വേദപുസ്തക പണ്ഡിതനായ കാൽമേ പ്രസ്താവിക്കുന്നതുപോലെ ഒരു പ്രതിജ്ഞ പലപ്പോഴും അതിന്റെ പൂർത്തീകരണമെന്ന അർത്ഥത്തിൽ എടുക്കാറുണ്ട്. മടങ്ങിയെത്തിയിട്ട് ഓർശ്ലേമിൽവച്ച് ബലിയർപ്പിച്ചുകൊള്ളാമെന്ന് അവർ വ്രതം ചെയ്യുവെന്നു വിചാരിക്കുന്നാണ് കൂടുതൽ ന്യായം.

൧൭. "വലിയ മത്സ്യം": ദൈവം അസാധാരണമായി അയച്ച ഒരു വലിയ മത്സ്യം. തിമിംഗലമാണെന്ന് പറയുന്നില്ല. തിമിംഗലപ്രശ്നത്തെ സംബന്ധിച്ച് ആമുഖം കാണുക. "മൂന്നു പകലും മൂന്നുരാവും": പൂർണ്ണമായ മൂന്നു പകലും രാവുമെന്ന് അർത്ഥമാക്കണമെന്നില്ല. യൗനാൻ രക്ഷപ്പെട്ടതു അത്ഭുതകരമായ വിധത്തിലാണെന്ന് സൂക്ഷ്മമാകുന്നു. കാലദൈർഘ്യം. മിശിഹായുടെ സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും പ്രതിരൂപമാണിവിടെ കാണുന്നതെന്ന് അവിടുത്തെ വാക്കുകളിൽ നിന്നും വി. പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളിൽനിന്നും വിശദമാണ്.

൨–ാം അദ്ധ്യായം

യൗനാന്റെ പ്രാർത്ഥനാഗീതം (വാ. ൧–ൻ). കർത്താവിന്റെ കല്പനയനുസരിച്ച് മത്സ്യം യൗനാനെ കരയിൽ കൊണ്ടുവന്ന് ഛർദ്ദിക്കുന്നു (വാ. ൧൦).

മത്സ്യത്തിന്റെ വയറ്റിൽനിന്ന് യൗനാൻ തന്റെ ദൈവമായ കർത്താവിന്റെ മുമ്പാകെ പ്രാർത്ഥിച്ചുകൊണ്ടു പറഞ്ഞു:

൨. എന്റെ വ്യാകുലത്തിൽ ഞാൻ കർത്താവിനെ വിളിച്ചു. അവിടുന്ന് എന്നോട് ഉത്തരമരുളുകയും ചെയ്തു. പാതാള വയറ്റിൽ നിന്ന് ഞാൻ പ്രലപിച്ചു. നീ എന്റെ സ്വരം കേട്ടു. [സങ്കീ. ൧൨൯. വാ. ൧.]

൩. നീ എന്നെ അഗാധത്തിലേയ്ക്ക്– സമുദ്രമദ്ധ്യത്തിലേയ്ക്ക്– ഇട്ടു. നദി എന്നെ ചുറ്റി. നിന്റെ സകല പ്രവാഹങ്ങളും തിരമാലകളും എന്റെ മേൽ ക്രൂടി കടന്നു പോയി. [സങ്കീ. ൪൨. വാ. ൬: ൬൯. വാ. ൩, ൬.]

൪. ഞാൻ പറഞ്ഞു: നിന്റെ കൺമുമ്പിൽ നിന്ന് ഞാൻ അകറ്റപ്പെട്ടിരിക്കുന്നു. നിന്റെ വിശുദ്ധാലയം ഞാൻ വീണ്ടും കാണുമോ? [൧ രാജാ. അ. ൮. വാ. ൩൮, ൪൯; സങ്കീ. ൩൧. വാ. ൨൨.]

൫. (എന്റെ) ആത്മാവുവരെ ജലം എന്നെ ചുറ്റി; അഗാധം എന്നെ ആവരണം ചെയ്തു. സമുദ്രത്തിന്റെ അടിത്തട്ടിൽ എന്റെ ശിരസ്സ് അടയ്ക്കപ്പെട്ടു. [സങ്കീ. ൬൯. വാ. ൧; വിലാ. അ. ൩. വാ. ൫൪.]

൬. പർവ്വതങ്ങളുടെ അടിവാരത്തിലേയ്ക്ക് ഞാൻ ഇറങ്ങി. എന്നേയ്ക്കുമായി ഭൂമി എന്റെ മുഖത്തിനെതിരെ സാക്ഷയിട്ടു. എന്റെ ദൈവമായ കർത്താവേ, ക്ഷയത്തിൽനിന്ന് എന്റെ ജീവനെ നീ ഉയർത്തി. [സങ്കീ. ൧൨൯. വാ. ൧൦; ഏശാ. അ. ൩൮. വാ. ൧൭.]

൭. എന്റെ ആത്മാവു വലഞ്ഞ

പ്പോൾ കർത്താവിനെ ഞാൻ ഓർത്തു. (കർത്താവേ) നിന്റെ മുമ്പാകെ, നിന്റെ വിശുദ്ധാലയത്തിൽ, എന്റെ പ്രാർത്ഥന പ്രവേശിച്ചു. [സങ്കീ. ൧൭. വാ. ൬, ൭.]

൮. വ്യർത്ഥവിഗ്രഹങ്ങളെ സൂക്ഷിക്കുന്നവരെല്ലാം നിന്റെ കരുണയെ പരിത്യജിക്കുന്നു. [സങ്കീ. ൩൧. വാ. ൬.]

൯. ഞാനാകട്ടെ, സ്തോത്രസ്വരത്തിൽ നിനക്ക് ബലി സമർപ്പിക്കും. കർത്താവിന് എന്റെ നേർച്ചകൾ ഞാൻ നിറവേറ്റും. [സങ്കീ. ൬൦. വാ. ൮, ൧൨; ഹോശാ. അ. ൧൪. വാ. ൨; റോമാ. അ. ൧൨. വാ. ൧; എബ്രാ. അ. ൧൩. വാ. ൧൫.]

൧൦. കർത്താവ് മത്സ്യത്തോട് കല്പിച്ചു. അത് യൂനാനെ കരയ്ക്ക് ഛർദ്ദിച്ചു. [ഏശാ. അ. ൬൦. വാ. ൨.]

വ്യാഖ്യാനം

൧. "മത്സ്യത്തിന്റെ വയറ്റിൽ നിന്ന്": കപ്പൽക്കാർ യൂനാനെ കടലിലെറിഞ്ഞപ്പോൾ അദ്ദേഹം കർത്താവിനോട് പ്രാർത്ഥിച്ചിട്ടുണ്ടാകണം. മത്സ്യത്തിന്റെ വയറ്റിൽവച്ചും പ്രാർത്ഥിച്ചിട്ടുണ്ടാകാം. എന്നാൽ ൨–൰ വാക്യം മുതൽ കാണുന്ന പ്രാർത്ഥനാകീർത്തനം മത്സ്യത്തിന്റെ വയറ്റിൽ സ്ഥിതി ചെയ്യുമ്പോഴാണെന്നു തെളിയുന്നില്ല. ചില ഭാഷ്യകാരന്മാരുടെ അഭിപ്രായപ്രകാരം ൧൰–൰ വാക്യം ൧–൰ വാക്യത്തെ തുടർന്നു വരേണ്ടതാണ്. അങ്ങനെ വരുന്ന പക്ഷം, മത്സ്യത്തിന്റെ വയറ്റിൽ നിന്നുള്ള മോചനത്തിനു ശേഷം കീർത്തനം ചെയ്ത പ്രാർത്ഥനയായി ൨–൯ വാക്യങ്ങളെ പരിഗണിക്കുന്നതു യുക്തമായിരിക്കും.

൨. "കർത്താവിനെ വിളിച്ചു": സങ്കീർത്തനങ്ങളിലേ വാക്യങ്ങളിൽ പലതിനോടും യൂനാന്റെ കീർത്തനത്തിനു സാദൃശ്യമുണ്ട്. ഇത്തരത്തിലുള്ള വാക്യങ്ങൾ സങ്കീർത്തനത്തിലുണ്ട്. ഒരു ദുർഘട സന്ധിയിൽനിന്നു രക്ഷപെട്ടതിനുശേഷം ദൈവാലയത്തിൽ ചൊല്ലുന്ന കൃതജ്ഞതാ കീർത്തനമായിട്ടോ, നേർച്ച നിവൃത്തിക്കുന്നതിലുള്ള കീർത്തനമായിട്ടോ വിചാരിക്കാം. "പാതാള വയറ്റിൽ നിന്ന്": മത്സ്യത്തിന്റെ വയറ്റിൽ നിന്നു, അഥവാ സമുദ്രത്തിന്റെ ആഴത്തിൽനിന്ന്, അത്യാസന്നമായ അപകടത്തിൽ നിന്ന് എന്നും അർത്ഥമാക്കാം.

൩. "സമുദ്ര മദ്ധ്യം": സമുദ്രത്തിന്റെ അന്തർഭാഗം. "നദി, പെരുവെള്ളം; തിരമാലകൾ": ഇവ ആപത്തിന്റെയും ക്ലേശങ്ങളുടെയും സൂചനയായിട്ടാണു വേദപുസ്തകത്തിൽ പലപ്പോഴും പറഞ്ഞുകാണുന്നതു.

൪. "കൺമുമ്പിൽനിന്ന് അകറ്റപ്പെട്ടിരിക്കുന്നു": ദൈവത്തിന്റെ നിരന്തര പരിപാലനാദൃക്ഷിയിൽ നിന്ന് അകന്നുപോയോ എന്നുള്ള ഭയം. "വീണ്ടും കാണുമോ": മുൻവാക്യത്തിൽ നിരാശയുടെ ഒരു നേരിയ നിഴൽ കാണുന്നുണ്ട്. ഈ വാക്യത്തിൽ ദൈവകരുണയെ ഓർത്തുകൊണ്ട് വീണ്ടും പ്രത്യാശിക്കുന്ന ലക്ഷണമാണ് കാണുന്നതു. എങ്കിലും സമ്പൂർണ്ണമായ പ്രത്യാശ കാണുന്നില്ല.

൫. "ആത്മാവു വരെ": ശ്വാസം മുട്ടി മരിക്കാറാകത്തക്കവണ്ണം. ജലം, പ്ലവയം ആദിയായ പ്രയോഗങ്ങൾ എബ്രായ കവിതകളിൽ ആപത്തിനെയും ക്ലേശങ്ങളെയും സൂചിപ്പിക്കുന്നവയാകുന്നു.

൬. "പർവ്വതങ്ങളുടെ അടിവാരത്തിലേയ്ക്കു": സമുദ്രത്തിനടിയ്ക്കു പർവ്വതങ്ങളുടെ അടിസ്ഥാനങ്ങൾക്കു സമീപമുള്ള ഗുഹയിലേയ്ക്കു.— "സാക്ഷയിട്ടു..... ഉയർത്തി": പ്രവാചകൻ മരണം പ്രാപിച്ചുവെന്നും, കർത്താവു അദ്ദേഹത്തെ ഉയി

പ്പിച്ചുവെന്നും അനുമിക്കാം. മത്സ്യത്തിന്റെ വയറ്റിൽ നിന്നുള്ള മോചനത്തിനു ശേഷമാണീ കീർത്തനമെന്നുള്ള ഊഹത്തെ ഈ വാക്യം ബലപ്പെടുത്തുന്നു.

൪. "വിശുദ്ധാലയത്തിൽ": ഓഫെലേത്തെ വിശുദ്ധാലയത്തിൽ. യൗനാൻ തന്റെ മോചനത്തിനുശേഷം വിശുദ്ധാലയത്തിൽ വന്നു സ്തോത്രം ചെയ്യുണതായി ഗ്രഹിക്കേണ്ടിയിരിക്കുന്നു.

൫. "വ്യർത്ഥവിഗ്രഹങ്ങളെ സൂക്ഷിക്കുന്നവർ": വിഗ്രഹാരാധകന്മാരും, അന്ധവിശ്വാസികളുമായ വിജാതീയർ. ഒരുവേള കപ്പൽക്കാരെയായിരിക്കാം ഇവിടെ സൂചിപ്പിക്കുന്നതു് സത്യദൈവത്തെ യൗനാൻ വിളിച്ചപേക്ഷിക്കുകയും അവിടുന്നു കാണിച്ച കാരുണ്യത്തിനു സ്തോത്രം ചെയ്യുകയും ചെയ്യുന്നു. അടുത്ത വാക്യത്തിൽ പ്രവാചകന്റെ പ്രതിജ്ഞാനിർവ്വഹണമത്രേ കാണുന്നതു്.

൬. ൬–ാം വാക്യം, ൫–ാമത്തേതിനെ ഉടനടുത്ത ൭–ാം വാക്യമായി വരേണ്ടതാണെന്നു് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അങ്ങനെ വരുന്നപക്ഷം വാക്യങ്ങൾ തമ്മിൽ ക്രമേണ യോജിപ്പുണ്ടാകും.— "കരയ്ക്കു ഛർദ്ദിച്ചു": എവിടെ നിന്നു പുറപ്പെട്ടുവോ അവിടെ കൊണ്ടുപോയി ഛർദ്ദിച്ചു; അതായതു് യോപ്പേയിൽ. ഇതാണു് ഫ്ലനാക്കറിന്റെ അഭിപ്രായം. കരിങ്കടലിന്റെ തീരത്തു് കൊണ്ടുപോയി ഛർദ്ദിച്ചുവെന്നു വേറെ ചിലർ പറയുന്നു.

൩–ാം അദ്ധ്യായം

നിനിവേയിലേയ്ക്കു് പോകാൻ യൗനാനുണ്ടായ രണ്ടാമത്തെ അരുളപ്പാടു് (വാ. ൧, ൨). യൗനാൻ നിനിവേയിലെത്തി അനുതാപം പ്രസംഗിക്കുന്നതു് (വാ. ൩, ൪). നിനിവേ നഗരത്തിലെ ജനങ്ങളും വലിയവരെന്നോ ചെറിയവരെന്നോ ഉള്ള ഭേദം കൂടാതെ എല്ലാവരും ഉപവസിക്കയും തപസ്സു ചെയ്കയും ചെയ്യുന്നതു് (വാ. ൫, ൬). രാജാവിന്റെയും പ്രഭുക്കന്മാരുടെയും കല്പന (വാ. ൭–ൻ). ദൈവം അവരോടു ക്ഷമിക്കുന്നതു് (വാ. ൧൦).

യൗനാന്നു് കർത്താവിന്റെ അരുളപ്പാടു് രണ്ടാമത്തേ പ്രാവശ്യമുണ്ടായി. അതായതു്:

൨. നീ എഴുന്നേറ്റു മഹാനഗരമായ നിനിവേയിലേയ്ക്കു പോവുക. ഞാൻ നിന്നോടു പറയുന്നതു് നീ അവളോടു പ്രസംഗിക്കുക.

൩. യൗനാൻ എഴുന്നേറ്റു കർത്താവിന്റെ വചനപ്രകാരം നിനിവേയിലേയ്ക്കു പോയി. നിനിവേ മൂന്നു ദിവസത്തേ യാത്ര വരുന്ന ഏറ്റവും വലിയ നഗരമായിരുന്നു.

൪. യൗനാൻ നിനിവേ പട്ടണത്തിൽ കൂടി ഒരു ദിവസത്തെ യാത്ര ചെയ്യാൻ തുടങ്ങി. അവൻ പ്രസംഗിച്ചു പറഞ്ഞതായതു്: ഇന്നേയ്ക്കു് നാല്പതു ദിവസത്തിനകം നിനിവേ നശിപ്പിക്കപ്പെടും. [ആവർത്ത. അ. ൧൩. വാ. ൨൨; ഏറ. അ. ൧൩. വാ. ൬–൧൦.]

൫. നിനിവേയിലേ മനുഷ്യർ ദൈവത്തിൽ വിശ്വസിച്ചു; അവർ ഒരു നോമ്പു പ്രഖ്യാപനം ചെയ്തു. അവർ വലിയവർ മുതൽ ചെറിയവർ വരെ ചാക്കു ധരിക്കയും ചെയ്തു. [മത്താ. അ. ൧൨. വാ. ൪൧; ലൂ. അ. ൧൧. വാ. ൩൨]

൬. വൃത്താന്തം നിനിവേ രാജാവിങ്കലെത്തി. അയാൾ സ്വസിംഹാസനത്തിൽ നിന്നെഴുന്നേറ്റു ത

ന്റെ കിരീടം എടുത്തു മാറ്റി; ചാക്കു ധരിച്ചു് ക്ഷാരത്തിൽ ഇരുന്നു. [ഈ യൊ. അ. ൨. വാ. ൰.]

൬. അവർ നിനവേയിൽ കല്പന പ്രസിദ്ധപ്പെടുത്തി. അതായതു്: രാജാവിന്റെയും തന്റെ പ്രധാനികളുടെയും കല്പനയാൽ മനുഷ്യരും, മൃഗങ്ങളും, മാടുകളും, ആടുകളും യാതൊന്നും ആസ്വദിക്കയോ മേയുകയോ വെള്ളംപോലും കുടിക്കയോ ചെയ്യരുതു്. [൨ ബൈർയ. അ. ൨൦. വാ ൯; യൂഎ. അ. ൨. വാ. ൧൭.]

൭. എന്നാൽ മനുഷ്യരും മൃഗങ്ങളും ചാക്കു ധരിക്കട്ടെ. നെടുവീർപ്പോടുകൂടെ അവർ ദൈവത്തെ വിളിക്കട്ടെ. മനുഷ്യൻ തന്റെ ദുഷ്ടമായ വഴിയിൽ നിന്നും, തന്റെ കൈകളിലുള്ള കവർച്ചയിൽ നിന്നും പിന്തിരിയട്ടെ. [ഏശാ. അ. ൩൮. വാ. ൯.]

൮. ദൈവം ദയാപൂർവ്വം നമ്മെ കടാക്ഷിക്കുകയില്ലെന്നും, നാം നശിക്കാതിരിക്കത്തക്കവിധം അവിടുന്നു് തന്റെ കോപത്തിന്റെ ചൂടു് നമ്മിൽ നിന്നു് തിരിച്ചുകളകയില്ലെന്നും ആർക്കറിയാം? [൨ ശ്മൂ അ. ൧൨. വാ. ൨൨.]

൯. ദുർമ്മാർഗ്ഗങ്ങളിൽ നിന്നുള്ള അവരുടെ മാനസാന്തരത്തിന്റെ പ്രവൃത്തികൾ ദൈവം കണ്ടു. അവിടുന്നു് തന്റെ കോപത്തിന്റെ ഉഗ്രത അവരിൽ നിന്നു മാറ്റിക്കളഞ്ഞു; അവരെ നശിപ്പിച്ചതുമില്ല. [൧ രാജാ. അ. ൨൧. വാ. ൨൯; ഏറ. അ. ൧൮. വാ. ൭; ആമോ. അ. ൩. വാ. ൬, ൧൪; ൟ. അ. ൧൮. വാ. ൩൨.]

വ്യാഖ്യാനം

൧. "കർത്താവിന്റെ അരുളപ്പാടു് രണ്ടാമത്തെ പ്രാവശ്യം": ദൈവത്തിന്റെ ഉദ്ദേശങ്ങൾ വിഫലമാക്കുന്നതിന് ആർക്കും സാധിക്കയില്ല. ഇവിടെ വിജാതീയരുടെ രക്ഷയിൽ ദൈവത്തിനുള്ള ആഗ്രഹവും, ദീർഘശാന്തതയും, പരിപാലനാധൈര്യവും, യൗനാനോടു കാണിക്കുന്ന ക്ഷമയും മറ്റും പ്രസ്പഷ്ടമാണ്. ദൈവത്തിനു് അത്യന്തം സന്നിധരായ ദാസന്മാരിലും യൗനാന്റെതുപോലുള്ള ചില ന്യൂനതകൾ കാണാൻ കഴിയും. മൂശെ (പുറ. അ. ൩. വാ. ൧൧), ഏലിയാ (൧ ശമൂ. അ. ൧൯), ഏറമ്യാ (അ. ൧. വാ. ൬) എന്നിവർ ദൈവഹിതം നിറവേറുന്നതിൽ അല്പസ്വല്പമായ വൈമനസ്യം പ്രദർശിപ്പിച്ചതോക്കുമ്പോഴാണു് മനുഷ്യ ബലഹീനതയുടെ രഹസ്യം മനസ്സിലാക്കുന്നതു്.

൩. "ഏറ്റവും വലിയ നഗരം": എല്ലാംകൊണ്ടും വലിയ നഗരം. കർത്താവിന്റെ മഹാനഗരം എന്നാണു് അനുപദവിവർത്തനം. എബ്രായ, സുറിയാനി മുതലായ സെമിറ്റിക് ഭാഷകളിൽ വലിപ്പത്തെ സൂചിപ്പിക്കാൻ ഉപയോഗിച്ചു കാണുന്ന ശൈലിയാണിതു്. "൩ ദിവസത്തെ യാത്ര വരുന്നതു്": ൩ ദിവസത്തെ യാത്ര പട്ടണത്തിന്റെ ചുറ്റളവിനെ സംബന്ധിച്ചാണെന്നു് വി. ഇറനിമോസ് പറയുന്നു. പുരാതന ചരിത്രകാരന്മാർ പറയുന്നതു് നിനവേയ്ക്കു് ൬൦ മൈൽ ചുറ്റളവുണ്ടായിരുന്നെന്നാണു്. ദിയദോറസ് പറയുന്നു നിനവേയ്ക്കു് ൪൭൦ സ്റ്റാദിയാ അഥവാ ഫർലോങ്ങ് നീളമുണ്ടായിരുന്നെന്നു്. അതനുസരിച്ചു് ഏതാണ്ടു് രണ്ടും ഫർലോങ്ങ് ചുറ്റളവു വരും (൪൦ മൈൽ). പ്രധാനപ്പെട്ട എല്ലാ തെരുവീഥികളിൽക്കൂടിയും സഞ്ചരിക്കുന്നതിനു് ൩ ദിവസം വേണ്ടി വരുമെന്നു് അനുമിക്കാം.

൫. "ദൈവത്തിൽ വിശ്വസിച്ചു": ഇസ്രായേൽക്കാർ വിശ്വസിച്ചിരുന്ന ദൈവത്തിൽ എന്ന് സൂക്ഷ്മമായി പറയുന്നില്ല. സ്വന്തത്തിന്റെ നിയന്ത്രവും, തിന്മ ശിക്ഷയും, നന്മയ്ക്കു സമ്മാനവും നൽകുന്ന ദൈവത്തിൽ അവർ വിശ്വസിച്ചു. "നോമ്പു പ്രഖ്യാപനം ചെയ്തു": ആപത്തുകൾ ദൈവശിക്ഷകളാണെന്ന വിശ്വസിച്ചുകൊണ്ട് നോമ്പാചരിക്കുന്ന പതിവും (൧ രാജാ. അ. ൨൧. വാ. ൯; യൂഏ. അ. ൧. വാ. ൧൪) അനുതാപത്തിന്റെ അടയാളമായി ചാക്കു ധരിക്കുന്ന പതിവും (൨ ശ്മൂ. അ. ൩. വാ. ൩൫; യൂഏ. അ. ൧. വാ. ൧൩) പൗരസ്ത്യരുടെ ഇടയിലുണ്ട്. തങ്ങളുടെ രക്ഷയെ ദൈവം യഥാർത്ഥമായി ആഗ്രഹിക്കുന്നുവെന്നും, അതിനായി യൗനാനെ അയച്ചുവെന്നും, അനുതപിച്ച് മാനസാന്തരപ്പെടാൻ ലഭിച്ച അവസരം ഫലിപ്പിക്കണമെന്നും നിനെവേക്കാർ ബോദ്ധ്യമായി. അവരുടെ അനുതാപം പരമാർത്ഥമായിരുന്നുവെന്ന് മിശിഹായുടെ വാക്കുകളിൽനിന്ന് (മത്താ. അ. ൧൨. വാ. ൪൧) സൂക്ഷ്മമാണല്ലോ.

൬. "രാജാവിങ്കലെത്തി": ആസോർ (അസ്സീയ്ൻ) രാജാവിങ്കലെത്തി. അന്നത്തെ ആസോർ (അസ്സീയ്ൻ) രാജാവ് ഗ്രീക്കുകാർ സർദനാപാലൂസെന്നു വിളിക്കുന്ന അസുർബാനി പാലോ (ബി. സി. ൯൩൯–൯൨൯) അല്ലെങ്കിൽ അയാളുടെ പിതാവായ പോലോ ആയിരിക്കാമെന്ന് ചരിത്രകാരന്മാർ ഊഹിക്കുന്നു (൨ രാജാ. അ. ൧൭. വാ. ൧൯).

൭. "പ്രധാനികൾ": കണിശമായും ക്രമമായും അനുസരിക്കേണ്ട കല്പനകൾ പുറപ്പെടുവിക്കുന്നത് പ്രധാനികളുടെ ആലോചനയോടും സമ്മതത്തോടും കൂടെയായിരുന്നു. ഏതാദൃശ കല്പനകൾ പിൻവലിക്കാൻ പാടില്ലാത്തവിധം ഉറപ്പേറിയവയായിരുന്നു. ഉദാ:– ദാനി. അ. ൬. വാ. ൭൯. "മൃഗങ്ങൾ": മനുഷ്യർ വളർത്തുന്ന മൃഗങ്ങൾ. മൃഗങ്ങളും ഉപവാസത്തിന് നിർബന്ധിക്കപ്പെട്ടത് അവ പാപം ചെയ്തതുകൊണ്ടല്ല; അവയുടെ സംരക്ഷണം ദൈവപരിപാലനയാലാകകൊണ്ടാണ്. ഏറ. അ. ൯൬. വാ. ൫; യൂഏ. അ. ൧. വാ. ൬൦ ഇവ കാണുക. പൗരസ്ത്യരുടെ ഇടയിൽ മനുഷ്യരും മൃഗങ്ങളും തമ്മിലുള്ള ബന്ധം ദൃഢതരമാണ്. മാത്രമല്ല, ആട്ടിടയർ ആടുകളെ മേയ്ക്കാൻ കൊണ്ടുപോകുന്നതും മറ്റും ജപതപശുശ്രൂഷകൾക്ക് പ്രതിബന്ധവുമാണല്ലോ.

൮. "മൃഗങ്ങളും ചാക്കു ധരിക്കട്ടെ": ചർമ്മവസ്ത്രങ്ങളിൽ കൃതിരകളെ ദുഃഖസൂചകമായ വസ്ത്രം ധരിപ്പിക്കാറുണ്ടായിരുന്നതുപോലെ തപസ്സിന്റെ ചിഹ്നമായ ചാക്കു അവയെ ധരിപ്പിക്കണം.

൯. "കടാക്ഷിക്കയില്ലെന്ന്... ആർക്കറിയാം": യഥാർത്ഥമായ പ്രത്യാശയുടെ ലക്ഷണമാണിവരിൽ കാണുന്നത്.

൧൦. "മാനസാന്തരത്തിന്റെ പ്രവൃത്തികൾ": നിനെവേക്കാർ വാസ്തവത്തിൽ പശ്ചാത്തപിച്ചു മാനസാന്തരപ്പെട്ടു. പാപി മാനസാന്തരപ്പെട്ടു തിരിച്ചു വരണമെന്ന ദൈവം ആഗ്രഹിക്കുന്നതിനാൽ അവിടുന്ന് ഭീർഘശാന്തനായിരിക്കുന്നു. (൨ പത്രോ. അ. ൩. വാ. ൯.) ഇതുനാൽ അവിടുത്തെ കരുണയെ പരീക്ഷിക്കുന്നവന നാശം. നിനെവേ വീണ്ടും അധഃപതിച്ചുവെന്ന് അതിന്റെ പിൽക്കാലത്തെ ചരിത്രത്തിൽനിന്നു കാണാം.

൪–ാം അദ്ധ്യായം

യൗനാൻ ദുഃഖിക്കയും കർത്താവിന്റെ പക്കൽ ആവലാതിപ്പെടുകയും ചെയ്യുന്നു (വാ. ൧–൪). പട്ടണത്തിനു സംഭവിക്കാൻ പോകുന്നതെന്തെന്നറിയാൻ യൗനാൻ കാത്തിരിക്കുന്നതും, പെട്ടെന്നു മുളച്ചു പടർന്ന ഒരു ചുരത്തെയുടെ നാശത്തിൽ അയാൾക്കുണ്ടായ ദുഃഖത്തിന്റെ അവസരം പിടിച്ചു കർത്താവു് ഒരു സാധനപാഠം നൽകുന്നതും (വാ ൫–൧൧).

൧. യൗനാൻ അത്യധികം ദുഃഖിച്ചു; അവൻ വല്ലാതെ സങ്കടപ്പെട്ടു.

൨. അവൻ കർത്താവിന്റെ മുമ്പാകെ പ്രാർത്ഥിച്ചു പറഞ്ഞു: ഹാ! കർത്താവേ, എന്റെ ദേശത്തായിരുന്നപ്പോൾ ഇതല്ലയിരുന്നോ ഞാൻ പറഞ്ഞതു്? ഇതുകൊണ്ടു തന്നെയാണു് മുൻകൂട്ടി ഞാൻ തർശീശിലേയ്ക്കു് ഓടിയൊളിച്ചതു്. എന്തെന്നാൽ നീ കാരുണ്യവാനും, ദയാലുവും, ദീർഘശാന്തനും, അനുഗ്രഹാധിക്യമുള്ളവനും, തിന്മയെ മാറ്റിക്കളയുന്നവനുമാണെന്നു് എനിക്കറിയാമായിരുന്നു. [പുറ. അ. ൩൪. വാ. ൬; സങ്കീ. ൧൦൩. വാ. ൮; യൂഏ. അ. ൨. വാ. ൧൩.]

൩. ആകയാൽ, കർത്താവേ, നീ എന്റെ ജീവനെ എന്നിൽനിന്നു് എടുത്തുകളയുക. എന്തെന്നാൽ, ജീവിക്കുന്നതിനെക്കാൾ മരിക്കുന്നതു് എനിക്കു നല്ലതാകുന്നു. [൧ രാജാ. അ. ൧൯. വാ. ൪; ഏറ. അ. ൨൦. വാ. ൧൪–൧൬.]

൪. കർത്താവു് അവനോടു പറഞ്ഞു: നീ ഇത്രയധികം ദുഃഖിച്ചോ?

൫. യൗനാൻ പട്ടണത്തിൽനിന്നു പുറത്തുപോയി. അവൻ പട്ടണത്തിന്റെ കിഴക്കുവശത്തു് ഇരുന്നു. അവൻ അവിടെ ഒരു പന്തലുണ്ടാക്കി. പട്ടണത്തിനു് എന്തു സംഭവിക്കുമെന്നു കാണുമാനായി അതിന്റെ കീഴിൽ തണലിൽ ഇരുന്നു.

൬. ദൈവമായ കർത്താവു് ചുരത്തെയോടു കല്പിച്ചു; അതു കിളിർത്തു് യൗനാന്റെ മുകളിൽ കയറി. അതു് അവന്റെ ശിരസ്സിനു് തണലായിത്തീർന്നു. അതു് അവനെ അവന്റെ കഷ്ടതയിൽ സമാശ്വസിപ്പിച്ചു. ചുരത്തെയെക്കുറിച്ചു് യൗനാൻ അത്യന്തം സന്തോഷിച്ചു.

൭. പിറ്റേ ദിവസം ഉഷസ്സിന്റെ ഉദയത്തിങ്കൽ ദൈവമായ കർത്താവു് പുഴുവിനോടു കല്പിച്ചു. അതു് ചുരത്തെ കടിച്ചു കേടുവരുത്തി.

൮. സൂര്യൻ ഉദിച്ചപ്പോൾ ദൈവമായ കർത്താവു് ചൂടുകാറ്റിനോടു കല്പിച്ചു. അതു് ചുരയെ ഉണക്കിക്കളഞ്ഞു. യൗനാന്റെ തലയിൽ സൂര്യൻ നടിച്ചു. അവൻ വിഷമിച്ചു. തനിക്കു തന്നെ മരണം പ്രാർത്ഥിച്ചുകൊണ്ടു പറഞ്ഞു: കർത്താവേ, എന്റെ ജീവനെ എന്നിൽ നിന്നെടുത്തുകളയുവാൻ നിനക്കു പാടുണ്ടല്ലോ. എന്തെന്നാൽ, എന്റെ പിതാക്കന്മാരെക്കാൾ മേന്മയുള്ളവനല്ല ഞാൻ.

൯. ചുരത്തെയെക്കുറിച്ചു് നീ ഇത്രയധികം ദുഃഖിച്ചോ എന്നു് കർത്താവു് യൗനാനോടു ചോദിച്ചു. യൗനാൻ പറഞ്ഞു: മരണത്തോളം ഞാൻ വല്ലാതെ ദുഃഖിതനായിരിക്കുന്നു.

൧൦. കർത്താവു് അവനോടു പറഞ്ഞു: നീ അദ്ധ്വാനിക്കാത്തതും നീ വളർത്താത്തതുമായ ചുരത്തെയെക്കുറിച്ചു് നീ ദയാലുവായിത്തീർന്നിരിക്കുന്നു. അതാകട്ടെ, ഒരു രാത്രിയിൽ കിളിർത്തു, ഒരു രാത്രിയിൽ ഉണങ്ങിപ്പോയി.

൧൧. എന്നാൽ, വലത്തു കൈയും ഇടത്തുകൈയും തമ്മിൽ വിവേചിച്ചറിയാൻ സാധിക്കാത്ത ഒരുലക്ഷത്തിഇരുപതിനായിരത്തിൽ പരം മനുഷ്യരും, അനേകം മൃഗങ്ങളും അധിവസിക്കുന്ന മഹാപട്ടണമായ നിനെവേയുടെമേൽ ഞാൻ, ദയാലുവായിരിക്കേണ്ടയോ? [ആവർത്ത അ. ൧൦ വാ. ൧൭; സങ്കീ. ൧൩൬. വാ. ൬; ൧൪൫. വാ. ൯.]

വ്യാഖ്യാനം

൧. "ദുഃഖിച്ചു": യൗനാന്റെ ദുഃഖത്തിനു കാരണം താനൊരു വ്യാജപ്രവാചകനായി പരിഗണിക്കപ്പെട്ടേക്കുമെന്ന വിചാരമായിരുന്നു. നിനെവേയ്ക്കുണ്ടാകാവുന്ന ശിക്ഷ ഒരു വ്യവസ്ഥയിൻകീഴാണ് യൗനാൻ പ്രഖ്യാപനം ചെയ്തതെങ്കിലും, നിനെവേക്കാരുടെ തപാനുഷ്ഠാനംമൂലം വ്യവസ്ഥ നിറവേറാതെ വരികയും തന്നിമിത്തം അവർ ശിക്ഷിക്കപ്പെടാതിരിക്കയും ചെയ്യുന്നതു തന്റെ പ്രശസ്തിക്കു കളങ്കമായിത്തീരുമല്ലോ എന്ന വിചാരിച്ചു ദുഃഖിച്ചതു തീർച്ചയായും സത്യാർത്ഥതയുടെയും അഹങ്കാരത്തിന്റെയും ലക്ഷണമായിക്കരുതാം. വ്യർത്ഥാഭിമാനികളായ എത്രയോ പേരാണ് പൊതുനന്മയെ ഇങ്ങനെ ബലികഴിക്കുന്നതു.

൩. "എന്റെ ജീവനെ എടുത്തുകളയുക": മൂശെ സ്വജനങ്ങളുടെ ആവലാതി കേട്ട വിഷമിച്ചപ്പോഴും (സം. അ. ൧൧. വാ. ൧൫), ഏലിയാ, സ്വപരിശ്രമങ്ങൾ കൊണ്ടു തിന്മയെ പ്രതിരോധിക്കാൻ അസാധ്യമെന്നു കണ്ടപ്പോഴും (൧ രാജാ. അ. ൧൯. വാ. ൪.) ഇതേ പ്രാർത്ഥന തന്നെയാണ് ഉരുവിട്ടതു. വി. പൗലോസും (ഫിലിപ്പ്യ. അ. ൧. വാ. ൨൩.) അലിഞ്ഞു മിശിഹായോടു ചേരുവാൻ മരണത്തെ ആഗ്രഹിച്ചു. എന്നാൽ ഇവരെല്ലാം മരണത്തെ പ്രാർത്ഥിച്ചതു ദൈവതിരുമനസ്സിനു സ്വയം കൈയാളിച്ചുകൊണ്ടായിരുന്നു. യൗനാന്റെ പ്രാർത്ഥനയാകട്ടെ ക്ഷതമേറ്റ അഹങ്കാരത്തിൽനിന്നു ജനിച്ചതായിരുന്നു.

൫. ഈ വാക്യം അ. ൪. വാ. ൪–നെ തുടർന്നു വരേണ്ടതാണെന്നു ചിലർ അഭിപ്രായപ്പെടുന്നു. അനന്തര സംഭവങ്ങൾ പട്ടണത്തിനു പുറത്തുനിന്നു കൊണ്ട് അറിയുവാനാണ് യൗനാൻ ഉദ്ദേശിച്ചതു. നഗരത്തിന്റെ നാശം ഒരു രാത്രിയിൽ അദ്ദേഹം പ്രതീക്ഷിച്ചിട്ടുണ്ടാകണം. ദൈവത്തിന്റെ കരുണാമസൃണമായ മനസ്ഥിതിയോടുകൂടി ചിന്തിക്കാത്തവർ പാപികളുടെ നാശത്തെ ആഗ്രഹിക്കുന്നു. ഇതുതന്നെയാണല്ലോ തങ്ങളെ സ്വീകരിക്കാത്ത നഗരങ്ങളെ സംബന്ധിച്ചും മിശിഹായുടെ ശിഷ്യന്മാർ ആഗ്രഹിച്ചതു (ലൂ. അ. ൯. വാ. ൫൪).

൬. "ചുരത്തെ": മൂലത്തിലെ വാക്കിനു സമാനമായ ഭാഷാപദം കിട്ടാൻ വിഷമമാണ്. "ശ്രോറാൽകർ ആ" എന്ന സുറിയാനി ശബ്ദത്തിനു സമാനമായിട്ടാണ് 'ചുരത്തെ' എന്ന ഭാഷാശബ്ദം സ്വീകരിച്ചിരിക്കുന്നതു. കുമ്മട്ടിയെന്നോ കുമ്പളമെന്നോ പ്രസ്തുത ശബ്ദത്തിനു വിവക്ഷയുണ്ടാകാം. വി. ഇന്നാനിമ്മോസ് പ്രഭൃതികളും മൂലത്തിലെ ശബ്ദത്തിനു സമാനമായ ലത്തീൻശബ്ദം കിട്ടാതെ വിഷമിക്കുന്നതായി കാണാം. യൗനാനു ഒരു സാധനപാഠം (object-lesson) കൊടുക്കുവാൻ വേണ്ടിയാണ് ദൈവം ഈ 'ചുരത്തെ' മുളച്ചു പടരാൻ ഇടയാക്കിയതു.

൭. "സൂര്യനടിച്ചു": വെയിലടിച്ചു. 'ശെമ്ശാ' ഇൗ സൂര്യൻ എന്നും വെയിൽ എന്നും അർത്ഥമുണ്ട് (ബർഹൊ. അ. ൧൦. വാ. ൧൨. വ്യാ).

൮. "മരണത്തോളം വല്ലാതെ ദുഃഖിതനായിരിക്കുന്നു": അഹങ്കാര പ്രമത്തതയുടെ പാരമ്യം! ഒരുവന്റെ ഉദ്യോഗനിലയാൽതന്നെ ഒരുവൻ പുണ്യവാനോ

ക്കുന്നു എന്നു ഇവിടെ നാം അനുസ്മരിക്കണം. എങ്കിലും അങ്ങനെയുള്ളവരെയും ദൈവം ഉപകരണങ്ങളാക്കുന്നു.

൧൦. ഈ വാക്യത്തിൽ, നിന്റെ വേക്കാരോട്ട കരുണ കാണിക്കുന്നതിന്റെ യുക്തി നിന്റെ വേക്കാരെയും ചുരത്തെയെയും താരതമ്യവിവേചനം ചെയ്തുകൊണ്ട കർത്താവു പ്രവാചകനു കാണിച്ചുകൊടുക്കുന്നു. ഒരു ചുരത്തെയുടെ നഷ്ടത്തിൽ അദ്ദേഹം ദുഃഖിക്കുന്നെങ്കിൽ, അനേക ലക്ഷം ജനങ്ങാം അധിവസിക്കുന്ന നഗരത്തെ അതിലേ നിർദ്ദോക്ഷികളായ മനുഷ്യരോടും മൃഗങ്ങളോടുമൊന്നിച്ചു നശിപ്പിക്കുന്ന കാര്യത്തിൽ കർത്താവിന് എത്രയധികം വൈമനസ്യം ഉണ്ടായിരിക്കും എന്ന് അദ്ദേഹത്തെ മനസ്സിലാക്കുന്നു.

൧൧. "വലത്തു കൈയും ഇടത്തു കൈയും തമ്മിൽ വിവേചിച്ചറിയാൻ സാധിക്കാത്ത": നന്മയും തിന്മയും വിവേചിച്ചറിയാൻ പ്രായമാകാത്ത. ഏകദേശം ൨ വയസ്സു പ്രായമായ ശിശുക്കളെയാണ് ഇവിടെ വിവക്ഷിക്കുന്നതെന്ന് ചില വ്യാഖ്യാതാക്കാം അഭിപ്രായപ്പെടുന്നു. അങ്ങനെയെങ്കിൽ നഗരത്തിലേ ജനസംഖ്യ ഊഹാതീതമാംവിധം വലുതാണെന്ന് കരുതേണ്ടിവരും. അതിനാൽ ഏകദേശം ൨ വയസ്സിനോടടുത്തു പ്രായം വരുന്ന തിരിച്ചറിവു വരാത്ത കുട്ടികളെയാണിവിടെ വിവക്ഷിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. "അനേകം മൃഗങ്ങളും": മൃഗങ്ങളെ സംബന്ധിച്ചും ദൈവത്തിന്റെ പരിപാലന ഇതിൽനിന്നു വിശദമാകുന്നു.



വിശുദ്ധ ഗ്രന്ഥം

പഴയനിയമം

നാഹൂം

(Nahum)

കേരളത്തിലെ ,സുറിയാനി

ക. നി. മൂ. സ.

വിവർത്തക സംഘം

പ്രശിത്തായിൽനിന്ന് തർജ്ജമ ചെയ്ത് വ്യാഖ്യാനസഹിതം

പ്രസിദ്ധീകരിക്കുന്നത്.

വി. യൌ. പി. മുദ്രാലയം,

മാന്നാനം.

ഫൻർരം.

Nihil obstat

FR. Ludovic, T. O. C. D.
FR. Placid, T. O. C. D.

Imprimi potest

FR. Vincent of the Bl. Sacrament, T. O. C. D
PRIOR GENERAL.

31 Dec. 1949.

Imprimatur

Mgr. J. Kallarakel
Vicar Capitular

Changanacherry,
Bishop's House,
17th March 1950.

നാഹൂം

(Nahum)

പേര്: נַחוּם നാഹോം എന്ന സുറിയാനി ശബ്ദത്തിനു സമാനമായ എബ്രായ ശബ്ദം Nahûm നാഹൂം എന്നാണ്. എബ്രായയിലെ സംജ്ഞാനാമങ്ങളുടെ ഉകാരം സുറിയാനിയിൽ ഒകാരമായി മാറുക പതിവാണ്. റ്റ്ഓസ്സ്, മുഖവുര കാണുക. ഈ എബ്രായ ശബ്ദത്തിനു് ആശ്വാസദാതാവു് എന്നാണർത്ഥം. പ്രസ്തുത ശബ്ദത്തിന്റെ സുറിയാനി ധാതുവിനു് ഉയിർപ്പിക്കുക, പുനരുദ്ധരിക്കുക, നവീകരിക്കുക എന്നിങ്ങനെയുള്ള നിഷ്കൃഷ്ടാർത്ഥമാണ് കൊടുക്കാറുള്ളതെങ്കിലും ആശ്വസിപ്പിക്കുക എന്ന വ്യാപകാർത്ഥവും കൊടുക്കാവുന്നതത്രേ. അസോറായരെ (അസ്സീയ്ക്കാരെ) ഭയന്നു വസിച്ചിരുന്ന തിരഞ്ഞെടുക്കപ്പെട്ട ജനങ്ങളെ ഈ പ്രവാചകൻ ആശ്വസിപ്പിച്ചതിനാൽ ആശ്വാസദാതാവു് എന്നർത്ഥമുള്ള 'നാഹോം' സംജ്ഞ വളരെ യോജിച്ചതാകുന്നു. ഫ ബൈർയ. അ. ര. വാ. ഫൻ–ൽ യൂദാവംശത്തിൽ നിന്നുള്ള ഒരു നാഹോമിനെപ്പറ്റിയല്ലാതെ വിശുദ്ധ പുസ്തകത്തിൽ വേറൊരിടത്തും നാഹോം സംജ്ഞ കാണുന്നില്ല.

പ്രവചനത്തിന്റെ സ്വഭാവം: നാഹോമിന്റെ പ്രവചനം മൂന്നദ്ധ്യായങ്ങൾ അടക്കിക്കൊള്ളുന്ന ഒരു ചെറിയ ഗ്രന്ഥമാണെങ്കിലും അത്യന്തം ഉൽകൃഷ്ടമായ നിലയിലത്രേ പ്രകൃത്യതീത ദർശനം അതിൽ ചിത്രണം ചെയ്തിരിക്കുന്നതു്. അസോറിന്റെ (അസ്സീയ്യായുടെ) തലസ്ഥാനമായ നിന്വേയുടെ അധ:പതനമാണ് പ്രവചനവിഷയം. പ്രവചനത്തിന്റെ സ്വഭാവത്തെക്കുറിച്ചു് അടുത്തകാലത്തു് ചില വിമർശനങ്ങൾ പുറപ്പെട്ടിട്ടുണ്ട്. ദൈവത്തിന്റെ തിരിഞ്ഞെടുക്കപ്പെട്ട ജനങ്ങളെക്കുറിച്ചു് ശാസനാപരമായ യാതൊരു വാക്യവും അതിൽ കാണുന്നില്ലെന്നുള്ളതാ

ണ്ട് ചില വിമർശകന്മാർ പറയുന്ന ഒരു ന്യൂനത. ഏറമ്യാ ദിഹ്ദശിയുടെ കാലത്തു് വ്യാജപ്രവാചകന്മാർ ചെയ്തിരുന്നതങ്ങനെയാണ് (ഏറ. അ. ൨൮. വാ. ൯–൧൦). ജനങ്ങളുടെ വ്യാപാരം അന്യൂനമാണെന്ന് ഒരുറപ്പു് ഏതാട്ടശ പ്രവചകന്മാർ അവർക്കു് നൽകിയിരുന്നു. ഇതേ ന്യൂനത തന്നെ നാഹോമിന്റെ പ്രവചനത്തെ സംബന്ധിച്ചും പറയാവുന്നതാണ്. എന്നാൽ ഏതാട്ടശ നിഗമനം യുക്തിപൂർവ്വമല്ലെന്നാണ് സെല്ലിൻ, സ്റ്റോൺ ഹൗസ് ആദിയായവരുടെ അഭിപ്രായം. നാഹോമിന്റെ മനസ്സത്തെ സാധൂകരിക്കത്തക്ക ഒരു ധാർമ്മിക സുസ്ഥിതി തിരിഞ്ഞെടുക്കപ്പെട്ട ജനങ്ങൾക്കു് അന്നുണ്ടായിരുന്നുവത്രേ. ഏറമ്യാ, ബി. സി. ൬൫–ൽ സമാരംഭിച്ച മതപരമായ പുനരുദ്ധാരണ പരിശ്രമത്തെയും, സിതിയന്മാർ (Scythians) പശ്ചിമപലസ്തീനാ ആക്രമിച്ചതിനെയും (൬൨൯) മാദായരുടെ നിന്വേ ആക്രമണം പരാജയമടഞ്ഞതിനെയും (൬൨൪) തുടർന്ന് യൂദജനങ്ങളിൽ ൬൨൪–നും ൬൨൨–നും മദ്ധ്യേ വലിയൊരു പരിവർത്തനം സംജാതമായിരുന്നുവെന്ന് സ്റ്റോൺഹൗസ് അനുമിക്കുന്നു. എങ്കിലും ഏറമ്യായുടെ പരിശ്രമത്തിനു് മേല്പറഞ്ഞ തരത്തിലുള്ള ഒരു പ്രാരംഭ വിജയം കൈവന്നുവോ എന്ന് ബലമായി സംശയിക്കേണ്ടിയിരിക്കുന്നു. പിന്നീട് ബി. സി. ൬൨൨–ൽ നിക്ഷേപപുരിയിൽനിന്ന് "മൂശെയാൽ നൽകപ്പെട്ട കർത്താവിന്റെ നിയമഗ്രന്ഥം" കണ്ടെടുത്തതിനുശേഷം രാജാവായ യോശ്യായുടെ കാലത്തു് യൂദന്മാരുടെ ഇടയിൽ അദ്ഭുതപൂർവ്വമായ ഒരു പരിവർത്തനമുണ്ടായി എന്നാണ് സന്ദേഹരഹിതമായ വിശ്വാസം. അതു് കുറേ സംവത്സരത്തേയ്ക്കു് നിണ്ടു നില്ക്കുകയും ചെയ്തു.

കാലാവലട്ടം: നാഹോം പ്രവചിച്ചതു് ഏതു കാലാവലട്ടത്തിലായിരുന്നുവെന്നതിനെക്കുറിച്ചു് വിവിധാഭിപ്രായങ്ങൾ കാണുന്നുണ്ടു്. നിന്വേയുടെ അധഃപതനത്തിനു മുമ്പു് ൧൫ വർഷങ്ങൾക്കു മുമ്പാണ് പ്രവചനമെന്നു് സുപ്രസിദ്ധനായ ജൊസേഫൂസ് ഫ്ളാവിയസ് പ്രസ്താവിക്കുന്നു. മനശ്ശെയുടെ കാലത്താണെന്നു് യൂദന്മാർ പറയുന്നു. നാഹൂ–നോടടുത്തു സംഭവിച്ച യോൻ അമ്മോൻ നഗരാക്രമണത്തെപ്പറ്റിയുള്ള സൂചന (നാഹോം അ ൩. വാ. ൮) യെ അടിസ്ഥാനമാക്കി ഗ്രന്ഥം എഴുതപ്പെട്ടതു് മനശ്ശെയുടെ ഭരണകാലത്താണെന്നു് ഊഹിക്കാവുന്നതാണ്. അതിനും മുമ്പു് (ബി. സി. ൬൯൯) പത്തു ഗോത്രങ്ങൾ അടിമത്തത്തിൽ അമർന്നതിനുശേഷം ഹേസക്യായുടെ കാലത്താണ് നാഹോമിന്റെ പ്രവചനമുണ്ടായതെന്നു് വി. ഈറാനിമോസിനെ അനുകരിച്ചു് കാൽമേ (Calmet) അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായവും അത്ര സ്വീകാര്യമായിത്തോന്നുന്നില്ല. നിന്വേയുടെ അധഃപതനം ബി. സി. ൬൬൫–ലാണ് സംഭവിച്ചതു്. അതുകൊണ്ടു് നോക്കുമ്പോൾ നാഹോമിന്റെ പ്രവചനം ബി. സി. ൬൭൦–നും ൬൬൫–നും മദ്ധ്യേ നടന്നുവെന്ന് അനുമിക്കുന്നതാണ് യുക്തം.

നാഹോമിന്റെ ദേശം: അൽക്കോശായൻ എന്ന് നാഹോമിനെപ്പറ്റി പറഞ്ഞിരിക്കുന്നതുകൊണ്ടു് അദ്ദേഹത്തിന്റെ സ്വദേശം അൽ

ക്കോശ് ആയിരുന്നുവെന്നുഹിക്കാം. നാഹോമിന്റെ പ്രവചനഗ്രന്ഥത്തെ അവതരിപ്പിക്കുമ്പോൾ വി. ഈറാനിമ്മോസ് പറയുന്നു, അള്ളേഹം ഗ്ലീലായിലേ എൽക്കിസ് ഗ്രാമവാസിയായിരുന്നെന്ന്. വി. ഈറാനിമ്മോസിന്റെ വഴികാട്ടിയായിരുന്ന ഒരാൾ പ്രസ്തുത സ്ഥലം അള്ളേഹത്തിനു കാണിച്ചുകൊടുത്തുവെന്നു പറയുന്നു. എന്നാൽ, ഗ്ലീലായിലേ വേറൊരു പട്ടണമായ ക്പർനാഹോം (നാഹോമിന്റെ ഗ്രാമം എന്നർത്ഥം) കഥാപുരുഷന്റെ ദേശമായിരുന്നുവെന്നു വാദിക്കുന്നവരുമുണ്ട്. എപ്പിഫാനിയൂസ് എന്ന പേരിൽ അറിയപ്പെടുന്ന ഒരു ഗ്രന്ഥകാരൻ എഴുതിയിട്ടുള്ള പ്രവാചകന്മാരുടെ ചരിത്രത്തിൽ, ശെമ്ഓൻ വംശക്കാരുടെ 'ബേസ്ഗബ്രേ'യ്ക്കുപുറമുള്ള എൽക്കോശിൽനിന്നുള്ളവനായിരുന്നു നാഹോം എന്നു പറയുന്നു. നിനവേയ്ക്ക് ൫൦ മൈൽ വടക്ക് അൽക്കോശ് എന്നൊരു സ്ഥലമുണ്ട്. അവിടെപ്പോയി ക്രിസ്ത്യാനികളും, യൂദന്മാരും, മഹമ്മദീയരും ഇപ്പോഴും വണങ്ങിവരുന്നു. നാഹോമിന്റെ ജന്മദേശം അതാണെന്നു അഭിപ്രായമില്ലാതില്ല. ഏതായാലും ഈദൃശ അഭിപ്രായവ്യത്യാസമുള്ള സ്ഥിതിക്ക് കഥാപുരുഷന്റെ ജന്മദേശം ഇന്നതാണെന്ന് ഖണ്ഡിതമായിപ്പറയാവുന്നതല്ല. എങ്കിലും ബൈബിൾ ഭാഷ്യകാരന്മാരിൽ പലരും ബേസ്ഗാബ്രേയ്ക്കുപുറമുള്ള എൽക്കോശാണ് കൂടുതൽ സ്വീകാര്യമായിപ്പരിഗണിക്കുന്നതു്.

ചരിത്ര പശ്ചാത്തലം: നാഹോമിന്റെ പ്രേഷിതധർമ്മം, ലോകചരിത്രത്തിൽ എല്ലാംകൊണ്ടും വലിയ പ്രാധാന്യമർഹിച്ചിരുന്ന അസ്സോർ (അസ്സീയ്ൻ) സാമ്രാജ്യത്തിന്റെ അധഃപതനത്തെ മുൻകൂട്ടി അറിയിക്കുക എന്നതായിരുന്നു. പുതിയ പുതിയ ഗവേഷണങ്ങൾമൂലം അസ്സോർ (അസ്സീയ്ൻ) തുടങ്ങിയ പുരാതന സാമ്രാജ്യങ്ങളെക്കുറിച്ചുള്ള ചരിത്ര രേഖകൾ പുറത്തു വന്നിട്ടുണ്ട്. ബി. സി. ൧൯൦൦ മുതൽക്കുള്ള ചരിത്രസംഭവങ്ങൾ കുറെയെല്ലാം വിശദമാണ്. ബി. സി. ൧൨൦൦-ാമാണ്ടുവരെ അസ്സോറും (അസ്സീയ്ൻ) മെസൊപ്പൊട്ടേമിയായുമടങ്ങിയ ഒരു രാജ്യത്തെ 'മിടാണി'യിലേ രാജാക്കന്മാർ ഭരിച്ചിരുന്നു. ബി. സി. ൧൪-ാം ശതകത്തിൽ അവരുടെ രാജ്യം അധഃപതിച്ചപ്പോൾ അസ്സോറിലേ 'ആദാദ് നിരാരി' എന്ന രാജാവ് മെസൊപ്പൊട്ടേമിയാ കൈവശപ്പെടുത്തി. നിരാരിയാകട്ടെ തെക്കു കിടക്കുന്ന പ്രബലമായ ബാവേലിന്റെ നേക്കു തിരിയാതെ വടക്കുവശത്തും പടിഞ്ഞാറുവശത്തുമുള്ളവരെ ക്രമേണ ആക്രമിച്ചു കീഴ്പെടുത്തി. അള്ളേഹത്തിന്റെ പുത്രനായ ശൽമനെസർ ഒന്നാമൻ പിതാവിന്റെ നയം തന്നെ പിന്തുടർന്നു. ബി. സി. ൧൩൦൦-ാമാണ്ടോടടുത്തു് അസ്സോർ രാജാവായ തുകുൽത്തി നിനുർത്താ ഒന്നാമൻ ബാവേലിനെ ആക്രമിച്ചു സ്വായത്തമാക്കിയെങ്കിലും അഭ്യന്തര കലഹങ്ങൾ മൂലം ബാവേലും മെസൊപ്പൊട്ടേമിയായും നഷ്ടമായി. ബി. സി. ൧൨൭൦-ാമാണ്ടോടടുത്തു് മെസൊപ്പൊട്ടേമിയാ ബാവേലിന്റെ അധീനതയിൽനിന്നു വീണ്ടെടുക്കപ്പെട്ടു. അങ്ങനെ തുഗുൽ പൽസർ ഒന്നാമന്റെ കാലത്തു് കാറ്റു മാറി വീശിത്തുടങ്ങി. പിന്നീടു വാണ അഷുർനാസിർപാൽ (൮൮൩-൮൫൮) സാമ്രാജ്യ വിസ്തൃതിയെ വളരെ വർദ്ധിപ്പിച്ചു. അള്ളേഹത്തിന്റെ

പുത്രനായ ശൽമാനെസർ രണ്ടാമൻ (൮൫൨–൮൨൪) വടക്കുള്ള വേറെ പല രാജ്യങ്ങളെയും കീഴടക്കി കപ്പം വാങ്ങിച്ചു. ഇസ്രായേലിലേ അമ്രിയുടെ പുത്രനായ 'യേഹൂ'വിൽ നിന്നുപോലും കപ്പം വാങ്ങിച്ചതായ രേഖകളുണ്ട്. ബി. സി. ൮൫൨–ാമാണ്ടോടടുത്ത് ശൽമാനെസർ ബാവേലിനെയും സാമന്തരാജ്യമാക്കിത്തീർത്തു. അദ്ദേഹത്തിന്റെ കാലത്തു് പേഷ്യൻ ഉൾക്കടൽ മുതൽ സൈപ്രസ് വരെ അസ്സോർ (അസ്സിയ്ക്കൻ) സാമ്രാജ്യം വിസ്തൃതമായിക്കിടന്നിരുന്നു. അസ്സോറിന്റെ (അസ്സീയ്ക്കായുടെ) തലസ്ഥാനം നിന്വേ ആയിരുന്നുവെന്നു പൊതുവേ പറയാമെങ്കിലും ശൽമാനെസർ രണ്ടാമന്റെയും അദ്ദേഹത്തിന്റെ പിൻഗാമിയായ 'സർഗോ'ന്റെയും കാലം കഴിഞ്ഞു് സൻഹേറിബി (Sennacherib) ന്റെ കാലത്താണ് നിന്വേ തലസ്ഥാനനഗരമായിത്തീർന്നതു്. യൂദവംശജന്മാക്ക് വിദ്വേഷജനകങ്ങളായ നാമങ്ങളത്രേ സർഗോന്റെയും സൻഹേറിബിന്റെയും നാമങ്ങൾ. ബി. സി. ൭൨൨–ൽ ശാമ്രേനിനെ (Samaria) ആക്രമിച്ചു് ഇസ്രായേൽക്കാരുടെ പത്തു ഗോത്രങ്ങളെ അടിമകളായിക്കൊണ്ടുപോയതു് സർഗോൻ ആണു്. സൻഹേറിബാകട്ടെ ഹേസക്യാ രാജാവിന്റെ ഭരണകാലത്തു് ഓറ്റൈറ്റം നഗരത്തെ വളഞ്ഞു് വലിയൊരു സംഖ്യ വിമോചനാർത്ഥം ഈടാക്കുകയുണ്ടായി. വീണ്ടും ൭൦൧–ൽ പലസ്തീനായെ അയാൾ ആക്രമിച്ചു. എന്നാൽ കർത്താവിന്റെ മാലാകാ അയാളുടെ സൈന്യങ്ങളെ ചിതറിച്ചുകളകയാൽ, (൨ രാജാ. അ. ൧൯. വാ. ൩൫; ഏശാ. അ. ൩൭. വാ. ൩൬.) പരാജിതനായി നിന്വേയിലേയ്ക്കു മടങ്ങി. ബി. സി. ൬൮൧–ൽ സൻഹേറിബ് വധിക്കപ്പെട്ടു. സൻഹേറിബിന്റെ അടുത്ത പിൻഗാമി സർഹാദോം ആണെന്നു് അനുമിക്കേണ്ടിയിരിക്കുന്നു.

നിന്വേയുടെ അധഃപതനം: ബി. സി. ൭൦൦–ാമാണ്ടോടടുത്തു ജീവിച്ചിരുന്ന യൗനാൻ ദീർഘദൃശി വഴിയായി ദൈവം നിന്വായരെ അനുതാപത്തിലേയ്ക്കു ക്ഷണിക്കയും, അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ടു് അവർ അനുതപിക്കയും പ്രായശ്ചിത്തം ചെയ്യുകയും ചെയ്തുകയാൽ ദൈവം അവക്ക് മാപ്പുകൊടുക്കയും രക്ഷിക്കയും ചെയ്തുവെന്നു് നാം വിശുദ്ധ പുസ്തകത്തിൽ (യൗനാന്റെ പ്രവചനഗ്രന്ഥത്തിൽ) വായിക്കുന്നുണ്ടല്ലോ. എന്നാൽ നിന്വേ വീണ്ടും അധർമ്മങ്ങൾ പ്രവർത്തിച്ചു തുടങ്ങി. കീഴടക്കപ്പെട്ട ജനങ്ങളെ അവരുടെ ദേശങ്ങളിൽ നിന്നു് നിർദ്ദയം മാറിക്കളഞ്ഞിട്ടു് അവിടങ്ങളിൽ വാസമുറപ്പിക്കുക, അടിമകളായിക്കൊണ്ടുപോവുക എന്നിങ്ങനെ സാർവ്വദേശീയ മഹാപാതകങ്ങൾ ചെയ്തിട്ടുള്ളവരിൽ അഗ്രഗണ്യരാണു് അസ്സോറായർ (അസ്സീയ്ക്കാർ) എന്നു് ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു. നിന്വേയുടെ അധഃപതനത്തെപ്പറ്റി ഓർക്കുമ്പോൾ, ദൈവത്തിന്റെ കരുണയെ അമിതമായി പരീക്ഷിച്ചുകൊണ്ടു് അധർമ്മങ്ങൾ പ്രവർത്തിക്കുന്ന വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സമുദായങ്ങൾക്കും, രാഷ്ട്രങ്ങൾക്കുമുണ്ടാകുന്നതും, ഉണ്ടായിട്ടുള്ളതുമായ ഭയങ്കര ശിക്ഷകളെപ്പറ്റി ചിന്തിക്കാതിരിപ്പാൻ നിവൃത്തിയില്ല. നിന്വേയുടെ അധഃപതനഗതിയെ സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

ബി. സി. ആണ്ട്	പലസ്തീനാ	ആസോർ (അസ്സീയ്യാ)
൯൯൮		അഷുർബാനിപ്പാലിന്റെ സ്ഥാനാരോഹണം.
൯൯൫		മെംഫിസും യോൻ അമ്മോനും കീഴടക്കുന്നു.
൯൮൫	അമ്മോൻരാജാവു്	
൯൫൯	യോശ്യാരാജാവു്	
൯൫൮		അഷുർബാനിപ്പാലിന്റെ മരണം; അഷുർ എറ്റിലിലാനിയുടെ സ്ഥാനാരോഹണം. ബാബേൽ എതിർക്കുന്നു.
൯൫൩	ഫറവോയുടെ രംഗപ്രവേശം	സിതിയൻസ് അസോറായരുടെ (അസ്സീയ്യാക്കാരുടെ) സഹായികളായി നിന്നുകൊണ്ടു ഈജിപ്തിനെതിരായി പുറപ്പെടുന്നു.
൯൫൨	യോശ്യാ രാജാവിന്റെ പരിവർത്തനശ്രമം	നിനേവേക്കെതിരായുണ്ടായ മാദായരുടെ പ്രഥമാക്രമണം. സിതിയന്മാർ എതിർത്തു വിജയിക്കുന്നു.
൯൫൦		കാബ്ബളിനുവിൽ വച്ചു് അസോറായ (അസ്സീയ്യൻ)സൈന്യങ്ങളും ഈജിപ്ഷ്യൻ സൈന്യങ്ങളും യോജിക്കുന്നു.
൯൪൭		സിൻശാർഇഷ്കുൻ സിംഹാസനാരൂഢനാകുന്നു. നബോപൊലാസറും അയാളുടെ ബാബേൽ സൈന്യങ്ങളും അസോർ ആക്രമണത്തിൽ പരാജയമടയുന്നു.
൯൪൫ ?	നാഹോം നിനേവേയുടെ അധഃപതനത്തെപ്പറ്റി പ്രവചിക്കുന്നു	മാദായർ (Medes) നിനേവേ ആക്രമിക്കുന്നു, അസോറിനെ കീഴടക്കുന്നു.
൯൪൨		മാദായ സൈന്യങ്ങളും ബാബേൽ സൈന്യങ്ങളും യോജിക്കുന്നു. അവർ നാലു് ആക്രമണങ്ങൾ നടത്തിയിട്ടു ഒടുവിൽ നിനേവേയെ കീഴടക്കുന്നു.

ബി. സി. ആണ്ട്	പലസ്തീനാ	ആസോർ (അസ്സീറ്യാ)
൯൫൦		മഹാനാൻ എന്ന സ്ഥലത്തു് ആസോറ്യർ (അസ്സീറ്യാക്കാർ) സംഘടിച്ചു സമരസജ്ജീകരണങ്ങൾ ചെയ്തുവേ മാദായരും ബാവേൽക്കാരും യോജിച്ചു് അവരെ ഏതിത്തോടിക്കുന്നു.
൯൫൦	ഈജിപ്ഷ്യൻ തലവനായ ഹ്ഗിറായെ (നെക്കോവിനെ) യോശ്യാ എതിക്കുന്നു. യോശ്യാ മരിക്കുന്നു; യൂദെയാ ഈജിപ്തിന്റെ കീഴിൽ.	ആസോറായരുടെ (അസ്സീറ്യാക്കാരുടെ) സഹായത്തം ഹ്ഗിറായുടെ സൈന്യം മഹാനിൽ താമസിച്ചെത്തുന്നു.
൯൫൭		നബുക്കദ്നേസർ സിംഹാസനാരൂഢനാകുന്നു. കാർക്ക്മൂശിൽ (Carchemish) വച്ചു് നെക്കോവിനെ തോല്പിക്കുന്നു.
൯൫൯	നബുക്കദ്നേസർ യൂദെയായെ കീഴടക്കുന്നു.	



നാഹോം

—o□o—

൧–൩ അദ്ധ്യായം

ദുഷ്ടന്മാരോട് പ്രതികാരം ചെയ്യുകയും ദൂതവാന്മാക്ക് അഭയമായിരിക്കയും ചെയ്യുന്ന ദിവ്യ ന്യായാധിപനെ നാഹോം അവതരിപ്പിക്കുന്നു (വാ. ൧–൬). കത്താവ് ദുഷ്ടന്മാരെ ശൂന്യമാക്കും; യൂദാസ്സുനുകൂലമായ അരുളപ്പാടുകൾ (വാ. ൭, ൧൨, ൧൫). ആസോറി (അസ്സീറിയ) നെതിരായ അരുളപ്പാട് (൨. ൭–൧൪; ൧൪, ൧൯).

൧. നിന്വേയുടെ ശിക്ഷ: അൽക്കോശ്കാരനായ നാഹോമിന്റെ ദർശനങ്ങളുടെ പുസ്തകത്തിലുള്ളത്. [സ്സനി. അ. ൨. വാ. ൧൩.]

൨. ദൈവം തീക്ഷ്ണതയുള്ളവൻ (ആകുന്നു); കത്താവ് പ്രതികാരകൻ (ആകുന്നു). കത്താവ് കോപത്തിൽ പ്രതികാരം ചെയ്യും. കത്താവ് തന്റെ വൈരികളോട് പകരം വീട്ടും. തന്റെ ശത്രുക്കളെ അവൻ സൂക്ഷിച്ചുകൊണ്ടിരിക്കും. [പുറ. അ. ൨൦. വാ. ൫: അ. ൩൪. വാ. ൧൪; ആവർത്ത. അ. ൪. വാ. ൨൪: അ. ൩൨. വാ. ൭൫.]

൩. കത്താവ് ദീർഘശാന്തതയുള്ളവനാകുന്നു. അവന്റെ ശക്തി വലുതാകുന്നു. അവൻ തീർച്ചയായും നീതികരിക്കയില്ല. കത്താവിന്റെ വഴി കൊടുങ്കാറ്റിലും ചുഴലിക്കാറ്റിലും. മേഘങ്ങളാകട്ടെ അവന്റെ പാദങ്ങളുടെ പൊടിയാകുന്നു. [പുറ. അ. ൩൪. വാ. ൬, ൭]

൪. അവൻ കടലിനെ ശാസിക്കുന്നു; അതിനെ ഉണക്കിക്കളയുന്നു. സകല നദികളെയും അവൻ വറ്റിക്കുന്നു. മസ്സീനും കർമ്മേലും പ്രലപിച്ചു; ലെവ്നാന്റെ പൊട്ട് ഉണങ്ങിപ്പോയി. [സങ്കീ. ൧൦൬. വാ. ൯; ഏശാ. അ. ൫൦ വാ. ൨; മത്താ. അ. ൮. വാ. ൨൬.]

൫. അവന്റെ മുമ്പാകെ പർവ്വതങ്ങൾ ഇളകി, കുന്നുകൾ അകന്നുപോയി. അവന്റെ മുമ്പാകെ ഭൂമി ഇളകി, ലോകവും അതിലേ സകല നിവാസികളും (ഇളകി). [സങ്കീ. ൯൩. വാ. ൩; ൨ പത്രോ. അ. ൩. വാ. ൧൦.)

൬. അവന്റെ കോപത്തിൻ മുമ്പാകെ ആരു നില്ക്കും? അവന്റെ കോപത്തിന്റെ ഉഗ്രത ആരു സഹിക്കും? അവന്റെ ക്രോധം തീപോലെ എരിയുന്നു. പർവ്വതങ്ങൾ അവന്റെ മുമ്പാകെ ഉരുകിപ്പോകുന്നു. [മാലാ. അ. ൩. വാ. ൨; വെളി. അ. ൬൯. വാ ൧.]

൭. ഞെരുക്കത്തിന്റെ ദിവസത്തിൽ സഹായിക്കുവാൻ നല്ലവനാകുന്നു കർത്താവ്. തന്നിൽ ആശ്രയിക്കുന്നവരെ അവൻ അറികയും ചെയ്യുന്നു. [൧ ഖൈർയ. അ. ൨൯. വാ. ൧൪; സങ്കീ. ൩൭. വാ. ൩൯; ൨ തിമാ. അ. ൨. വാ. ൧൯.]

൬. ജലപ്രളയത്താൽ അവൻ അവസാനം വരുത്തും. അവന്റെ സ്ഥലത്തേയ്ക്കു് അവൻ കടന്നുപോകും. അവന്റെ ശത്രുക്കളെ അന്ധകാരം പിന്തുടരുകയും ചെയ്യും. [ദാനി. അ. ൯. വാ. ൨൩: അ. ൧൧. വാ. ൧൩, ൨൨, ൨൩.]

൯. കർത്താവിനെതിരായി നിങ്ങൾ എന്തു ശ്രദ്ധാലോചന ചെയ്യും? എന്തെന്നാൽ, രണ്ടാം പ്രാവശ്യം ഒരു പീഡനമുണ്ടാകാതിരിക്കത്തക്കവിധം അവൻ അറുതി വരുത്തും.

൧൦. എന്തെന്നാൽ, അവരുടെ പ്രധാനികൾ വരെയും അവർ മദ്യരക്കാരാകുന്നു. അവർ ലഹരിയാൽ മത്തന്മാരായിരിക്കുന്നു. അവർ ഭക്ഷിച്ചു; ഉണക്കക്കച്ചിയാൽ അവർ നിറഞ്ഞു. [മാലാ. അ. ൪. വാ. ൧.]

൧൧. കർത്താവിനെതിരായി തിന്മ വിചാരിക്കയും, ദുഷ്ടത ആലോചിക്കയും ചെയ്യുന്നവനിൽ നിന്നു പുറപ്പെട്ടും. [൨ രാജാ. അ. ൧൯. വാ. ൨൨, ൨൩.]

൧൨. ശക്തിയായി ഒഴുക്കിക്കൊണ്ടു പോയ ജലപ്രളയത്തിന്റെ ഉൽപ്പത്തികളെക്കുറിച്ചു് കർത്താവു് ഇപ്രകാരം പറയുന്നു: ഞാൻ നിന്നോടു് അനുകൂലമായി ഉത്തരം പറഞ്ഞു; ഇനിയും ഞാൻ നിന്നോടു് അനുകൂലമായി ഉത്തരം പറകയില്ലെന്നോ?

൧൩. ആകയാൽ, അവന്റെ നുകം ഞാൻ നിന്നിൽനിന്നു് തകർത്തു കളയും. നിന്റെ അമിക്കയർ ഞാൻ ഛേദിച്ചു കളയും. [൨ദിന. അ. ൨൮. വാ. ൨൦: അ. ൩൦. വാ. ൮.]

൧൪. കർത്താവു് നിനക്കെതിരായി കല്പിക്കും. മേലിൽ നിന്റെ ദേവന്റെ അമ്പലത്തിൽ നിന്റെ നാമത്തിനുവേണ്ടി വിതയ്ക്കപ്പെടുകയില്ല. കൊത്തിയുണ്ടാക്കിയവയും വാർത്തവയുമായ വിഗ്രഹങ്ങളെ ഞാൻ നശിപ്പിച്ചു കളയും. അതിനെ ഞാൻ വേഗത്തിൽ നിന്റെ ശവക്കുഴിയാക്കും. [൨ രാജാ. അ. ൨൧. വാ. ൨൩.]

൧൫. സദ്വാർത്ത പ്രചരിപ്പിക്കയും, സമാധാനം പ്രഖ്യാപിക്കയും ചെയ്യുന്നവന്റെ പാദങ്ങൾ ഇതാ പർവ്വതങ്ങളിൽ. യൂദാ, നിന്റെ തിരുനാളുകൾ നീ കഴിക്കുക; നിന്റെ നേർച്ചകൾ നിറവേറുക. എന്തെന്നാൽ, തിന്മ വീണ്ടും നിനക്കെതിരായി പ്രവർത്തിക്കയില്ല. അതു മുഴുവനും നശിച്ചുപോയി. [ഏശാ. അ. ൫൨. വാ. ൭; റോമാ. അ. ൧൦. വാ. ൧൫.]

വ്യാഖ്യാനം

൧. "ശിക്ഷ": സംഹാരം, മർദ്ദനം, അധഃപതനം, ശിക്ഷയെ സംബന്ധിച്ച മുന്നറിവ്, പ്രഖ്യാപനം എന്നിങ്ങനെ അർത്ഥം. "ദർശനങ്ങളുടെ പുസ്തകത്തിലുള്ളതു": പ്രവചനഗ്രന്ഥത്തിലുള്ളതു്. ഇതുതന്നെയാണു് ആ ഗ്രന്ഥം.

൨. ഇതുമുതൽ ൧–ാമത്തെ വാക്യം ഉൾപ്പെടെയുള്ള ഭാഗം അക്ഷരമാലക്രമമനുസരിച്ചുള്ള കാവ്യം (Acrostic Poem) മാണെന്നതു് അധുനിക പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. സങ്കീർത്തനഗ്രന്ഥത്തിൽ ചില ഭാഗങ്ങളിൽ കാണുന്ന അക്ഷരമാലക്രമം നാഹോമിന്റെ പ്രവചനഗ്രന്ഥത്തിലുമുണ്ടെന്നു് കണ്ടുപിടിച്ചിട്ടു് ൧൦ സംവത്സരത്തിൽ കൂടുതൽ ആയിട്ടില്ല. പ്രൊഫസ്സർ ബിക്കെൽ എന്ന ദേഹമാണു് ഇതിനെ സംബന്ധിച്ചു് കൂടുതൽ ഗവേഷണങ്ങൾ നടത്തിയതു്.

പതിനൊന്നാമത്തെ അക്ഷരമായ കാപ്പ് (כ) വരെ മാത്രമേ ശ്ലോകങ്ങളിൽ പ്രസ്തുത രീതി സാധുവാംവിധം പൂർത്തിയായിക്കാണുന്നുള്ളൂ. "ദൈവം തീക്ഷ്ണതയുള്ളവൻ (ആകുന്നു)": ദൈവം തീവ്രമായി സ്നേഹിക്കുന്നവനും, തന്നെ സ്നേഹിക്കാത്തവരോട് കോപിക്കുന്നവനും, താൻ സ്നേഹിക്കുന്നവരെ ഉപദ്രവിക്കുന്നവർക്ക് ശിക്ഷ നല്കുന്നവനുമാകുന്നു. "പ്രതികാരം ചെയ്യും": ന്യായമായ പ്രതികാരം. നിയമലംഘനം പ്രതികാരത്തെ ആവശ്യപ്പെട്ടു. ശിക്ഷയെ നിയമലംഘനത്തിനൊരു പ്രത്യക്ഷധമായിട്ടാണ് ധർമ്മശാസ്ത്രജ്ഞന്മാർ വ്യവഹരിക്കുന്നത്. നിയമം പൊതുനന്മയ്ക്കുവേണ്ടിയാണ്. അതു ലംഘിക്കുന്നവൻ നിയമപാലനത്തിൽ നിന്നുഭവിക്കുന്ന ഫലം പ്രാപിക്കുന്നില്ല. അതുതന്നെ ഒരു ശിക്ഷയാണ്. എങ്കിലും പരോക്ഷമാണത്. പ്രത്യക്ഷമായ ശിക്ഷയും കൂടാതെ കഴിഞ്ഞുകൂടുകയില്ല. നിയമലംഘനത്തിനെല്ലാം ശിക്ഷ (പ്രതികാരം) ചെയ്യുന്നത് ദൈവമത്രേ. തന്നോടു ചെയ്യുന്ന അധർമ്മങ്ങൾക്കും ഇതര സൃഷ്ടികളോടു ചെയ്യുന്ന അധർമ്മങ്ങൾക്കുമുള്ള ശിക്ഷ അഥവാ പ്രതികാരമെല്ലാം നിർവ്വഹിക്കുന്ന കാര്യം ദൈവം ഏറെറടുത്തിരിക്കയാണ്.

൨. "ദീർഘശാന്തതയുള്ളവൻ": ദൈവം നീതിമാനാകുന്നു. എന്നാൽ അതേ സമയം കാരുണ്യവാനുമാകുന്നു. അവിടുത്തെ കരുണ ഒരിക്കൽ നിനവേക്കാരോടു കാണിച്ചു. വീണ്ടും അവർ അധഃപതിച്ചു; കരുണയെ അമിതമായി പരീക്ഷിക്കുകയായി. അങ്ങനെയുള്ള അധർമ്മപ്രവൃത്തികൾ തുടരുവാൻ അവിടുന്ന് അനുവദിച്ചില്ല. "കൊടുങ്കാറും ചുഴലിക്കാറും": ദൈവത്തിന്റെ അജ്ഞയുടെ ശിക്ഷോപകരണങ്ങളായി പ്രവാചകൻ ഇവയെ ചിത്രീകരിക്കുന്നു. "പൊടിയാകുന്നു": നാം ഉണങ്ങിയ ഭൂമിയിൽക്കൂടി നടക്കുന്നതുപോലെ കർത്താവ് മേഘത്തിൽക്കൂടി സഞ്ചരിക്കുന്നു.

൩. "ഉണക്കിക്കളയുന്നു": കടലിനെ ശാസിച്ച് ഉണക്കിക്കളയുന്നതിനൊരുദാഹരണമത്രേ ഇസ്രായേൽ ജനങ്ങളെ കടത്താൻ ചെങ്കടൽ വകവച്ച സംഭവം. "മസ്റീനും.....ഉണങ്ങിപ്പോയി": മസ്റീനും, കർമ്മേലയും, ലെബ്നാനും യൂദന്മാരുടെ രാജ്യാതിർത്തിയിലെ പർവ്വതങ്ങളാണ്. ഈ വാക്യത്തിൽനിന്ന്, കർത്താവ് യൂദന്മാരോടു കോപിച്ചിരിക്കുന്നുവെന്നു തെറ്റിദ്ധരിക്കരുത്. എന്നാൽ, തിരിഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ശത്രുക്കൾ പലസ്തീനായുടെ അതിർത്തികളെ സമീപിക്കുമ്പോൾ നാശത്തെ അഭിമുഖീകരിക്കും എന്നാണർത്ഥം.

൪. "പർവ്വതങ്ങൾ ഇളകി.....": പർവ്വതങ്ങളും, മലകളും, ഭൂമിയും ഇളകുന്നതുപോലെ നീതിമാനായ കർത്താവിന്റെ മുമ്പാകെ നിനവേക്കാരും അവരെപ്പോലുള്ള ദുഷ്ടന്മാരും ഭയന്നു വിറയ്ക്കുമെന്നു സാരം.

൫. "അറികയും ചെയ്യുന്നു": പ്രസാദിക്കുന്നു; അതിന്റെ ഫലമായി പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു.

൬. "ജലപ്രളയത്താൽ അവൻ അവസാനം വരുത്തും": ബാബേൽക്കാർ തുടങ്ങിയ പ്രതിപക്ഷികളുടെ ആക്രമണത്താൽ— ജലപ്രളയംപോലെ ശീഘ്രതരവും ശക്തിമത്തുമായ ആക്രമണത്താൽ— അസോറായെ നശിപ്പിക്കും. "അന്ധകാരം പിന്തുടരും": അനിഷ്ടസംഭവങ്ങൾ തുടർന്നുണ്ടാകും.

൭. "കർത്താവിനെതിരായി": കർത്താവിന്റെ ജനങ്ങൾക്കും, ഓറെശ്ലെത്തിനും, ദൈവാലയത്തിനും എതിരായി. "രണ്ടാം പ്രാവശ്യം ... പീഡനം":

ആവത്തിച്ചാവത്തിച്ചുള്ള പീഡനം. ആസോറായരെ ഇനി പലേ പ്രാവശ്യമായിട്ടുള്ള പീഡനങ്ങൾ ക്രൂരനെ ഒന്നാകെ ഒരു പ്രാവശ്യമായിത്തന്നെ അടുത്തി വരുത്തുമെന്ന് അർത്ഥം. വേറൊരു തരത്തിൽ വ്യാഖ്യാനിക്കുന്ന പക്ഷം, ആസോറായരിൽ നിന്നു വലിയൊരു പീഡനം ഇസ്രായേൽക്കാർ സഹിച്ചിരിക്കുന്നതിനാൽ, ഇനിയൊരു പീഡനം അവരിൽനിന്ന് തിരിഞ്ഞെടുക്കപ്പെട്ട ജനങ്ങൾക്കുണ്ടാകുന്നതിനു മുമ്പ് ആ പീഡകന്മാർക്ക് നാശം വരുത്തുമെന്ന് അർത്ഥമാക്കാം.

൧൦. "ഉണക്കക്കച്ചിയാൽ": കത്തുപിടിക്കുവാൻ തക്കവിധത്തിൽ മദ്യപാനത്താൽ മത്തു പിടിച്ചിരുന്നു. ദൈവത്തെക്കൊണ്ട് അവരുടെമേൽ ദൈവകോപം ഉണ്ടാകാറായിരുന്ന ആ സമയത്തിൽ പലസ്തീനാ ആക്രമിച്ച ആസോറായരെ കർത്താവിന്റെ മാലാകാ പരാജിതരാക്കിയ സംഭവ (൨ രാജാ. ൧൯. ൪൫. വാ. ൩൬) മത്രേ ഇവിടെ അനുസ്മരിക്കപ്പെട്ടുന്നതെന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു

൧൧. "ദുഷ്ടത ആലോചിക്കുന്നവൻ ... പുറപ്പെട്ടും": ആസോറായരുടെ (അസ്സീയ്യാക്കാരുടെ) ഇടയിൽനിന്ന് കർത്താവിനെതിരായി ഗൂഢാലോചന ചെയ്യുന്ന സൻഹേരിബ് (Sennacherib) പുറപ്പെട്ടും. കർത്താവിന്റെ വിശുദ്ധ നഗരത്തിനും ദൈവാലയത്തിനും എതിരായിട്ടുള്ള ഗൂഢാലോചനയാണ് ഇവിടെ സൂചിപ്പിക്കപ്പെട്ടുന്നത്.

൧൨. "അനുകൂലമായി ഉത്തരം പറകയില്ലെന്നോ?" ഓറെശ്ലെമിനോടു കർത്താവു പറകയാണ്: വിജാതീയർ, വിശിഷ്യ, ആസോറായർ യൂഫ്രട്ടീസ്, ടൈഗ്രിസ് നദികൾ കടന്നുവന്ന് നിന്നെ ആക്രമിക്കയും പീഡിപ്പിക്കയും ചെയ്തിട്ട് കടന്നുകളഞ്ഞു. കഴിഞ്ഞ കാലങ്ങളിൽ നിന്റെ നിലവിളി കേട്ട് ഞാൻ നിന്നെ രക്ഷിച്ചതുപോലെ മേലിലും രക്ഷിക്കയില്ലെന്നോ? നിന്റെ പീഡകരായ ആസോറായർ ഇനി നിന്നെ പീഡിപ്പിക്കയില്ല.

൧൩. "അവന്റെ നുകം ... ഛേദിച്ചുകളയും": ആസോറായക്ക് തിരിഞ്ഞെടുക്കപ്പെട്ട ജനതയിന്മേലുള്ള ആധിപത്യം നീങ്ങിപ്പോകുമെന്നും, സൻഹേരീവ് പ്രഭുതികളുടെ മർദ്ദനവും പീഡനവും അവസാനിക്കുമെന്നും സാരം.

൧൪. "നിനക്കെതിരായി": ആസോറിനെതിരായി, സൻഹേരീവിനെതിരായി. "നിന്റെ നാമത്തിനുവേണ്ടി വിതയ്ക്കപ്പെടുകയില്ല": നിന്റെ നാമം അനന്തരഗാമികൾ വിസ്മരിച്ചുകളയും; നിന്റെ കുടുംബം അന്യം നിന്നുപോകും. സൻഹേരിവിന്റെ പിൻഗാമിയായ സർഹാദോം വാണുവെങ്കിലും അയാളുടെ വംശം അന്യം നിന്നുപോകയാണുണ്ടായത്.

൧൫. "പർവ്വതങ്ങളിൽ": പർവ്വതങ്ങളിൽ വാർത്താവാഹകന്മാരെ നിർത്തിയിരുന്നു. "തിരുനാളുകൾ കഴിക്കുക": യൂദന്മാർക്ക് ഒന്നാം മാസത്തിൽ (നിസാൻ) പെസ്ഹാ ആഘോഷിക്കാൻ സാധിച്ചിരുന്നില്ലെന്ന് വി. ഈസാനിമ്മോസ് ബെർയാമേൻ ഗ്രന്ഥത്തിൽ നിന്നുദ്ധരിക്കുന്നു. സൻഹേരീവ് വധിക്കപ്പെട്ടുവെന്നറിഞ്ഞതിനുശേഷം ൨-ാം മാസത്തിൽ അവർ പെസ്ഹാ ആഘോഷിച്ചു.

൨—൩ അദ്ധ്യായം

ഇടിമിന്നൽപോലെ നിന്നുവേ പട്ടണം വളയുന്നതിനും പട്ടണവാസികളെ ആക്രമിച്ചു സംഹരിക്കുന്നതിനും വന്നടുക്കുന്ന സൈന്യങ്ങൾ (വാ. ൧—൭). നിനുവേ പരിത്യക്തയായിത്തീരുന്നതു് (വാ. ൮—൧൩).

൧. ഭിന്നാധിപൻ നിന്റെ മുമ്പാകെ കയറി. യാമം കാക്കുന്നവനും, വഴി നോക്കുന്നവനും, അര താങ്ങുന്നവനും നിന്റെ മുമ്പാകെ കയറി. അവന്റെ ശക്തി വളരെ പ്രബലപ്പെട്ടിരിക്കുന്നു.

൨. എന്തെന്നാൽ, യാക്കോവിന്റെ മഹത്വം ഞാൻ ഇസ്രായേലിന്റെ മഹത്വം പോലെ പുനഃസ്ഥാപിക്കും. എന്തെന്നാൽ, ജേതാക്കൾ അവരെ ചവിട്ടിമെതിച്ചു. അവരുടെ മുളകളെ അവർ നശിപ്പിച്ചു. [ഏശാ. അ. ൧൦. വാ. ൧൨; ഏറ. അ. ൫൭. വാ. ൫൯.]

൩. അവരുടെ മല്ലന്മാരുടെ പരിചകൾ ചെമന്നിരിക്കുന്നു. മല്ലന്മാരായ മനുഷ്യർ തീപ്പന്തങ്ങൾകൊണ്ടു വിനോദിക്കുന്നു. അവർ യുദ്ധത്തിനൊരുങ്ങുന്ന ദിവസം രഥങ്ങൾ കൊണ്ടു (കളിക്കുന്നു). കുതിരപ്പടയാളികളാകട്ടെ വിസ്മയഭരിതരായിരിക്കുന്നു. [ഏശാ. അ. ൬൩. വാ. ൫, ൬.]

൪. തെരുവീഥികളിൽ അവർ തങ്ങളുടെ രഥങ്ങളെക്കുറിച്ചു് അഭിമാനിക്കുന്നു, പ്രശംസിക്കുന്നു. അവരുടെ ഭാവം പന്തങ്ങൾപോലെ. ഇടിമിന്നൽ പോലെ അവർ പായുന്നു.

൫. അവരുടെ അധികാരികളെ അവർ പിടിക്കുന്നു. അവരുടെ ഗതിയിൽ കാലുതച്ചു പോകുന്നു. കോട്ടയിക്കലേയ്ക്കു് അവർ ത്വരിതഗമനം ചെയ്യുന്നു. അവർ കൊത്തളങ്ങൾ തയാറാക്കുന്നു.

൬. യൂദായുടെ കവാടങ്ങൾ തുറക്കപ്പെട്ടുന്നു. അരമന ഇളകുന്നു.

൭. അവൾ തന്റെ കുതിരപ്പടയാളികളെ ഉത്സാഹിപ്പിക്കുന്നു; അവൾ കയറുന്നു; അവളുടെ ദാസികൾ പ്രാക്കളെപ്പോലെ തങ്ങളുടെ ഹൃദയത്തിൽ വിലപിക്കുന്നു. [ഏശാ. അ. ൩൨. വാ. ൧൨: അ. ൪൩. വാ. ൨൦.]

൮. നിനുവേ വെള്ളത്തടാകം പോലെയാകുന്നു. അതു് ജലാശയമാകുന്നു. അവർ ഒളിച്ചോടുന്നു. നില്ക്കുവിൻ! നില്ക്കുവിൻ! ആരും തിരിഞ്ഞു നോക്കുന്നില്ല.

൯. വെള്ളി അവർ കൊള്ളയിടുക; സ്വർണ്ണം അവർ കൊള്ളയിടുക. അവളുടെ അലങ്കാരത്തിനു് യാതൊരവസാനവുമില്ല. അവളുടെ മനോഹരങ്ങളായ പണ്ടങ്ങളെല്ലാം ഭാരിച്ചവയാകുന്നു.

൧൦. അവൾ മർദ്ദിത, പരാജിത, ഭേദിക്കപ്പെട്ടവൾ; തകർന്ന ഹൃദയം, മുട്ടുകളുടെ കൂട്ടിമുട്ടൽ, അരയിലെല്ലാം വിറയൽ. അവരുടെ മുഖമെല്ലാം വറകലത്തിന്റെ കരിപോലെ കറുത്തിരിക്കുന്നു. [ഏശാ. അ. ൨൧. വാ. ൩, ൪; ദാനി. അ. ൭. വാ. ൨൮; സുനി. അ. ൨. വാ. ൧൩.]

൧൧. സിംഹിയുടെ ഗുഹ എവിടെയാണു്? സിംഹിയുടെ കുട്ടിയുടെ തീററിസ്ഥലം (എവിടെയാണു്)? എന്തെന്നാൽ സിംഹം അവിടെ പ്രവേശിക്കാൻ ചെന്നു; സിംഹക്കുട്ടിയും

(ചെന്ന); ഉപദ്രവിക്കുന്ന ഒരുത്തനും മില്ല.

൧൨. സിംഹം തന്റെ കുട്ടികൾക്ക് മതിയായ ഭക്ഷണം കീറിക്കൊട്ടുത്തു. അവൻ തന്റെ രണ്ടു ഇണകൾക്കായി (ഇര) മുറിച്ചു കൊട്ടുത്തു. അവന്റെ അളകളും ഗുഹയും ഇര കൊണ്ടു നിറഞ്ഞു.

൧൩. ഇതാ ഞാൻ നിനക്കെതിരാകുന്നു (എന്ന്) ബലവാനായ കർത്താവു പറയുന്നു: നിന്റെ സൈന്യങ്ങളെ ഞാൻ പുകകൊണ്ടു നശിപ്പിക്കും. നിന്റെ സിംഹക്കുട്ടികളെ വാൾ ഇരയാക്കും. നിന്റെ കൊള്ളവസ്തുക്കൾ ഞാൻ ഭൂമിയിൽ നിന്നു നശിപ്പിക്കും. പിന്നീട് നിന്റെ ദൂതന്മാരുടെ സ്വരം കേൾക്കപ്പെടുകയുമില്ല. [ഹസ്സി. അ. ൨൯. വാ. ൩൰]

വ്യാഖ്യാനം

൧. "ഭരണാധിപൻ . . . കയറി": നിന്നോടു പട്ടണത്തെ സംബോധന ചെയ്തു പറകയാണു, നിന്റെ ശത്രുവായ ഭരണാധിപൻ (ബാബേൽ രാജാവായിരിക്കാം) നിന്റെ കൺമുമ്പാകെത്തന്നെ നിന്നെയും നിന്റെ അധീനതയിലുള്ള പ്രദേശങ്ങളെയും ആക്രമിച്ചു കീഴടക്കും. "യാമം കാക്കുന്നവനും, വഴി നോക്കുന്നവനും": ആരും രക്ഷപെടാതിരിപ്പാനായി നിന്നെ വളഞ്ഞിരിക്കുന്ന ശത്രു കാവൽക്കാരെ നിറുത്തുമെന്നു സാരം. "അര താങ്ങുന്നവൻ": അര മുറുക്കി യുദ്ധസന്നദ്ധനായി നില്ക്കുന്നവൻ.

൨. "യാക്കോബിന്റെ . . . പുനഃസ്ഥാപിക്കും": യാക്കോബിന്റെ മഹത്വമെന്നതു യൂദായുടെ മഹത്വവും, ഇസ്രായേലിന്റെ മഹത്വമെന്നതു ഇസ്രായേലിലേക്കും ഗോത്രങ്ങളുടെ മഹത്വവുമാകുന്നു. യൂദായെ സൻഹേരിബ് വഴിയായും, ഇസ്രായേലിനെ ശൽമനെസർ വഴിയായും അസോറായർ മർദ്ദിച്ചു. മർദ്ദിക്കപ്പെട്ട രണ്ടു കൂട്ടരെയും കർത്താവ് അധഃപതിച്ച സ്ഥിതിയിൽ നിന്നുയർത്തുമെന്നും, മർദ്ദകന്മാരോടു പ്രതികാരം ചെയ്യുമെന്നും വിവക്ഷ.

൩. "മല്ലന്മാർ": ബാബേൽ (കൽദായ) ക്കാരും, മാദായരും (Medes)— അസോറായരുടെ ശത്രുക്കൾ. "പരിചകൾ ചെമന്നിരിക്കുന്നു": സ്വർണ്ണമയമായ പരിചകൾ. "തീപ്പന്തങ്ങൾ കൊണ്ടു വിനോദിക്കുന്നു": കൊള്ളിവച്ചു നശിപ്പിക്കുന്നു.

൪. "ഭാവം പന്തങ്ങൾ പോലെ": കോപത്താൽ ഉജ്ജ്വലിക്കുന്ന കണ്ണുകളോടുകൂടിയ മുഖം. "ഇടിമിന്നൽപോലെ . . . പായുന്നു": ശത്രുവിന്റെ ആക്രമണത്തെ തടുക്കുവാൻ അസോറായർ പരിഭ്രാന്തചിത്തരായി ഓടി നടക്കുന്നു.

൫. "അധികാരികളെ . . . പിടിക്കുന്നു": സ്വാധീനത്തിലാക്കുന്നു, ആശ്രയിക്കുന്നു, സഹായിക്കുന്നു. "കാലുതച്ചുപോകുന്നു": ആക്രമണം തടുക്കാനുള്ള ബദ്ധപ്പാടിൽ കാൽ വഴുതിപ്പോകുന്നു. "കോട്ടയിങ്കലേയ്ക്ക് ത്വരിതഗമനം ചെയ്യുന്നു": സുരക്ഷിതത്വത്തിനായി, അഥവാ പ്രത്യാക്രമണത്തിന് സൗകര്യമുള്ള ഒരു സ്ഥാനത്തേയ്ക്കായി, അവർ ഓടുന്നു; ശത്രുവിന്റെ ആക്രമണം ഫലപ്പെടാത്ത ഒരു അഭയസ്ഥാനത്തെ, കോട്ടയെ, അഥവാ ഗോപുരത്തെ ലക്ഷ്യമാക്കി ദ്രുതഗതിയിൽ പോകുന്നു.

൬. "അവർ": രാജപത്നി. നിന്നോടു നഗരമെന്നും വിവക്ഷിക്കാം. "ദ്വാരികൾ . . . പ്രവേശിക്കുന്നു": ബന്ദികളായി പിടിക്കപ്പെട്ട സ്ത്രീജനങ്ങൾ എന്നും

രാജ്ഞിയുടെ ദാസികൾ എന്നും അർത്ഥമാക്കാം. നിനെവേ നഗരത്തോടു ബന്ധപ്പെട്ട സ്ഥിതി ചെയ്യുന്ന ഉപനഗരങ്ങളെയും ഇതിനാൽ വിവക്ഷിക്കുന്നതായി വിചാരിക്കാം.

൬. "വെള്ളത്തടാകം": നിനെവേ നഗരത്തിൽ ഒരു ഭാഗത്തെ ശത്രുക്കൾ വെള്ളം കയറി തടാകംപോലെയാക്കി. "ഒളിച്ചോട്ടം": കയറി നിറുത്തിയ വെള്ളം ഭിത്തിയിലേ വിള്ളലുകളിൽക്കൂടി ചോർന്നുപോകുന്നുവെന്നും, അതല്ല, ഒരു മഹാജലകേന്ദ്രം പോലുള്ള മഹാനഗരം ആക്രമിക്കപ്പെട്ടപ്പോൾ ജനങ്ങൾ ഓരോ വഴിയ്ക്കു് ഓടിയൊളിക്കുന്നുവെന്നും ഭാഷ്യകാരന്മാർ പറയുന്നു. "നില്ലുവിൻ, നില്ലുവിൻ": സാമാനങ്ങളുമായി ഒളിച്ചോടിപ്പോകുന്ന സ്വന്തം ജനങ്ങളെ സംഘടിപ്പിച്ചു് ഒരു എതിർനിര സൃഷ്ടിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ തദർത്ഥം പരിശ്രമിക്കുന്നു, അവരെ പിടിച്ചു നിറുത്തുവാൻ പരിശ്രമിക്കുന്നു; എന്നാൽ അവരുടെ പരിശ്രമം വിഫലമായിത്തീരുന്നു.

൯. "വെള്ളി . . . . കൊള്ളയിട്ടു": വെള്ളിയും സ്വർണ്ണവും മറ്റു വിലപിടിച്ച സാമാനങ്ങളും ശത്രുക്കളായ ബാബേൽക്കാർ അപഹരിച്ചു. "അലങ്കാരം": അടിമകാമുകങ്ങളായ പെരുമാറ്റസാമാനങ്ങൾ. യാതൊരളവുമില്ലാത്തവണ്ണം അത്രയധികമാണിദ്ദിശ സാമാനങ്ങൾ.

൧൦. "മർദ്ദിത . . . . ഭേദിക്കപ്പെട്ടവം": നിനെവേ നഗരത്തിന്റെ അധഃപതിച്ച അവസ്ഥയാണിതു്. നഗരത്തിന്റെ ബാഹ്യനാശം ഒന്നു്; ആന്തരിക വീഴ്ചമെല്ലും അസൂമിച്ച അവസ്ഥ വേറൊന്നു്; ഇവയുടെയെല്ലാം ഫലം കണ്ണാടിയിലെന്നവണ്ണം മുഖത്തു പ്രത്യക്ഷമാകുന്നതു് മറെറാന്നു്. ഈ വാക്യത്തിൽ തുടർന്നു കാണുന്നതെല്ലാം ഈ നാശത്തിന്റെ വിശദീകരണമത്രേ.

൧൧. "സിംഹിയുടെ ഗുഹ . . . . ഒരുത്തനുമില്ല": സിംഹിയാൽ ഇവിടെ വിവക്ഷിക്കപ്പെടുന്നതു് നിനെവേ നഗരമാണു്. സിംഹക്കുട്ടി എന്നു നിനെവേ നഗരത്തിലെ ഓരോ പൗരനെക്കുറിച്ചും പറയാം. വിശേഷവിധമായി അസോർ രാജാവിന്റെ കുമാരനെ വിവക്ഷിക്കുന്നു. വാക്യത്തിന്റെ ആദ്യഭാഗത്തു് നിനെവേ നഗരത്തിന്റെയും നഗരവാസികളുടെയും പരാജിതാവസ്ഥയും ഒടുവിലത്തെ ഭാഗത്തു് നിരുപദ്രവാവസ്ഥയും പ്രകാശിപ്പിക്കുന്നു.

൧൨. "സിംഹം": അസോറിന്റെ രാജാവു്. "കുട്ടികൾ": രാജാവിന്റെ മക്കൾ. "ഇണകൾ": രാജാവിന്റെ ഭാര്യമാർ. "അളകളും ഗുഹയും ഇര കൊണ്ടു നിറഞ്ഞു": അയൽ രാജ്യങ്ങളെ കൊള്ളചെയ്തു കിട്ടിയ വസ്തുക്കൾകൊണ്ടു് അസോറായർ സമ്പന്നരായിത്തീർന്നിരുന്നു.

൧൩. "പുകകൊണ്ടു നശിപ്പിക്കും": ഉന്മൂലനം ചെയ്യും. അധർമ്മം പ്രവർത്തിക്കുന്ന നിന്നെ (നിനെവേ നഗരത്തെ അഥവാ അസോർ രാജ്യത്തെ) നിശ്ശേഷം നശിപ്പിക്കും. നിന്റെ കൊള്ളവസ്തുക്കളും പ്രയോജനകരമാകാത്തവിധം നശിപ്പിച്ചു കളയും.

൩–ാം അദ്ധ്യായം

നിനെവേയുടെ മഹാ പാതകങ്ങളും അവൾക്കു വരുന്ന നാശവും (വാ. ൧–൭). നിനെവേയെ യോൻ അമ്മോനോടു താരതമ്യപ്പെടുത്തുന്നു (വാ. ൮–൧൦). നിനെവേക്കാരുടെ ശക്തിക്ഷയം (വാ. ൧൧–൧൯).

൧. രക്തച്ചൊരിച്ചിലുള്ള പട്ടണത്തിനു നാശം! എന്തെന്നാൽ അവൾ മുഴുവനും വ്യാജമാകുന്നു; അവൾ ദുഷ്ടതയാൽ നിറഞ്ഞിരിക്കുന്നു. അവളിൽ മനസ്സാപ പ്രതീതി ഇല്ലതാനും. [ഹബ്ബ. അ. ൨ ര. വാ. ൯.]

൨. ചാട്ടയുടെ സ്വരം, ചക്രങ്ങളുടെ ചലനത്തിന്റെ സ്വരം; കനയ്ക്കുന്ന കുതിരയും, കുതിച്ചു ചാടുന്ന രഥവും.

൩. കുതിരയെ നയിക്കുന്ന കുതിരപ്പടയാളി, തിളങ്ങുന്ന വാൾ, മിന്നുന്ന കുന്തം, കൊല്ലപ്പെട്ടവരുടെ കൂട്ടം, പ്രേതങ്ങളുടെ ആധിക്യം; മൃതശരീരങ്ങൾക്ക് ഒരവസാനവുമില്ല. അവരുടെ മൃതശരീരങ്ങളിന്മേൽ അവർ ഉതച്ചുപോകും.

൪. വിജാതീയരെ തന്റെ വേശ്യാദോഷം വഴിയായും, വംശങ്ങളെ തന്റെ ക്ഷുദ്രപ്രയോഗങ്ങൾ വഴിയായും പോഷിപ്പിക്കുന്നവളും, കാഴ്ചയ്ക്കു സൗന്ദര്യവതിയും ആഭിചാരകന്മാരുടെ നേത്രിയുമായ വേശ്യയുടെ വേശ്യാദോഷാധിക്യം മൂലം [ഏശാ. അ. ൨൩. വാ. ൯, ൧൭; വെളി. അ. ൧൮. വാ. ൨, ൩.]

൫. ഇതാ ബലവനായ കർത്താവാകുന്ന ഞാൻ നിനക്കെതിരായി വരുന്നു: നിന്റെ വസ്ത്രാഗ്രങ്ങൾ ഞാൻ നിന്റെ മുഖത്തു വലിച്ചിട്ടും; നിന്റെ നഗ്നത വിജാതീയരെയും നിന്റെ ലജ്ജ രാജ്യങ്ങളെയും ഞാൻ കാണിക്കും. [ഏശാ. അ. ൨൩. വാ. ൨, ൩.]

൬. നിന്റെമേൽ അശുദ്ധിയെ ഞാൻ വഷ്ടിക്കും. നിന്നെ ഞാൻ അപമാനിക്കും; നിന്നെ ഒരു കാഴ്ചാവിഷയമാക്കിത്തീർക്കയും ചെയ്യും. [മലാ. അ. ൨. വാ. ൯; എബ്രാ. അ. ൧൦. വാ. ൩൩.]

൭. നിന്നെ കാണുന്ന ഏവനും നിന്നെ വെറുക്കും; അവൻ പറയും: നിന്നേ കൊള്ള ചെയ്യപ്പെട്ടു. നിന്നെ ആര് അനുശോചിക്കും? നിനക്കായി ഞാൻ എവിടെ ഒരാശ്വാസദാതാവിനെ അന്വേഷിക്കും? [ഏശ. അ. ൬൩. വാ. ൩; വെളി. അ. ൧൮. വാ. ൧൩.]

൮. നദികളുടെ ഇടയിൽ സ്ഥിതിചെയ്യുകയും, ജലത്താൽ ചുറ്റപ്പെട്ടിരിക്കയും, തന്റെ ശക്തി കടലായിരിക്കയും, തന്റെ കോട്ട ജലമായിരിക്കയും ചെയ്യുന്ന യോൻ അമ്മോനെക്കാൾ നീ ഒരുവേള നല്ലവളായിരിക്കുമോ? [ആമോ. അ. ൧. വാ. ൨.]

൯. കൂശും മെസ്രേനും അവളുടെ ശക്തി. അവൾക്ക് യാതൊരതിർത്തിയുമില്ല. പോത്തായരും, ലെബ്വായരും അവൾക്കു സഹായമായിരുന്നു.

൧൦. അവളും അടിമത്തത്തിൽ പോയി. അവളുടെ മക്കൾ സകല തെരുവീഥികളുടെയും തലയ്ക്കൽ അടിച്ചു ചിന്നഭിന്നമാക്കപ്പെട്ടു. അവളുടെ പ്രഭുക്കന്മാരുടെ മേൽ അവർ ചിട്ടിയിട്ടു. അവളുടെ സകല പ്രധാനികളും ചങ്ങലകളാൽ ബന്ധിക്കപ്പെട്ടു. [സങ്കീ. ൧൪൯. വാ. ൮, ൯.]

൧൧. നീയും നിർഭാഗ്യയും നിന്ദ്യയുമാകും. നീയും നിന്റെ ശത്രുക്കളോട് സഹായം അപേക്ഷിക്കും. [ഏറ. അ. ൨൭. വാ. ൧൦—൨൦.]

൧൨. നിന്റെ കോട്ടകളെല്ലാം അത്തിവൃക്ഷങ്ങളുടെ ആദ്യഫലങ്ങൾ പോലെയാകുന്നു. എന്തെന്നാൽ, വാ കമാകുമ്പോൾ അവ ഭക്ഷിക്കുന്നവന്റെ വായിൽ വീഴുന്നു. [വെളി. അ. ൬. വാ. ൩.]

൧൩. നിന്നിലുള്ള നിന്റെ ജനങ്ങൾ സ്ത്രീകളെപ്പോലെയാകുന്നു. നിന്റെ ദേശത്തിന്റെ വാതിലുകൾ ശത്രുക്കൾക്കു തുറക്കപ്പെട്ടും; നിന്റെ അന്താഴങ്ങളെ അഗ്നി ഇരയാക്കുകയും ചെയ്യും. [ഏറ. അ. ൫൧. വാ. ൩൦.]

൧൪. ഞെരുക്കത്തിൽ നീ വെള്ളം കോരുക. നിന്റെ കോട്ടകൾ ഉറപ്പിക്കുക. ചെളിയിലേയ്ക്കു പ്രവേശിക്കുക, കളിമണ്ണു ചവിട്ടുക. നിന്റെ സമ്പാദ്യങ്ങളെ ഉറപ്പുക്കയും ചെയ്യുക.

൧൫. അവിടെ അഗ്നി നിന്നെ ഭക്ഷിക്കും. വാൾ നിന്നെ നശിപ്പിക്കും. ചിറകില്ലാത്ത വെട്ടുകിളിപോലെ നിന്നെ തിന്നുകളയും. എന്തെന്നാൽ, ചിറകില്ലാത്ത വെട്ടുകിളിപോലെ നീ വർദ്ധിച്ചിരിക്കുന്നു. വെട്ടുകിളിപോലെ നീ പെരുകി. [യൂഷ. അ. ൮. വാ. ൯: അ. ൨. വാ. ൨൭.]

൧൬. ആകാശത്തിലേ നക്ഷത്രങ്ങളെക്കാൾ കൂട്ടതലായി നിന്റെ വർത്തകന്മാരെ നീ വർദ്ധിപ്പിച്ചു. ഇഴഞ്ഞു നടക്കുന്ന വെട്ടുകിളി പടം കൊഴിഞ്ഞു, പറന്നു പോകയും ചെയ്തു.

൧൭. നിന്റെ നസ്രായർ വെട്ടുകിളിപോലെ; നിന്റെ യോദ്ധാക്കൾ തണുപ്പുള്ള ദിവസം വേലിയിന്മേൽ ചേർന്നിരിക്കുന്ന വെട്ടുകിളിപോലെ. സൂര്യൻ ഉദിക്കുമ്പോൾ അതു മാറിപ്പോകും. അതിന്റെ സ്ഥലം പോലും അറിയപ്പെടുകയില്ല. [വെളി. അ. ൯. വാ. ൧.]

൧൮. അസോറിന്റെ രാജാക്കന്മാരായ നിന്റെ സഖാക്കൾ ഉറക്കം തുങ്ങുന്നു. നിന്റെ അയൽക്കാർ വിശ്രമിക്കുന്നു. നിന്റെ ജനങ്ങൾ പർവ്വതങ്ങളിൽ ചിതറിക്കപ്പെട്ടുന്നു. അവരെ സംഘടിപ്പിക്കുന്നവനായി ഒരുത്തനുമില്ല. [സങ്കീ. ൭൬. വാ. ൬; ൧ രാജാ. അ. ൨൨. വാ. ൧൭.]

൧൯. നിന്റെ വിനാശത്തെക്കുറിച്ചു ദുഃഖിക്കുന്നവൻ ഒരുവനുമില്ല. നിന്റെ മുറിവു് വേദനയുള്ളതാകുന്നു. നിന്റെ വൃത്താന്തം കേൾക്കുന്നവരെല്ലാം നിനക്കെതിരായി കൈകൊട്ടും; എന്തെന്നാൽ, എല്ലാ മനുഷ്യരുടെമേലും നിന്റെ തിന്മ എന്നേയ്ക്കുമായി പ്രബലപ്പെട്ടിരുന്നു. [ഏശാ. അ. ൬൩. വാ. ൭; വിലാ. അ. ൨. വാ. ൧൭.]

വ്യാഖ്യാനം.

൧. "രക്തച്ചൊരിച്ചിലുള്ള പട്ടണത്തിനു നാശം": നിനവേയുടെ സ്ഥാപകനായ നെമ്രോദും പിൻഗാമികളും രക്തച്ചൊരിച്ചിൽ കൊണ്ടാണ് തങ്ങളുടെ പ്രാബല്യത്തെ വർദ്ധിപ്പിച്ചിരുന്നത്. 'കർത്താവിന്റെ മുമ്പാകെ ശക്തിയുള്ള നായാട്ടുകാരൻ' എന്നു് ഇയാളെക്കുറിച്ചു് സൃഷ്ടി അ. ൧൦. വാ. ൯—ൽ പറഞ്ഞിരിക്കുന്നു. "മനസ്സാപ പ്രതീതിയില്ല": അനുതാപ പരമായ പരിഹാരം ചെയ്യുന്നതിനും അവർക്കു മനസ്സില്ല, പരിശ്രമമില്ല; അനുതാപബോധമില്ല.

൨. "ചാട്ടയടെ സ്വരം...രഥവും": നിന്വേയുടെ ശത്രുക്കൾ സൈന്യശേഖരത്തോടുകൂടെ വന്ന് ആ നഗരത്തിൽ പ്രവേശിക്കുന്നതിന്റെ അടയാളങ്ങളാണിവ. നബോപ്പൊലാസറിന്റെ കീഴിലുള്ള ബാബേൽ സൈന്യവും ക്യാക്സാറസിന്റെ കീഴിലുള്ള മാദേയ (Medes) സൈന്യവും നിന്വേയെ ആക്രമിച്ചു കീഴടക്കുന്ന രംഗമാണിതു്.

൩. "വിജാതീയരെ . . . വംശങ്ങളെ . . . പോഷിപ്പിക്കുന്നവൾ": നിന്വേ തന്റെ അശുദ്ധ യേയും അധർമ്മത്തേയും സാമന്ത രാജ്യങ്ങളിൽക്കൂടെയും വ്യാപിപ്പിച്ചു. "വേശ്യാദോഷാധിക്യം മൂലം": വ്യഭിചാരദോഷവും, വേശ്യാദോഷാധിക്യവും അതിന്റെ ഫലമായിട്ടുണ്ടാകുന്ന ആഭിചാര പ്രവൃത്തി, കൊലപാതകം ആദിയായവയും മൂലം ദൈവകോപം അവളുടെമേൽ വന്നിരിക്കുന്നു.

൪. "വസ്ത്രാഗ്രങ്ങൾ": വസ്ത്രാലങ്കാരങ്ങൾ. നിന്റെ ബാഹ്യമോടി നിന്നെ മറയ്ക്കുവാൻ പര്യാപ്തമാകയില്ല. "നഗ്നത": രഹസ്യങ്ങളായ മഹാ പാതകങ്ങൾ. നിന്നെ ലോകം വെറുക്കുന്നതിനു് ഈ വെളിപ്പെടുത്തൽ കാരണമാകും. "ലജ്ജ": ധാർമ്മിക ക്ഷതങ്ങൾ, ശാരീരിക ക്ഷതങ്ങൾ, അധോഗതി മുതലായവ.

൫. "അശുദ്ധിയെ വർഷിക്കും": മറുള്ളവർ നിന്റെമേൽ ആക്ഷേപവർഷം ചൊരിയുന്നതിനിടയാക്കും.

൬. "കൊള്ള ചെയ്യപ്പെട്ട . . . ആരാണ് ആശ്വസിപ്പിക്കും?": നിന്വേയുടെ മർദ്ദനമേറിട്ടുള്ള സാമന്ത രാജ്യങ്ങൾ അവളുടെ അധഃപതനത്തിൽ സന്തോഷിക്കും. അനുശോചിക്കുന്നവരായി ആരുമുണ്ടാകയില്ല.

൮. "യോൻ അമ്മോൻ": ഈജിപ്തിലെ തീബ്സ് (Thebes) നഗരം. "ശക്തി കടലായിരിക്കുന്നു": കടൽ എന്നു് ഇവിടെ പറഞ്ഞിരിക്കുന്നതു് നൈൽ നദിയെക്കുറിച്ചാണ്. ഏശാ. അ. ൧൯, വാ. ൫–ലും, ഇൗയോ. അ. ൨൮, വാ. ൧൦–ലും നൈലിനെ കടൽ എന്നു വിളിക്കുന്നുണ്ട്. പലേ വിധത്തിലും നൈൽ നദിമൂലമുള്ള സുരക്ഷിതത്വം യോൻ അമ്മോൻ നഗരത്തിനുണ്ടായിരുന്നു. എങ്കിലും അതും അധഃപതിച്ചു. തീബ്സിന്റെ അധഃപതന വിവരങ്ങൾ ഇപ്പോൾ ബ്രിട്ടീഷ് കാഴ്ചബംഗ്ലാവിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ഒരു രേഖയിൽ കാണുന്നുണ്ട്. Description on the cylinder of Ashurbanipal, a cuneiform document. അമേരിക്കയിൽ നിന്നു പുറപ്പെടുന്ന The Catholic Bibical Quarterly–യുടെ 1949 ജൂലൈ ലക്കത്തിൽ Professor J. Van Doorslaer ഒരു ലേഖനം "യോൻ അമ്മോനെ" വിശ്വസിക്കരിച്ചു് എഴുതിയിട്ടുണ്ട്. അതിൽ നിന്ന് 'യോൻ അമ്മോൻ' നഗരം ചരിത്രപരമായി ഏതിനെയാണ് സൂചിപ്പിക്കുന്നതെന്ന് ഖണ്ഡിതമായൊരു നിഗമനം കിട്ടുന്നില്ല. 'യോൻ അമ്മോൻ' എന്ന് പ്രശീത്താ വിവർത്തനത്തിൽ പറയുന്ന നഗരത്തിന്റെ പേർ 'നൊ അമ്മോൻ' എന്ന് എബ്രായയിലും 'Alexandria Populorum' എന്ന് വി. ഇറനീമ്മോസിന്റെ വിവർത്തനമായ വുൾഗാത്തായിലും കാണുന്നു. ബി. സി. ൩൩൨–ൽ മാസിഡോണിയാക്കാരനായ അലക്സാണ്ടർ ചക്രവർത്തിയാൽ സ്ഥാപിതമായ അലക്സാണ്ട്രിയാ നഗരത്തെ, സ്ഥാപകന്റെ കാലത്തിന് ൩ നൂറ്റാണ്ടുകൾക്കു മുമ്പു ജീവിച്ചിരുന്ന നാഹോം ടിർഹക്കോ ആ പേരിനാൽ സംബോധന ചെയ്യുവെന്ന് വിചാരിക്കാവുന്നതല്ലല്ലോ. 'യോൻ അമ്മോൻ' (എബ്രായയിലേ 'നൊ അമ്മോൻ') തീബ്സിനെയാണ് വിവക്ഷിക്കുന്നതെന്ന് ആദ്യം അഭിപ്രായപ്പെട്ടതു് ബൊക്കാർട്ടും, പിന്നീട് റോസെൻ മുള്ളർ പ്രഭൃതികളുമാണ്. 'അമ്മോൻ' മെസ്രേൻകാരുടെ (ഈജിപ്തുകാരുടെ) ഒരു ദേവനായിരുന്നുവെന്നും, പറവോന്മാരുടെ (ഈജിപ്തിലെ രാജാക്കന്മാരുടെ) ഭരണകാലത്തു് അമ്മോന്റെ പ്രാബല്യം

വർദ്ധിച്ചിരുന്നുവെന്നും നാം അനുസ്മരിക്കണം. ഒരു നഗരത്തിൽ പൂജിക്കപ്പെട്ടിരുന്ന ദേവന്റെ പ്രാബല്യം ആ നഗരത്തിന്റെ രാഷ്ട്രീയ നിലയെ ആശ്രയിച്ചിരുന്നു. 'നോ' ശബ്ദത്തിന്റെ അർത്ഥം നഗരം എന്നാണെന്നും, അതനുസരിച്ച് 'നോ അമ്മോൻ' അമ്മോന്റെ നഗരം എന്നാണ് വിവക്ഷയെന്നും ചിലർ അഭിപ്രായപ്പെടുന്നു. തീബ്സ് നഗരം രണ്ടു പ്രധാന ഘട്ടങ്ങളിൽ ആക്രമിക്കപ്പെട്ടതായി ചരിത്ര രേഖകളിൽനിന്ന് അനുമിക്കേണ്ടിയിരിക്കുന്നു. ഏതായാലും തീബ്സ് വലിയൊരു നഗരമായിരുന്നുവെന്ന് ഗ്രീക്കു മഹാ കവിയായ ഹോമർ അദ്ദേഹത്തിന്റെ 'ഇലിയഡ്' (ix–381–3) എന്ന കാവ്യത്തിൽ പറയുന്നുണ്ട്. തീബ്സ് ഈജിപ്തിന്റെ തലസ്ഥാന നഗരവും രാജകീയസ്ഥാനവുമായിരുന്നത് ബി. സി. ൧൦൦–ാമാണ്ടിനു മുമ്പായിരുന്നുവെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. ഏറ. അ. രണ്ടു. വാ. ൨൪–ൽ സൂചിപ്പിക്കുന്ന 'നോ' (പ്രശീത്തായിൽ അമ്മോൻ) തന്നെയാണ് ഫസ്സിയേൽ അ. ൩൦. വാ. ൧൪–൧൫–ലും (പ്രശീത്തായിലും 'നോ') നാഹോം അ. ൩. വാ. ൮–ലും (പ്രശീത്തായിൽ യോൻ അമ്മോൻ) വിവക്ഷിക്കുന്ന നഗരമെന്ന് പ്രൊഫെസ്സർ ഡ്യൂർസ്റ്റേർ പറയുന്നു. ഏറമ്യാ ൪൯പഞ്ഞ വാക്യത്തിൽ പ്രവചിക്കുന്നതു നിനവേയുടെ അധഃപതനത്തിനും, കാർക്കമീശി (Carchemish) ലേ യുദ്ധത്തിനും ശേഷം സംഭവിച്ച ബാവേൽക്കാരുടെ (നബുക്കട്നാസറിന്റെ) ആക്രമണമത്രേ. ഫസ്സിയേലിന്റെ പ്രവചനവും ഈ സംഭവത്തെയാണ് ഉദ്ദേശിക്കുന്നതു്. എന്നാൽ നാഹോമിന്റെ പ്രവചനമാകട്ടെ നിനവേയുടെ അധഃപതനത്തെക്കുറിച്ചാണ്; അതിൽ സൂചിപ്പിക്കുന്ന 'യോൻ അമ്മോന്റെ' അധഃപതനമാകട്ടെ പലേ സംവത്സരങ്ങൾക്കു മുമ്പു നടന്ന സംഭവമാണ്. അതിനാൽ മൂന്നു പ്രവാചകന്മാരും ഒരേ നഗരത്തെക്കുറിച്ചാണ് പറയുന്നതെന്നും, എന്നാൽ രണ്ടു കാലഘട്ടങ്ങളിൽ നടന്ന വ്യത്യസ്ത സംഭവങ്ങളെയാണ് സൂചിപ്പിക്കുന്നതെന്നും ഡ്യൂർസ്റ്റേർ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം വിവാദവിഷയമായ 'യോൻ അമ്മോൻ' തീബ്സ് നഗരമാകാൻ വഴിയുണ്ടെന്നും, ഈ 'യോൻ അമ്മോൻ' അസോറായ്ക്ക് ആക്രമിക്കാൻ എളുപ്പമില്ലാത്ത സാഹചര്യത്തിൽ സ്ഥിതിചെയ്തിരുന്നുവെന്നുമാണ്. എന്നാൽ ആധുനികന്മാരായ പലേ ചരിത്രപണ്ഡിതന്മാരും, ബൈബിൾ ഭാഷ്യകാരന്മാരും, അടുത്ത കാലത്തു് കണ്ടെടുത്തിട്ടുള്ള ചില രേഖകളെ ആധാരമാക്കി അനുമിക്കുന്നു, നാഹോം വിവക്ഷിക്കുന്ന നഗരം ബി. സി. ൭൫–൭൦ാണ്ടോടടുത്തു് അസോർ രാജാവായ അസ്സർബാനിപ്പാൽ പിടിച്ചടക്കിയ തീബ്സ് (in Upper Egypt) നഗരമാണെന്ന്. — "നല്ലവളായിരിക്കുമോ?": ശക്തിയിലും, മഹിമയിലും, ധർമ്മബോധത്തിലും മികച്ചവളാണോ?

൮. "ക്രൂത്ത്": എത്തിയോപ്പിയാ (Land of Upper–Nile). "മെസ്രേൻ": ഈജിപ്ത്. "പോത്തായർ": ഏഡനു മുമ്പുള്ള ആഫ്റിക്കൻ തീരത്തു വസിക്കുന്നവർ. "ലെവ് വായർ": ഈജിപ്ഷ്യൻ സാമ്രാജ്യത്തിന്റെ പശ്ചിമാതിർത്തികളിൽ വസിക്കുന്നവർ (inhabitants of Libya).

൯. "അവളും അടിമത്തത്തിൽ പോയി": പ്രബല നഗരമായ യോൻ അമ്മോൻ അധഃപതിച്ചെങ്കിൽ നിന്റെ കാര്യം പറയാനില്ല. "മക്കൾ...ചതഞ്ഞ ഭിന്നമാക്കപ്പെട്ടു": കുട്ടികളെ ഭീർഘയാത്ര കഴിപ്പിച്ച് അടിമത്തത്തിൽ കൊണ്ടുപോകാൻ വിഷമമായതിനാൽ അവരുടെ തലകൾ കല്ലിന്മേൽ അടിച്ച് തകർത്തു കളഞ്ഞു.

൧൦. "ശത്രുക്കളോട് സഹായം അപേക്ഷിക്കും": പൂർവ്വശത്രുക്കളായിരുന്ന ഈജിപ്തുകാരോട് സഹായം അപേക്ഷിക്കും. ഈജിപ്തുകാർ അസോറിന്റെ സഹായത്തിനു വന്നെന്ന് ൨ രാജാ. അ. ൨൩, വാ. ൨൯–ലും, ഡോ.

ഗാഡിന്റെ നാളാഗമത്തിലും കാണുന്നുണ്ട്. നിന്വേ പരാജയപ്പെട്ടുന്ന പക്ഷം ബാവേൽ വലിയ ശക്തി പ്രാപിക്കുമെന്നും, അങ്ങനെ ശക്തി പ്രാപിക്കുന്നപക്ഷം അതു തങ്ങൾക്ക് ദോഷമാണെന്നും ഇസ്രയേല്യർ മനസ്സിലാക്കി. മാത്രമല്ല, തങ്ങൾ നൽകുന്ന സഹായത്തിന് പലസ്തീനായും പശ്ചിമസിറിയായും പ്രതിസമ്മാനമായി കിട്ടുമെന്നും അവർ കരുതിയിരിക്കണം.

൨൨. "ആട്ടുഫലങ്ങൾ": നേരത്തേ ഉണ്ടായി പഴുത്തു പാകമായ ഫലങ്ങൾ. പഴുത്ത ഫലങ്ങൾ താഴെ വീഴുന്നതിന് അല്പമൊന്നു കുലുക്കിയാൽ മതി. ഇപ്രകാരംതന്നെ നിന്വേയുടെ പഴയ കോട്ടകളും. ശത്രു അധികം യുദ്ധം ചെയ്യുന്നതിനു മുമ്പുതന്നെ അവ വീഴും. "ഭക്ഷിക്കുന്നവന്റെ വായിൽ": നിന്വേ നഗരത്തെ ആക്രമണത്താൽ വിഴുങ്ങുവാൻ തക്കം നോക്കിയിരിക്കുന്ന ബാവേൽ! (നബോപ്പൊലാസർ) ന്റെ പിടിയിൽ.

൨൩. "സ്ത്രീകളെപ്പോലെ": അബലന്മാർ. "വാതിലുകൾ": ആസോറിന്റെ കിഴക്കും തെക്കുമുള്ള സംരക്ഷണ ക്രമീകരണങ്ങൾ. "അന്യാഴം": പൂട്ട്, ആക്രമണ നിരോധനങ്ങൾ, കോട്ടകൊത്തളങ്ങൾ-

൨൪. "വെള്ളം കോരുക": നിന്നെ ശത്രുക്കൾ വളഞ്ഞു പിടിണിയിട്ടും, ഭാഗത്താൽ വലയ്ക്കും; അതുകൊണ്ടു നേരത്തേതന്നെ ഭക്ഷണപാനീയങ്ങൾ സംഭരിച്ചുകൊൾക. "കോട്ടകൾ ഉറപ്പിക്കുക": ഫാസ്യൂ വാക്കുകളാണിവ. എത്ര പരിശ്രമിച്ചാലും നിങ്ങൾ ഫലമാകുമെന്നു സാരം. "ചെളിയിലേയ്ക്കു...ചവിട്ടുക": കോട്ടകൾ ഉറപ്പിക്കുന്നതിന് ഇഷ്ടികകൾ ഉണ്ടാക്കിക്കൊൾവാൻ പറയുന്നു. പുരാണവസ്തു ഗവേഷകന്മാർ നിന്വേയുടെ വടക്കു കിഴക്കേ ഭാഗത്തുനിന്നും ഉണങ്ങിയ ഇഷ്ടികളും ചുട്ടെടുത്ത ഇഷ്ടികകളും ഇടയിടെ കണ്ടുപിടിച്ചിട്ടുണ്ട്. (See Charles Bache, First Assyrian Level at Tell Billa, Museum Journal, Philadelphia Vol. XIV.)

൨൫, ൨൬. "വ്യാപാരികൾ": സമീപ പ്രദേശങ്ങളിലേ ഏറ്റവും വിലകൂടിയ വസ്തുക്കളെപ്പോലും നിന്വേയിൽ കേന്ദ്രീകരിച്ച കച്ചവടക്കാർ. അസ്സോറായ ജനസമൂഹത്തിലേ മൂന്നു തരക്കാരെയാണു പ്രവാചകൻ ഈ വാക്യങ്ങളിൽ പ്രകാശിപ്പിക്കുന്നതു. പ്രയോജന രഹിതരായ വ്യാപാരികൾ, പുരോഹിതന്മാർ, ആഭിചാരകന്മാർ എന്നീ മൂന്നു കൂട്ടരും ശത്രുവിന്റെ ആഗമനത്തോടെ ഓടിയൊളിച്ചു കളഞ്ഞു. "അറിയപ്പെടുകയില്ല": ഒന്നും അവശേഷിക്കാതെ പറന്നു പോകും.

൨൬. "അസോറിന്റെ": അസ്സീറിയായുടെ.

൨൮. "കൈകൊട്ടും": സന്തോഷത്താൽ ഹസ്തതാഡനം ചെയ്യും. "തിന്മ എന്നേക്കുമായി പ്രബലപ്പെട്ടിരുന്നു": ആക്രമണം, കൂപ്പം, ഉഗ്രവാഴ്ച എന്നിവയാൽ കഷ്ടപ്പെട്ടിരുന്ന സാമന്തരാജ്യങ്ങൾ നിന്റെ (നിന്വേയുടെ) അധഃപതനത്തോടെ സ്വാതന്ത്ര്യം പ്രാപിച്ചു.

വിശുദ്ധ ഗ്രന്ഥം

പഴയനിയമം

ഹവ്ക്കോക്ക്

(Habakkuk)

കേരളത്തിലെ സുറിയാനി

ക. നി. മൂ. സ.

വിവർത്തക സംഘം

പ്രശിത്തായിൽനിന്ന് തർജ്ജമചെയ്ത് വ്യാഖ്യാനസഹിതം

പ്രസിദ്ധീകരിക്കുന്നതു്.

വി. യെഗ. വി. മുദ്രാലയം,

മാന്നാനം.

ഫൻദ്ധം.

Nihil obsta

Fr. Ludovic, T. O. C. D.
Fr. Placid, T. O. C. D.

Imprimi potest

Fr. Vincent of the Bl. Sacrament, T. O. C. D.,
PRIOR GENERAL.

31 Dec. 1949.

Imprimatur

Mgr. J. Kallarakel
Vicar Capitular.

Changanacherry,
Bishop's House,
17th March 1950.

ഹവ്ക്കോക്ക്

(Habakkuk)

പേര്: 'ഹവ്ക്കോക്ക്' ܚܒܩܘܩ എന്ന സുറിയാനി ശബ്ദത്തിനു സമാനമായ എബ്രായശബ്ദം 'ഹബാക്കൂക്ക്' എന്നാണ്. എബ്രായയിലേ ഉകാരം സുറിയാനിയിൽ ഒകാരമായി മാറുന്നതുകൊണ്ടാണ് ഈ വ്യത്യാസം ഉണ്ടായതു്. 'ഹവക്ക്' എന്ന ധാതുവിനു് ആശ്ലേഷിച്ചു, ആലിംഗനം ചെയ്തു എന്നിങ്ങനെ അർത്ഥമുണ്ട്. ഹവ്ക്കോക്ക് ശബ്ദത്തിനു് ആശ്ലേഷിക്കുന്നവൻ, ആലിംഗനം ചെയ്യുന്നവൻ, കൈകൾ കൂപ്പുന്നവൻ എന്നിങ്ങനെ അർത്ഥം കൊടുക്കാം.

സ്ഥലം: ഹവ്ക്കോക്ക് ദിവ്യദർശിയുടെ ചരിത്രത്തെ സംബന്ധിച്ചു് നമുക്കു് വിശദമായ യാതൊരറിവും കിട്ടുന്നില്ല. എപ്പിഫ്വാനിയൂസ് എന്ന പേരിൽ അറിയപ്പെടുന്ന ഗ്രന്ഥകാരൻ (Pseudo-Epiphanius) പറയുന്നു, ബേത്സൂഹത്തിനു തെക്കുപടിഞ്ഞാറുള്ള ബേത്സ്സക്കറിയാ എന്ന ഗ്രാമമായിരുന്നു ഹവ്ക്കോക്കിന്റെ വാസസ്ഥലമെന്നു്. ക്രമക്കുവായ അ. നാ. വാ. നവ–നഹ–ൽ പറയുന്ന പോക്കളം മേല്പറഞ്ഞ സ്ഥലമായിരുന്നു. ഉന്നതമായ ആ സ്ഥലത്തു നിന്നുകൊണ്ടു് പരന്നു കിടക്കുന്ന ദക്ഷിണയൂദെയായെ കണ്ടാനന്ദിക്കാം. ദാനിയേൽ അ. ക്രമ. വാ. നവ–നവ്വ–ൽ പറയുന്ന ദിവ്യദർശിയും ഹവ്ക്കോക്ക് തന്നെ. രണ്ടുപേരും ഒരാൾതന്നെയോ എന്നതിനെപ്പറ്റി തർക്കമുണ്ടു്; വി. പിതാക്കന്മാരിൽ പലരുടെയും അഭിപ്രായം ഒരാൾ തന്നെയാണെന്നത്രേ.

കാലം: ഹവ്ക്കോക്കിന്റെ പ്രവചനം മനശ്ശെയുടെ വാഴ്ചക്കാലത്താണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. യൂദാ രാജാക്കന്മാരിൽ വച്ചു് ഏറ്റവും ദിവ്യകാലം ഭരണം നടത്തിയ ദേഹം മനശ്ശെയത്രേ (ബി. സി. നൽ–നരവ). വിഗ്രഹാരാധന, ക്ഷുദ്രപ്രയോഗം, ദൈവനിന്ദ, എന്നിവ കൂടാതെ സജ്ജനങ്ങളെ പീഡിപ്പിക്കുക, പ്രവാചകന്മാരുടെ ഉപദേശങ്ങൾ അവഗണിക്കുക മുതലായ അധർമ്മങ്ങൾ പ്രവർത്തിച്ചതുമൂലം ദൈവം അയാളെ ശിക്ഷിച്ചു (൨ രാജാ. അ. ൩൩). അയാൾ പശ്ചാത്തപിച്ചു. അക്കാലത്തു്–ബി. സി. നൗറ–നം നൗറ–നം മദ്ധ്യേയാണ് ഹവ്ക്കോക്കിന്റെ പ്രവചനമെന്നു കരുതപ്പെടുന്നു; ചരിത്രസംഭവങ്ങളുടെ സാഹചര്യങ്ങൾ ആകമാനം ഒത്തുനോക്കുമ്പോൾ പ്രവാചകൻ ബി. സി. ൬൦–൭മാണ്ടിനു് അധികം മുമ്പായിരിക്കാൻ പാടില്ലെന്നു കാണാം. മനശ്ശെ രാജാവിന്റെ കാലത്താണെന്നത്രേ പൊതുവേയുള്ള അഭിപ്രായം.

ഉള്ളടക്കം: ദൈവം കൽദായരെ ഉപകരണമാക്കിക്കൊണ്ട് അസോറിനെ ശിക്ഷിക്കുമെന്ന് പ്രവ്യാപിക്കുന്നു. യൂദായെ ശിക്ഷിക്കുമെന്നാണ് പ്രവചനത്തിന് ചിലർ അർത്ഥം കൊടുക്കുന്നത്. ഈ കൽദായർ ആരാണ്? ചിലയിടങ്ങളിൽ ഇവരെ ബാവേൽക്കാർ എന്നു പറഞ്ഞു കാണുന്നു. പ്രാസ് (യൂഫ്രട്ടീസ്) ദെക്ക്ലസ് (ടൈഗ്രിസ്) എന്നീ നദികളുടെ മദ്ധ്യേയുള്ള സമതലമാണല്ലോ മെസോപ്പൊത്തേമിയാ. ബി. സി. ൫൭൦൦ മുതൽ ജനവാസമുള്ളതായിരുന്ന ആ സ്ഥലം. പുരാതനലിഖിതങ്ങളിൽ 'സുമെർ' എന്ന പേർ പറയുന്ന തെക്കു ഭാഗം (ബിറ്റ്ജാക്കിൻ എന്നും പറഞ്ഞിരുന്നു) ഒന്ന്. അതിനു കുറേക്കൂടി വടക്കുമാറി പ്രാസ് (യൂഫ്രട്ടിസ്) ദെക്ക്ലസ് (ടൈഗ്രിസ്) എന്നീ നദികൾ ഏറ്റവും അടുത്തു വരുന്ന ഭാഗം (അക്കാഡ്) വേറൊന്ന്. ഈ ഭാഗത്താണ് ബാവേൽ നഗരം സ്ഥിതി ചെയ്യിരുന്നത്. പേഷ്യൻ ഉൾക്കടൽ തെക്കേ അതിർത്തിയായി സ്ഥിതി ചെയ്യിരുന്ന സുമെർദേശം കാൽഡു ജനങ്ങളാൽ അധിവസിക്കപ്പെട്ടിരുന്നതിനാൽ കാൽഡിയാ എന്നു പറഞ്ഞിരുന്നു. ഇപ്പറഞ്ഞ കൽദായരും, വടക്കു ഭാഗത്തു വസിച്ചിരുന്ന ബാവേൽക്കാരും തമ്മിൽ പലപ്പോഴും യുദ്ധം ചെയ്യുകൊണ്ടിരുന്നു. ബി. സി. ൧൰ നൂറാണ്ടു തുടങ്ങി, പേഷ്യൻ ഉൾക്കടൽ മുതൽ ബാവേൽ വരെയുള്ള ദേശത്തെ മുഴുവനും കാൽഡിയാ എന്നു വിളിച്ചു വന്നിരുന്നു. എന്നാൽ, ബാവേൽ നഗരത്തിന്റെ പ്രാധാന്യത്തെ ആസ്പദമാക്കി ഗ്രീക്കുകാർ ഈ ദേശത്തെ ബാവേൽ എന്നും വിളിച്ചു പോന്നിരുന്നു. അസോറിന്റെ ശിക്ഷോപകരണമായി ദൈവം തിരിഞ്ഞെടുത്ത ആളുകൾ ഇവരത്രേ. അതിനാൽ, കൽദായർ എന്നും ബാവേൽക്കാർ എന്നും ഇവിടെ വ്യവഹരിക്കപ്പെട്ടാലും ഇവർ ഒരു ക്രൂരൻ തന്നെ.

അ. ക്ര. വാ. ൫–൭: പാപവും അനീതിയും അസോറിൽ അഥവാ ചിലരുടെ അഭിപ്രായപ്രകാരം യൂദായിൽ അനുവദിക്കപ്പെട്ടുന്നതെന്തുകൊണ്ടെന്ന് പ്രവാചകൻ ചോദിക്കുന്നു. അ. ക്ര. വാ. ൮–൧൫: ദൈവം തന്റെ ശിക്ഷോപകരണങ്ങളായ കൽദായരെക്കൊണ്ട് അസോറിനെ മർദ്ദിക്കുമെന്നു പ്രത്യുത്തരിക്കുന്നു. അ. ക്ര. വാ. ൧൬– അ. ൨. വാ. ൧: എന്തുകൊണ്ട് കൽദായരെ ശിക്ഷോപകരണമാക്കുന്നു? അവർ ക്രൂരതൽ വഷളന്മാരാണല്ലോ എന്നു പ്രവാചകൻ ചോദിക്കുന്നു. അ. ൨. വാ. ൨–൨൦: പരിത്രാതാവു വരുമെന്നും, മനുഷ്യർ വിശ്വസിക്കയും പ്രത്യാശിക്കയും ചെയ്യണമെന്നും, ശിക്ഷോപകരണങ്ങളായ കൽദായരെത്തന്നെ അവരുടെ ദുർമ്മോഹത്തെക്കുറിച്ചും മറ്റും ശിക്ഷിക്കുമെന്നും ഉത്തരം. അ. ൩. വാ. ൧–൭: ദൈവം അതിവ പ്രാഭവത്തോടെ ലോകത്തെ വിധിക്കാൻ വരുന്നത്. അ. ൩. വാ. ൮–൧൫: ദുഷ്ടന്മാരെ ശിക്ഷാവിധി ചെയ്യുന്നതുമൂലം ദൈവജനം രക്ഷപ്രാപിക്കുന്നത്. അ. ൩. വാ. ൧൬–൧൯: വിശ്വാസത്തോടും ശരണത്തോടും കൂടിയ മനസ്ഥിതിയോടെ വരാൻ പോകുന്ന വിധി പാർത്തിരിക്കണം.

ഹവ്ക്കോക്ക്

—❧—

൧–൩ അദ്ധ്യായം

താനും നീതിമാന്മാരും അനുഭവിക്കുന്ന മർദ്ദനത്തെപ്പറ്റി പ്രവാചകൻ ആവലാതിപ്പെടുന്നു (വാ. ൧–൪). ആക്രമണ വിഭവങ്ങളായ കൽദായരെ ദൈവം അയയ്ക്കുമെന്നുള്ള അരുളപ്പാട് (വാ. ൫–൧൧). സ്വശക്തിയിൽ അഭിമാനം കൊള്ളുന്ന കൽദായരാൽ തിരിഞ്ഞെടുക്കപ്പെട്ട ജനത നശിപ്പിക്കപ്പെടാൻ ദൈവ സമ്മതിക്കുമോ എന്ന് പ്രവാചകൻ ചോദിക്കുന്നു (വാ. ൧൨–൧൭).

പ്രവാചകനായ ഹവ്ക്കോക്ക് കണ്ട ദർശനം:

൨. കർത്താവേ, ഞാൻ എത്ര നാളേയ്ക്കു നിലവിളിച്ചിട്ട് നീ കേൾക്കാതിരിക്കും? പീഡിപ്പിച്ചുപറിക്കാക്കിതിരായി (എത്ര നാളേയ്ക്ക്) ഞാൻ നിന്നെ വിളിച്ചു കേണിട്ടു നീ മോചിക്കാതിരിക്കും? [വിലാ. അ. ൩. വാ. ൮.]

൩. എന്തുകൊണ്ട് ദുഷ്ടതയും വഞ്ചനയും നീ എന്നെ കാണിച്ചു? എന്തുകൊണ്ട് അപഹരണവും തിന്മയും ഞാൻ കാണുന്നു? എന്റെ മുമ്പാകെ വിധിത്തീർപ്പു നടക്കുമ്പോൾ വിധിയാളൻ കൈക്കൂലി വാങ്ങിക്കുന്നു.

൪. ഇതിനാൽ നിയമം മന്ദീഭവിച്ചു; നീതിബോധത്തിൽ വിധിത്തീർപ്പു ചെയ്യില്ല. എന്തെന്നാൽ, ദുഷ്ടൻ നീതിമാനോട് വളരെ കഠിനമായി പെരുമാറി. നെറിവില്ലാത്ത വിധിത്തീർപ്പു നടന്നു. [ഈയോ. അ. ൨൧. വാ. ൬; സങ്കീ. ൯൪. വാ. ൩.]

൫. ധിക്കാരികളേ, നിങ്ങൾ കാണുവിൻ, ഉറ്റു സൂക്ഷിക്കുവിൻ, അത്ഭുതപ്പെടുവിൻ, വിസ്മയിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ നാളുകളിൽ ഞാൻ ഒരു പ്രവൃത്തി ചെയ്യും. (അതു) ആരെങ്കിലും നിങ്ങളോടു വിവരിച്ചു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല. [ഏശാ. അ. ൨൯. വാ. ൧൪; നട. അ. ൧൩. വാ. ൪൧.]

൬. എന്തെന്നാൽ, തങ്ങളുടേതല്ലാത്ത വാസതികളെ കൈവശമാക്കാൻ ഭൂമുഖത്തിൽ ചുറ്റി നടക്കുന്ന ഗർവ്വും ക്രൂരതയുമുള്ള ജനമായ കൽദായരെ ഞാനിതാ ഇളക്കി വിടുന്നു. [ആവർത്ത. അ. ൨൮, വാ. ൪൯, ൫൦; ഏറ. അ. ൫. വാ. ൧൫.]

൭. അവർ ശക്തന്മാരും ഭയങ്കരന്മാരുമാകുന്നു. അവരുടെ വിധി അവരിൽ നിന്നുതന്നെ. അവരുടെ ദർശനം പരിഭ്രമജനകമാകുന്നു.

൮. അവരുടെ കുതിരകൾ രാജാളിപ്പക്ഷികളെക്കാൾ വേഗതയുള്ളവയും സന്ധ്യാസമയത്തെ ചെന്നായ്ക്കളെക്കാൾ ക്രൂരതയുള്ളവയുമാകുന്നു. അവരുടെ കുതിരപ്പടയാളികൾ പറക്കുന്നു; അവരുടെ കുതിരപ്പടയാളികൾ ദൂരത്തു നിന്നു വരുന്നു; ഭക്ഷ്യസാധനത്തിൽ കൊതിയുള്ള കഴുകനെപ്പോലെ അവർ പറക്കും. [ഏറ.

അ. ര. വാ. ൧൩:, അ. ൫. വാ. ൩; സ്സനി. അ. ൩. വാ. ൩.]

൩. എല്ലാവരും കവർച്ചയ്ക്കായി വരുന്നു. അവരുടെ മുഖദർശനം ഭയാനകമാകുന്നു. മണൽപോലെ അവർ തടവുകാരെ ഒന്നിച്ചു കൂട്ടും.

൧൦. അവർ രാജാക്കന്മാരെ നിന്ദിക്കയും, അധികാരികളെ ആക്ഷേപിക്കയും, കോട്ടയാൽ ചുറ്റപ്പെട്ട എല്ലാ പട്ടണങ്ങളെയും പരിഹസിക്കയും, മണ്ണു കൂനയായി കൂട്ടി പിടിച്ചടക്കുകയും ചെയ്യുന്നു.

൧൧. അപ്പോൾ നീ അവരുടെ അതുപിയെ പരിവർത്തനം ചെയ്യും; അതു കടന്നു പോകും. അവരുടെ ശക്തി അവരുടെ ദേവനു വിധേയമാകും. [ദാനി. അ. ൫. വാ. ൨.]

൧൨. എന്തെന്നാൽ, കർത്താവേ, നീ ആദിമുതൽ എന്റെ പരിശുദ്ധനായ ദൈവമാകുന്നു. നീ പ്രമാണത്തിനു വിധേയനല്ല. ന്യായവിധിക്കു അവരെ നീ വിധേയമാക്കി. അവരെ ശാസിക്കുന്നതിനായി എന്നെ നി നിർമ്മിക്കയും ചെയ്തു. [൨ രാജാ. അ. ൧൯. വാ. ൨൪.]

൧൩. തിന്മ ദർശിക്കാൻ കഴിയാത്തവണ്ണം നിന്റെ കണ്ണുകൾ നിർമ്മലങ്ങളാകുന്നു. ദുഷ്ടന്മാരെ വീക്ഷിക്കുന്നതിനു നിനക്കു സാധിക്കയുമില്ല. എന്തുകൊണ്ടു നീ ധിക്കാരികളെ നോക്കിയിരിക്കുന്നു? ദുഷ്ടൻ നീതിമാനെ വിഴുങ്ങുമ്പോൾ എന്തുകൊണ്ടു നീ മൗനമവലംബിച്ചിരിക്കുന്നു? [സങ്കീ. ൩. വാ. ൫; ഏറ. അ. ൧൨. വാ. ൧.]

൧൪. മനുഷ്യരെ നീ സമുദ്രത്തിലേ മത്സ്യങ്ങളെപ്പോലെയും നിയന്താവില്ലാത്ത ഇഴജന്തുവിനെപ്പോലെയും ആക്കി.

൧൫. എന്തെന്നാൽ, എല്ലാം ചൂണ്ടയിൽ കയറുന്നു; വിശ്വ വലയിൽ വലിച്ചെടുക്കപ്പെടുകയും, വലി വലയിൽ ശേഖരിക്കപ്പെടുകയും ചെയ്യുന്നു. (മുക്കുവൻ) അവയെ ശേഖരിച്ചു കഴിയുമ്പോൾ സന്തോഷിക്കയും ആഹ്ലാദിക്കയും ചെയ്യുന്നു. [ഏറ. അ. ൨൯. വാ. ൨൯; ആമോ. അ. ൪. വാ. ൨.]

൧൬. തന്റെ വിശ്വ വലയ്ക്കു അവൻ ബലി കഴിച്ചു, വലി വലയ്ക്കു ധൂമാർപ്പണം ചെയ്തു. എന്തെന്നാൽ, അവ വഴിയായി അവന്റെ ഭാഗം കൊഴുത്തതും, അവന്റെ ഭോജനം വിശിഷ്ടവുമായിത്തീർന്നു. [ആവർത്ത. അ. ൩൨. വാ. ൧൩; ഏശാ. അ. ൧൦. വാ. ൨൯—൩൪.]

൧൭. ആകയാൽ, അവൻ എപ്പോഴും തന്റെ വല വിശ്വുന്നു. ജനപദങ്ങളെ കരുണകൂടാതെ കൊല്ലുന്നു.

വ്യാഖ്യാനം

൨. "നിലവിളിച്ചിട്ടു കേൾക്കാതിരിക്കും": പാപവും അനീതിയും യൂദായിൽ പ്രാബല്യം പ്രാപിച്ചിരിക്കുന്നതിനെക്കുറിച്ചു് അതിന് നിവൃത്തി മാർഗ്ഗമുണ്ടാക്കുവാൻ ഹവ്ക്കോക്ക് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നു. അധർമ്മങ്ങൾ സഹിക്കുന്നയാൾ പ്രവാചകനോ, യൂദായോ, അഥവാ രണ്ടുകൂട്ടരുമോ ആകാം. "പിടിച്ചു പറിക്കാർ": യൂന്മാരാണെന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ടു്. വിജാതീയരും യൂന്മാരുടെമേൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്നവരുമായ ആസോറായരെ ഉദ്ദേശിച്ചാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ൧—൩, ൪—൬ വാക്യങ്ങളോടൊത്തു

നോക്കുമ്പോൾ ഇതു് ആസോറായരെ സൂചിപ്പിക്കുന്നതായി കരുതാനാണ് കൂടുതൽ ന്യായം.

൩. "എന്നെ കാണിച്ചു": കാണുവാൻ എന്നെ അനുവദിച്ചു അഥവാ ഇടയാക്കി. "എന്റെ മുമ്പാകെ വിധിത്തീർപ്പു്": ന്യായവിധികാം എന്റെ ഉക്തിയ്ക്കു് വിഷയീഭവിച്ചു. നീതിപൂർവ്വം വിധിത്തീർപ്പു നടത്തേണ്ടവർ കൈക്കൂലി വാങ്ങിച്ചും മുഖം നോക്കിയും അനീതിയായി വിധി ചെയ്യു. വേലിതന്നെ വിളവു തിന്നാൻ തുടങ്ങിയാൽ പിന്നെയെന്താണ്! അധർമ്മത്തിന്റെ പാരമ്യം!

൪. "നിയമം": മൂശെയുടെ ന്യായപ്രമാണം. മതപരവും രാഷ്ട്രീയവുമായ നിയമങ്ങളെല്ലാം മൂശെയുടെ നിയമസംഹിതയിലുണ്ട്.

൫. ഈ വാക്യം തന്നെയാണ് വി. പൗലോസു്, ശ്ലീഹന്മാരുടെ നടപടികളിൽ (അ. പ്രവൃ. വാ. ൧൩.) ഉദ്ധരിച്ചു കാണുന്നതു്. മിശിഹായുടെ അത്ഭുതാവഹമായ ഉത്ഥാനത്തേയും, തിരഞ്ഞെടുക്കപ്പെട്ടവരെങ്കിലും തന്നിൽ വിശ്വസിക്കാത്ത യൂദന്മാരെ പരിത്യജിച്ചിട്ടു് വിശ്വസിക്കുന്നവരായ വിജാതീയരെ വിളിക്കാൻ പോകുന്നതിനേയും കുറിച്ചു് ശ്ലീഹാ പറയുന്നു. തിരഞ്ഞെടുക്കപ്പെട്ടവരെങ്കിലും അധർമ്മം പ്രവർത്തിക്കുന്ന യൂദായെ കൽദായർ വഴിയായി ശിക്ഷിക്കാൻ പോകുന്ന ഭയങ്കര വസ്തുത പ്രവാചകൻ ഇവിടെ പ്രസ്താവിക്കുന്നു.

൬. "കൽദായർ": ഉപക്രമത്തിൽ കൊടുത്തിരിക്കുന്ന 'ഉള്ളടക്കം' കാണുക. നബുക്കദ്നാസറിന്റെ നേതൃത്വത്തിൽ ആട്ടം വന്ന കൽദായ സൈന്യം യൂദാ രാജാവായ യോയാക്കീമിനെതിരായി യുദ്ധം ചെയ്തു് നൈൽ നദിവരെയുള്ളവയെല്ലാം പിടിച്ചടക്കി. പിന്നീടു് യൂദാ രാജാക്കന്മാരായ യൊയാക്കീൻ, സേദെക്യാ എന്നിവർക്കെതിരായി യുദ്ധം ചെയ്തു് ബി. സി. ൫൯൭-ൽ ജറുസ്സലേം പട്ടണത്തെ അധീനപ്പെടുത്തിച്ചു (൨ രാജാ. അ. ൨൪–൨൫). "ഇളക്കി വിടുന്നു": ഉപകരണമാക്കുന്നു. "വസതികൾ": ഭവനങ്ങളും നഗരങ്ങളും. "ഭൂപ്പരപ്പിൽ": അയൽ രാജ്യങ്ങളിലും വിദൂരദേശങ്ങളിലും.

൭. "വിധി അവരിൽനിന്നുതന്നെ": നീതിയുടെയും ധർമ്മത്തിന്റെയും മാനദണ്ഡം അവർ നിശ്ചയിക്കുന്നതാണ്.

൮. "സന്ധ്യാസമയത്തെ ചെന്നായ്ക്കളെക്കാൾ": ചെന്നായ്ക്കൾ സന്ധ്യാസമയത്താണ് പ്രായേണ അവയുടെ വാസസ്ഥാനങ്ങളിൽനിന്ന് പുറപ്പെടുന്നതു്. വിശപ്പിന്റെ അത്യുഗ്രതയിലെത്തിയിരിക്കുന്ന ആ സമയം ക്രൂരതയുടെ പ്രകടനാവസരമാകുന്നു. "കൊതിയുള്ള കഴുകനെപ്പോലെ": ശത്രുക്കളുടെ വസ്തുവകകൾ കവർച്ച ചെയ്യാനുള്ള അത്യാർത്തിയോടെ വേഗത്തിൽ വന്നടുക്കുന്നവരും ആക്രമിക്കുന്നവരുമായ കൽദായർ കഴുകനോടു് സാദൃശ്യം വഹിക്കുന്നു.

൯. "രാജാക്കന്മാരെ നിന്ദിക്കുന്നു": കൽദായർ ശത്രുരാജാക്കന്മാരോടു് അതിനിന്ദ്യമായും ക്രൂരമായും പെരുമാറിയതിനുദാഹരണമത്രേ യൂദാരാജാവായ സേദെക്യായെ അന്ധനാക്കിയ സംഭവം. "മണ്ണു കുന്നായി കൂട്ടി": ശത്രുക്കളുടെ പ്രബലമായ പ്രാകാരങ്ങളെ തകർക്കുവാനായി അവയ്ക്കടുത്തു് വീതിയിലും ഉയരത്തിലും മണ്ണു കൂട്ടി സുകരമ്യമാംവിധം ആക്രമണം നടത്തിയിരുന്നു.

൧൦. "അരുപിയെ പരിവർത്തനം ചെയ്യും; അതു കടന്നുപോകും": കൽദായ (ബാബേൽ) രാജാവിന്റെ അരുപിയെ പരിവർത്തനം ചെയ്യും. കൽദായരുടെ, വിശിഷ്യ, അവരുടെ രാജാവായ നബുക്കദ്നാസറിന്റെ അഹങ്കാരത്തിനും അധർമ്മത്തിനും ശിക്ഷ നൽകിയതായി ദാനി. അ. ൪–ൽ പറയുന്ന സംഭവമാണ് ഇവിടെ അനുസ്മരിക്കപ്പെടുന്നതു്. രാജാവിന്റെ അരുപി അയാളെ വിട്ടുമാറുകയും, അയാൾ പെട്ടെന്ന് മൃഗമായിത്തീർന്ന് മൃഗങ്ങളുടെ ഇടയിൽ ചെന്ന് പുല്ലു തിന്നുകയും ചെയ്ത സംഭവം.

൧൩. "അവരെ നീ വിധേയമാക്കി": യൂദാ ഉൾപ്പെടെ അനേക രാജ്യങ്ങളോടും ജാതികളോടും ചെയ്ത അധർമ്മങ്ങളെക്കുറിച്ച്, ദൈവമേ, കൽദായരെ നീ ശിക്ഷയ്ക്കു വിധേയരാക്കി. "ശാസിക്കുന്നതിനായി": അവരുടെ ശിക്ഷയെ മുന്നറിയിക്കുന്നതിനായി.

൧൪. "ദുഷ്ടന്മാരെ വീക്ഷിക്കുന്നതിന്": ദുഷ്ടന്മാരുടെ പ്രവൃത്തികൾ അംഗീകരിക്കുന്നതിന്. "നീതിമാനെ": ദുഷ്ടത കുറഞ്ഞവനെ, അഥവാ ദുഷ്ടനേക്കാൾ നീതിമാനായവനെ.

൧൫. "മത്സ്യങ്ങളെപ്പോലെ": മത്സ്യങ്ങളെയെല്ലാം പിടിച്ചു കൊല്ലപ്പെടുത്തുക്കുവണ്ണം അശക്തരാക്കിത്തീർത്തു. "നിയന്താവില്ലാത്ത": സഹായകനും സംരക്ഷകനുമില്ലാത്ത അഥവാ ശത്രുക്കളോടെതിർക്കാൻ പ്രാപ്തിയില്ലാത്ത.

൧൭. "വീശുവല": കൈകൊണ്ടു വീശുന്ന വൃത്തത്തിലുള്ള വല. മത്താ. അ. ൪. വാ. ൧൮–ൽ പറയുന്നതു വീശുവലയിൽത്തന്നെ വലിയ തരത്തെക്കുറിച്ചാണ്. വീശു വലയിൽ പിടിക്കുന്നതായി ഇവിടെ കാണുന്ന സൂചന, നബൂക്കദ്നേസറിന്റെ നേതൃത്വത്തിലുള്ള കൽദായർ കയ്യേക്കുകൊണ്ടു ശത്രുക്കളെ പരാജയപ്പെടുത്തുന്നതിനെ ഉദ്ദേശിച്ചാണ്. "വലിവല": മത്താ. അ. ൧൩. വാ. ൪–ൽ പറയുന്ന തരം വലയാണ്. കരബലത്താലെന്നതിനേക്കാൾ ചതിയും, വഞ്ചനയും, സൂത്രവും കൊണ്ടു ശത്രുക്കളെ കീഴ്പെടുത്തുന്ന സംഗതിയാണിവിടെ സൂചിപ്പിക്കുന്നതു.

൧൮. "ബലി കഴിച്ചു": വീശുവലയ്ക്കു ബലി കഴിച്ചു എന്നതിനാൽ വിവിക്ഷപ്പെടുന്നതു കൽദായർ തങ്ങളുടെ ദേവനു ബലി കഴിച്ചുവെന്നാണെന്നു വി. ഈറാനീമോസും ക്രൂട്ടരും പ്രസ്താവിക്കുന്നു. മത്സ്യമായി രൂപാന്തരപ്പെട്ട ഒരു ദേവിയ്ക്കാണ് ബലി ചെയ്തതെന്നു ചിലരും, ദാഗോൻ എന്ന ശബ്ദത്തിന് എബ്രായയിൽ മത്സ്യം എന്നർത്ഥമുണ്ടെന്നും, അതിനാൽ പലസ്തീനാക്കാരുടെ ദേവനായ ദാഗോന് ബലി കഴിച്ചതിനെയാണിവിടെ സൂചിപ്പിക്കുന്നതെന്ന് വേറെ ചിലരും അഭിപ്രായപ്പെടുന്നു. "കൊഴുത്തതായി...തിരിഞ്ഞെടുക്കപ്പെട്ടതായി": പരാജിതരായ ജാതികളുടെ നല്ലതും വിലപിടിച്ചതുമായ വസ്തുവകകൾ അവർ കവർന്ന് സമ്പന്നരായിത്തീർന്നു.

൨–ാം അദ്ധ്യായം

മുപടി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന പ്രവാചകനോടു ദൈവം സമാധാനം പറയുന്നു (വാ. ൧–൨). കർത്താവിനോടു വിശ്വസ്തരായി പെരുമാറുന്ന ജനങ്ങൾ ജീവിക്കും; അവിശ്വസ്തരും അഹങ്കാരികളും ജനപദങ്ങളെ കീഴടക്കുന്നവരുമായ (കൽദായർ) നിലനില്ക്കുകയില്ല (വാ. ൪, ൫). ഇതര രാജ്യക്കാരോടു ചെയ്ത അധർമ്മത്തിനും, വിഗ്രഹാരാധനയ്ക്കുമുള്ള ശിക്ഷ ദൈവം അവർക്കു നൽകും (വാ. ൬–൨൦). കർത്താവു തന്റെ വിശുദ്ധാലയത്തിൽ (വാ. ൨൦.)

കാല്പിന്മേൽ ചവിട്ടിക്കൊണ്ടു ഞാൻ എന്റെ സ്ഥലത്തു നില്ക്കും. എന്നോടു എന്തു സംസാരിക്കുമെന്നും, എന്റെ ആരോപണത്തിന് എന്നോടു എന്തു ഉത്തരം പറയുമെന്നും ഞാൻ സൂക്ഷ്മമായി ദർശിക്കും. [സങ്കീ. ൫൯. വാ. ൫; ഏശാ. അ. ൨൧. വാ. ൫, ൬.]

൨. കർത്താവു എന്നോടു ഉത്തരമായി പറഞ്ഞു: ദർശനം നീ എഴുതു

ക; അതു വായിക്കുന്നവൻ വേഗത്തിൽ വായിക്കത്തക്കവിധം നീ എഴുത്തു ഫലകകളിന്മേൽ വ്യക്തമായി രേഖപ്പെടുത്തുക. [ഏശാ. അ. ൮. വാ. ൧: അ. ൩൦. വാ. ൮.]

൩. എന്തെന്നാൽ, ദർശനം അതിന്റെ സമയത്തു് സംഭവിക്കും, അവസാനം വരും; വ്യാജമാകയില്ല. വിളംബമുണ്ടാകുമെങ്കിൽ നിങ്ങൾ നിരുത്സാഹരാകരുതു്. എന്തെന്നാൽ, അതു വേഗം സമാഗതമാകും, താമസമുണ്ടാകയില്ല. [ദാനി. അ. ൧൦. വാ. ൧൪: അ. ൧൮. വാ. ൨൫, ൩൫; എബ്രാ. അ. ൧൦. വാ. ൩൭.]

൪. അവന്റെ ആത്മാവു് ഉള്ളിൽ പ്രസാദിക്കുന്നില്ല; നീതിമാൻ വിശ്വാസത്തിൽ ജീവിക്കുന്നു. [യോഹ. അ. ൩. വാ. ൩൬; റോമാ. അ. ൧. വാ. ൧൭; ഗാലാ അ. ൩. വാ. ൧൧; എബ്രാ. അ. ൧൦. വാ. ൩൮.]

൫. ധിക്കാരിയും അത്യാഗ്രഹിയുമായ മനുഷ്യൻ തൃപ്തിപ്പെടുന്നില്ല. എന്തെന്നാൽ, അവൻ തന്റെ ആത്മാവിനെ പാതാളംപോലെ വിസ്തൃതമാക്കി. മരണത്തെപ്പോലെ തൃപ്തനാകാതിരിക്കുന്നു. അവൻ തന്റെ പക്കൽ സകല ജാതികളെയും കൂട്ടി; തന്റെ പക്കലേയ്ക്കു് സകല ജനപദങ്ങളെയും അടുപ്പിച്ചു. [സുഭാ. അ. ൨൭. വാ. ൨൦: അ. ൩൦. വാ. ൧൬.]

൬. ഈ സുഭാഷിതങ്ങളും, ഉപമകളും, കടങ്കഥകളുമെല്ലാം അവർ അവനെതിരായി സ്വീകരിക്കും. അവർ പറയും: തന്റേതല്ലാത്തതു് അധികമായി ശേഖരിക്കുന്നവനു് നാശം! ഏതു നാളത്തേയ്ക്കു് അവൻ തന്റെമേൽ ചെളിയുടെ കാർമേഘത്തെ വർദ്ധിപ്പിക്കും? [മീകാ അ. ൨. വാ. ൬.]

൭. ഇതാ നിന്നെ കടിക്കുന്നവർ ഝടുതിയിൽ എഴുന്നേല്ക്കും. നിന്നെ ഇളക്കുന്നവർ ഉണരും. നീ അവക്കു് കവർച്ചാവിഷയമാകയും ചെയ്യും.

൮. അനേകം ജാതികളെ കൊള്ള ചെയ്തതിനാൽ, ശേഷിച്ചിരിക്കുന്ന ജാതികൾ നിന്നെ കൊള്ള ചെയ്യും. മനുഷ്യ രക്തച്ചൊരിച്ചിൽ കാരണത്താലും, ദേശത്തെയും നഗരത്തെയും അതിലേ സകല നിവാസികളെയും കവർച്ച ചെയ്തതു കാരണത്താലും (അവർ നിന്നെ കൊള്ള ചെയ്യും). [ഏശാ. അ. ൩൩. വാ. ൧.]

൯. തെരുക്കുകയും, തനിക്കായി തിന്മ സംഭരിക്കയും ഉപദ്രവത്തിൽ നിന്നു രക്ഷപെടുവാൻവേണ്ടി ഉന്നതത്തിൽ കൂടു വയ്ക്കുകയും ചെയ്യുന്നവനു് ദുരിതം! [ഏറ. അ. ൨൨. വാ. ൧൩.]

൧൦. നിന്റെ ഭവനത്തിനായി നീ അപമാനം ആലോചിച്ചു; അനേകം ജാതികളെ കുത്തിക്കുലുക്കയും നിന്നെത്തന്നെ നീ പിഴപ്പിക്കയും ചെയ്തു.

൧൧. എന്തെന്നാൽ, കല്ലു് ഭിത്തിയിൽ നിന്നു് നിലവിളിക്കുന്നു; ആപ്പു് തടിയിൽ നിന്നു് ഉത്തരം പറയുന്നു.

൧൨. രക്തത്താൽ പട്ടണം പണിയുകയും, ദുഷ്ടതയാൽ നഗരം സ്ഥാപിക്കയും ചെയ്യുന്നവനു് ദുരിതം! [ഏറ. അ. ൨൨. വാ. ൧൩; മീകാ അ. ൩. വാ. ൧൦; നാഹോം അ. ൩. വാ. ൧.]

൧൩. ഇവയെല്ലാം ബലവാനായ കർത്താവിൽനിന്നു് (ആകുന്നു). ജനപദങ്ങൾ അഗ്നിയാൽ തെരുക്കപ്പെട്ടും. ജാതികൾ വ്യർത്ഥതയിൽ ക്ഷീണിക്കും. [ഏറ. അ. ൫൧. വാ. ൫൮.]

൧൪. എന്തെന്നാൽ, സമുദ്രത്തെ മൂടുന്ന ജലംപോലെ കർത്താവിന്റെ

മഹത്വത്തിന്റെ അറിവുകൊണ്ട് ഭൂമി നിറയും. [സം. അ. ൧൪. വാ. ൨൧; ഏശാ. അ. ൧൧. വാ. ൯: അ. ൬൩. വാ. ൭, ൽ.]

൧൫. അവരുടെ നഗ്നതയെ ഉറ്റു നോക്കുന്നതിനായി തന്റെ ക്രുദ്ധകാരനെ ക്രോധത്തിന്റെ മദ്യം കുടിപ്പിച്ച് അവനെ മത്തു പിടിപ്പിക്കുന്നവന് നാശം! [സ്യ. അ. ൯. വാ. ൨൨; ഹോശാ അ. ൈ. വാ. ൭.]

൧൬. ബഹുമാനത്തെക്കാൾ അപമാനംകൊണ്ടു നീ നിറഞ്ഞു. നീയും കുടിച്ചുകൊൾക, വലഞ്ഞു വശാകുക. കർത്താവിന്റെ വലത്തു കരത്തിന്റെ പാനപാത്രം നിന്റെ മേൽ തിരിച്ചു വരും; നിന്റെ മഹത്വത്തിന്മേൽ അപമാനവും. [പീലിപ്പോ. അ. ൩. വാ. ൧൯; ഏറ. അ. ൨൭. വാ. ൨൯—൩൯.]

൧൭. എന്തെന്നാൽ, ലെബ്നാന്റെ കവർച്ച നിന്നെ മൂടും. മൃഗാപഹരണം നിന്നെ വിഷമിപ്പിക്കും. മനുഷ്യരക്തച്ചൊരിച്ചിൽ കാരണത്താലും, ദേശത്തെയും നഗരത്തെയും അതിലെ സകല നിവാസികളെയും കവർച്ച ചെയ്തതു കാരണത്താലും തന്നെ.

൧൮. ശില്പി കൊത്തിയെടുത്ത വിഗ്രഹംകൊണ്ടെന്തുപകാരം? വാർത്തെടുത്ത വിഗ്രഹവും വ്യാജപഠനമാകുന്നു. എന്തെന്നാൽ, മൂകമായ ബിംബമുണ്ടാക്കുന്നതിന് ശില്പിയുടെ ഹൃദയം അതിനെ ആശ്രയിച്ചു. [ഏശാ. അ. ൪൪. വാ. ൯, ൧൦: അ. ൪൬. വാ. ൬; ഏറ. അ. ൧൦. വാ. ൧൪; സ്സ്റ്ററി. അ. ൧൦. വാ. ൬; ൧ കോറ. അ. ൧൨. വാ. ൨.]

൧൯. തടിയോട് ഉണരുക എന്നും, മൂകമായ കല്ലിനോട് എഴുന്നേല്പുക എന്നും പറയുന്നവനു ദുരിതം! സ്വർണ്ണം പൊതിഞ്ഞിട്ടുണ്ടെങ്കിലും അവ വ്യർത്ഥമാകുന്നു. അവയ്ക്ക് ആത്മാവില്ല. [സങ്കീ. ൧൩൫. വാ. ൧൫.]

൨൦. കർത്താവ് തന്റെ വിശുദ്ധാലയത്തിൽ; ഭൂമി മുഴുവനും അവന്റെ മുമ്പാകെ ഇളകട്ടെ. [സങ്കീ. ൧൧. വാ. ൪; സ്സ്റ്ററി. അ. ൨. വാ. ൧൩.]

വ്യാഖ്യാനം

൧. "കല്ലിന്മേൽ ചവിട്ടിക്കൊണ്ട്": പൊങ്ങിയ സ്ഥലത്തുനിന്ന് സൂക്ഷ്മവീക്ഷണം ചെയ്യുന്ന വസ്തുത ആലങ്കാരികഭാഷയിൽ പറയുന്നതായിക്കരുതാം. 'മാർ ഏലിയാ'ഇന്റെ പടിഞ്ഞാറുള്ള ഹവ്ക്കോക്ക് മലയിൽ പോയി അതിന്റെ ഉയരത്തിൽ നിന്നുകൊണ്ട് ദൈവത്തിന്റെ ഉത്തരം പാർത്തിരിക്കുന്നതായും വിചാരിക്കാം. "ഉത്തരം": തങ്ങളുടെ വിജയം സ്വന്തം പരാക്രമവിശേഷത്താലും വിഗ്രഹങ്ങളുടെ ശക്തിയാലും സിദ്ധിച്ചതാണെന്നു വിചാരിച്ച് അഹങ്കരിക്കുന്ന കൽദായർ (ബാവേൽക്കാർ) അധർമ്മത്തിൽ കുറഞ്ഞവരായ തിരിഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ മേൽ വിജയം വരിപ്പാൻ കാരണമെന്ത്? ദുഷ്ടന്മാർ അഭിവൃദ്ധി പ്രാപിക്കുന്നതെന്തുകൊണ്ട്? ഇതാണ് പ്രവാചകന്റെ പ്രശ്നം. ഇതിനുള്ള ഉത്തരമാണ് അദ്ദേഹം പ്രതീക്ഷിച്ചിരിക്കുന്നത്.

൩. "അവസാനം വരും": നബൂക്കദ്നേസരിന്റെ പ്രാബല്യം, ബാവേൽ സാമ്രാജ്യം, യൂദന്മാരുടെ ബാവേൽ അടിമത്തം എന്നിവയ്ക്കു അവസാനമുണ്ടാകും.

൪. "വിശ്വാസത്താൽ": കുറച്ചുകൂടി സൂക്ഷ്മമായിപ്പറഞ്ഞാൽ, "വിശ്വസ്തതയാൽ" എന്നു ഗ്രഹിക്കേണ്ടിയിരിക്കുന്നു. പഴയ നിയമത്തിൽ വിശ്വാസ്യ സത്യങ്ങളെക്കാൾ വിശ്വാസത്തിനനുസൃതങ്ങളായ പ്രവൃത്തനങ്ങളായിരുന്നു പ്രധാനം. അന്നത്തെ വിശ്വാസസംഹിത തീരെ ചെറുതായിരുന്നു. പ്രവാചകന്മാർ കൂട്ടുതൽ പ്രേരണ ചെലുത്തേണ്ടിയിരുന്നതു വിശ്വാസത്തിന്റെ പ്രാവർത്തികവശത്തായ രുന്നു. വി. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ പലേടത്തും (റോ. അ. ൧. വാ. ൧൭; ഗാലാ. അ. ൩. വാ. ൧൧; എബ്രാ. അ. ൧൦. വാ. ൩൮-൩൯) ഈ ആശയം കാണുന്നുണ്ട്. പുതിയ നിയമത്തിലാകട്ടെ വിശ്വാസസംഹിത കൂട്ടുതൽ വിപുലമാണ്. ഏതായാലും ശരി, പഴയ നിയമത്തിലും പുതിയ നിയമത്തിലും വിശ്വാസമാണ് എല്ലാറ്റിന്റെയും അടിസ്ഥാനമായിരിക്കുന്നതു്.

൫. "ധിക്കാരിയും അത്യാഗ്രഹിയുമായ മനുഷ്യൻ": നബുക്കട്നാസർ. ധിക്കാരിയും അത്യാഗ്രഹിയും ശപ്തിഷ്ണുമായ മനുഷ്യൻ എത്രയെത്ര രാജ്യങ്ങൾ പിടിച്ചടക്കിയാലും തൃപ്തിപ്പെട്ടുന്നില്ല. അപ്രകാരംതന്നെ മഹാ ജേതാവായിത്തീർന്ന നബുക്കട്നാസർ അനേകമനേകം രാജ്യങ്ങൾ പിടിച്ചടക്കുകയും, കൊള്ളവസ്തുക്കൾ അനുഭവിക്കയും ചെയ്തിട്ടും തൃപ്തി വരാഞ്ഞവനത്രേ. "പാതാളംപോലെ വിസ്തൃതമാക്കി": കൂടുതൽ വിഴുങ്ങാനുള്ള ആസക്തി പ്രത്യക്ഷമാക്കി. ആദ്യ ഭാഗത്തിന്റെ വിശദീകരണമാണിതു്.

൬. "സുഭാഷിതങ്ങൾ ... ഉപമകൾ, കടങ്കഥകൾ": വിശേഷ തരങ്ങളും, സൂക്ഷ്മങ്ങളും ആശ്ചര്യാവഹങ്ങളും ഗഹനങ്ങളുമായ വാക്യങ്ങളെയും, ചൊല്ലുകളെയും, സംഭവങ്ങളെയും, എബ്രായർ സുഭാഷിതങ്ങൾ, ഉപമകൾ, കടങ്കഥകൾ ഏന്നിങ്ങനെ വ്യവഹരിച്ചിരുന്നു. നബുക്കട്നാസർ മൂലമായിത്തീർന്നതും, ബെൽത്ത്ശാസറിനുണ്ടായ ഭയങ്കരദർശനവും അയാളുടെ വധവും സാമ്രാജ്യത്തിന്റെ ശൈഥില്യവുമെല്ലാം അന്യോപദേശങ്ങളിൽപ്പെടുന്നു. "തന്റെതല്ലാത്തതു് ശേഖരിക്കുന്നവന്": ഇതര രാജ്യങ്ങളെയും ജനപദങ്ങളെയും കൊള്ള ചെയ്യുന്ന കൽദായക്കു്. "ചെളിയുടെ കാർമേഘം": ചെളിപോലെ ആത്മാവിനെ ഭാരിച്ചിക്കയും മലീമസമാക്കുകയും ചെയ്യുന്ന കൊള്ളവസ്തു. അഭിയോഗിയുടെ പിടിയിൽനിന്ന് വഴുതിമാറുവാൻ കായികാഭ്യാസികൾ ഉപയോഗിച്ചിരുന്ന ഒരു തരം ലേപനവസ്തുവിനെയാണിവിടെ സൂചിപ്പിക്കുന്നതെന്ന് ഒരു ഗ്രന്ഥകാരൻ പറയുന്നു. ഈ ലേപനവസ്തുവാകട്ടെ എണ്ണയും ചെളിയുംകൂട്ടി ഉണ്ടാക്കപ്പെട്ടിരുന്നു.

൭. "കടിക്കുന്നവർ ... കലക്കുന്നവർ": ക്രൊരെശും (Cyrus) കൂട്ടരും—പേഷ്യാക്കാർ. കൽദായരെ (ബാവേൽക്കാരെ) പരാജിതരാക്കിയ പേഷ്യാക്കാരെയാണ് ഇവിടെ സൂചിപ്പിക്കുന്നതു്. നബുക്കട്നാസറിന്റെ പിൻഗാമിയായ ബെൽത്ത്ശാസറിനെ ക്രൊരെശ് വധിക്കയാണല്ലോ ചെയ്തതു്.

൮. "ശേഷിച്ചിരിക്കുന്ന": കൽദായരുടെ നിഷ്ഠുര മർദ്ദനങ്ങളിൽ നിന്ന് രക്ഷപെട്ടവർ. "ദേശം": യൂദാദേശം. "നഗരം": ഓരെല്ലാം.

൯. "ഉന്നതത്തിൽ കൂടു വയ്ക്കുക": 'കഴുകനെപ്പോലെ അവർ പറക്കും' എന്നു് അ. ൧. വാ. ൮-ൽ പറയുന്നുണ്ടല്ലോ. ഉന്നതത്തിൽ കൂടു വയ്ക്കുന്ന കഴുകനു സമമാണ് നബുക്കട്നാസർ പ്രഭൃതികളുടെ പ്രബലമായ കോട്ടകൾ. അന്യരുടെ ആക്രമണങ്ങളിൽ നിന്നു സുരക്ഷിതമായിരിവാൻ വേണ്ടി ഉയർന്ന കോട്ടകളും പ്രാസാദങ്ങളും പണിയുകയും അവയ്ക്കുള്ളിൽ കഴുകൻ ഇര ശേഖരിക്കുന്നതുപോലെ കൊള്ളവസ്തുക്കൾ ശേഖരിക്കയും ചെയ്യുന്നവന് ദുരിതം! അവയെ തകർത്തുകളയാൻ ദൈവം ശക്തനാകുന്നുവല്ലോ. അധർമ്മത്തിനുള്ള ശിക്ഷ അവിടുന്നു നൽകും.

ഉന്നതത്തിലേ ഈ കൂട്ട് ആസോറിന്റെ തലസ്ഥാനമായ നിന്വേയാണെന്നും, അതിനാൽ ഈ ഭാഗം ആസോർ രാജാവിനെക്കുറിച്ചാണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

൫. "ഭവനത്തിന്ന് അപമാനം ആലോചിച്ചു": അനന്തര പരമ്പരകൾക്ക് നന്മയുണ്ടാകുവാനെന്ന ഉദ്ദേശത്തിൽ ചെയ്ത ഈ അധർമ്മങ്ങൾ അധഃപതനത്തിനു കാരണമാകും. ഇതു് നബൂക്കദ്നാസറിനെക്കുറിച്ചും, സ്വജനങ്ങളെ മർദ്ദിച്ച യോയാക്കീം രാജാവിനെക്കുറിച്ചും (യൂദാരാജാവു്) പറയാവുന്നതാണ്. ആത്മഹത്യാപരമാണീ അധർമ്മം.

൧൧. "കല്ലു് ഭിത്തിയിൻ നിന്നു് ... ആപ്പു് തടിയിൽ നിന്നു": അധർമ്മിയുടെ പ്രാകാരത്തിന്റെ കല്ലും തടിയും മഹാ ശബ്ദത്തോടെ തകർന്നു നിലത്തു പതിക്കും. യഹൂദ ഭാഷ്യകാരനായ അബ്രാർനബേൽ പറയുന്നു, അനേകം പട്ടണങ്ങളിലേയും, പ്രദേശങ്ങളിലെയും കൊള്ള വസ്തുക്കളായിരുന്നു, നബൂക്കദ്നാസറിന്റെ സങ്കേതഹർമ്മ്യത്തിനുപയോഗിച്ചിരുന്ന കല്ലും മരവുമെന്നു്; അവ നിലവിളിക്കുന്നതായി ആലങ്കാരിക ഭാഷയിൽ പറയുകയാണ്. കൽദായരുടെ അധർമ്മത്തിന്റെ ഗൗരവത്തെ നിർജ്ജീവ വസ്തുക്കൾപോലും പരസ്യമായി പ്രഖ്യാപിക്കുന്നുവെന്നും വിവക്ഷയാകാം.

൧൨. "ഇവയെല്ലാം:" ഈ പ്രവചനങ്ങളെല്ലാം. "ജനപട്ടങ്ങൾ:" ഇവിടത്തെ വിവക്ഷ ദൈവത്തിന്റെ ജനങ്ങളുടെ ശത്രുക്കളായ പുറജാതിക്കാർ അഥവാ കൽദായർ എന്നാണ്. "വ്യർത്ഥതയിൽ ക്ഷീണിക്കും:" കൽദായരും അവരുടെ സങ്കലിത പക്ഷക്കാരും എത്രതന്നെ ശ്രമിച്ചാലും, ശത്രുക്കളെ തടഞ്ഞു നിറുത്തുന്നതിനാകട്ടെ, അഗ്നി ശമിപ്പിക്കുന്നതിനാകട്ടെ സാധിക്കയില്ല. അവരുടെ ശ്രമം വ്യർത്ഥമാകും.

൧൪. "കർത്താവിന്റെ മഹത്വത്തിന്റെ... നിറയും:" കർത്താവിന്റെ സർവ്വശക്തിത്വം പരസ്യമാകുമാറു് കൽദായരുടെ ഭൂമി മുഴുവനും അവരുടെ ശത്രുക്കളായ പേർഷ്യാക്കാരാലും, മാദ്യരാലും (Medes) നിറയും. അജ്ഞരെന്നു കരുതപ്പെട്ടിരുന്ന കൽദായരുടെ ശിക്ഷോപകരണങ്ങളായ ഇവർ ദൈവത്തിന്റെ മഹത്വത്തെ അഥവാ നിസ്തുല പ്രാബല്യത്തെ പ്രകടമാക്കും.

൧൫ "നഗ്നതയെ ഉറ്റു സൂക്ഷിക്കുന്നതിന്:" ഉന്നത നിലകളിലിരുന്ന രാജാക്കന്മാരുടെയും മറ്റും സ്ഥാനവും, വാഴ്ചയും, ബഹുമാനവും സ്വാതന്ത്ര്യവും അപഹരിച്ച് എല്ലാവിധത്തിലും അവരെ നഗ്നരാക്കിത്തീർക്കുന്നതിന്. "ക്രോധത്തിന്റെ മദ്യം:" അനാശാസ്യമായ ബലപ്രയോഗം, ക്രൂരത, യാതന എന്നിവ. "മത്തു പിടിപ്പിക്കുക:" മത്തു പിടിക്കുന്നവർ സ്വയം വസ്ത്രാക്ഷേപം ചെയ്യുകയും എല്ലാവരുടെയും പരിഹാസപാത്രമായിത്തീരുകയും ചെയ്യുക സ്വാഭാവികമാണല്ലോ. ഇപ്രകാരംതന്നെ, പരിഹാസ്യനായിത്തീരത്തക്കവണ്ണം സാമന്തരാജാവിനെ (അഥവാ രാജാക്കന്മാരെ) ബലപ്രയോഗത്താൽ വെറുംകൈയാക്കിവിട്ടുന്ന നബൂക്കദ്നാസറിനു ദുരിതം! അവനും ഏതെങ്കിലും തരത്തിൽ പ്രതീകാരം അനുഭവിക്കും. നബൂക്കദ്നാസർ, തടവുകാരനായി പിടിക്കപ്പെട്ട സേദെക്യാ രാജാവിനെ മദ്യപാനം ചെയ്യിച്ച് നഗ്നനാക്കിയെന്നും, അതല്ല, വയറിളക്കാൻ മരുന്നുകൊടുത്തിട്ട് വിരുന്നുകാരുടെ മുമ്പാകെ കൊണ്ടുവന്ന് അധിക്ഷേപിച്ചുവെന്നും ചില ഭാഷ്യകാരന്മാർ പറയുന്നു. മെസ്രേൻ രാജാവു് യൂദാരാജാക്കന്മാരായ യൊയാക്കീം സേദെക്യാ എന്നിവരെ ചതിച്ച വസ്തുതയാണീവാക്യത്തിൽ സൂചിപ്പിക്കുന്നതെന്നും ചിലർക്കഭിപ്രായമുണ്ട്.

൧൬. "ലെവ്നാൻ:" ഓറെശ്ശെം ദൈവാലയം. ലെവ്നാനിലെ വിശേഷ മരങ്ങൾകൊണ്ടുണ്ടാക്കപ്പെട്ട ആലയം എന്ന സൂചന. ലെവ്നാനിലേ വിശേഷ മരങ്ങളും, മൃഗങ്ങളും കപ്പമായി വാങ്ങിയെന്നും വിവക്ഷയാകാം.

൧൭. "വിഗ്രഹംകൊണ്ടെന്തുപകാരം:" കൽദായരുടെ അന്ധവിശ്വാസത്തെയും വിഗ്രഹാരാധനയേയും ദീഷ്ടശി അപലപിക്കുന്നു. "അതിനെ ആശ്രയിച്ചു:" ശില്പവേലയുടെ വിജയത്തിന് വേലയുടെ ഫലമായ ബിംബത്തെ ആശ്രയിക്കുന്നത് മഹാഭോഷത്തമാകുന്നു. കായ്യും കാരണത്തെക്കാൾ ശ്രേഷ്ഠമാവാൻ തരമില്ലല്ലോ. എന്നാൽ, ശില്പി തന്റെ വേലയെ തന്നെക്കാൾ ശ്രേഷ്ഠമായി കരുതുന്നു. കത്തോലിക്കരാകട്ടെ, തിരുസ്വരൂപങ്ങളെ വണങ്ങുമ്പോൾ, അവ ആരെ പ്രതിനിധീകരിക്കുന്നുവോ അവരെയാണ് വണങ്ങുന്നത്; വെറും കല്ലും മരവുമല്ല.

൧൯. "തടിയോട്.....കല്ലിനോട്:" തടിയും കല്ലും കൊണ്ടുണ്ടാക്കപ്പെട്ട വിഗ്രഹങ്ങളോട്.

൨൦. "ഇളകട്ടെ:" പരിഭ്രമിക്കട്ടെ, ഭയപ്പെടട്ടെ.

൩–ാം അദ്ധ്യായം

കർത്താവിനെ വിളിക്കുന്നതും അവിടുന്ന് വരുന്നതും (വാ. ൧–൧൫). വിജാതിയർക്കെതിരായും സ്വന്തം ജനങ്ങൾക്കനുകൂലമായും ചെയ്യാനിരിക്കുന്നവ (വാ.൧൬–൧൯). പ്രവാചകൻ ദർശനത്താൽ സംഭീതനാകുന്നു, രക്ഷകനിൽ പ്രത്യാശ. ജീവനായിത്തീരുന്നു (വാ. ൧൭–൧൯).

൧. കർത്താവേ, ഞാൻ നിന്റെ തിരുനാമം കേട്ട ഭയപ്പെട്ടു.

൨. കർത്താവേ, നിന്റെ പ്രവൃത്തികൾ ആയുസ്സിന്റെ വത്സരങ്ങൾക്കുള്ളിൽ. വത്സരങ്ങൾക്കുള്ളിൽ നീ അറിയപ്പെട്ടും. ക്രോധത്തിൽ നിന്റെ കരുണയെ നീ ഓർക്കുക. [യോഹ. അ. ൧൨. വാ. ൬൦.]

൩. ദൈവം തെക്കു നിന്നു വരുന്നു; പരിശുദ്ധൻ പാറാൻ പർവ്വതത്തിൽ നിന്നും. പ്രകീർത്തിതന്റെ പ്രഭയാൽ ആകാശം മറയ്ക്കപ്പെട്ടു; അവന്റെ സ്തുതിയാൽ ഭൂമി നിറഞ്ഞു. [ആവർത്ത. അ. ൩൩. വാ. ൨; ന്യായാ. അ. ൫. വാ. ൪; സങ്കീ. ൬൮. വാ. ൯.]

൪. അവന്റെ തേജസ് പ്രകാശം പോലെയാകുന്നു. അവന്റെ കരങ്ങളുടെ നഗരത്തിൽ–ഉപഗ്രാമത്തിൽ–അവന്റെ ശക്തി സ്ഥാപിക്കും.

൫. മരണം അവന്റെ മുമ്പാകെ പോകുന്നു. പറവ അവന്റെ പാദത്തിലേയ്ക്കു ചെല്ലുന്നു.

൬. അവൻ എഴുന്നേറ്റു ഭൂമിയെ അളന്നു. അവൻ ഉറ്റു നോക്കി, ജനപടങ്ങൾ വിറച്ചു. നിത്യപർവ്വതങ്ങൾ ഛിന്നഭിന്നമായി; നിത്യകുന്നുകൾ താഴ്ത്തപ്പെടുകയും ചെയ്തു. നിത്യമായ സഞ്ചാരപഥങ്ങൾ അവന്റേതാകുന്നു.

൭. ഓനിന്റെ താഴെ ക്രൂശാന്റെ ക്ലേശാരം ഞാൻ കണ്ടു. മെദ്യാൻ ദേശത്തിന്റെ ക്ലേശങ്ങൾ ഇളകും.

൮. നദികളോട് കർത്താവ് കോപിച്ചു: (കർത്താവേ,) നദികളിൽ നിന്റെ കോപവും, സമുദ്രത്തിൽ നി

ന്റെ ഉഗ്രതയും. നിന്റെ കുതിരപ്പുറത്തും നിന്റെ രക്ഷയുടെ രഥത്തിലും നീ സവാരി ചെയ്യു. [ആവർത്ത. അ. ൩൩. വാ. ൨൯, ൨൬.]

൯. നിന്റെ വില്ല് ഉണരട്ടെ. നിന്റെ മഹിമയേറിയ കല്പനയാൽ അമ്പുകൾ സംതൃപ്തമാകട്ടെ. നദികളാൽ ഭൂമി പിളർക്കപ്പെടട്ടെ. [സങ്കീ. ൭൭. വാ. ൧൫, ൨൦.]

൧൦. പർവ്വതങ്ങൾ നിന്നെ കണ്ട് ഇളകി. വർഷം കടന്നുപോയി. ആഴം അതിന്റെ സ്വരമുയർത്തി; അതിന്റെ കൈകൾ ഉയരത്തിലേയ്ക്കുയർത്തി. [പുറ. അ. ൧൫. വാ. ൨൦, ൨൨; ബർനൊ. അ. ൩. വാ. ൨൦; ന്യായാ. അ. ൫. വാ. ൴, ൫.]

൧൧. സൂര്യനും ചന്ദ്രനും സ്വമണ്ഡലങ്ങളിൽനിന്നു. നിന്റെ അമ്പുകളുടെ പ്രകാശത്തിലും നിന്റെ കുന്തങ്ങളുടെ മിന്നൽപ്രഭയിലും അവർ സഞ്ചരിക്കുന്നു. [ബർനോ. അ. ൧൦. വാ. ൧൧–൧൩; സങ്കീ. ൭൭. വാ. ൧൭.]

൧൨. നിന്റെ ക്രോധത്തിൽ നീ ഭൂമിമേൽ ചവിട്ടും; നിന്റെ കോപത്തിൽ നീ പുറജാതികളെ ചവിട്ടിമെതിക്കും. [ഏറ. അ. ൫൧. വാ. ൩൩; ആമോ. അ. ൧. വാ. ൩; മീകാ അ. ൴. വാ. ൧൩.]

൧൩. നിന്റെ ജനത്തെ രക്ഷിക്കുന്നതിനും നിന്റെ അഭിഷിക്തനെ രക്ഷിക്കുന്നതിനും നീ പുറപ്പെട്ടു. ദുഷ്ടന്റെ കുടുംബത്തിൽ നിന്ന് ശിരസ്സിനെ നീ ചേദിച്ചു. അവന്റെ അടിസ്ഥാനങ്ങൾ മുതൽ കഴുത്തുവരെ എന്നേയ്ക്കുമായി നീ അവനെ നഗ്നനാക്കി. [ബർനൊ. അ. ൧൦. വാ. ൩൴: അ. ൧൧. വാ. ൭, ൧൨; സങ്കീ. ൯൭. വാ. ൨൧.]

൧൪. അഗതികളെ ഒളിവിൽ ഭക്ഷിക്കുന്നതിനായി തങ്ങളുടെ കിരാതത്വത്തിൽ ആശ്രയിച്ച അധികാരികളുടെ തലകളെ അവന്റെ വടികൾ കൊണ്ട് നീ പിളർന്നു.

൧൫. നിന്റെ കുതിരപ്പുറത്ത് സമുദ്രത്തിലും വർദ്ധമാനമായ ജലാശയത്തിലും നീ സഞ്ചരിച്ചു. [സങ്കീ. ൭൭. വാ. ൧൯.]

൧൬. ഞാൻ കേട്ടു; എന്റെ അധരങ്ങളുടെ പ്രഭാഷണത്തിനെതിരായി എന്റെ ഉദരം ചലിച്ചു. എന്റെ അസ്ഥികളിൽ വിറയൽ പ്രവേശിച്ചു. എന്റെ മുട്ടുകൾ ഇളകി; എന്തെന്നാൽ, ജനത്തിന്റെ മേൽ വരാൻ പോകുന്ന ഞെരുക്കത്തിന്റെ ദിവസം അവൻ എനിക്കു വിശദമായി കാണിച്ചു തരികയും ചെയ്തു. [ഏറ. അ. ൨൩. വാ. ൯.]

൧൭. എന്തെന്നാൽ, അത്തിവൃക്ഷം തളിർത്തില്ല. മുന്തിരിയിൽ ഇലകളില്ല. സൈത്തിന്റെ ഫലം ഇല്ലാതായി. കളങ്ങൾ കോതമ്പില്ലാത്തവയായി. ആട്ടിൻ കൂട്ടങ്ങളിൽനിന്ന് ആടുകൾ നശിച്ചു. കാളക്കൂട്ടങ്ങളിൽ കാളകൾ ഇല്ല.

൧൮. ഞാനാകട്ടെ കർത്താവിൽ ഉല്ലസിക്കും; എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ ആഹ്ലാദിക്കും. [ഈയേ. അ. ൪൩. വാ. ൧൫; ഏശാ. അ. ൫൧. വാ. ൧൦.]

൧൯. കർത്താക്കളുടെ കർത്താവ് എന്റെ ശക്തി. എന്തെന്നാൽ അവൻ എന്റെ കാലുകളെ മാനിന്റേതുപോലാക്കി. ഞാൻ അവന്റെ സ്തുതികൾ പാടുന്നതിനായി അവൻ ഉയരത്തിൽ എന്നെ നിറുത്തി. [ആവർത്ത. അ. ൩൨. വാ. ൧൩: അ. ൩൩. വാ. ൨൯; ൨ ശമൂ. അ. ൨൨. വാ. ൩൪; സങ്കീ. ൧൭. വാ. ൩൩: ൨൭. വാ. ൧.]

വ്യാഖ്യാനം

൧. "ഭയപ്പെട്ടു:" ദൈവത്തിന്റെ അത്ഭുതപ്രവൃത്തികൾ അഥവാ വെളിപാടനുസരിച്ച് സംഭവിപ്പാനിരിക്കുന്നവയോത്ത് ഭയപ്പെട്ടു.

൨. "പ്രവൃത്തികൾ:" പരിത്രാണകർമ്മങ്ങൾ. "ആയുസ്സിന്റെ വത്സരങ്ങൾക്കുള്ളിൽ:" മോചനത്തെ ലക്ഷീകരിക്കുന്ന ഉദ്ധരിതപാരമ്പര്യത്തിന്റെ ഘട്ടത്തിൽ. "വത്സരങ്ങൾക്കുള്ളിൽ നീ അറിയപ്പെടും:" കാലത്തിന്റെ പൂർത്തിയിൽ നീ പ്രത്യക്ഷനാകും. "കരുണയെ ഓർക്കുക:" പൂർവ്വികന്മാരോട് കരുണ കാണിച്ചതുപോലെ ഇപ്പോഴും യിസ്രായേലിനോട് കരുണ കാണിക്കുക.

൩. "ദൈവം തെക്കുനിന്നുവന്നു:" ഇസ്രായേൽ മക്കളെ മെസ്രേമിൽ (ഈജിപ്തിൽ)നിന്നു പുറപ്പെടുത്തി, വാഗ്ദാനത്തിന്റെ ദേശത്തു കൊണ്ടുവന്നു. കൽദായരുടെ അടിമത്ത (ബാവേൽപ്രവാസം) ത്തിൽനിന്നു യിസ്രായേലിനെ മോചിപ്പിക്കാൻ ദൈവം തെക്കുനിന്ന് പേഷ്യാക്കാരെയും മാദ്യരെ (Medes) യും അയയ്ക്കുമെന്നു സൂചന. "പാറൻ പർവ്വതത്തിൽനിന്നും:" ഇസ്രായേൽ മക്കൾക്ക് നിയമം നൽകാൻ ദൈവം പാറാൻ പർവ്വതത്തിൽ പ്രത്യക്ഷനായെന്ന് ആവർത്തനം അ. ൩൩. വാ. ൨—ൽ പറയുന്നുണ്ടല്ലോ.

൪. "തേജസ്സ് പ്രകാശംപോലെ:" മഹിമ പ്രഭാവത്തിൽ സൂര്യനെപ്പോലെ, അഥവാ സൂര്യനേറുപോലെ അവന്റെ പ്രതാപം.

൫. "മരണം:" ന്യായാധിപന്റെ ഹിതം നിവൃത്തികരിക്കാൻ സന്നദ്ധനായ ആരാച്ചാരെപ്പോലെ, തന്റെ മരണം വഴിയായി മരണത്തെ കീഴടക്കുവാൻ മുമ്പോട്ടു നീങ്ങിയ മിശിഹായെക്കുറിച്ചുള്ള സൂചനയായിക്കരുതാം ഇതു്.

൬. "ഭൂമിയെ അളന്നു:" ഭൂമിയെ വിഭജിച്ചു. വാഗ്ദാനം ചെയ്യപ്പെട്ട ഭൂമി ഇസ്രായേലിന്റെ കൈ ശോത്രങ്ങൾക്കായും, ബാവേൽ ആക്രമിക്കപ്പെട്ടപ്പോൾ അതിനു കീഴ്പ്പെട്ടിരുന്ന ദേശങ്ങൾ പേഷ്യാക്കാർക്കായും മാദ്യർക്കായും (Medes) വിഭജിച്ചുകൊടുത്തതിനെ അനുസ്മരിപ്പിക്കുന്നു. ജേതാവു വാസ്തവത്തിൽ ദൈവം തന്നെയാണെന്ന് വ്യംഗ്യം. "നിത്യപർവ്വതങ്ങൾ..... നിത്യകുന്നുകൾ:" ഗുണവാന്മാരെയും തിരഞ്ഞെടുത്തവരെയും പീഡിപ്പിക്കുന്ന ലൗകികമേധാവികൾ.

൭. "ക്രൂശാൻ:" എത്തിയോപ്യാ. അസ്സായേൽ ക്രൂശാനെയും, ശെദ്ദോർ മെദ്യനെയും പരാജയപ്പെടുത്തിയ സംഭവങ്ങളെത്രെ ഈ വാക്യംകൊണ്ടു വിവക്ഷിക്കപ്പെടുന്നതെന്ന് ചിലർ അഭിപ്രായപ്പെടുന്നു. (ന്യായാ. അ. ൪. വാ ൧൦: അ. ൭—൮)

൮. "നദികളിൽ കോപവും... സമുദ്രത്തിൽ ഉഗ്രതയും:" ദൈവം തന്റെ തിരിഞ്ഞെടുക്കപ്പെട്ട ജനത്തെപ്രതി അർനോൻ, യോർദ്നാൻ എന്നീ നദികളിലും ചെങ്കടലിലും പ്രവർത്തിച്ച അസാധാരണ കൃത്യങ്ങൾ ഇവിടെ അനുസ്മരിക്കപ്പെടുന്നു. "കുതിരപ്പുറത്തും രഥത്തിലുമുള്ള സവാരി:" വാഗ്ദാനത്തിന്റെ പെട്ടകത്തിന്മേലും മേഘത്തിന്മേലുമുള്ള ദിവ്യസാന്നിധ്യത്തെ അത്മാക്കുന്നതായി വിചാരിക്കേണ്ടിയിരിക്കുന്നു.

൯. "നദികളാൽ ഭൂമിപിളർക്കപ്പെടട്ടെ:" ഭൂകമ്പംമൂലം ചില നദികൾ ഇല്ലാതായെന്നും, ചില നദികൾ പുതുതായിട്ടുണ്ടായെന്നും ശ്രീക്കചരിത്രകാരന്മാർ പറയുന്നുണ്ട്. പുതുതായിട്ടുണ്ടായതിനെയാണ് ഇതു സൂചിപ്പിക്കുന്നതു്.

൧൦. "പർവ്വതങ്ങൾ:" പർവ്വതസമാനമായ തിരമാലകൾ. "ആഴം സ്വരമുയർത്തി... കൈകൾ ഉയരത്തിലേയ്ക്കുയർത്തി:" ചെങ്കടൽ കടക്കുന്ന കയ്ത്തിലും

മറും ആഴം സാമാന്യനിയമത്തിനപവാദമായി ദൈവത്തിന്റെ കല്പനയെ ആരിച്ചു ഒഴുകാതെ വലിയ ഉയരത്തിൽ കെട്ടി നിന്നതിനെ സൂചിപ്പിക്കുന്നു.

൬൦. "സൂര്യനും ചന്ദ്രനും..... നിന്നു:" ഈശോ ബർനോന്റെ നേതൃത്വത്തിൽ ഇസ്രായേൽക്കാർ ആമോര്യരോടു യുദ്ധം ചെയ്തുകൊണ്ടിരിക്കയിൽ സംഭവിച്ച അത്ഭുതമാണിതെന്നു ചിലരും, മൂശെ വഴിയായി ദൈവം മെസ്രേൻകാരുടെ ഇടയിൽ വരുത്തിയ ഭയങ്കരമായ ഒമ്പതാമത്തെ ബാധ (അന്ധകാരം) യാണിതെന്നു വേറെ ചിലരും അഭിപ്രായപ്പെടുന്നു.

൬൨. "അഭിക്ഷിക്തൻ:" മൂശെയെ സൂചിപ്പിക്കുന്നുവെന്നു ചിലരും, ബാവേൽക്കാക്കെതിരായി അയയ്ക്കപ്പെട്ട കോരെശിനെ (Cyrus) സൂചിപ്പിക്കുന്നുവെന്നു മറു ചിലരും പറയുന്നു (ഏശാ. അ. ൪൫. വാ. ൧). — "ശിരസ്സ്": ദൈവജനത്തെ പീഡിപ്പിച്ച പറവോനെയോ, നബൂക്കദ്നാസറിനെയോ സൂചിപ്പിക്കുന്നു.

൬൩. "ജനം:" ആസോര്യർ. അ. ൧. വാ. ൨—൪ വരെ സൂചിപ്പിക്കപ്പെടുന്ന അധർമ്മികളും അവരുടെ അധർമ്മങ്ങളും ദൈവകോപത്തെ ഉജ്ജ്വലിപ്പിച്ചു. ദൈവത്തിന്റെ ജനങ്ങളെ മർദ്ദിക്കയും അധമ്മങ്ങൾ പ്രവർത്തിക്കയും ചെയ്ത ആസോര്യരെയത്രേ ഇവിടെ വിവക്ഷിക്കുന്നതു.

൬൭. "അത്തിവൃക്ഷം തളിർത്തില്ല..... കാളകൾ ഇല്ല:" ദൈവത്തിന്റെ ജനങ്ങളെ മർദ്ദിച്ചവരായ ആസോര്യരെയ്ക്ക്, അല്ലെങ്കിൽ ബാവേൽക്കാക്ക് സംഭവിച്ച അത്യാഹിതങ്ങൾ. ആസോര്യരെയ്ക്ക് ബാവേൽക്കാരിൽ നിന്നും, ബാവേൽക്കാക്ക് പേഷ്യാക്കാരിൽനിന്നും ഉണ്ടായ ആക്രമണത്തിന്റെ നശീകര ഫലങ്ങളായിട്ടോ ദൈവ പരിപാലനാവൈഭവത്താൽ സംഭവിച്ച ശിക്ഷയായിട്ടോ ഇവയെ പരിഗണിക്കാം.

൭൨. "കത്താറിൽ ഉപ്പുസിക്കും..... ദൈവത്തിൽ ആഹ്ലാദിക്കും:" ലോകോദ്ധാരകനെപ്പറ്റിയുള്ള പ്രതീക്ഷ ഇവിടെ സൂചിപ്പിക്കപ്പെടുന്നു: പരിത്രാണസംബന്ധമായ ഉപ്പുസവും ആഹ്ലാദവും.

൭൯. "എന്റെ കാലുകൾ മാനിന്റേതുപോലാക്കി:" കൽദായരുടെ (ബാവേൽക്കാരുടെ) കൈയിൽ നിന്നു രക്ഷപെടാൻ പ്രവാചകനു ദൈവം ശക്തി കൊടുത്തു. മുമ്പു കത്താവിനോ ആവലാതിപ്പെട്ടിരുന്ന പ്രവാചകൻ ഇപ്പോൾ കൃതജ്ഞതാകീർത്തനത്തിനായി നിലകൊള്ളുന്നു.

വിശുദ്ധ ഗ്രന്ഥം

പഴയനിയമം

മാലാകി

(Malachias)

കേരളത്തിലെ സുറിയാനി

ക. നി. മൂ. സ.

വിവർത്തകസംഘം

പ്പ്ശിത്തായിൽനിന്ന് തർജ്ജമചെയ്ത് വ്യാഖ്യാനസഹിതം

പ്രസിദ്ധീകരിക്കുന്നത്.

വി. യൌ. പി. മുദ്രാലയം,

മാന്നാനം.

൧൯൭൦.

Nihil obstat

Fr. Ludovic, T. O. C. D.
Fr. Placid, T. O. C. D.

Imprimi potest

Fr. Vincent of the Bl. Sacrament, T. O. C. D.,
PRIOR GENERAL

1st. Aug. 1950.


Imprimatur

Mgr. J. Kallarakel
Vicar Capitular.

Changanacherry,
Bishop's House,
16th Sept. 1950.

മാലാകി

(Malachias)



പേരിന്റെ ഉത്ഭവം: "മാലാക്", "യഹ്" എന്ന വ്യത്യസ്തങ്ങളായ രണ്ട് എബ്രായ ശബ്ദങ്ങളുടെ സമുച്ചയമാകുന്നു മാലാകി എന്ന ത്രേ പണ്ഡിതന്മാരുടെ ഭൂരിപക്ഷമായ അഭിപ്രായം. "മാലാക്" എന്നതിന് ദൂതൻ അഥവാ സ്ഥാനപതി എന്നർത്ഥമാകുന്നു. "യഹ്" മൂശെയ്ക്കു വെളിപ്പെടുത്തപ്പെട്ട ദൈവ തിരുനാമത്തിലെ (יהוה) ഒന്നും രണ്ടും അക്ഷരങ്ങളാണ് (പുറ. അ. ന്യ. വാ. ന). ദൈവതിരുനാമത്തിലേ ഈ ആദ്യക്ഷരങ്ങൾ രണ്ടും (יה) മാലാക്: (מַלְאָךְ) എന്ന പദത്തിന്റെ ഒടുവിൽ ചേർത്തപ്പോൾ മാലാക്യാഹ്: (מַלְאַכְיָה) എന്ന സമസ്തപദമുണ്ടായി. ഈ മാലാക്യാഹ് തന്നേയാണ് മാലാകി. ദൈവതിരുനാമത്തിലേ ആദ്യക്ഷരങ്ങൾ ചേർത്ത് പേരുകളുണ്ടാക്കിയിരുന്നെങ്കിലും പലപ്പോഴും ആദ്യക്ഷരം– (י) യോദ്– മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. ഇതിന് അനവധി ദൃഷ്ടാന്തങ്ങളുണ്ട്. (ഈശോബെർനൊന്റെ മുഖവുര നോക്കുക. അകി (൨ രാജാ. അ. ക്രമ. വാ. ൨.) = അകിയാ (൨ ബെർയ. അ. ൨൯. വാ. ക.); ചൽത്തി (൧ ശ്മൂ. അ. ൨൫. വാ. ൫൫) = ചൽത്തിയാ. ഒറിയാ = ഒറി മുതലായവ). ഇങ്ങനെ മൂലമായ എബ്രായയിലും, സുറിയാനിയിലും, കൽദായ തർഗ്ഗുമിലും മറ്റും ദൈവതിരുനാമത്തിലേ ആദ്യക്ഷരമായ യോദ് (י) മാത്രം, മാലാക് = מַלְאָךְ എന്ന എബ്രായ ശബ്ദത്തോട് ചേർത്ത് മാലാകി = מַלְאָכִי എന്ന് എഴുതുകയും ഉച്ചരിക്കയും ചെയ്യുന്നു. ഗ്രീക്കിലും, ലത്തീനിലും മാലാക്കിയാ എന്ന് വിവർത്തനം ചെയ്തിരിക്കുന്നത് ദൈവതിരുനാമത്തിലേ ആദ്യത്തെ രണ്ടക്ഷരങ്ങളുടെയും സാന്നിദ്ധ്യത്തെ അനുസ്മരിപ്പിക്കുന്ന ഒരു സൂചനയായി ചിലർ പരിഗണിക്കുന്നു. ഇതുപോലെ പ്രസ്താവിച്ചതിൽനിന്ന് മാലാകി מַלְאָכִי എന്ന പേരിന്റെ അന്ത്യ 'ഇ' കാരം ദൈവതിരുനാമത്തിലേ ആദ്യക്ഷരമായ യോദി (י) നേരാകുന്നുവെന്ന് സ്പഷ്ടമാണല്ലോ.

പേരിന്റെ അർത്ഥം: മാലാക് = מַלְאָךְ എന്ന എബ്രായ ശബ്ദത്തിന്റെ അർത്ഥം ദൂതൻ അഥവാ സ്ഥാനപതി എന്നാകുന്നുവെന്ന് മുകളിൽ പറഞ്ഞല്ലോ. മൂശെയ്ക്കു വെളിപ്പെടുത്തപ്പെട്ട ദൈവതിരുനാമ

ത്തിലേ നാലക്ഷരങ്ങൾ വരുന്നിടത്തെല്ലാം, അതിനു പകരമായി, നമ്മുടെ ദിവ്യരക്ഷകനും ശ്ലീഹന്മാരും "കത്താവു്" എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നതു് എന്നു് പുറ. അ. സു. വാ. നു വ്യാ. – യിൽ നിന്നു് സ്പഷ്ടമാണല്ലോ. മാലാകി എന്ന പേരിന്റെ അന്ത്യത്തിലുള്ള 'ഇ' കാരം– യോദ് = (ഴ) വെളിപ്പെടുത്തപ്പെട്ട ദൈവതിരുനാമത്തിനു പകരമായി ഉപയോഗിച്ചിരിക്കുന്ന ആ തിരുനാമത്തിലേ ആദ്യക്ഷരമാണെന്നും നാം കണ്ടു. ആകയാൽ "മാലാകി" എന്ന പേരിന്റെ അർത്ഥം കത്താവിന്റെ ദൂതൻ എന്നാകുന്നു. സഭാപിതാക്കന്മാരിൽ പലരും "കത്താവിന്റെ ദൂതൻ" എന്ന പേരിൽ മാലാകിയിൽ നിന്നും ഉദ്ധരിക്കുന്നുണ്ടു്. ന്‌ഹമിയായും, തെത്തുല്യനും മാലാകി എന്ന പേരിനെയും, കത്താവിന്റെ ദൂതനെയും ഏകീകരിക്കുന്നു. സപ്തതി വിവർത്തകന്മാർ മാലാകി എന്ന നാമത്തെ "തന്റെ (കത്താവിന്റെ) ദൂതൻ" എന്നാണ് തർജ്ജമ ചെയ്തിരിക്കുന്നതു് (അ. ക്ര. വാ. ക).

എന്നാൽ എബ്രായ, സുറിയാനി ഭാഷകളിൽ യോദ് = (ഴ) എന്ന അക്ഷരം ഉത്തമപുരുഷന്റെ സംബന്ധികാ വിഭക്തി പ്രത്യയവും കൂടിയാകയാൽ ചിലർ മാലാകിക്കു് "എന്റെ ദൂതൻ" എന്നുംകൂടി അർത്ഥം കൊടുത്തു കാണുന്നു.

മാലാകി എന്ന ഗ്രന്ഥം

വിഷയ സംഗ്രഹം

ഇസ്രായേലിന്റെ നേരെ ദൈവം പ്രദർശിപ്പിച്ച പ്രത്യേക സ്നേഹം വിവരിച്ചുകൊണ്ടാണ് മാലാകി പ്രവചനം ആരംഭിക്കുന്നതു്. ഇസ്രായേലിനെയും അയാളുടെ സന്തതികളെയും ദൈവം പ്രത്യേകവിധം സ്നേഹിക്കുകയും തെരിഞ്ഞെടുക്കുകയും ചെയ്തു. ഇതോടു തുല്യപ്പെടുത്തിയാൽ, ഏസോവിനെയും അയാളുടെ സന്തതികളെയും ദൈവം ദ്വേഷിച്ചു അഥവാ വളരെ കുറച്ചുമാത്രം സ്നേഹിച്ചു എന്നു് പറയേണ്ടിയിരിക്കുന്നു. ഇങ്ങനെ ഇസ്രായേൽ ജനത്തെ ദൈവം പ്രത്യേകവിധം സ്നേഹിക്കയും പരിപാലിക്കയും ചെയ്യുവെങ്കിലും, ഈ ജനം ദൈവത്തെ സ്നേഹിക്കയും സേവിക്കയും ചെയ്യുന്നതിൽ വലിയ അജാഗ്രതയും അശ്രദ്ധയും പ്രദർശിപ്പിക്കുന്നതിനാൽ, ദൈവത്തിനു് ഇവരെപ്പറ്റി ആവലാതിയല്ലാതെ വേറൊന്നും പറയാനില്ല. ദൈവം അവർക്കു് വത്സല പിതാവായിരുന്നുവെങ്കിലും, അവർ നന്ദികെട്ടവരായി വർത്തിച്ചു. അവരിൽ നിന്നു് ദൈവം പുരോഹിതന്മാരെ തെരിഞ്ഞെടുത്തുവെങ്കിലും ആ പുരോഹിതഗണം ഇപ്പോൾ ദൈവത്തെ അവഹേളിക്കുമാത്രമാണ് ചെയ്യുന്നതു്. അതുകൊണ്ടു് ആ പൌരോഹിത്യത്തെയും ബലിയെയും പരിത്യജിച്ചു് വിശ്വവ്യാപകമായ ഒരു പൌരോഹിത്യവും ബലിയും ദൈവം സ്ഥാപിക്കും.

"സൂര്യോദയം മുതൽ അസ്തമനംവരെ എന്റെ നാമം പറജാതികളുടെയിടയിൽ വലിയതാകും. എല്ലാ സ്ഥലങ്ങളിലും ധൂപം അർപ്പിക്കപ്പെടും– എന്റെ നാമത്തിനു് നിർമ്മലമായ ബലികൾ അർപ്പിക്കപ്പെടും.

എന്തെന്നാൽ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു."

പുരോഹിതന്മാരുടെ അക്രമങ്ങളെ കുറ്റപ്പെടുത്തിയശേഷം, പ്രവാചകൻ ജനങ്ങളുടെ നേരെ തിരിയുന്നു. അവർ പുറജാതിസ്ത്രീകളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നു. സ്വ ഭാര്യയെ പരിത്യജിച്ച് വേറൊരുവളെ സ്വീകരിക്കുന്നതിൽ അവർക്കു സങ്കോചമില്ല. സ്വജാതിക്കാരായ ഭാര്യമാരെ അവർ ഉപേക്ഷിച്ച്, പുറജാതിസ്ത്രീകളെ വിവാഹം കഴിച്ച് നിയമം ലംഘിക്കുന്നു. നീതിവിധി ചെയ്യുന്ന ദൈവം ഉള്ളതായി അവർ അറിയുന്നില്ല എന്ന ഭാവം നടിക്കുന്നു. ഇവയ്ക്കെല്ലാമുള്ള പ്രത്യുത്തരമെന്നപോലെ മ്ശീഹായുടെ രണ്ട് ആഗമനങ്ങളെപ്പറ്റി മാലാകി പ്രവചിക്കുന്നു. ദൈവം തന്റെ "ദൂതനെ അയയ്ക്കും. അവൻ എന്റെ മുമ്പിൽ വഴി തയ്യാറാക്കും." മ്ശീഹാ വന്നു ദൈവാലയത്തെയും പൌരോഹിത്യത്തെയും ശുദ്ധീകരിക്കും. പാപകൃത്തുക്കൾ ശിക്ഷിക്കപ്പെടും; യഥാർത്ഥ അനുതാപികൾ അനുഗ്രഹിക്കപ്പെടും. നിയമം അനുസരിക്കുന്നതിനുള്ള ഒരു ഉപദേശത്തോടുകൂടി പ്രവചനം അവസാനിപ്പിച്ചശേഷം "കർത്താവിന്റെ വലിയതും ഭയങ്കരവുമായ ദിവസം വരുന്നതിനു മുൻപേ" ഏലിയാ നിശ്ചയം പ്രത്യക്ഷനാകുമെന്ന് ജനങ്ങളെ അറിയിക്കുന്നു.

വിഷയാനുക്രമണി

ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന സംഗതികൾ മുഖവുര ശാസന, കർത്തൃദിനം എന്നിങ്ങനെ മൂന്നു ഭാഗങ്ങളായി വിഭജിക്കാം.

മുഖവുര

൧–ാം അദ്ധ്യായം ൧–ാം വാക്യം, ഈ ഗ്രന്ഥത്തിന്റെ മാഹാത്മ്യം, ഉദ്ദേശം മുതലായവയെ സംഗ്രഹിച്ചുകൊണ്ടുള്ള ഒരു വിഹഗവീക്ഷണമാണെന്നു പറയാം. ൨–ാം വാക്യം മുതൽ ൩–ാം വാക്യം വരെ ഇസ്രായേൽ ജനത്തിന്റെ നേരെ ദൈവം പ്രദർശിപ്പിച്ച പ്രത്യേക സ്നേഹത്തെക്കുറിച്ചു പറയുന്നു. ഈ സ്നേഹത്തിന്റെ വലിപ്പം കാണിക്കുന്നതിനുവേണ്ടി യാക്കോബിന്റെ കാലം മുതല്ക്കേയുള്ള ദ്വേഷത്തെ അനുസ്മരിപ്പിക്കുന്നു. ഈ ഭാഗം ഗ്രന്ഥത്തിലേ പ്രധാന പ്രതിപാദ്യവിഷയത്തിലേയ്ക്കുള്ള ഒരു ഉപോദ്ഘാതമാണെന്നു പറയാം.

ശാസന

൧–ാം അദ്ധ്യായം ൬–ാം വാക്യം മുതൽ ൨–ാം അദ്ധ്യായം ൯–ാം വാക്യം വരെ പുരോഹിതന്മാരോടും ൧൦–ാം വാക്യം മുതൽ ൧൬–ാം വാക്യം വരെ ജനങ്ങളോടും ഉള്ള ശാസനകളാകുന്നു. ദൈവാരാധനയിലുള്ള അശ്രദ്ധയും അനാദരവും എന്ന വിഷയത്തെപ്പറ്റിയാണ് ഈ ഭാഗത്തു പ്രവാചകൻ പറയുന്നതു്. പ്രതാപഗംഭീരമായ തന്റെ പ്രസ്താവനകൾക്കിടയിൽ യഹൂദബലികളുടെ നിരസനത്തെയും ഒരു നിർമ്മല ബലിയുടെ സാധ്യതയി

കമായ അപ്പണത്തെയും കുറിച്ച് പ്രവാചകൻ ദിഗ്ദർശനം ചെയ്യുന്നു (അ. ഫ. വാ. ഫഫ). മാലാകി പുരോഹിതന്മാരെ ശാസിച്ചുകൊണ്ട് പ്രവചനം ആരംഭിച്ചിരിക്കുന്നതു്, ജനങ്ങളുടെ ജീവിത നവികരണം, പുരോഹിതന്മാരുടെ ജീവിതവിശുദ്ധിയെ ആശ്രയിച്ചിരിക്കുന്നതുകൊണ്ടാണ്. ന—ാം വാക്യം മുതൽ ഫ—ാം അദ്ധ്യായം ന—ാം വാക്യം വരെ ദൈവാരാധനയിലുള്ള പുരോഹിതന്മാരുടെ അശ്രദ്ധയെക്കുറിച്ച് അവരെ ശാസിച്ചശേഷം, ജനങ്ങളുടെ പരസ്പരനിന്ദനം, വിവാഹമോചനം, പുറജാതി വിവാഹം മുതലായവയെക്കുറിച്ച് ക—ാം വാക്യം മുതൽ ക്ന—ാം വാക്യം വരെ ജനങ്ങളെ ശാസിക്കുന്നു.

കർത്തൃദിനം

ഫ—ാം അദ്ധ്യായം ക—ാം വാക്യം മുതൽ ര—ാം അദ്ധ്യായം അവസാനംവരെ കർത്തൃദിനത്തെപ്പറ്റിയുള്ള പ്രസ്താവനകളാണ്: മ്ശീഹാ വന്ന് പുരോഹിതന്മാരെ ശുദ്ധീകരിക്കും. അവർ ദൈവത്തിനു് പ്രസാദിക്കുന്ന ബലികൾ അർപ്പിക്കും. അഭക്തന്മാരെയും പാപികളെയും ന്യായവിധിചെയ്യും. ഈ സംഗതികളെല്ലാം ന—ാം അദ്ധ്യായം ഭ—ാം വാക്യംവരെ പ്രസ്താവിക്കുന്നു. അവിടം മുതൽ, അതായതു്, ന—ാം വാക്യം മുതൽ ഫഫ—ാം വാക്യം വരെ ദൈവത്തിൻപക്കലേയ്ക്കു് പിന്തിരിഞ്ഞു്, ദൈവാലയകർമ്മങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നതിനാവശ്യമായ ദശാംശങ്ങളും കടിഞ്ഞൂൽ ഫലങ്ങളും ഉദാര മനസ്സോടെ കൊടുക്കുന്നതിനുള്ള ഉപദേശമാകുന്നു. ന—ാം അദ്ധ്യായം ക്ന—ാം വാക്യം മുതൽ ര—ാം അദ്ധ്യായം ന—ാം വാക്യം വരെ കർത്താവിന്റെ ന്യായവിധിയെക്കുറിച്ച് പ്രവചിക്കുന്നു. കർത്താവിനെ സ്നേഹിച്ച് തന്റെ കല്പനകളനുസരിച്ച് ജീവിക്കുന്ന നീതിമാന്മാർ കഷ്ടതകളനുഭവിക്കയും, എന്നാൽ കർത്താവിനെ സ്നേഹിക്കാതെയും തന്റെ പ്രമാണങ്ങൾ കാക്കാതെയും ജീവിക്കുന്ന ദുഷ്ടന്മാർ സുഖിക്കുകയും ചെയ്യുന്നതായി ഇപ്പോൾ നാം കാണുന്നുണ്ടല്ലോ. വിധി ദിവസത്തിൽ പാപികൾക്ക് ശിക്ഷയും നീതിമാന്മാക്ക് മഹത്വവും ലഭിക്കും. ദുഷ്ടനും നീതിമാനും തമ്മിലുള്ള വ്യത്യാസം അപ്പോൾ നാം കാണും. ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷ ചെയ്യുന്ന തന്റെ പുത്രനോട് ദയ കാണിക്കുന്നതുപോലെ കർത്താവു് നീതിമാന്മാരോട്ട് ദയ കാണിക്കും. കർത്താവിനെ സ്നേഹിച്ച് സേവിക്കുന്നവരുടെ പേരുകൾ തന്റെ സന്നിധിയിൽ സ്മാരകഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. വിധി ദിവസത്തിൽ അവക്ക് പരസ്യമായി സമ്മാനം നല്കുകയും ചെയ്യും ര—ാം വാക്യത്തിൽ കല്പനകൾ കാക്കുന്നതിനായി ഉപദേശിക്കുന്നു. ഭ—ം, ന—ം വാക്യങ്ങളിൽ ഏലിയാ നിവ്യായുടെ രണ്ടാമത്തെ വരവിനെപ്പറ്റി പറയുന്നു.

പ്രവചനകാലത്തെ സ്ഥിതിഗതികൾ

പലേ തരത്തിലുള്ള അതിക്രമങ്ങൾ ഉണ്ടായിരുന്നു (അ. ന. വാ. ഭ); ബലിപീഠം അവമതിക്കപ്പെട്ടിരുന്നു (അ. ഫ. വാ. ഫഫ); ദശാംശം


കൊടുക്കപ്പെട്ടിരുന്നില്ല (അ. നു. വാ. വ്യ–ക്ര; ന്ഹ. അ. ക്രമ. വാ. ക്ര. ഒത്തുനോക്കുക); വിവാഹമോചനം കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്ന (അ. ന. വാ. ക്ര–ക്രന: എസ്രാ. അ. ക്ര. വാ. ന; വാ. ക്ര–ക്രഅ; ന്ഹ. അ. ക്രമ. വാ. നമ–നൻ. ഒത്തുനോക്കുക); വിശ്വാസചൈതന്യം നഷ്ടീഭവിക്കയും കർത്താവിന് ശുശ്രൂഷ ചെയ്യുന്നത് വ്യർത്ഥമാകുന്നുവെന്ന് ജനങ്ങൾ പരസ്യമായി പറയുകയും ചെയ്തിരുന്നു (അ. നു. വാ. ക്രഅ–ക്രഭ). പുരോഹിതന്മാരെയാണ് അധികമായി പ്രത്യേകവിധം കുറ്റപ്പെടുത്തുന്നതെങ്കിലും ജനങ്ങളും കുറ്റക്കാരാണ് (അ. നു. വാ. ൻ). ദൈവത്തിൽനിന്നുള്ള അവരുടെ അകൽച്ച കാലപ്പഴക്കമുള്ളതാണ് (അ. നു. വാ. ൧). ഇവയിൽനിന്നെല്ലാം വിശദമാകുന്നത് ഈ പ്രവചനകാലത്ത് ജനങ്ങളുടെയിടയിൽ വളരെ അസന്തുഷ്ടിയുണ്ടായിരുന്നുവെന്നാണ്. ഇതിന്റെ കാരണം ഒരു പക്ഷെ ന്ഹ. അ. ൻ. വാ. നന്ദ–ൽ കാണുന്നതായിരിക്കാം. "ഞങ്ങൾ ഇപ്പോൾ അടിമകളാകുന്നു. . . . . ഞങ്ങളുടെ പിതാക്കന്മാർക്ക് നീ കൊടുത്തിരിക്കുന്ന ഈ ദേശത്ത് ഞങ്ങൾ അടിമകളാകുന്നു." ഇതിൽ നിന്ന് ദൈവം തന്റെ വാഗ്ദാനങ്ങൾ നിറവേറ്റിയില്ലെന്നുള്ള പരാതികളും കർത്താവിനെ ശുശ്രൂഷിക്കുന്നത് വ്യർത്ഥമാകുന്നുവെന്നുള്ള പിറുപിറുപ്പുകളും പുറപ്പെട്ട (അ. നു. വാ. ക്രഭ–ക്രമ്പ); ദൈവം മാറാമുള്ളവനാണെന്ന് അവർ പരാതിപ്പെട്ടപ്പോൾ "ഞാൻ കർത്താവാകുന്നു, എനിക്കു മാറ്റമില്ല" എന്ന് ദൈവം അരുളിച്ചെയ്തു. മാത്രമല്ല ജനങ്ങൾ ഉടമ്പടിയിലേ അവരുടെ ഭാഗം നിറവേറ്റാത്തതുകൊണ്ട് അവരാണ് സാക്ഷാൽ സ്ഥിരതയില്ലാത്തവരെന്നും ദൈവം അരുളിച്ചെയ്യുന്നു.

പ്രവചനത്തിലേ ഈദൃശ സ്ഥിതിഗതികൾക്ക് എസ്രാ, ന്ഹമിയ എന്നീ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്ന സംഗതികളുമായി വളരെ യോജിപ്പുള്ളതായി കാണാം. അതുകൊണ്ട് ഈ പ്രവചനത്തിന്റെ കർത്താവായ മാലാകി എസ്രാ, ന്ഹമിയാ എന്നിവരുടെ സമകാലികനായിരിക്കണമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഗ്രന്ഥം വിരചിതമായ കാലം: ബി. സി. നനമ–നനക ആണെന്നതത്രേ അഗ്രഗണ്യന്മാരായ പണ്ഡിതന്മാരുടെ അഭിപ്രായം.

ദൈവശാസ്ത്രം

ദൈവം "സൈന്യങ്ങളുടെ കർത്താവ്" ആകുന്നു. ആദ്യന്തം അനവധി സ്ഥലങ്ങളിൽ ഈ പേരിലാണ് ദൈവത്തെപ്പറ്റി പറയുന്നത്. മറ്റു പ്രവചനങ്ങളിലും ഈ നാമം ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഇത്രയധികമായി ഒരു ഗ്രന്ഥത്തിലും ഉപയോഗിച്ചിട്ടില്ല. ദൈവം "പിതാവാകുന്നു" (അ. ക്ര. വാ. ന: അ. ന. വാ. ക്ര). ദൈവം "മഹാരാജാവാകുന്നു" (അ. ക്ര. വാ. ക്രമ). ദൈവത്തിനു മാറ്റമില്ല (അ. നു. വാ. ന). ദൈവം ഭക്തന്മാരുടെ നേരെ പ്രത്യേക സ്നേഹമുള്ളവനാകുന്നു "അവർ എനിക്കുള്ളവരായിരിക്കും" (അ. നു. വാ. ക: പുറ. അ. ക്രൻ. വാ. ൫. ഒത്തുനോക്കുക). ദൈവം തന്റെ മ്ശിഹായെ അയയ്ക്കും (അ. നു. വാ. ന–മ:

സ്സ്യാ. അ. ക്ഷ. വാ. ൻ. ഒത്തുനോക്കുക). മ്ശീഹാ "നീതിയുടെ സൂര്യൻ" ആകുന്നു (അ. ര. വാ. ൨). മ്ശീഹായുടെ ആഗമനത്തിൽ അവർ തുള്ളിച്ചാട്ടം (അ. ര. വാ. ൨: ഏശാ. അ. ൩൫. വാ. ൬. ഒത്തുനോക്കുക). അവരുടെ ബലികൾ അയോഗ്യമായും ശ്രദ്ധയില്ലാതെയും ഇപ്പോൾ അർപ്പിക്കപ്പെടുന്നു (അ. ക. വാ. ൟ, ക്ഷ, ക്ഴ). എന്നാൽ ആ നൈയാമിക ബലികൾക്കു പകരം "നിർമ്മലമായ ബലികൾ" അതായതു് "കുർബ്ബാന" എന്ന ബലികൾ അർപ്പിക്കപ്പെട്ടും (അ. ക. വാ ൟ). സുവിശേഷത്തിന്റെ സാർവ്വത്രികത്വം പ്രവചിക്കപ്പെടുന്നു: "എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും" (അ. ക. വാ. കക, ക്ഴ). വി. സ്നാപക യോഹന്നാന്റെ ആഗമനം പ്രവചിക്കപ്പെട്ടിരിക്കുന്നു (അ. ന. വാ. ക: ലൂക്കാ. അ. ക. വാ. ക്ഒ; മക്കാ. അ. ൻ. വാ. ക൦–ക൨. ഒത്തുനോക്കുക).



വ൧. കുർബാനയെക്കുറിച്ചുള്ള പ്രവചനം

"എന്തെന്നാൽ സൂര്യോദയം മുതൽ അസ്തമനം വരെ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും; എല്ലാ സ്ഥലങ്ങളിലും ധൂമം അർപ്പിക്കപ്പെടും – എന്റെ നാമത്തിനു നിർമ്മലമായ ബലികൾ അർപ്പിക്കപ്പെടും; എന്തെന്നാൽ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും എന്നു സൈന്യങ്ങളുടെ കർത്താവു അരുളിച്ചെയ്യുന്നു"

(അ. ക. വാ. ൧൮.)

നിയമപ്രകാരമുള്ള കാർമ്മികന്റെ കൈകളാൽ, ദൈവത്തിനായി മാത്രം, അവിടുത്തെ ബലിപീഠത്തിൽ, പ്രത്യേക വിധിപ്രകാരം ചെയ്യുന്ന ഒരു വസ്തുവിന്റെ ഗോചരമായ സമർപ്പണമത്രെ ബലി. മനുഷ്യർ, എല്ലാ സമയത്തും, തങ്ങളുടെമേലും തങ്ങൾക്കുള്ളവയിന്മേലും ദൈവത്തിനുള്ള പരമകർത്തൃത്വം ഏറ്റു പറയുന്നതിനു കടപ്പെട്ടിരിക്കുന്നതിനാലും, ഈ കടമയെപ്പറ്റി പൂർണ്ണബോദ്ധ്യമുള്ളവരായ മനുഷ്യർ എല്ലാക്കാലങ്ങളിലു മുണ്ടായിരുന്നതിനാലും ലോകത്തിൽ എന്നും ബലിയർപ്പണമുണ്ടായിരുന്നുവെന്ന് ഉറപ്പായി പറയാം. ആദവും അയാളുടെ മക്കളും, നോഹും അയാളുടെ സന്തതികളും, അബ്രാഹവും, ഈയോവും, മൽക്കിസ്ദെക്കും, മൂശെ നിയമമെഴുതുന്നതിനുമുമ്പ് ദൈവത്തിനു യഥാർത്ഥമായ ബലികൾ അർപ്പിച്ചിരുന്നതായി നാം കാണുന്നു. മൂശെയുടെ നിയമം ബലികളുടെ തരവും, വിധവും, എണ്ണവും മറ്റു സാഹചര്യങ്ങളും ക്രിപ്പപ്പെടുത്തുകമാത്രമേ ചെയ്തുള്ളു. അതിനു മുമ്പ് ഓരോരുത്തനും അവനവന്ന് സ്വന്തമായ അഥവാ അവനവന്റെ ഭക്തിതീക്ഷ്ണതയ്ക്കു യോജിച്ച, വിധത്തിൽ ഭൂമിയുടെ ഫലങ്ങളും, ആട്ടുകളുടെ രോമവും, മൃഗങ്ങളുടെ കൊഴുപ്പ് അഥവാ പാലും, മാംസവും രക്തവും ബലി സമർപ്പിച്ചുകൊണ്ട് ദൈവത്തിന്റെ പരമകർത്തൃത്വം ഏറ്റു പറഞ്ഞിരുന്നു. അന്ന് ഓരോത്തനും അവനവന്റെ ബലിയുടെ കാർമ്മികനായിരുന്നു അഥവാ കുറഞ്ഞപക്ഷം തനിക്കിഷ്ടമുള്ള കാർമ്മികനെ തെരഞ്ഞെടുത്തിരുന്നു. സാധാരണമായി ഈ ബഹുമാനം കടംബത്തലവന്മാർക്കാണ് നല്കപ്പെട്ടിരുന്നത്. എന്നാൽ മൂശെയുടെ നിയമം, യൂദന്മാരുടെയിടയിൽ, അവർ എന്ത്, എത്രമാത്രം, എങ്ങനെ, ആർ മുഖേന ബലിയർപ്പിക്കണം എന്ന് ക്രിപ്പപ്പെടുത്തി.

പഴയനിയമത്തിലെ ബലികൾ

പഴയനിയമത്തിലെ ബലികൾ രണ്ടുതരമായിരുന്നു.

(1) രക്തമയമായ ബലികൾ. (2) രക്തമയമല്ലാത്ത ബലികൾ. രക്തമയമായ ബലികൾക്ക് "ദെവ്ഹാ" എന്നും രക്തമയമല്ലാത്ത ബലി

ക്കൽക്ക് "മിൻകാ" എന്നും അയിരുന്നു സാധാരണമായി പേരുകൾ പറഞ്ഞുവന്നിരുന്നതു്. സങ്കീ. ൧൦൨. വാ. ൬; ൟ ശ്മ. അ. ൨. വാ. ൨൯: അ. ൫. വാ. ൟ൪; ൟറ. അ. ൟ൬. വാ. ൨൯; ദാനീ. അ. ൯. വാ. ൨൬.

പഴയനിയമത്തിൽ അപ്പിക്കപ്പെട്ടിരുന്ന രക്ഷമയമായ ബലികൾ പ്രധാനമായി നാലായിരുന്നു.

(1) ദഹനബലി ["ഓലാ" എന്നാണ് എബ്രായ പദം. "അലാസാ" എന്ന് സുറിയാനി] ആചാ. അ. ൟ; പുറ. അ. ൨൯. വാ. ൩൪–൪൨; സംഖ്യ അ. ൨൮. വാ. ൩, ൪; ആചാ. അ. ൩. വാ. ൨–ൟ൩.

( ) രക്ഷമയമായ രണ്ടാമത്തെ ബലി, സമാധാന ബലി എന്ന പേരിലാണ് അറിയപ്പെടുന്നതു്. എബ്രായ, സുറിയാനി ഭാഷകളിൽ "തെവ്ഹാ ശൽമാ" ആചാ. അ. ൩; അ. ൬. വാ. ൟ൨–൨ൟ; വാ. ൨൮–൩൪. ഇതിൽ മൂന്നു വിധമുണ്ട്: (i) സ്തോത്രബലി (ii) നേർച്ചബലി (iii) കാഴ്ചയായി അപ്പിക്കുന്ന ബലി. ഇവയിൽ സ്തോത്രബലി ലഭിച്ച നന്മകൾക്കു വേണ്ടിയും, നേർച്ചബലി പ്രത്യാശിക്കുന്ന നന്മകൾക്കുവേണ്ടിയും, കാഴ്ചയായി അപ്പിക്കുന്ന ബലി പൊതുവായും അപ്പിക്കപ്പെട്ടിരുന്നു.

(3) പാപപരിഹാരബലി (എബ്രായപദം ഖത്താത്തു്) ആചാം. അ. ൬; അ. ൫. വാ. ൟ–ൟ൩. മനുഷ്യർ അറിയാതെ ചെയ്യുപോയ പാപങ്ങൾക്കും, യാദൃച്ഛികമായി സംഭവിക്കുന്ന അശുദ്ധിക്കും പരിഹാരമായിട്ടായിരുന്നു ഈ ബലി സമർപ്പിക്കപ്പെട്ടിരുന്നതു്.

(4) അകൃത്യപരിഹാരബലി. (എബ്രായപദം: ആശാം) ആചാ. അ. ൫. വാ. ൨൯: അ. ൩൦. വാ. ൬. ഒരുവൻ വിശുദ്ധ കാര്യങ്ങളിൽ ലംഘനക്കാരനെന്നറിയാതെ പാപത്തിൽ ഉൾപ്പെടുക, കർത്താവിന്റെ കല്പനയാൽ വിരോധിക്കപ്പെട്ടിരിക്കുന്ന എന്തെങ്കിലും ചെയ്യുക, പരമാരോടുള്ള ഇടപാടുകളിൽ പാപം ചെയ്യുക എന്നിങ്ങനെയുള്ള അവസരങ്ങളിൽ അവയ്ക്കു പരിഹാരമായിട്ടാണ് ഈ ബലി അപ്പിച്ചിരുന്നതു്.

ഈ നാലുതരം സാധാരണ ബലികൾക്കുപുറമെ, (1) ചെമന്ന പശുവിന്റെ ബലി, സംഖ്യ. അ. ൧൯. (2) കുഷ്ഠരോഗശുദ്ധീകരണബലി, ആചാ. അ. ൧. വാ. ൧൪. (3) നസ്രായവ്രതത്തിന്റെ ബലി, സംഖ്യ അ. ൬. വാ. ൧–ൟ൧ എന്നിങ്ങനെ മൂന്നു അസാധാരണ ബലികളുമുണ്ടായിരുന്നു.

മേല്പറഞ്ഞ ഏഴുതരം ബലികൾക്കു പുറമെ ആണ്ടിലൊരിക്കൽ മാത്രമുള്ള ഒരു പ്രത്യേകതരം ബലിയായിരുന്നു പെസഹാ. ഇതിന്റെ ആദ്യചരിത്രം പുറ. അ. ൧൨. വാ. ൨൧–ൟ൬–ൽ കാണാം. പിന്നീടുള്ള ചരിത്രങ്ങളിൽ വേറെ കല്പനകൾക്കൂടി ചേർത്തിരിക്കുന്നു. ആവർത്ത. അ. ൧൬. വാ. ൧–൮–ൽ കുഞ്ഞാടിന്റെ രക്തം കട്ടിളക്കാലിൽ തളിക്കുന്നതിനെക്കുറിച്ചു പറയാതെ പെസഹാ ബലിയെക്കുറിച്ചു് സവിശേഷം പ്രസ്താവിച്ചിരിക്കുന്നു. ഈ ബലി വീടുകളിലല്ല ദൈവത്തിന്റെ ആലയത്തിലാണ് കഴിക്കേണ്ടതെന്നും അവിടെ പറഞ്ഞിരിക്കുന്നു. നമ്മുടെ കർത്താവിന്റെ കാലത്തു് യൂദന്മാർ വലിയ വണക്കത്തോടും ഭക്തിയോടുംകൂടി പെസഹാ ആഘോഷിച്ചിരുന്നു. നീസാൻമാസം ൧൪–ാംനു കുടുംബനായകന്മാർ അവരവരുടെ വീടുകളിൽനിന്ന് വളിച്ച മാവു് നിശ്ശേഷം നീക്കിക്ക

ളഞ്ഞിരുന്നു. ൧൪–ാംനു– മുതൽ ഏഴു ദിവസത്തേക്ക് ആക്കം പുളിച്ച മാവു് ഭക്ഷിക്കുവാൻ പാടില്ലായിരുന്നു. ൧൪–ാംനു– യാതൊരു വേലയും ചെയ്തിരുന്നുമില്ല. വൈകുന്നേരം ജനങ്ങൾ —പത്തു മുതൽ ഇരുപതോളം ആളുകൾ— ഓരോ കുട്ടമായി ചേർന്ന് അവരുടെ കുഞ്ഞാടുകളെ കൊണ്ടുപോയിട്ട് ഓരോ കുട്ടത്തിൽനിന്നും ഓരോ മനുഷ്യൻ കുഞ്ഞാടിനെയുംകൊണ്ടു് ദൈവാലയപ്രാകാരത്തിനകത്തു പ്രവേശിക്കും. കാഹളം മുഴക്കുമ്പോൾ അവിടെ ഓരോരുത്തനും വന്നു് അവനവൻ കൊണ്ടുവന്നിട്ടുള്ള കുഞ്ഞാടിനെ കൊല്ലും. പുരോഹിതന്മാർ രക്തം എടുത്തു് ബലിപീഠത്തിന്റെ താഴെ തളിച്ചു് മേദസ് പീഠത്തിൽ ദഹിപ്പിക്കും. ബലികഴിച്ച ഓരോകുട്ടം ആളുകളും കുഞ്ഞാടുകളെ ചുമന്നുകൊണ്ടു് തങ്ങളുടെ വീട്ടകളിലേക്കു മടങ്ങും. പത്തുമണിക്കു് പെസഹാ വിരുന്നു കഴിക്കും. അതിൽ ബലിയർപ്പിച്ച ആടിന്റെ മാംസവും, കൈയ്പുള്ള ചീരയും, പുളിപ്പില്ലാത്ത അപ്പങ്ങളും ഭക്ഷിച്ചു് വീഞ്ഞുപാത്രത്തിൽ നിന്നു് നാലു പ്രാവശ്യം പാനം ചെയ്യും. ഇതിനിടയ്ക്കു് "ഹല്ലേൽ" എന്ന സുപ്രസിദ്ധങ്ങളായ ൧൧൩ മുതൽ ൧൧൮ വരെയുള്ള സങ്കീർത്തനങ്ങൾ പാട്ടം (മക്കോ. അ. ൨൪. വാ. ൨൩). രണ്ടാമത്തെ പാത്രം പാനംചെയ്യുശേഷം പുത്രൻ തന്റെ പിതാവിനോടു് "ഈ വിരുന്നിന്റെ ഉദ്ദേശമെന്തു്?" എന്നു ചോദിക്കുമ്പോൾ പിതാവു വിസ്തരിച്ചു പറയണം (പുറ. അ. ൧൨. വാ. ൨൩). മറ്റു യൂദന്മാരെപ്പോലെ മ്ശീഹായും പെസഹാ ഭക്ഷിക്കുന്നതിനായി ആണ്ടുതോറും ഓറശ്ലേത്തേയ്ക്കു പോയിരുന്നു (യോഹ. അ. ൨. വാ. ൧–൧൨). അവസാന വർഷത്തിൽ, മ്ശീഹാ സ്വശിഷ്യന്മാരോടുകൂടി പെസഹാ ഭക്ഷിച്ചശേഷം പുതിയനിയമത്തിലെ രക്തമയമല്ലാതെയുള്ള ബലിയായ വി. കുർബാന സ്ഥാപിച്ചു.

ഇങ്ങനെ പഴയനിയമത്തിൽ പലതരത്തിലായി ഏർപ്പെടുത്തിയിരുന്ന രക്തമയമായ ബലികളെല്ലാം മ്ശീഹാ കുരിശിൽ അർപ്പിക്കുവാനിരുന്ന രക്തമയമായ ബലിയുടെ പ്രതിരൂപങ്ങളും മുന്നടയാളങ്ങളുമായിരുന്നു. ഒരു മൃഗത്തെ കൊല്ലുന്നതു് മിശിഹായെ കൊല്ലുന്നതിന്റെ പ്രതിരൂപമായിരുന്നതുകൊണ്ടാണു് ഇപ്രകാരമുള്ള ബലികൾ നടപ്പായതെന്നു് ചിലർ അഭിപ്രായപ്പെടുന്നു. പെസഹാക്കുഞ്ഞാടിന്റെ ബലി, മിശിഹായുടെ കുരിശുബലിയുടെ പ്രതിരൂപമായിരുന്നുവെന്നു് വി. യോഹന്നാൻ പറയുന്നുണ്ടല്ലൊ (യോഹ. അ. ൧൯. വാ. ൩൬).

മേല്പറഞ്ഞ രക്തമയമായ ബലികൾ കൂടാതെ രക്തമയമല്ലാത്ത പല ബലികളും പഴയനിയമത്തിൽ ഉണ്ടായിരുന്നു. മൂലമായ എബ്രായ ഭാഷയിൽ ഇങ്ങനെ രക്തമയമല്ലാത്ത ബലികളെ കുറിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്ന പദം "മിൻകാ" ആണു്. ദാനം, കാഴ്ച, വഴിപാടു്, ബലി എന്നെല്ലാമാണു് ഇതിന്റെ ധാതുത്ഥം. രാജാക്കന്മാർ, പ്രഭുക്കന്മാർ, മുതലായവർക്ക് സമർപ്പിക്കുന്ന കാഴ്ചകൾ എന്ന അർത്ഥത്തിൽ ഈ പദം വി. ഗ്രന്ഥത്തിൽ പല സ്ഥലങ്ങളിലും ഉപയോഗിച്ചിട്ടുണ്ടു്. ന്യായാ. അ. ൬. വാ. ൧൮; ൧ ശമൂ. അ. ൧൦. വാ. ൨൭; ൧ രാജാ. അ. ൪. വാ. ൨൧; ൨ രാജാ. അ. ൧൭. വാ. ൪; സങ്കീ. ൪൫. വാ. ൧൪; ഹോശ. അ. ൧൨. വാ. ൬.

എന്നാൽ ദൈവാരാധനക്രമസംബന്ധമായി ഈ പദം ഉപയോഗിക്കുമ്പോഴെല്ലാം രക്തമയമല്ലാത്ത ബലികളെ മാത്രമാണ് ഇത് അർത്ഥമാക്കുന്നത്. അരിമാവുകൊണ്ടും അപ്പംകൊണ്ടും അപ്പിക്കുന്ന ബലികളെപ്പറ്റി വിശദമായി വിവരിക്കുന്ന ആചാ. അ. ൨–ൽ ഈ പദമാണ് പ്രസ്തുത ബലികളെ കുറിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നത്. മൂശെയും പരിശുദ്ധാത്മാവും, രക്തമയമല്ലാത്ത ബലികളെ കുറിക്കുന്നതിന് "മിൻകാ" ഒരു സാങ്കേതിക പദമാക്കിയിരിക്കുന്നുവെന്നു പറയാം. സുറിയാനിഭാഷയിൽ ഇതിനുള്ള ശരിയായ സമാനപദം "ക്വർബാന" എന്നാകുന്നു. മലയാളത്തിൽ അതിനെ ഭോജനബലി എന്നു തർജ്ജമ ചെയ്യാം. ആചാ. അ. ൨–ൽ നാലുതരം ഭോജനബലിയെപ്പറ്റി പറയുന്നുണ്ട്: നേരിയമാവ്, പുളിപ്പില്ലാത്ത അപ്പം (അട), ചട്ടിയിൽ ചുട്ട മാവ്, അഴിപ്പാത്രത്തിൽ ചുട്ട മാവപ്പം എന്നിവ. അവയുടെ പുറത്ത് എണ്ണ തളിക്കും. പുളിപ്പോ തേനോ അവയോടു ചേർക്കാൻ പാടില്ല. അവയുടെ ഓരോ അംശം എടുത്ത് ദൈവത്തിനു "സ്മാരക"മായി ദഹിപ്പിച്ചിട്ട്, ശേഷം ഭാഗം പുരോഹിതനു കൊടുക്കും. ആ അവശിഷ്ടം വിശുദ്ധ സ്ഥലത്തുവച്ചു ഭക്ഷിച്ചുകൊള്ളണം.

തൽക്കാലക്രൂശാരത്തിലും, അനന്തരം ദൈവാലയത്തിലും, ആറാവിതം രണ്ടു പന്തിയായി നിരത്തിവച്ചിരുന്ന കാഴ്ചയപ്പങ്ങളും (ആചാ. അ. ൨൪. വാ. ൪–ൻ) ഭോജനബലിയായിരുന്നു. രക്തമയമല്ലാതെ പഴയനിയമത്തിലുണ്ടായിരുന്ന ഈ ബലികൾ, പുതിയനിയമത്തിൽ അപ്പിക്കപ്പെട്ടവാനിരുന്ന രക്തമയമല്ലാത്ത ബലിയായ വി. കുർബാനയുടെ പ്രതിരൂപങ്ങളായിരുന്നു.

മേൽ വിവരിച്ച പ്രകാരം പഴയനിയമത്തിൽ നടപ്പായിരുന്ന രക്തമയമായവയും, രക്തമയമല്ലാത്തവയുമായ ബലികളെല്ലാം തിരസ്കരിക്കപ്പെട്ടുമെന്നും, അവസ്ഥ പകരം, നിർമ്മലമായ "മിൻകാ" (ഭോജനബലി) = കുർബാന ദൈവത്തിനു സമർപ്പിക്കപ്പെടുവാനിരിക്കുന്നുവെന്നുമാണ് മേല്പറഞ്ഞ മാലാകിയുടെ പ്രവചനത്തിന്റെ സാരം.

പ്രവചനവാക്യം

"എന്തെന്നാൽ സൂര്യോദയം മുതൽ അസ്തമനംവരെ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും": ൧൮–൨൦ വാക്യത്തിന്റെ തുടർച്ചയായിട്ടാണ് ഈ ൧൯–൨൦ വാക്യം എന്നുള്ളതു സ്പഷ്ടമാണ്. "എന്തെന്നാൽ" എന്ന അവ്യയപദം ഈ ഇരുവാക്യങ്ങളും തമ്മിലുള്ള ബന്ധത്തെ സ്പഷ്ടമായി കാണിക്കുന്നു. ൧൮–൨൦ വാക്യത്തിൽ, മൂലമായ എബ്രായയിൽ ഭാവികാലക്രിയ ഉപയോഗിച്ചിരിക്കുന്നു. അതിന്റെ തുടർച്ചയായ ൧൯–൨൦ വാക്യത്തിൽ പറയുന്ന സംഗതികളും ഭാവിയെ സംബന്ധിച്ചതാകുന്നുവെന്ന് അതിനാൽ ധ്വനിക്കുന്നുണ്ടല്ലോ. ൧൯–൨൦ വാക്യത്തിന്റെ പൊതുവായ അർത്ഥം ഇതിനെ സ്ഥിരീകരിക്കുന്നു. ഇപ്പോൾ ഇല്ലാത്തതും, എന്നാൽ ഇപ്പോഴുള്ളതിനു പകരമായി ഉണ്ടാകുവാനിരിക്കുന്നതുമായ സംഗതികളെപ്പറ്റിയാണ് ഈ വാക്യത്തിൽ പറയുന്നതെന്ന് സ്പഷ്ടമാണ്.

തൻമൂലം ഈ വാക്യത്തിൽ വർത്തമാനകാലക്രിയ ഉപയോഗിച്ചിരിക്കുന്നിടത്തെല്ലാം ഭാവികാലക്രിയയുടെ അർത്ഥമാണുള്ളത്. ഭാവിസംഭവത്തിന്റെ സുനിശ്ചിതത്വത്തെ പ്രകാശിപ്പിക്കാൻ വർത്തമാനകാലമാണ് സുറിയാനിയിൽ പ്രയോഗിക്കാറുള്ളത്. മൂലമായ എബ്രായയിലും, സുറിയാനിയിലും ഉപയോഗിച്ചിരിക്കുന്ന ക്രിയയ്ക്ക് വർത്തമാനകാലമോ, ഭൂതകാലമോ ദ്യോതിപ്പിക്കാമെങ്കിലും പലപ്പോഴും പ്രവചനങ്ങളിൽ പ്രത്യേകിച്ചും– ഭാവികാലത്തെയാണ് കാണിക്കുന്നത്. എബ്രായ സുറിയാനി ഭാഷകളിൽ ഈദൃശ പ്രയോഗങ്ങൾ വളരെ സാധാരണമാണ്. വെസ്റ്റ്മിൻസ്റ്റർ വിവർത്തകന്മാരും ഇങ്ങനെ ഭാവികാലക്രിയാർത്ഥത്തിലാണ് തർജ്ജമ ചെയ്തിരിക്കുന്നത്.

"എന്തെന്നാൽ" എന്ന അദ്ധ്യയപദം ചിലപ്പോൾ കാരണത്തെയും മറ്റു ചിലപ്പോൾ അനുമാനത്തെ അഥവാ ഫലത്തെയും കാണിക്കുന്നതിനായി എബ്രായ സുറിയാനി ഭാഷകളിൽ സാധാരണമായി ഉപയോഗിച്ചുവരുന്നു. ഇവിടെ ഏതുവിധത്തിലെടുത്താലും അർത്ഥം സ്പഷ്ടമാണ്. അനുമാനത്തെ അഥവാ ഫലത്തെ മുൻനിർത്തി തർജ്ജമ ചെയ്യുമ്പോൾ, "സൂര്യോദയം മുതൽ അസ്തമനം വരെ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും എന്നതുകൊണ്ട്" എന്നായിരിക്കും തർജ്ജമ.

"സൂര്യോദയം മുതൽ അസ്തമനംവരെ" എന്ന വാക്കുകൾക്ക് കിഴക്കു മുതൽ പടിഞ്ഞാറുവരെ എന്ന അർത്ഥമാണ് പ്രാചീനന്മാരായ പണ്ഡിതന്മാർ നല്കുന്നത്. സങ്കീ. ൫൦. വാ. ൧; ൧൩൫. വാ. ൩; ഏശാ. അ. ൪൫. വാ. ൬: അ. ൫൯. വാ. ൧൯. എന്നീ സ്ഥലങ്ങളിൽ ഈ അർത്ഥത്തിൽ പ്രസ്തുത പദങ്ങൾ ഉപയോഗിച്ചിരിക്കുന്നുവെന്നും അവർ പറയുന്നു. തൻമൂലം എല്ലാ സ്ഥലങ്ങളിലും എന്ന അർത്ഥമാണ് അവർ ഈ പദങ്ങൾക്കു കൊടുക്കുന്നത്. സമയത്തെയല്ല, സ്ഥലത്തെയത്രേ ഈ പദങ്ങൾ സൂചിപ്പിക്കുന്നതെന്നാണ് അവരുടെ അഭിപ്രായം. എന്നാൽ ഈ പദങ്ങൾ സമയത്തെ സൂചിപ്പിക്കുന്നുവെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. "പ്രഭാതം മുതൽ പ്രദോഷംവരെ" എന്നാണ് അവർ ഈ വാക്കുകൾക്കു കൊടുക്കുന്ന അർത്ഥം. ഇവയിൽ ഏതർത്ഥത്തിലെടുത്താലും പ്രവചനത്തിന് യാതൊരു വിധത്തിലും ബാധകമായി വരുന്നില്ല.

"എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും": മ്ശീഹായുടെ വരവിനുശേഷം ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും സുവിശേഷപ്രസംഗം വഴിയായി എല്ലാ ജാതി ജനങ്ങളും സത്യദൈവത്തെ അറിഞ്ഞു സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുമെന്നാണ് ഈ പ്രവചനത്തിന്റെ സാരം.

"എല്ലാ സ്ഥലങ്ങളിലും ധൂപം അർപ്പിക്കപ്പെടും": ബലിസംബന്ധമായി സുഗന്ധദ്രവ്യം കത്തിച്ചു ധൂപം അർപ്പിക്കപ്പെടും എന്നാണ് ഈ വാക്കുകളുടെ അർത്ഥം. "മുക്ത്തർ" എന്ന എബ്രായശബ്ദമാണ് മൂലത്തിൽ

ഉപയോഗിച്ചിരിക്കുന്നത്. അതിനു സുഗന്ധദ്രവ്യം കത്തിച്ചു് പരിമളം പുറപ്പെടുവിക്കുക, കത്തിക്കുക, പുകയ്ക്കുക, ദഹിപ്പിക്കുക എന്നെല്ലാം അർത്ഥമുണ്ടു്. ധൂമം, പരിമളച്ചെടി, സുഗന്ധദ്രവ്യം എന്നിങ്ങനെ അതിനു് ധാതുപാഠവുമുണ്ടു്. ധൂമാർപ്പണം എപ്പോഴും ബലിസമർപ്പണത്തോടു് സംബന്ധപ്പെട്ടിരിക്കുന്നതിനാൽ, ധൂമം അർപ്പിക്കുക എന്നതിനു്, ബലി സമർപ്പിക്കുക, ബലി സംബന്ധമായി പരിമളദ്രവ്യം കത്തിച്ചു് ധൂമിക്കുക എന്ന അർത്ഥം സർവ്വസാധാരണമായിത്തീർന്നു. അതുകൊണ്ടു് "ധൂമം അർപ്പിക്കപ്പെട്ടും" എന്നതിനു പകരമായി ലത്തീനിൽ "ബലിയർപ്പിക്കപ്പെട്ടും" എന്നു് വിവർത്തനം ചെയ്തിരിക്കുന്നു. സുറിയാനിയിൽ ഉപയോഗിച്ചിരിക്കുന്ന ܒܣܡ ܩܛܪܐ [സുഗന്ധദ്രവ്യം കത്തിച്ചു് ധൂമം അർപ്പിക്കും] മൂലത്തിൽ ഉപയോഗിച്ചിരിക്കുന്ന "മുക്ത്തർ" എന്ന എബ്രായ പദത്തിന്റെ ശരി തർജ്ജമയാണു്. വി. ഗ്രന്ഥത്തിൽ പല സ്ഥലങ്ങളിലും ഈ പദം ഇതേ അർത്ഥത്തിൽ തന്നെ ഉപയോഗിച്ചിട്ടുണ്ടു്. ഉൽപ്പ. അ. ൨. വാ. ൨൭; ൨ ദിന. അ. ൨൯. വാ. ൧൯, ൨൫; ൧ രാജാ. അ. ൧൨. വാ. ൧, ൨. സപ്തതി, തിഹ്രീന, പഞ്ചീനൂസ്, അറബി എന്നീ വിവർത്തനങ്ങളിലെല്ലാം സുറിയാനിയിലെപ്പോലെ "ധൂമം സമർപ്പിക്കപ്പെട്ടും" എന്നാണു്. തുടർന്നു് "എന്റെ നാമത്തിനു് നിർമ്മലമായ ബലികൾ അർപ്പിക്കപ്പെട്ടും" എന്നു പറഞ്ഞിരിക്കുന്നതു് "ധൂമം അർപ്പിക്കപ്പെട്ടും" എന്നതിന്റെ ഒരു പൂരണമായിട്ടാണു്.

"എന്റെ നാമത്തിനു നിർമ്മലമായ ബലികൾ അർപ്പിക്കപ്പെട്ടും": "ബലികൾ" എന്നതിനു് മൂലമായ എബ്രായയിൽ ഉപയോഗിച്ചിരിക്കുന്നതു് "മിൻകാ" എന്ന പദമാകുന്നു. അതിനെപ്പറ്റി മുകളിൽ പറഞ്ഞിരിക്കുന്നതു കാണുക. (പുറം ൫൫)

പ്രവചന നിവൃത്തി

പ്രവചനത്തിന്റെ പൂർത്തീകരണമാണു് അടുത്ത ചിന്താവിഷയം. ഏകസ്ഥലത്തു്, ഏക ദൈവാലയത്തിൽ മാത്രമേ പഴയനിയമപ്രകാരമുള്ള ബലിയർപ്പണമുണ്ടായിരുന്നുള്ളൂ. "എന്റെ ബലിപീഠം" എന്നും "എന്റെ വാതിലുകൾ" എന്നും (അ. പ്ര. വാ. ൫൦) പറഞ്ഞിരിക്കുന്നതു് ഓറെബ്ലേത്തെ ബലിപീഠത്തെയും, ഓറെബ്ലേം ദൈവാലയ വാതിലുകളെയുമുദ്ദേശിച്ചാണെന്നുള്ളതു് സ്പഷ്ടമാണല്ലോ. എന്നാൽ പ്രവചനത്തിൽ പറയുന്ന നിർമ്മലമായ ബലി "എല്ലാ സ്ഥലങ്ങളിലു"മാണു് അർപ്പിക്കപ്പെട്ടുവാനിരിക്കുന്നതു്. "എല്ലാ സ്ഥലങ്ങളിലും" എന്ന വാക്കുകൾ മൂശെയുടെ നിയമപ്രകാരമുള്ള വഴിയനിയമ ബലികളുടെ തിരസ്കരണത്തെ ഉച്ചൈസ്വരം വിളിച്ചറിയിക്കുന്നു; എന്തെന്നാൽ മൂശെയുടെ നിയമപ്രകാരമുള്ള ബലികൾ ഒരേ ഒരു സ്ഥലത്തു് മാത്രമേ അർപ്പിക്കുവാൻ പാടുണ്ടായിരുന്നുള്ളൂ. "പുറജാതികളുടെയിടയിൽ എന്റെ നാമം വലിയതാകും" എന്നു് പ്രവചിച്ചുകൊണ്ടാണു്, എല്ലാ സ്ഥലങ്ങളിലും എന്റെ നാമത്തിനു് നിർമ്മലമായ

ബലികൾ അർപ്പിക്കപ്പെട്ട"മെന്നു പറയുന്നതു്. മ്ശീഹായുടെ വരവിനുശേഷം, തന്നെ സ്വീകരിക്കാതെ ദുശ്ശാഠ്യത്തോടെ നില്ക്കുന്ന യൂദന്മാരും അവരുടെ ബലികളും തിരസ്കരിക്കപ്പെട്ടുമെന്നും, എന്നാൽ ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും സുവിശേഷപ്രസംഗം വഴിയായി പുറജാതികൾ ജ്ഞാനസ്നാനം സ്വീകരിച്ചു്, സത്യദൈവത്തെ അറിഞ്ഞു് സ്നേഹിക്കുകയും ആരാധിക്കുകയും ചെയ്യുമെന്നും അങ്ങനെ പുറജാതികളുടെയിടയിൽ എല്ലാ സ്ഥലങ്ങളിലും ഈ നിർമ്മലമായ ബലി അർപ്പിക്കപ്പെട്ടുമെന്നും അതു് പ്രവചനത്തിന്റെ സാരം. മാലാകിയുടെ ഈ പ്രവചനത്തെ സൂചിപ്പിച്ചുകൊണ്ടായിരിക്കാം നമ്മുടെ കർത്താവു്, "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: കിഴക്കു നിന്നും പടിഞ്ഞാറു നിന്നും വളരെപ്പേർ വന്നു് അബ്രാഹത്തിനോടും ഇസഹാക്കിനോടും യാക്കോബിനോടുംകൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും" (മത്താ. അ. വ. വാ. ൧൧; ലൂ. അ. ൧൩. വാ. ൨൯.) എന്നു് അരുളിച്ചെയ്തിട്ടുള്ളതു്. യഹൂദന്മാരുടെ സ്ഥാനത്തു് പുറജാതികൾ അവരോധിക്കപ്പെട്ടുവാനിരിക്കുന്നുവെന്നു് പ്രവചിക്കുകയിലാണു് നമ്മുടെ കർത്താവു് ഈ വാക്യം അരുളിച്ചെയ്തതെന്നുള്ളതു് പ്രത്യേകം ശ്രദ്ധാർഹമാണു്.

പ്രവചനത്തിന്റെ എല്ലാ ഭാഗങ്ങളെയും സശ്രദ്ധം പരിശോധിക്കുന്നതായാൽ, കുർബാന എന്ന പുതിയ നിയമത്തിലെ ബലിയിൽ ഈ പ്രവചനം നിറവേറിയിരിക്കുന്നുവെന്നു കാണാം. ഏറ്റവും നിർമ്മലമായ ബലിവസ്തുവാണല്ലൊ മ്ശീഹാ. അള്ത്താരത്തേക്കാൾ ദൈവത്തിനു് ഇഷ്ടപ്പെട്ടതും നമുക്കു വിലപിടിച്ചതും ആയി ഭൂമിയിലാകട്ടെ സ്വർഗ്ഗത്തിലാകട്ടെ വേറെ യാതൊന്നുമില്ല. അള്ത്താരത്തിന്റെ ശരീരരക്തങ്ങളാണു് പരമരഹസ്യംവഴിയായി കുർബാനയിൽ അർപ്പിക്കപ്പെടുന്ന ബലിവസ്തു. ഗാഗുൽത്തായിൽ അർപ്പിക്കപ്പെട്ട അതേബലിവസ്തു തന്നേ — ദൈവമനുഷ്യൻ തന്നേ— ഗാഗുൽത്തായിലെ ആ അർപ്പണത്തെ തന്റെ പുരോഹിതന്മാരുടെ ശുശ്രൂഷ മൂലം മനുഷ്യകമായി നവീകരിക്കയും പുനഃപ്രദർശിപ്പിക്കയും ചെയ്യുന്നു. വി. കുർബാനയിലല്ലാതെ മറ്റെന്തിലെങ്കിലും ഈ പ്രവചനം നിറവേറിയിരിക്കുന്നുവെന്നു പറയുവാൻ ഒരിക്കലും സാദ്ധ്യമല്ല; വി. കുർബാനയിൽ ഈ പ്രവചനം നിറവേറിയിട്ടില്ലെങ്കിൽ, ഒരിക്കലും ഇതു നിറവേറിയില്ലെന്നു പറയേണ്ടിവരും. എന്നാൽ വി. ഗ്രന്ഥത്തിൽ വിശ്വസിക്കുന്നവർക്കു്, വി. കുർബാന എന്ന ബലിയെക്കുറിച്ചു് വലിയ ശക്തിയുള്ള ഒരു തെളിവാകുന്നു ഇതു്; എന്തെന്നാൽ അതിന്റെ പിൻപിൽ അതിപ്രബലമായ ഒരു പ്രവചനം നില്ക്കുന്നു.

ഈ പ്രവചനത്തിന്റെ വ്യാഖ്യാനചരിത്രം വി. കുർബാന എന്ന ബലിയുടെ ഒരു ചരിത്രമാണെന്നു പറയാം. എങ്ങനെയെന്നാൽ, ഒരു ആഹരോനിക ബലിയെക്കുറിച്ചല്ല മാലാകിയുടെ പ്രവചനത്തിൽ പറയുന്നതെന്നുള്ളതു് സ്പഷ്ടമാണു്. മാലാകി ഇവിടെ ഒരു ആഹരോനികേതര (Non-Aaronic) ബലിയെക്കുറിച്ചു് പ്രവചിക്കുമ്പോൾ, ദാവീദ്, ൧൦൦ (൧൦൯)–ാം സങ്കീ. ൪–ാം വാ. ൽ, മ്ശീഹായെ ഒരു ആഹരോനികേതര പുരോഹിതനായി ചിത്രീകരിക്കുന്നു. "മൽക്കു്സെദക്കിന്റെ സാദൃശ്യത്തി

ലുള്ള നിത്യപുരോഹിതൻ" (സങ്കീ. ക്ഛ൦. വാ. ര.) എന്ന് ദാവീദ് മ്ശീ ഹായെപ്പറ്റി പറഞ്ഞിരിക്കുന്നതിൽനിന്ന്, അവിടുന്ന് അഹറോന്റെ സാ ദൃശ്യത്തിലുള്ള പുരോഹിതനല്ലെന്നു സ്പഷ്ടം. മാത്രമല്ല, മ്ശീഹാ ലേവിയു ടെ ഗോത്രത്തിൽപ്പെട്ടവനല്ലെന്നും, യൂദായുടെ ഗോത്രത്തിൽപ്പെട്ടവനാ ണെന്നും വി. ഗ്രന്ഥം സ്പഷ്ടമായി പറയുന്നതുകൊണ്ട്, (സ്ര. അ. ര൯. വാ. ക്ഩ; മീകാ അ. ഭ. വാ. ഫ.) അവിടുന്ന് ഒരു അഹറോനിക പുരോ ഹിതനായിരിക്കുക ഒരു വിധത്തിലും സാദ്ധ്യവുമല്ല. ഈ പ്രസ്താവനയുടെ പൂർണ്ണമായ അർത്ഥഗൌരവം, എബ്രായക്കുള്ള ലേഖനത്തിൽ, വിശിഷ്യ, അ. ഭ–ൽ കാണാവുന്നതാണ്. ഇങ്ങനെ നിരീക്ഷിക്കുമ്പോൾ മാലാകിയുടെ "നി ർമ്മലമായ ബലികളും", ദാവീദിന്റെ "പുരോഹിതനും" ഒരു ചങ്ങലയി ലേ രണ്ടു കണ്ണികൾപോലെ പരസ്പരം ബന്ധമുള്ളവയും തമ്മിൽത്തമ്മിൽ പൂരിപ്പിക്കുന്നവയുമായ രണ്ടു പ്രവചനങ്ങളാണെന്നു കാണാം.

"സത്യാരാധകന്മാർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ അതു് ആയിരിക്കയും ചെയ്യുന്നു" (യോഹ. അ. ര. വാ. ഫസ.) എന്ന് നമ്മുടെ കർത്താവു് ശമ്രായ സ്ത്രീയോട് അരുളിച്ചെയ്ത വാക്കുകൾ മലാകിയുടെ "നിർമ്മലബലിയെ" ചൂണ്ടിക്കാ ണിക്കുന്നു. ബലികളാലും കർമ്മങ്ങളാലുമുള്ള പരസ്യമായ പൊതുവാരാധന യെക്കുറിച്ചുള്ള ആ സ്ത്രീയുടെ ചോദ്യത്തിനുത്തരമായിട്ടായിരുന്നു നമ്മുടെ കർത്താവു് ഇപ്രകാരം അരുളിച്ചെയ്തതെന്ന് നാം പ്രത്യേകം സ്മരിക്കണം. ദൈവത്തെ എല്ലാ സ്ഥലങ്ങളിലും ആരാധിക്കാമെന്ന് യൂദന്മാർക്കും ശമ്രായ ർക്കും നല്ലപോലെ അറിയാമായിരുന്നു. എന്നാൽ നിയമത്തിൽ കല്പിക്കപ്പെ ട്ടിരിക്കുന്ന പരസ്യാരാധനയെ സംബന്ധിച്ചിടത്തോളം, അതു് അർപ്പിക്കേ ണ്ടതു് ഓറെ്റെത്താണെന്ന് യൂദന്മാരും, ഗെർസിം മലയിലാണെന്ന് ശമ്രായരും വാദിച്ചിരുന്നു. ആരാധന എന്ന പദം, ബലിസമർപ്പണത്തിന് പര്യായമായി ഉപയോഗിക്കുക വി. ഗ്രന്ഥത്തിൽ സാധാരണമാണ് (സ്ര. അ. ഫഭ. വാ. ഭ). ഇവിടെ ആ അർത്ഥത്തിലാണ് ആ പദം ഉപയോഗി ച്ചിരിക്കുന്നതെന്ന് ശമ്രായ സ്ത്രീയുടെ ചോദ്യത്തിൽ നിന്നും നമ്മുടെ കർത്താ വിന്റെ പ്രത്യുത്തരത്തിൽനിന്നും സ്പഷ്ടമാണെന്ന് മുകളിൽ പറഞ്ഞല്ലോ. പഴയ ആരാധനയുടെ (ബലിയുടെ) സ്ഥാനത്തു് പുതിയ ആരാധന (ബലി) സ്ഥാപിതമാകുവാനുള്ള സമയം ആഗതമായിരിക്കുന്നതുകൊണ്ട്, യൂദന്മാ രും ശമ്രായരും തമ്മിലുള്ള തർക്കം വേഗമവസാനിക്കുമെന്നാണല്ലോ, മ്ശീ ഹാ ആ സ്ത്രീയോട് അരുളിച്ചെയ്തതു്. ഈ പുതിയ ആരാധന (ബലി), സ്ഥലം, പ്രകൃതി എന്നിവയിൽ പഴയ ആരാധന (ബലി) യിൽ നിന്ന് വ്യ ത്യസ്തമായിരിക്കും. എന്തെന്നാൽ (1) അതു് സാർവ്വത്രികമായിരിക്കും; (2) ആ ത്മാവിലും സത്യത്തിലുമുള്ള ആരാധനയായിരിക്കും. യൂദന്മാരുടെ പഴയ ആരാധന (ബലി) "സത്യത്തി"ലുള്ളതല്ല, "പ്രതിരൂപ"ത്തിലുള്ളതു മാത്ര മായിരുന്നു. അതായതു്, സത്യത്തിന്റെ പൂർവ്വചിഹ്നങ്ങളിലും. പൂർവ്വരൂപ ങ്ങളിലും. ഈ പ്രതിരൂപാരാധനകളുടെ പൂർത്തീകരണവും മ്ശീഹായാൽ നിർദ്ദിഷ്ടവുമായ പുതിയ ആരാധന (ബലി) യിൽ മാത്രമേ "സത്യം" കണ്ടെ ത്തുകയുള്ളു. ഈ പുതിയ ബലിയർപ്പണം വഴിയായി "സത്യാരാധകന്മാർ

ചിതാവിനെ സത്യത്തിൽ ആരാധിക്കുന്നു." വീണ്ടും, യൂദന്മാരുടെ ആരാധന (ബലി), "ആത്മാ"വിലുള്ളതല്ല, "ജഡപദാർത്ഥ"ത്തിലുള്ളതായിരുന്നു. ആരാധകരുടെ മനഃസാക്ഷിയെ ശുദ്ധീകരിക്കുന്നതിന് ശക്തിയില്ലാത്ത ജഡപദാർത്ഥങ്ങളിലായിരുന്നു അതു സ്ഥിതിചെയ്തിരുന്നതു്. പുതിയ ആരാധന (ബലി) യിൽ ദൈവം "ആത്മാ"വിൽ ആരാധിക്കപ്പെടും എന്നു് മ്ശീഹാ അരുളിച്ചെയ്യുന്നു. അതായതു്, യഥാർത്ഥത്തിൽ ആദ്ധ്യാത്മികമായ ബലിയാലും ബലിവസ്തുവാലും ആരാധിക്കപ്പെടും. വിശ്വാസികളുടെ ഹൃദയങ്ങൾ ശുദ്ധീകരിക്കപ്പെട്ടു്, വിശ്വാസം ശരണം ഉപവി മനസ്താപം എന്നിവയാൽ അലങ്കരിക്കപ്പെട്ടു്, ദൈവത്തിനു് യോഗ്യമായ ഈ ആരാധന (ബലി) അർപ്പിക്കും. ഈ പുതിയ ആരാധന (ബലി) ഒരു സ്ഥലത്തേയ്ക്കു മാത്രമുള്ളതായിരിക്കയില്ല, പ്രത്യുത, എല്ലാ സ്ഥലങ്ങളിലും അതു് അർപ്പിക്കപ്പെടും. ഇങ്ങനെ "ആത്മാവിലും സത്യത്തി"ലുമുള്ള ദൈവാരാധനയെ സംബന്ധിച്ചു് മ്ശീഹാ ശമര്യായ സ്ത്രീയോടു് അരുളിച്ചെയ്ത വാക്കുകൾ മാലാകിയുടെ പ്രവചനത്തിന്റെ പൂർത്തീകരണത്തെ ചൂണ്ടിക്കാണിക്കുന്നു.

൧ കോറ. അ. ൧൦. വാ. ൨൧–ൽ, മാലാകിയുടെ ഗ്രന്ഥം അ. ൧. വാ. ൧, ൧൧– ഇവയുടെ സ്പഷ്ടമായ സൂചനയുണ്ടു്. മാലാകിയിൽ (അ. ൧. വാ. ൧, ൧൧) പറയുന്ന "കർത്താവിന്റെ മേശ" ബലിപീഠമാകുന്നുവെന്നുള്ളതു് തീർച്ചയാണു് (അ. ൧. വാ. ൧. വ്യാ). ബലിപീഠം എന്ന അർത്ഥമാണു് വി. പൌലോസു് തന്റെ ലേഖനത്തിൽ "കർത്താവിന്റെ മേശ"യ്ക്കു കൊടുത്തിരിക്കുന്നതെന്നുള്ളതും തീർച്ചയാണു് (൧ കോറ. അ. ൯. വാ. ൨൧–൨൪; അ. ൰. വാ. ൧–൧൩; അ. ൧൦. വാ. ൨൪– അ. ൧൧. വാ. ൧). വി. ശ്ലീഹാ "കർത്താവിന്റെ മേശ"യെ "പിശാചുക്കളുടെ മേശ"യ്ക്കു നേരെ വിരുദ്ധമായി പ്രകാശിപ്പിക്കുന്നു. പിശാചുക്കൾക്കു സമർപ്പിതമായ ബലിവസ്തുവിൽ നിന്നു് വിഗ്രഹാരാധനാപരമാംവിധം പങ്കുകൊള്ളുമ്പോൾ, ആ മേശയോ (ബലി പീഠത്തോ) ടുള്ള സംബന്ധമാണു് സൂചിപ്പിക്കപ്പെടുന്നതു്. ആ മേശയോടുള്ള സംബന്ധമാകട്ടെ, മേശ ആരെ പ്രതിനിധീകരിക്കുന്നുവോ, ആ കള്ളദേവന്മാരോടുള്ള (പിശാചുക്കളോടുള്ള) സംബന്ധമാകുന്നു. എല്ലാ സ്ഥലങ്ങളിലും സമർപ്പിക്കപ്പെടുമെന്ന നിർമ്മലബലിയെക്കുറിച്ചുള്ള പ്രവചനത്തിനു് മുമ്പും പിമ്പുമായി മാലാകി ഉപയോഗിച്ചിരിക്കുന്ന അതേ വാക്കുകൾ തന്നേ അതേ അർത്ഥത്തിൽ വി. പൌലോസ് വി. കുർബാനയെക്കുറിച്ചു് ഉപയോഗിച്ചിരിക്കുന്നു.

ക്രിസ്തീയ പാരമ്പര്യത്തിലേയ്ക്കു് കടന്നു് നാം നോക്കുമ്പോഴും മാലാകിയുടെ പ്രവചനത്തെ സംബന്ധിച്ചു് ആദിമ ക്രിസ്തീയ ഗ്രന്ഥകാരന്മാരുടെയും വി. പിതാക്കന്മാരുടെയും രേഖകൾ കാണാൻ കഴിയും. ആദിമസഭയിലേ രക്തസാക്ഷിയായ വി. ജസ്റ്റിൻ യഹൂദപണ്ഡിതനായ ട്രിഫോയുമായുള്ള ഒരു സംവാദം രേഖപ്പെടുത്തിയിട്ടുണ്ടു്. എ. ഡി. ൧൩൩–നും ൧൩൯–നും ഇടയ്ക്കു് എഴുതപ്പെട്ട പ്രസ്തുത ഗ്രന്ഥത്തിൽ മാലാകിയുടെ പ്രവചനം, പുതിയനിയമത്തിലേ ബലിയിൽ നിറവേറിയിട്ടുള്ള വസ്തുവിശുദ്ധൻ ചൂണ്ടിക്കാണിക്കുന്നു: "അക്കാലത്തു് നിങ്ങൾ (യൂദന്മാർ) സമർപ്പിച്ചിരുന്ന ബലികളെപ്പറ്റി വന്ദ്യനുമേരിൽ (൧൨ ചെറിയ പ്രവാചക

ന്മാരിൽ) ഒരുവനായ മാലാകി വഴിയായി ദൈവം പറയുന്നു: 'എനിക്കു നിങ്ങളിൽ പ്രസാദമില്ല; നിങ്ങളിൽനിന്നു ഞാൻ ബലി സ്വീകരിക്കുകയുമില്ല..... എന്തെന്നാൽ സൂര്യോദയം മുതൽ അസ്തമനംവരെ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും. എല്ലാ സ്ഥലങ്ങളിലും ധൂമം അർപ്പിക്കപ്പെടും; എന്റെ നാമത്തിനു നിർമ്മലമായ ബലികൾ അർപ്പിക്കപ്പെടും. എന്തെന്നാൽ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും'. നിങ്ങൾ ദൈവത്തെ അശുദ്ധിപ്പെടുത്തുന്നുവെന്നും ഞങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നുവെന്നും പറഞ്ഞുകൊണ്ട് ജാതികളായ ഞങ്ങൾ എല്ലാ സ്ഥലത്തും അർപ്പിക്കുന്ന ദിവ്യകാരുണ്യ അപ്പത്തിന്റെയും വീഞ്ഞിന്റെയും ബലിയെക്കുറിച്ചാണ് മാലാകി പ്രവചിക്കുന്നത്" Dialogue with the Jew Trypho (അ. ര്യ. ൨–൩). അതേ ഗ്രന്ഥത്തിൽ തന്നെ വേറൊരിടത്തു് (അ. ൧൭) മാലാകിയുടെ പ്രവചനത്തെക്കുറിച്ചും, വി. കുർബാനയിൽ അതു നിറവേറിയിരിക്കുന്നതിനെക്കുറിച്ചും പ്രതിപാദിച്ചശേഷം, അന്നത്തെ യഹൂദന്മാർ അദ്ദേഹത്തിനെതിരായി കൊണ്ടുവന്നിരുന്ന ന്യായങ്ങളെയും ആക്ഷേപങ്ങളെയും അദ്ദേഹം ഖണ്ഡിച്ചിട്ടുണ്ട്.


വി. ജസ്റ്റിന്റെ കാലഘട്ടത്തിനുശേഷം ജീവിച്ച ദേഹമാണ് വി. ഇരനേവൂസ്. വി. യോഹന്നാൻ സുവിശേഷകന്റെ ശിഷ്യനായ വി. പൊലിക്കാപ്പിന്റെ ശിഷ്യനായിരുന്ന വി. ഇരനേവൂസ്. അദ്ദേഹം പറയുന്നു: "മ്ശീഹാ, അപ്പമെടുത്തു് 'ഇതു് എന്റെ ശരീരമാകുന്നു' എന്നു പറഞ്ഞു് സ്തോത്രം ചെയ്തു. അപ്രകാരം തന്നെ പാനപാത്രവുമെടുത്തു് അതു് തന്റെ രക്തമാണെന്നു പ്രഖ്യാപിക്കയും പുതിയനിയമത്തിലേ പുതിയ സമർപ്പണം പഠിപ്പിക്കയും ചെയ്തു. തിരുസ്സഭ ഇതു ശ്ലീഹന്മാരിൽ നിന്നു് സ്വീകരിച്ചു. ലോകമെങ്ങും ദൈവത്തിനു് ഈ സമർപ്പണം നല്കുന്നു. പന്ത്രണ്ടു പ്രവാചകന്മാരിൽ ഒരുവനായ മാലാകി ഈ പുതിയ നിയമത്തെപ്പറ്റി ഇപ്രകാരം പ്രവചിച്ചിട്ടുണ്ട്: "എനിക്കു നിങ്ങളിൽ പ്രസാദമില്ല; നിങ്ങളിൽ നിന്നു ഞാൻ ബലി സ്വീകരിക്കുകയുമില്ല. എന്തെന്നാൽ സൂര്യോദയം മുതൽ അസ്തമനം വരെ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും. എല്ലാ സ്ഥലങ്ങളിലും ധൂമം അർപ്പിക്കപ്പെടും: എന്റെ നാമത്തിനു് നിർമ്മലമായ ബലികൾ അർപ്പിക്കപ്പെടും എന്തെന്നാൽ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും എന്നു് സർവ്വശക്തനായ കർത്താവു് അരുളിച്ചെയ്യുന്നു "ഈ വചനങ്ങളാൽ ആദ്യം പറഞ്ഞ ജനങ്ങൾ ദൈവത്തിനുള്ള ബലി സമർപ്പണം നിറുത്തിവെയ്ക്കുമെന്നും, എങ്കിലും അവിടുത്തേയ്ക്കു് നിർമ്മലമായ ബലി എല്ലായിടത്തും സമർപ്പിക്കപ്പെടുമെന്നും, അവിടുത്തെ നാമം പുറജാതികളുടെയിടയിൽ മഹത്വീകൃതമാകുമെന്നും, ദൈവം മാലാകി മുഖേന അറിയിക്കുന്നു" (Haer. iv. 17).


അതി പുരാതന കൃതിയായ ദിദാക്കേ (Didache) അ. ൧൪–ലും മാലാകിയുടെ പ്രവചനം, വി. കുർബാന എന്ന പുതിയ നിയമത്തിലേ ബലിയിൽ നിറവേറിയിരിക്കുന്നതായി സ്പഷ്ടമായ പ്രസ്താവനയുണ്ട്: "കർത്താ

വിന്റെ ദിവസത്തിൽ നിങ്ങൾ ഒന്നിച്ചുകൂടി നിങ്ങളുടെ ബലി നിർമ്മല മായിരിക്കുന്നതിനുവേണ്ടി, നിങ്ങളുടെ പാപങ്ങൾ ഏറ്റു പറഞ്ഞശേഷം, അപ്പം മുറിക്കയും ദിവ്യകാരുണ്യം അർപ്പിക്കയും ചെയ്യുവിൻ. നിങ്ങളുടെ ബലി അശുദ്ധമാകാതിരിക്കുന്നതിനായി, അയല്ക്കാരനോട് നീരസംവച്ചു കൊണ്ടിരിക്കുന്നവൻ, രമ്യപ്പെടുന്നതുവരെ, നിങ്ങളുടെകൂടെ ചേരാതിരിക്കട്ടെ. എന്തെന്നാൽ ഈ ബലി, 'എല്ലാ സ്ഥലങ്ങളിലും, സമയങ്ങളിലും എനിക്ക് ഒരു നിർമ്മലബലി അർപ്പിക്കപ്പെടും, ഞാൻ മഹാരാജാവാകുന്നു, എന്റെ നാമം പുറജാതികളിൽ അതിശയകരമാകുന്നു' എന്ന് കർത്താവിനാൽ പ്രകീർത്തിക്കപ്പെട്ടിരിക്കുന്ന, ആ ബലിതന്നേയാകുന്നു."

ത്രെന്തോസ്സ് സൂനഹദോസ്സ്

എല്ലാ സ്ഥലങ്ങളിലും അർപ്പിക്കപ്പെടുമെന്ന് മാലാകി പ്രവചിച്ചിരിക്കുന്ന നിർമ്മലബലി, പുതിയനിയമത്തിലേ കുർബാന എന്ന ബലിയാകുന്നുവെന്ന് ത്രെന്തോസ് സൂനഹദോസ് പഠിപ്പിക്കുന്നു (Sess. 23. cap. 1.)





മാലാകി

൧–൩ അദ്ധ്യായം

ദൈവം ഇസ്രായേൽ ജനത്തോട് പ്രഭാഷിച്ചിച്ച പ്രത്യേക സ്നേഹം (വാ. ൧–൫). പുരോഹിതന്മാർ അശുദ്ധബലിയർപ്പണത്താൽ കർത്താവിനെ നിന്ദിക്കുന്നു (വാ. ൬–൯). നിർമ്മലമായ പുതിയ ബലി (വി. കുർബാന) യെക്കുറിച്ചുള്ള പ്രവചനം (വാ. ൧൦–൧൨). അശുദ്ധമായ ബലിയർപ്പണത്താൽ കർത്താവിനെ നിന്ദിക്കുന്നവർക്കുള്ള ശിക്ഷ പ്രഖ്യാപിക്കപ്പെടുന്നു (വാ. ൧൩–൧൫).

മാലാകി വഴിയായി ഇസ്രായേലിനെക്കുറിച്ചുള്ള കർത്താവിന്റെ വചനങ്ങളുടെ ദർശനം.

൨. ഞാൻ നിങ്ങളെ സ്നേഹിച്ചു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു; എന്നാൽ നിങ്ങൾ ചോദിക്കുന്നു, എന്തിൽ ഞങ്ങളെ നീ സ്നേഹിച്ചു എന്ന്. ഏസോ, യാക്കോവിന്റെ സഹോദരൻ ആയിരുന്നില്ലയോ എന്ന് കർത്താവ് ചോദിക്കുന്നു. എന്തെന്നാൽ ഞാൻ യാക്കോവിനെ സ്നേഹിച്ചു. ഏസോവിനെ ഞാൻ ദ്വേഷിച്ചു. [ആവർത്ത. അ. ൧. വാ. ൬, ൭: അ. ൧൦. വാ. ൧൫; റോമാ. അ. ൯. വാ. ൧൩.]

൩. അവന്റെ പർവ്വതങ്ങളെ ഞാൻ നാശോന്മുഖമാക്കുകയും അവന്റെ അവകാശം വനത്തിലെ മേച്ചിൽ സ്ഥലങ്ങളാക്കുകയും ചെയ്തു. [ഏറ. അ. ൨൫. വാ. ൧൬, ൧൭: ഏശ്ശാ. അ. ൩൪. വാ. ൬–൧൦; ഓബ. വാ. ൧൦.]

൪. ഞങ്ങൾ ദരിദ്രരാക്കപ്പെട്ടു; നശിപ്പിക്കപ്പെട്ടവയെ വീണ്ടും ഞങ്ങൾ പണിയും എന്ന് ഏദോമ്യർ പറയുമെങ്കിൽ, കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: അവർ പണിയും, എന്നാൽ ഞാൻ തള്ളിവീഴ്ത്തും. അവർ പാപത്തിന്റെ അതിർത്തി എന്നും കർത്താവ് എന്നേയ്ക്കും ദ്വേഷിച്ചിരുന്ന ജനം എന്നും വിളിക്കപ്പെട്ടും.

൫. നിങ്ങളുടെ കണ്ണുകൾ ദർശിക്കയും ഇസ്രായേലിന്റെ അതിർത്തിക്കപ്പുറം കർത്താവ് വലിയവനാകും എന്ന് നിങ്ങൾ തന്നേ പറയുകയും ചെയ്യും [സങ്കീ. ൯൮. വാ. ൨.]

൬. പുത്രൻ തന്റെ പിതാവിനെയും, ഭൃത്യൻ തന്റെ എജമാനനെയും ബഹുമാനിക്കുന്നു. ഞാൻ പിതാവാകുന്നുവെങ്കിൽ നിങ്ങൾ എന്നെ ബഹുമാനിക്കുന്നു എന്നതു എവിടെ? ഞാൻ എജമാനനാകുന്നുവെങ്കിൽ നിങ്ങൾ എന്നെ ഭയപ്പെടുന്നു എന്നതു എവിടെ? എന്ന് സൈന്യങ്ങളുടെ കർത്താവ്, എന്റെ നാമത്തെ നിന്ദിക്കുന്ന പുരോഹിതന്മാരേ, നിങ്ങളോട് ചോദിക്കുന്നു. ഞങ്ങൾ എന്തിൽ നിന്റെ നാമത്തെ നിന്ദിച്ചു എന്ന് നിങ്ങൾ ചോദിക്കുന്നുവെങ്കിൽ, [പുറ. അ. ൨൦. വാ. ൧൨; ലൂ. അ. ൬. വാ. ൪൬.]

൭. നിങ്ങൾ എന്റെ ബലിപീഠത്തിന്മേൽ അശുദ്ധമായ അപ്പം അ

പ്പിക്കുന്നതുകൊണ്ടുതന്നേ. ഞങ്ങൾ നിന്നെ എന്തിൽ അശുദ്ധിപ്പെടുത്തി എന്നു നിങ്ങൾ ചോദിക്കുന്നുവെങ്കിൽ, കർത്താവിന്റെ മേശ നിന്ദ്യം എന്ന് നിങ്ങൾ പറയുന്നതിനാൽത്തന്നേ. [൧ കോറ. അ. ൧൦. വാ. ൨൧].

൮. മിഴി കുരുടായതിനെ നിങ്ങൾ ബലിപീഠത്തിൽ അർപ്പിക്കുന്നു എന്നതു തിന്മയല്ലയോ? മുടന്തുള്ളതിനേയും രോഗമുള്ളതിനേയും നിങ്ങൾ അർപ്പിക്കുന്നു എന്നതു തിന്മയല്ലയോ? നിന്റെ അധിപതിക്ക് അതിനെ സമർപ്പിക്കുക; അവൻ നിന്നോട് ഇഷ്ടപ്പെടുമോ അഥവാ അവൻ നിന്നെ സ്വീകരിക്കുമോ? എന്ന് സൈന്യങ്ങളുടെ കർത്താവ് ചോദിക്കുന്നു [ആവർത്. അ. ൧൭. വാ. ൧൮; ആമോ. അ. ൫. വാ. ൨൨].

൯. ആകയാൽ നിങ്ങൾ മുഖേന ഇതു സംഭവിച്ചതുകൊണ്ട് നമ്മോട് കരുണയായിരിക്കുന്നതിനു കർത്താവിന്റെ സന്നിധിയിൽ നിങ്ങൾ പ്രാർത്ഥിക്കുവിൻ. (എന്തെന്നാൽ) ഞാൻ നിങ്ങളെ സ്വീകരിക്കയില്ല എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു.

൧൦. വൃർത്ഥമായി എന്റെ ബലിപീഠത്തിൽ നിങ്ങൾ ബലി അർപ്പിക്കാതിരിക്കുന്നതിനു എന്റെ വാതിലുകളെ അടയ്ക്കുവാൻ നിങ്ങളിൽ ആരുണ്ട്? എനിക്കു നിങ്ങളിൽ പ്രസാദമില്ല; നിങ്ങളിൽ നിന്ന് ഞാൻ ബലി സ്വീകരിക്കയുമില്ല എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. [ഏശാ. അ. ൧. വാ. ൧൧; ഏറ. അ. ൬. വാ. ൨൦; ആമോ. അ. ൪. വാ. ൨൧.]

൧൧. എന്തെന്നാൽ സൂര്യോദയം മുതൽ അസ്തമനം വരെ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും. എല്ലാ സ്ഥലങ്ങളിലും ധൂപം അർപ്പിക്കപ്പെടും – എന്റെ നാമത്തിന് നിർമ്മലമായ ബലികൾ അർപ്പിക്കപ്പെടും. എന്തെന്നാൽ എന്റെ നാമം പുറജാതികളുടെയിടയിൽ വലിയതാകും എന്നു സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. [സങ്കീ. ൧൩൨. വാ. ൩; ഏശാ. അ. ൫൯. വാ. ൧൯; അ. ന്യാ. വാ. ൩, ൪; യോഹ. അ. ൪. വാ. ൨൧, ൨൩; ൧ തിമാ. അ. ൨. വാ. ൮; വെളി. അ ൧൫. വാ. ൩.]

൧൨. കർത്താവിന്റെ മേശ അശുദ്ധിയുള്ളതാകുന്നു എന്നും അവന്റെ ഭക്ഷ്യങ്ങൾ നിന്ദ്യമാകുന്നു എന്നും പറഞ്ഞുകൊണ്ട് നിങ്ങൾ അതിനെ അശുദ്ധമാക്കുന്നു.

൧൩. ഇതു ഞങ്ങളുടെ ബുദ്ധിമുട്ടിൽനിന്നാകുന്നു എന്ന് നിങ്ങൾ പറയുന്നു. ഞാൻ അതിനെ ഊതിക്കളഞ്ഞു എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. എന്തെന്നാൽ കവർച്ചയിൽ നിന്ന് മുടന്തും രോഗവുമുള്ള ബലിവസ്തുക്കളെ നിങ്ങൾ കൊണ്ടുവരുന്നു. നിങ്ങളുടെ കൈകളിൽ നിന്ന് അവയെ ഞാൻ സ്വീകരിക്കുകയില്ല എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. [ആ ചാ. അ. ൨൨. വാ. ൨൧–൨൪]

൧൪. തന്റെ ആട്ടിൻക്രൂട്ടത്തിൽ ഊനമറ്റ ആണുണ്ടായിരുന്നിട്ടും രോഗമുള്ളതിനെ കർത്താവിനു നേരുകയും ബലി കഴിക്കയും ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാകുന്നു. എന്തെന്നാൽ ഞാൻ മഹാരാജാവാകുന്നു എന്നും എന്റെ നാമം പുറജാതികളുടെയിടയിൽ ഭീജനകമാകുന്നു എന്നും സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു.

വ്യാഖ്യാനം

൧. "ഇസ്രായേലിനെക്കുറിച്ചുള്ള." ഇസ്രായേൽ എന്നപദം വി. ഗ്രന്ഥത്തിൽ അഞ്ചുവിധം അർത്ഥത്തിൽ പ്രയോഗിച്ചിട്ടുണ്ട്: (1) യാക്കോബിന്റെ മറുപേർ, (2) എബ്രായജനം, (3) യൂദാഗോത്രക്കാരിൽനിന്ന് പിരിഞ്ഞ ഇസ്രായേൽ രാജ്യം (4) ആദ്ധ്യാത്മികാർത്ഥത്തിൽ ദൈവത്തിന്റെ മക്കൾ, (5) യൂദാഗോത്രക്കാരും അവരോടു യോജിച്ചുനിന്ന ബെൻയാമേൻ ഗോത്രക്കാരിൽ ഒരു ഭാഗവും. ഈ ഒടുവിൽ പറഞ്ഞ അഞ്ചാമത്തെ അർത്ഥത്തിലാണ് ഇസ്രായേൽ എന്ന പദം ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. വടക്കെ രാജ്യമായ ഇസ്രായേലിൽ ഉണ്ടായിരുന്ന പത്തു ഗോത്രക്കാർ ആസോറിലേയ്ക്ക് അടിമകളായി കൊണ്ടുപോകപ്പെട്ട ശേഷം, യൂദാഗോത്രക്കാരും അവരോടു യോജിച്ചുനിന്ന ബെൻയാമേൻ ഗോത്രക്കാരുടെ ഒരു ഭാഗവും മാത്രമേ ഇസ്രായേൽ എന്ന പൂർവ്വിക നാമത്തെ നിലനിറുത്തുന്നവരായി ശേഷിച്ചുള്ളൂ. യൂദാ ഗോത്രത്തിൽനിന്ന് മശിഹാ വരുവാനിരുന്നതുകൊണ്ട് പ്രത്യേക ദൈവ പരിപാലനയാൽ സത്യദൈവാരാധനയും, ദൈവവെളിപാടുകളും ഇവർക്കു നഷ്ടപ്പെട്ടില്ല.

൨. "ഞാൻ നിങ്ങളെ സ്നേഹിച്ചു എന്ന് കർത്താവ് അരുളിച്ചെയ്യുന്നു": ദൈവത്തിന്റെ സ്നേഹം അമേയവും എപ്പോ നന്മകളുടെയും ദാനങ്ങളുടെയും ഉറവയുമാകുന്നു. തന്റെ സ്നേഹത്തിൽ നിന്നും കൃപയിൽ നിന്നും ഏപ്പോ ഗുണങ്ങളും പുറപ്പെടുന്നു. "ഞാൻ നിങ്ങളെ സ്നേഹിച്ചു" എന്ന് ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തോട് അരുളിച്ചെയ്യുന്നതു് ഏറ്റവും അനവദ്യമാകുന്നു. ഞാൻ നിങ്ങളെ സ്നേഹിക്കുകയും തന്നിമിത്തം മെസ്രേനിലേ അടിമത്തത്തിൽനിന്ന് നിങ്ങളെ ഞാൻ പുറപ്പെടുത്തുകയും, പ്രത്യേക വാത്സല്യത്തോടെ നിങ്ങളെ ഞാൻ പരിപാലിക്കയും, എന്റെ കല്പനകൾ സ്വർഗ്ഗത്തിൽ നിന്ന് നിങ്ങൾക്കു ഞാൻ തരികയും, മന്നാകൊണ്ട് നിങ്ങളെ പോഷിപ്പിക്കയും, അഗ്നിസ്തംഭത്താലും മേഘത്താലും മരുഭൂമിയിൽക്കൂടി നിങ്ങളെ ഞാൻ നയിക്കയും, അത്ഭുതകരങ്ങളായ വിജയങ്ങൾ നിങ്ങളുടെ ശത്രുക്കളുടെമേൽ നിങ്ങൾക്കു ഞാൻ നല്കുകയും, ക്നാനിൽ നിങ്ങളെ ഞാൻ കൊണ്ടുവന്ന് നിവസിപ്പിക്കുകയും, സംരക്ഷിക്കുകയും, പോഷിപ്പിക്കുകയും, രാജാക്കന്മാരാലും പ്രവാചകന്മാരാലും എപ്പോവിധ നന്മകളാലും നിങ്ങളെ ഞാൻ സമൃദ്ധിപ്പെടുത്തുകയും ചെയ്തു.— "എന്നാൽ നിങ്ങൾ ചോദിക്കുന്നു, എന്തിൽ ഞങ്ങളെ നീ സ്നേഹിച്ചു എന്ന്": എന്തു് അടയാളത്താൽ അഥവാ ഏതു ദാനത്താൽ അപ്പോൾ ഏതു ഉപകാരത്താൽ ഞങ്ങളുടെ നേരെയുള്ള നിന്റെ സ്നേഹം നീ പ്രത്യക്ഷപ്പെടുത്തി എന്ന് നിങ്ങൾ ചോദിക്കുന്നു. ഹാ! എത്രയോ വലിയ നന്ദിഹീനത! പഴയതും, പുതിയതും, നിരന്തരവുമായ ഇത്രവലുതായ ഉപകാരങ്ങൾ ദൈവത്തിൽനിന്ന് കൈക്കൊണ്ടിട്ടുള്ള ജനം, എന്തെങ്കിലും നന്മ തന്റെ കൈയിൽനിന്നും സ്വീകരിക്കയുണ്ടായോ എന്നു ചോദിക്കുന്നു. "അവരുടെ പിതാക്കന്മാരുടെ മുൻപാകെ അവൻ കാണിച്ച തന്റെ പ്രവൃത്തികളും അത്ഭുതങ്ങളും അവർ മറന്നു" (സങ്കീ. പ്വെ. വാ. ൧൦൬). ദൈവത്തിൽ നിന്നു ലഭിച്ച ഇത്രവലുതായ ഉപകാരങ്ങളെ സമ്മതിച്ചു പറയുകപോലും ചെയ്യാതിരിക്കത്തക്കവണ്ണമുള്ള അജ്ഞതയിൽ വസിക്കുന്ന ഈ ജനത്തിന്റെ നന്ദികേടു് എത്രയോ വലിയതു്!! യാതൊരുപകാരവും തങ്ങൾക്കു ചെയ്തിട്ടില്ലാത്ത ഒരപരിചിതനായി അവർ ദൈവത്തെ പരിഗണിക്കുന്നു. ദൈവം അവർക്കു ചെയ്തിട്ടുള്ള അസംഖ്യങ്ങളും അത്ഭുതകരങ്ങളുമായ ഉപകാരങ്ങൾ പഞ്ചഗ്രന്ഥി, ഈശോബർനൊൻ, ന്യായാധിപന്മാർ മുതലായ വിശുദ്ധ പുസ്തകങ്ങളിൽ എഴുതപ്പെട്ടിട്ടുണ്ടെങ്കിലും അവർ അവ ഗ്രഹിക്കുകയോ സ്മരിക്ക

യോ ചെയ്യുന്നില്ല.— "ഏസോ യാക്കോവിന്റെ സഹോദരൻ ആയിരുന്നില്ലയോ. എന്ന് കർത്താവു ചോദിക്കുന്നു. എന്തെന്നാൽ ഞാൻ യാക്കോവിനെ സ്നേഹിച്ചു:" ഏതു പ്രമാണത്താൽ ഞങ്ങളുടെ നേരെയുള്ള നിന്റെ സ്നേഹം നീ പ്രത്യക്ഷമാക്കി എന്നുള്ള മേല്പറഞ്ഞ നന്ദികെട്ടവരുടെ ചോദ്യത്തിന് ദൈവം ഇവിടെപ്രത്യുത്തരം നല്കുന്നു. സഹോദരന്മാരായിരുന്ന ഏസോവും യാക്കോവും ദൈവപരിപാലനയ്ക്ക് ഒരുപോലെ അർഹരായിരുന്നു. എങ്കിലും ദൈവം യാക്കോവിനോടും അയാളുടെ സന്തതികളോടും അധികമായ സ്നേഹം പ്രദർശിപ്പിച്ചു. എങ്ങനെയെന്നാൽ ഏസോവും യാക്കോവും അവരുടെ മാതാവായ റെബ്ക്കായുടെ ഗർഭത്തിലായിരിക്കയിൽ—"അവർ നന്മയാകട്ടെ തിന്മയാകട്ടെ ചെയ്യാതെയുമിരിക്കെ" (റോ. അ. ൯. വാ. ൧൧)—തന്നിമിത്തം അവരുടെ എല്ലാ യോഗ്യതകൾക്കും അഥവാ അയോഗ്യതകൾക്കും മുമ്പായിത്തന്നെ "മൂത്തവൻ ഇളയവനു" അതായതു, ഏസോ യാക്കോവിന് "സേവകനായിരിക്കും" (സ്വ. അ. ൨൫. വാ. ൨൩.) എന്ന് അരുളിച്ചെയ്തു. രണ്ടാമതായി, യാക്കോവിനും അയാളുടെ സന്തതികളായ യൂദജനത്തിനും ദൈവം തന്റെ വെളിപാടുകൾ, കല്പനകൾ, ദൈവാലയം, പ്രവാചകന്മാർ, രാജ്യം മുതലായവ നല്കി അവർക്ക് ഏസോവിനെയും അയാളുടെ സന്തതികളായ ഇദോമായരെയും കാൾ മുൻഗണന നല്കി. മൂന്നാമതായി, ഈ അടുത്തകാലത്ത് ബാബേൽ അടിമത്തത്തിൽനിന്ന് യൂദന്മാരെ വിമുക്തരാക്കി. ഇദോമ്യരെ ഇപ്രകാരം വിമുക്തരാക്കിയില്ല.— "ഏസോവിനെ ഞാൻ ദ്വേഷിച്ചു": കുറച്ചുമാത്രം സ്നേഹിച്ചു എന്നാണ് ദ്വേഷിച്ചു എന്ന വാക്കിന്റെ ഇവിടത്തെ അർത്ഥം (റോമാ. അ. ൯. വാ. ൧൩ വ്യാ; ലൂ. അ. ൧൪. വാ. ൨൬ വ്യാ). ദ്വേഷിക്കുക, ദ്വേഷം എന്നീ പദങ്ങൾ വി. ഗ്രന്ഥത്തിൽ പലസ്ഥലങ്ങളിലും താരതമ്യത്തിലുള്ള സ്നേഹത്തെ കുറിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നുവെന്നുള്ളതു സ്പഷ്ടമാണ്. നമ്മുടെ കർത്താവ്, തന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ അപ്പനെയും അമ്മയെയും "ദ്വേഷിക്കണം" എന്ന് അരുളിച്ചെയ്യുമ്പോൾ (ലൂ അ. ൧൪. വാ. ൨൬) അവരെ ദൈവത്തെക്കാൾ കുറച്ചുമാത്രമേ സ്നേഹിക്കാവൂ എന്നാണ് അർത്ഥമാക്കുന്നതു. മാതാപിതാക്കന്മാരെ എന്നല്ല, ശത്രുക്കളെപ്പോലും ദ്വേഷിക്കാൻ മ്ശീഹായുടെ പ്രമാണം അനുവദിക്കുന്നില്ലല്ലോ (മത്താ. അ. ൫. വാ. ൪൪). മേല്പറഞ്ഞ തരത്തിലുള്ള പദപ്രയോഗം എബ്രായ ഭാഷയുടെ ഒരു ശൈലി അഥവാ പ്രത്യേക രീതിയാകുന്നുവെന്നും പണ്ഡിതന്മാർ പറയുന്നു. ഒന്നിന് മറ്റൊന്നിനേക്കാൾ താരതമ്യേന മുൻഗണന കൊടുക്കുവാൻ ആഗ്രഹിക്കുമ്പോൾ ആദ്യത്തേതിനെ സ്ഥാപിച്ചും രണ്ടാമത്തേതിനെ നിഷേധിച്ചും പറയുക എബ്രായരുടെയിടയിൽ സാധാരണമായിരുന്നു. ഉദാഹരണമായി, "ഞാൻ പുഴുവാകുന്നു, മനുഷ്യനല്ല" (സങ്കീ. ൨൨. വാ. ൬); "ഭൂമിയിൽ ആരെയും നിങ്ങളുടെ പിതാവെന്ന് നിങ്ങൾ വിളിക്കരുതു. സ്വർഗ്ഗത്തിലുള്ള ഏകൻ മാത്രമാകുന്നു നിങ്ങളുടെ പിതാവു" (മത്താ. അ. ൨൩. വാ. ൯) എന്നിങ്ങനെയുള്ള അനവധി വാക്യങ്ങൾ വി. ഗ്രന്ഥത്തിൽനിന്നും ഉദ്ധരിക്കാവുന്നതാണ്. ഈ വാക്യത്തെ വിശദീകരിക്കുകയിൽ നമ്മിൽ ഓരോരുത്തന്റെയും നേരെ ദൈവം പ്രദർശിപ്പിച്ചിട്ടുള്ള സ്നേഹത്തെയും നമ്മുടെമേൽ വർഷിച്ചിട്ടുള്ള നന്മകളെയും നാം പ്രത്യേകം സ്മരിക്കുകയും മതിക്കുകയും ചെയ്യണമെന്നു വ്യാഖ്യാതാക്കൾ ഉപദേശിക്കുന്നു. എന്തെന്നാൽ ഇങ്ങനെ ചിന്തിക്കുമ്പോൾ മറ്റു പലരെയുംകാൾ അധികമായി ഓരോരുത്തനെയും ദൈവം സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ടെന്നു കാണാവുന്നതാണ്. ഉദാഹരണമായി, നീ സന്ന്യാസിയെങ്കിൽ, സന്ന്യാസികളല്ലാത്തവരെക്കാളും, വൈദികനെങ്കിൽ അൽമേനികളെക്കാളും, പഠിപ്പുള്ളവനെങ്കിൽ പഠിപ്പില്ലാത്തവരെക്കാളും, വിശ്വാസിയെങ്കിൽ വിശ്വാസമില്ലാത്തവരെക്കാളും അധികമായി ദൈവം തന്റെ സ്നേഹം നിന്റെ നേരെ പ്രദർശിപ്പി

ക്കയും അനുഗ്രഹിക്കയും ചെയ്തിരിക്കുന്നു. സ്വാഭാവികമായും അതിസ്വാഭാവികമായും നമുക്കുള്ള നന്മകളെ ഇങ്ങനെ പരിശോധിക്കുന്നതായാൽ മറ്റുള്ളവരെ അധഃകരിക്കുന്ന പ്രത്യേകമായവയും യോഗ്യമായവയുമായ ചില നന്മകൾ ദൈവത്തിൽനിന്ന് കൈക്കൊണ്ടിട്ടുണ്ടെന്ന് ഓരോരുത്തനും കാണാം. ചിലർക്കു അധികമായ നന്മകൾ ലഭിച്ചിട്ടുള്ളതായി നാം കാണുന്നുവെങ്കിൽ അവയുടെ ദാതാവായ ദൈവത്തെ സ്തുതിക്കയും നന്ദിപറയുകയും നമ്മെത്തന്നെ താഴ്ത്തുകയും വേണം. "ഒരുവിധത്തിലുള്ളതായിട്ടും മറ്റൊരുവിധത്തിലുള്ളതായിട്ടും ഓരോരുത്തനും ദൈവത്തിൽനിന്ന് ദാനം നല്കപ്പെട്ടിട്ടുണ്ട്" (൧ കോറ. അ. ൭. വാ. ൭)

൩. "അവന്റെ പർവ്വതങ്ങളെ ..... മേച്ചിൽ സ്ഥലങ്ങളാക്കെയും ചെയ്തു": ഏസോവിന്റെ അധിവാസ സ്ഥലമായിരുന്ന സായീർ പർവ്വതപംക്തികൾ (ആവർത്ത. അ. ൨. വാ. ൫.) ആണ് ഇവിടെ "അവന്റെ പർവ്വതങ്ങൾ" എന്നു പറഞ്ഞിരിക്കുന്നത്. ഇതു ഉപ്പുകടലിന്റെ തെക്കേ തീരം മുതൽ തെക്കോട്ട് ചെങ്കടൽ വരെ നീണ്ടു കിടക്കുന്നു. ആദോം എന്ന പേരിൽ അറിയപ്പെടുന്ന ദേശവും ഇതുതന്നേയാകുന്നു. സായീർ, ആദോം എന്നീ രണ്ടു പേരുകളും ഏസോവിനുള്ളതാണല്ലോ. (സ്വ. അ. ൩൬. വാ. ൫൭). ഈ ൩—ാം വാക്യത്തിന്റെ സാരം ഏതാണ്ട് താഴെവരുംപ്രകാരമാകുന്നു:— നിങ്ങളെ എന്നപോലെ ആദോമായരെയും അടിമകളാക്കുന്നതിന്ന് ശത്രുക്കൾക്കു ഏല്പിച്ചുകൊടുത്തശേഷം, നിങ്ങളെ സ്വദേശത്തേയ്ക്കു ഞാൻ തിരിയെ കൊണ്ടുവരികയും, അവരെ അടിമത്തത്തിൽ ഉപേക്ഷിക്കയും അങ്ങനെ അവരുടെ ദേശം ശൂന്യമായിത്തീർന്ന് മൃഗങ്ങളുടെ മേച്ചിൽസ്ഥലമായി ശേഷിക്കയും ചെയ്യും. ഈ പ്രവചനം നിറവേറിയിട്ടുണ്ട്. എങ്ങനെയെന്നാൽ ബി. സി. ൭൯൭—ൽ നബുക്കദ്നേസർ ഒരു റ്റൈർമിനെ ആക്രമിച്ചപ്പോൾ ആദോമായർ അയാളോടു ക്രൂടിച്ചേരുകയും ഓരോ റ്റൈർമിന്റെ അടിസ്ഥാനംപോലും നിർമ്മൂലമാക്കുന്നതിന്ന് അയാളെ പ്രേരിപ്പിക്കുകയും ചെയ്തു. ആദോമായരുടെ ഈ ദുഷ്പ്രവൃത്തിക്കുള്ള പ്രതിഫലം അവർക്കു ലഭിക്കുന്നതിന്ന് അധികകാലം വേണ്ടിവന്നില്ല. ഓരോ റ്റൈറും പിടിച്ചടക്കി അഞ്ചു വർഷം കഴിഞ്ഞു, നബുക്കദ്നേസർ യൂദയായുടെ ചുറ്റുമുള്ള രാജ്യങ്ങളെ വിശിഷ്യ ആദോമിനെ കീഴ്പ്പെടുത്തി തദ്ദേശവാസികളെ അടിമകളായി ബാവേലിലേയ്ക്കു കൊണ്ടുപോയി.

൪. "ഞങ്ങൾ ദരിദ്രരാക്കപ്പെട്ടു; നശിപ്പിക്ക ..... തള്ളിവീഴ്ത്തും": ഈ വാക്യത്തിന്റെ സാരം താഴെ വരുംപ്രകാരമാകുന്നു:— സ്വദേശത്തേയ്ക്കു മടങ്ങിച്ചെന്ന ആദോമായരിൽ ചുരുക്കം ചിലർ, യഹൂദന്മാർ തിരിച്ചുവന്ന് അവരുടെ ദൈവാലയവും പട്ടണവും ഭംഗിയായി വീണ്ടും പണിയുന്നതു നാം കാണുന്നതുപോലെ, ബാവേൽക്കാർ നമ്മുടെ പട്ടണങ്ങളിൽ നശിപ്പിച്ചവയെ നമുക്കു വീണ്ടും പണിയാം എന്നു പറയുന്നുവെങ്കിൽ, സാവധാനത്തിലും ക്രമേണയുമേ അതിനു ഞാൻ സമ്മതിക്കയുള്ളു. അവർ വീണ്ടും പണിയുന്നവയെ മെയ്യായർ, പേഷ്യാക്കാർ, ഗ്രീക്കുകാർ മുതലായ പൊതു ശത്രുക്കൾ വഴിയായും, നിങ്ങൾ വഴിയായും നശിപ്പിക്കുന്നതിന് ഞാൻ അനുവദിക്കും. ഇങ്ങനെ ആദോം ദേശം "ദുഷ്കൃതയുടെ അതിർത്ത്" എന്നു വിളിക്കപ്പെട്ടും. അതായതു്, നിവാസികളുടെ മഹാപാതകങ്ങളാൽ നിന്ദ്യവും ശിക്ഷാർഹവുമായ ദേശം. നിവാസികളുടെ അവരുടെ ദുഷ്കൃതമൂലം ദൈവം എന്നേയ്ക്കും ദ്വേഷിക്കുന്ന—അതായതു് നിരന്തര ശിക്ഷകൾക്കും കഷ്ടതകൾക്കും വിധേയമായിരിക്കുന്ന— ജനം എന്ന് വിളിക്കപ്പെട്ടും.— "കർത്താവു് എന്നേയ്ക്കും ദ്വേഷിക്കുന്ന ജനം:" ദുഷ്കൃത പ്രവർത്തിക്കുന്നവരുടെ നേരെ അഥവാ പാപികളുടെ നേരെ ദൈവത്തിനുള്ള കോപത്തെപ്പറ്റിയാണ് ഇവിടെ പറയുന്നതു (സങ്കീ. ൫. വാ. ൫). പിതാക്കന്മാരെയും മക്ക

ളെയും ഒന്നായി പരിഗണിക്കുക എന്നുള്ളതാണ് എബ്രായരുടെ ചിന്താഗതി. ഏ
സോവും അയാളുടെ സന്തതികളും വലിയ ദുഷ്പ്രവൃത്തികൾ ചെയ്തിരുന്നവരാക
കൊണ്ട്, അവർ "കർത്താവ് എന്നേയ്ക്കും ദ്വേഷിക്കുന്നു" ജനമായിത്തീർന്നു.—
"എന്നേയ്ക്കും": "ആലം" (עוֹלָם) എന്ന് എബ്രായയിലും സുറിയാനിയിലും ഉള്ള
പദവും "അയ്ഓൻ" എന്ന ഗ്രീക്ക് പദവും എന്നേയ്ക്കും അഥവാ നിത്യം എ
ന്നാണ് മലയാളത്തിൽ തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്നത്. ഈ മൂലപദങ്ങൾക്ക്
യുഗം എന്ന അർത്ഥമാണുള്ളത്. ഇവ നാലുവിധത്തിൽ പ്രയോഗിക്കുന്നുണ്ട്: (1) കാ
ലദൈർഘ്യം പ്രത്യേകമായി കാണിക്കുന്നതിനുവേണ്ടി, വളരെക്കാലത്തേയ്ക്ക് എന്ന
അർത്ഥത്തിൽ. സ്വ. അ. ക്ര. വാ. വൃ. "എന്നേയ്ക്കുമുള്ള അവകാശം"; സ്വ. അ.
ക്ര. വാ. ക്രൻ. "എന്നേയ്ക്കുമുള്ള ഉടമ്പടി"; ആചാ. അ. ക്രമ. വാ. നൂ. "എന്നേ
യ്ക്കുമുള്ളനിയമം". (2) ആദിയില്ലായ്മയെ പ്രത്യേകമായി കാണിക്കുന്നതിനുവേണ്ടി.
സ്വ. അ. ഫ്ര. വാ. നാമ. "യുഗങ്ങളുടെ ദൈവം": ഏറ. അ. നാഗ്ര. വാ.
നാ. "നിത്യസ്നേഹം". (3) അന്തമില്ലായ്മയെ പ്രത്യേകമായി കാണിക്കുന്നതിനു
വേണ്ടി. ഫ കോറ. അ. ഭ. വാ. ക്രവ്യ. "കാണപ്പെടാത്തവയോ എന്നേയ്ക്കുമു
ള്ളവ;" എബ്രാ. അ. ൻ. വാ. ക്രഫ. "എന്നേയ്ക്കുമുള്ളരക്ഷ"; മത്താ. അ. ഫ്ര.
വാ. ഭവ. "നിത്യാഗ്നി;" മത്താ. അ. ഫ്ര. വാ. രണ്ട. "നിത്യപീഡ, നിത്യ
ജീവൻ;" (4) ആദ്യന്തമില്ലായ്മയെ കാണിക്കുന്നതിനുവേണ്ടി ക തീമാ. അ. ക്ര.
വാ. ക്രമ. "യുഗങ്ങളുടെ രാജാവ്;" എബ്രാ. അ. ൻ. വാ. ക്രഭ. "നിത്യാത്മാ
വ്;" ഏശാ. അ. ൻ. വാ. ന്യ. "നിത്യശക്തനായ ദൈവം"; ഈ നാലുവിധ
പ്രയോഗങ്ങളിൽ ആദ്യത്തെ അർത്ഥത്തിലാണ് ഈ വാക്യത്തിൽ ഉപയോഗിച്ചി
രിക്കുന്നത്.

൫. "ഇസ്രായേലിന്റെ അതിർത്തിക്കപ്പുറം ..... പറയുകയും
ചെയ്യും:" ദുഷ്ടന്മാരെ ശിക്ഷിക്കുന്നതു വഴിയായി ദൈവത്തിന്റെ ശക്തി വെളിപ്പെട്ടു
ത്തുന്നതുകൊണ്ട്.

൬. "പുത്രൻ തന്റെ പിതാവിനെയും ..... പു
രോഹിതന്മാരെ, നിങ്ങളോട് ചോദിക്കുന്നു": യഹൂദജനത്തിന് ദൈവം ചെയ്ത
ഉപകാരങ്ങളെ എണ്ണിയെണ്ണിപ്പറഞ്ഞശേഷം, അതിനു പകരമായി അവർ
നന്ദിയില്ലാതെ, തന്നോട് ചെയ്യുന്ന ദ്രോഹങ്ങളെപ്പറ്റി പ്രസ്താവിക്കുന്നു. അവരു
ടെ നന്ദികേടിനെയും അടക്കത്തിയെയും കുറിച്ച് അവരെ കുറ്റപ്പെടുത്തുകയും ശാ
സിക്കയും ചെയ്യുന്നു. സ്വഭാവ പ്രമാണത്താലും, ദൈവ പ്രമാണത്താലും, മാനു
ഷിക പ്രമാണത്താലും പിതാവിനെ ബഹുമാനിക്കുന്നതിന് പുത്രൻ കടപ്പെട്ടിരുന്നു.
"അപ്പനെയും അമ്മയെയും ബഹുമാനിക്ക" എന്ന ദൈവപ്രമാണത്തിൽ സ്നേഹി
ക്കുക, വാഴ്ത്തുക, അനുസരിക്കുക, ഉപകാരങ്ങൾ ചെയ്തുകൊടുക്കുക എന്ന നാലു
കാര്യങ്ങളാണ് അടങ്ങിയിരിക്കുന്നത്. അഞ്ചുപ്രകാരത്തിൽ ദൈവം നമ്മുടെ പി
താവാകുന്നു. (1) സൃഷ്ടിവഴിയായി, (2) പരിപാലനയും നിയന്ത്രണവും വഴി
യായി, (3) പോഷണം വഴിയായി, (4) പൈതൃകമായ ശ്രദ്ധയും താൽപര്യവും
വഴിയായി, (5) സർവ്വോപരിയായി നമ്മുടെ പാപങ്ങളെ നിർമ്മാർജ്ജനം ചെയ്ത്
നമ്മെ ദൈവത്തിന്റെ മക്കളും സ്വർഗ്ഗരാജ്യത്തിന് അവകാശികളുമാക്കുന്ന
പ്രസാദവരം വഴിയായി. വി. അംബ്രോസിസ് പറയുന്നു: "നീ ദാസനാകുന്നുവെ
ങ്കിൽ, എജമാനന് വഴക്കം കാണിക്കുക. നീ പുത്രനാകുന്നുവെങ്കിൽ പിതാവിന്
ഭക്തിയിൽനിന്നുള്ള സ്നേഹം പ്രത്യക്ഷമാക്കുക. നീ കൃതജ്ഞത പ്രകാശിപ്പിക്കാതിരി
ക്കുന്നുവെങ്കിൽ, നീ ദൈവത്തെ സ്നേഹിക്കുകയോ, ഭയപ്പെടുകയോ ചെയ്യുന്നില്ല.
ഒന്നുകിൽ ദുഷ്ടാത്മാക്കാരനായ ദാസൻ അല്ലെങ്കിൽ ശത്രുക്കളനായ പുത്രനാകുന്നു നീ.

ആകയാൽ ഒരു നല്ല ക്രിസ്ത്യാനി, "നിങ്ങൾ ഭക്ഷിക്കുന്നു എങ്കിലും, പാനം ചെയ്യുന്നു എങ്കിലും, എന്തെങ്കിലും പ്രവർത്തിക്കുന്നു എങ്കിലും എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ചെയ്യുവിൻ" (൧ കോറ. അ. ൧൦. വാ. ൩൧) എന്നുള്ള വി. പൌലോസിന്റെ ഉപദേശാനുസാരം, തന്റെ പിതാവും പരമനാഥനുമായ ദൈവത്തിന് എപ്പോഴും നന്ദി പറയേണ്ടിയിരിക്കുന്നു.

൬. "നിങ്ങൾ എന്റെ ബലിപീഠത്തിന്മേൽ അശുദ്ധമായ അപ്പം അർപ്പിക്കുന്നതിൽ": ഇവിടെ അശുദ്ധമായ അപ്പം എന്നു പറഞ്ഞിരിക്കുന്നതു, അശുദ്ധമായ ബലി വസ്തുക്കളെ ഉദ്ദേശിച്ചാണ്. എബ്രായർ എല്ലാത്തരം ഭക്ഷ്യ സാധനങ്ങളെയുംപോലെ തന്നെ, മൃഗങ്ങളുടെ മാംസത്തെയും അപ്പം എന്നു പറഞ്ഞിരുന്നു. ദൈവത്തിന് ബലിസമർപ്പിച്ചിരുന്ന കാള, ആട്ടിൻ മുതലായ എല്ലാ ബലി വസ്തുക്കളെയും അവർ അപ്പം എന്നു വിളിച്ചിരുന്നു (ആവ. അ. ൧൨. വാ. ൨൭; അ. ൨൨. വാ. ൩, ൭; സം. അ. ൨൮, വാ. ൨). ആകയാൽ "അശുദ്ധമായ അപ്പം" എന്നു ഇവിടെ പറഞ്ഞിരിക്കുന്നതു ആവ. അ. ൧൨. വാ. ൧൫, ൨൭ മുതലായ വാക്യങ്ങളിൽ പ്രസ്താവിച്ചിരിക്കുന്ന മിഴി കുരുടായുള്ളതോ, മുടന്തുള്ളതോ, അംഗഭംഗമുള്ളതോ ആയ ബലിമൃഗങ്ങളെ ഉദ്ദേശിച്ചാണ്. വാ. ൭–ൽ മാലാകി ഈ സംഗതി വിശദമാക്കുന്നുണ്ട്. മാത്രമല്ല, ആവ. ൧൫, ൨൨, ൨൩ അദ്ധ്യായങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന ക്രമവും ആചാരങ്ങളും കൂടാതെ അർപ്പിക്കപ്പെടുന്ന ബലിവസ്തുവും "അശുദ്ധമായ അപ്പം" ആകുന്നു. ഇതിനും പുറമെ ബലി അർപ്പിക്കുന്നവരുടെ അഭക്തിയും പാപങ്ങളും നിമിത്തവും ബലിവസ്തു "അശുദ്ധമായ അപ്പം" ആകാവുന്നതാണ്. എന്തെന്നാൽ യഹൂദന്മാരുടെ ബലികർമ്മം, നമ്മുടെ വി. കുർബ്ബാനപോലെ, കർമ്മസിദ്ധഫലങ്ങളോടു കൂടിയവയായിരുന്നില്ല; പ്രത്യുത, കാമ്മികസിദ്ധഫലങ്ങളോടുകൂടിയവ, എന്നു വച്ചാൽ, കാമ്മികന്മാരുടെ ഭക്തിക്കനുസൃതമായി മാത്രം ഫലം ചെയ്യുന്നവയായിരുന്നു.— "ഞങ്ങൾ നിന്നെ എങ്ങനെ അശുദ്ധിപ്പെടുത്തി": അശുദ്ധനായ പുരോഹിതൻ ദൈവത്തിന് അശുദ്ധമായി ബലിയർപ്പിക്കുമ്പോൾ ദൈവത്തെത്തന്നെ അശുദ്ധിപ്പെടുത്തുന്നുവെന്ന് പുരോഹിതന്മാരായിരിക്കുന്നവർ സദാ സ്മരിക്കേണ്ടതാണ്. എന്തെന്നാൽ ബലിപീഠത്തെയും, ബലിവസ്തുവിനെയും, ദൈവത്തിന്റെ വിരുന്നിനെയും അവർ അശുദ്ധമാക്കുന്നു. നമ്മുടെ ദൈവമായ മ്ശീഹാതന്നെ ബലിവസ്തുവായിരിക്കുന്ന പുതിയ നിയമത്തിലേ ബലിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. തൽസംബന്ധമായി വി. പൌലോസ് പറയുന്നു: "കർത്താവിന്റെ അപ്പത്തിൽനിന്നു ഭക്ഷിക്കയും അവന്റെ പാനപാത്രത്തിൽനിന്നു പാനം ചെയ്കയും അതിന് യോഗ്യനല്ലാതിരിക്കയും ചെയ്യുന്നവൻ കർത്താവിന്റെ രക്തത്തോടും അവന്റെ ശരീരത്തോടും അപരാധിയായിരിക്കുന്നു" (൧ കോറ. അ. ൧൧. വാ. ൨൭). — "കർത്താവിന്റെ മേശ നിന്ദ്യം എന്ന് നിങ്ങൾ പറയുന്നതിൽ": കർത്താവിന്റെ മേശ എന്നിവിടെ പറഞ്ഞിരിക്കുന്നതു, ബലിപീഠത്തെ ഉദ്ദേശിച്ചാണ്. എന്തെന്നാൽ ദൈവം ആതിഥേയൻ ആയിരിക്കുന്ന ഒരു വിരുന്നുപോലെയാണ് ബലി. മേശ ബലിപീഠവും, ഭോജ്യം ബലിവസ്തുവും, ശുശ്രൂഷകൻ ആചാര്യന്മാരുമാകുന്നു. ഇവിടെ പ്രവാചകൻ തിന്മയുടെ മൂലത്തെ സ്പർശിച്ചുകൊണ്ട് വിശുദ്ധ കാര്യങ്ങളിലുള്ള അവരുടെ അവജ്ഞയുടെ കാരണം, ബലിപീഠത്തെ അവർ അവഗണിക്കുന്നതാകുന്നുവെന്നു പറയുന്നു. പുരോഹിതന്മാരേ, എന്റെ ബലിപീഠത്തെ നിങ്ങൾ നിസ്സാരമാക്കുകയും, അതു ശ്രേഷ്ഠതയില്ലാത്തതെന്നും തന്മൂലം അതിന്മേൽ അർപ്പിക്കപ്പെടുന്നവ എന്തു അഥവാ എങ്ങനെയുള്ളവ എന്ന കാര്യം സാരമുള്ളതല്ലെന്നും പറയുകയും അങ്ങനെ അംഗഭംഗമുള്ളവയും ന്യൂനതയുള്ളവയുമായ ബലിവസ്തുക്കൾ എന്റെ പീഠത്തിൽ അർപ്പിക്കയും ചെയ്യുന്നു. മാലാ

കിയുടെ പ്രവചനകാലത്തു് കത്താവിന്റെ ബലിപീഠം വിലയില്ലാത്ത തെന്നു അവർ പറയുന്നതിനിടയാക്കിയ ചില കാരണങ്ങൾ: (1) വിശുദ്ധ കർമ്മങ്ങളുടെ ഭീഷ്കാലത്തെ അഭാവം. അടിമത്തത്തിന്റെ എഴുപതു വർഷത്തേയ്ക്കു് അവർക്കു് ദൈവാലയമോ, ബലിപീഠമോ, ബലിവസ്തുക്കളോ ഉണ്ടായിരുന്നില്ല. തന്മൂലം ലേവ്യർ കർമ്മാനുഷ്ഠാനവിധികൾ വിസ്മരിക്കുകയും അവയിൽ അലസതയുള്ളവരായിത്തീരുകയും ചെയ്തു. (2) രണ്ടാമതു പണിയിച്ച ദൈവാലയം ആദ്യത്തേതിനോളം മഹത്വമുള്ളതായിരുന്നില്ല. ആദിമ ദൈവാലയത്തിന്റെ മഹത്വം അവരിൽ വൃദ്ധന്മാരായിരുന്നവർ കാണുകയും, യുവാക്കന്മാർ വൃദ്ധന്മാരിൽ നിന്നു് കേട്ടറിയുകയും ചെയ്തിരുന്നു. (3) ബാബേലിൽനിന്നു തിരിച്ചുവന്ന യൂദന്മാർ ദരിദ്രരായിരുന്നു. തന്മൂലം അവർ ആചാര്യന്മാർക്കു് കൊടുത്തിരുന്ന ഓഹരികൾ വളരെ കുറച്ചു മാത്രമായിരുന്നു. അതുകൊണ്ടു് അവർ ബലിപീഠശുശ്രൂഷയെ അവഗണിക്കയും നിത്യവൃത്തിക്കായി ഇതര ജോലികളിൽ വ്യാപൃതരാകുകയും ചെയ്തു. (4) ബലിവസ്തുക്കൾ അഗ്നിയിൽ ദഹിപ്പിച്ചിരുന്നതുകൊണ്ടു്, നല്ലവ തങ്ങൾക്കായി നീക്കിവച്ചിട്ടു് മോശമായവ ബലിയിൽ ദഹിപ്പിച്ചാൽ മതി എന്നു് അവർ തെറ്റായി അനുമാനിച്ചു.

൨. "മിഴി കുരുടായതിനെ ..... തിന്മയല്ലയോ?": സുവ്യക്തമായി തിന്മയാകുന്നു; എന്തെന്നാൽ, അതു്, ആചാരപരമായ വാഗ്ദത്തങ്ങളുടെ വിരുദ്ധമാകുന്നു. ഊനമില്ലാത്തതിനെ മാത്രമേ കർത്താവിന്നു് ബലികഴിക്കാവൂ എന്നാണ് കല്പന. — "നിന്റെ അധിപതിക്കു് അതിനെ ..... സ്വീകരിക്കുമോ?" നിന്റെ അധിപതിക്കു് ഈദൃശ കാഴ്ചസമർപ്പിച്ചാൽ അതു് അയാളെ പ്രസാദിപ്പിക്കുകയില്ലെന്നു മാത്രമല്ല, അയാൾക്കു് അതു് വലിയ ഇഷ്ടക്കേടുവരുത്തുകയും, നിന്റെ മാനത്തെ അയാൾ ഉടനെ വലിച്ചെറിയുകയും നിന്റെമേൽ രോഷാകുലനാവുകയും ചെയ്യും. എന്തെന്നാൽ നല്ലവയെ നിനക്കായി നീക്കിവച്ചുകൊണ്ടു് മിഴി കുരുടായവയും അംഗഭംഗമുള്ളവയുമായ മൃഗങ്ങളെ അയാൾക്കു സമർപ്പിക്കുന്നതിൽ അയാളെ നീ നിന്ദിക്കുന്നുവെന്നും നിസ്സാരനാക്കുന്നുവെന്നും അയാൾ കരുതുന്നു. ആകയാൽ ഒരു വൊും മനുഷ്യനായ നിന്റെ എജമാനന്നു് ഈദൃശ കാഴ്ചസമർപ്പിക്കുവാൻ നീ തുനിയാതിരിക്കുന്നുവെങ്കിൽ, രാജാക്കന്മാരുടെ രാജാവും, കർത്താക്കന്മാരുടെ കർത്താവുമായ ദൈവത്തിന്നു് അതു് സമർപ്പിക്കുവാൻ മടിക്കാത്തതെന്തുകൊണ്ടു്?

൧൩. "വ്യർത്ഥമായി ..... ആരുണ്ടു്?" ഇപ്രകാരമുള്ള അശുദ്ധമായ ബലിവസ്തുക്കൾ വ്യർത്ഥമായി അഥവാ നിഷ്ഫലമായി എന്റെ പീഠത്തിൽ ബലി ചെയ്പെടാതിരിക്കുന്നതിനുവേണ്ടി നിങ്ങളിൽ ആരെങ്കിലും ദൈവാലയ വാതിലുകൾ അടച്ചിരുന്നുവെങ്കിൽ എത്രനന്നായിരുന്നു. ഈദൃശ ദുഷിച്ച ബലിയർപ്പണത്തെക്കാൾ നന്നു്, ബലികൾ ഇല്ലാതിരിക്കുന്നതാകുന്നു. ഭാവിയിൽ ഈദൃശ ബലികൾ ഉണ്ടായിരിക്കുകയില്ല. ലോകം മുഴുവനും അർപ്പിക്കപ്പെടുന്നതും തൃപ്തിപ്പെടുന്നതുമായ മ്ശിഹായുടെ നിർമ്മല ബലിമാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.— "എനിക്കു നിങ്ങളിൽ പ്രസാദമില്ല": വിശുദ്ധ കർമ്മങ്ങളിലുള്ള നിങ്ങളുടെ ഭക്തിഹീനതയും, അജാഗ്രതയും, അവജ്ഞയും നിമിത്തം നിങ്ങൾ എനിക്കു ഇഷ്ടമില്ലാത്തവരായിരിക്കുന്നു. — "നിങ്ങളിൽനിന്നു ഞാൻ ബലി സ്വീകരിക്കുകയുമില്ല": പഴയനിയമത്തിലെ ബലികൾ, പുതിയനിയമത്തിലേതുപോലെ കർമ്മസിദ്ധമല്ലാതെ മുഖേന ദൈവത്തെ പ്രസാദിപ്പിക്കുവാൻ പര്യാപ്തമായവയായിരുന്നില്ല; പ്രത്യുത, അവ ദൈവത്തെ പ്രസാദിപ്പിച്ചിരുന്നതു്, കാൽവറികർമ്മസിദ്ധമല്ലാതെ മുഖേനയായിരുന്നു. തന്മൂലം കാൽവറികർമ്മത്തിന്നു പ്രസാദമില്ലാത്തവരായിത്തീർന്നതുകൊണ്ടു് ബലികളും ദൈവത്തിന്നു പ്രസാദിക്കാത്തവയായിത്തീർന്നു.

"സ്വീകരിക്കുകയില്ല" എന്നതിന് മൂലമായ എബ്രായയിലും, സുറിയാനിയിലും ഭാവികാലക്രിയയാണ് ഉപയോഗിച്ചിരിക്കുന്നത്. തുടന്ന് അടുത്ത വാക്യത്തിൽ പറയുന്ന സംഗതികളും ഭാവിയെ സംബന്ധിച്ചാകുന്നു എന്ന ഒരു ധ്വനിയും ഇവിടെയുണ്ട്.

൧൦. ഈ വാക്യത്തിന്റെ സമ്പൂർണ്ണമായ വ്യാഖ്യാനം പുറ ൨൨, ൨൩, ൨൪–ൽ കാണുക.

൧൧. "കർത്താവിന്റെ മേശ..... അശുദ്ധിയാക്കുന്നു": വാ. ൬ വ്യാ. നോക്കുക.

൧൨, ൧൩: വാ. ൫ വ്യാ നോക്കുക.

൨–ാം അദ്ധ്യായം

ആകാശ്ത പുരോഹിതന്മാർക്കുള്ള ശിക്ഷ അറിയിക്കപ്പെടുന്നു (വാ. ൧–൯) പുരോഹിതന്മാർ അവരുടെ ഉന്നതനിലയിൽ നിന്നു അധഃപതിക്കയും, അനേകരെ നേർവഴിയിൽ നിന്ന് വ്യതിചലിപ്പിക്കയും ചെയ്തിരിക്കകൊണ്ട്, അവർ സ്വജനങ്ങളിലും നിന്ദ്യന്മാരായിത്തീരും (വാ. ൮–൯). പുറജാതികളുമായുള്ള വിവാഹത്തെക്കുറിച്ച് ശാസിക്കുന്നു (വാ. ൧൦–൧൨). വിവാഹമോചനത്തെക്കുറിച്ച് ശാസിക്കുന്നു (വാ. ൧൩–൧൬). ന്യായം വിധിക്കുന്ന ദൈവം ഇല്ല എന്ന ഭാവം നടിക്കുന്നതിനെക്കുറിച്ച് ശാസിക്കുന്നു (വാ ൧൭).

൧ ഇപ്പോൾ പുരോഹിതന്മാരേ, ഈ കല്പന നിങ്ങൾക്കുവേണ്ടിയാകുന്നു.

൨. നിങ്ങൾ (ഇതു) ശ്രവിക്കാതിരിക്കയും എന്റെ നാമത്തെ മഹത്വപ്പെടുത്തുന്നതിന് നിങ്ങളുടെ ഹൃദയത്തിൽ സംഗ്രഹിക്കാതിരിക്കയും ചെയ്യുമെങ്കിൽ നിങ്ങളുടെമേൽ ഞാൻ ശാപം അയയ്ക്കും എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ സംഗ്രഹിക്കാഞ്ഞതുകൊണ്ട് നിങ്ങളുടെ ആശീർവ്വാദങ്ങളെ ഞാൻ ശപിക്കും. [അപ്പൊ. അ. ൨൩. വാ. ൧൪; ആവർത്ത. അ. ൨൮. വാ. ൧൫.]

൩. ഇതാ ഭ്രമിയുടെ വിത്തു ഞാൻ നശിപ്പിച്ചുകളയും. നിങ്ങളുടെ മുഖത്തു ഞാൻ ചാണകം വിതറും. നിങ്ങളുടെ തിരുനാളുകളിന്മേലും ചാണകം (വിതറും). അതോടുകൂടി നിങ്ങളെ ഞാൻ നീക്കിക്കളകയും ചെയ്യും. [൧ രാജാ. അ. ൧൪. വാ. ൧൦.]

൪. ഈ കല്പന ലേവിയോടുള്ള ഉടമ്പടിയായിരിക്കുന്നതിന് നിങ്ങൾക്ക് ഞാൻ അയച്ചു എന്ന് നിങ്ങൾ അറിയും എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു.

൫. എന്റെ ഉടമ്പടി അവനോടുകൂടിയായിരുന്നു. ആയുസ്സും സമാധാനവും ഞാൻ അവന് പ്രദാനം ചെയ്തു. അവൻ എന്നെ വളരെ ഭയപ്പെടുകയും, എന്റെ നാമത്തിൻ മുമ്പാകെ വിറപൂണ്ടനാകയും ചെയ്തു. [സംഖ്യ. അ. ൨൫. വാ. ൧൨, ൧൩; ആവർത്ത. അ. ൩൩. വാ. ൮–൧൦.]

൬. സത്യത്തിന്റെ നിയമം അവന്റെ വായിൽ ഉണ്ടായിരുന്നു. ദുഷ്ടത അവന്റെ അധരങ്ങളിൽ കണ്ടു

രുന്നില്ല. സമാധാനത്തിലും നീതിയിലും അവൻ എന്നെക്കുടെ നടന്നു. അനേകരെ ദുഷ്ടതയിൽ നിന്നു പിന്തിരിച്ചു. [ആവത്ത്. അ. ന ന൨. വാ. ൫൦; ഏറ. അ. ൨൯. വാ. ൨൨; യാക്കോ. അ. ൫. വാ. ൨൦.]

൬. എന്തെന്നാൽ ആചാര്യന്റെ അധരങ്ങൾ വിജ്ഞാനം കാക്കേണ്ടതാകുന്നു. അവർ നിയമത്തെ അവന്റെ വായിൽനിന്ന് ചോദിക്കേണ്ടതുമാകുന്നു. എന്തെന്നാൽ അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാകുന്നു. [ആചാ. അ. ൫൦. വാ. ൫൯; ആവത്ത്. അ. ൫൬. വാ. ൯, ൫൦: അ. ൨൪. വാ. ൭; എസ്രാ. അ. ൬. വാ.൫൦; ഏറ. അ. ൫൭. വാ. ൫൭; ഹംഗി. അ. ൨. വാ. ൫൯, ൫൨; നട. അ. ൫൩. വാ. ൫൬; ൨ കോറ. അ. ൫. വാ. ൨൦; ഗാലാ. അ. ൪. വാ. ൫൪.]

൭. എന്നാൽ നിങ്ങൾ വഴിയിൽനിന്നു വ്യതിചലിച്ചു. അനേകരെ നിയമത്തിൽ നിന്ന് നിങ്ങൾ വ്യതിചലിപ്പിച്ചു. ലേവിയുടെ ഉടമ്പടിയെ നിങ്ങൾ വഷളാക്കി എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. [൫ ശ്മൂ. അ. ൨. വാ. ൫൬; ന്ഹ. അ. ൫൩. വാ. ൨൯; ഏറ. അ. ൫൭. വാ. ൫൫; ലൂ. അ. ൫൫. വാ. ൪൫, ൪൯.]

൮. നിങ്ങൾ എന്റെ വഴികൾ കാക്കാതെ നിയമ (നിർവഹണ)ത്തിൽ മുഖം നോക്കിയതുകൊണ്ട് ഞാനും നിങ്ങളെ സർവ്വജനങ്ങളിലും നിന്ദ്യന്മാരും ഹീനന്മാരും ആക്കും. [൫ ശ്മൂ. അ. ൨. വാ. ന ൦.]

൯. നമുക്കെല്ലാവർക്കും ഒരു പിതാവല്ലയോ ഉള്ളത്? അഥവാ ഒരു ദൈവമല്ലയോ നമ്മെ സൃഷ്ടിച്ചത്? എന്തിനു നാം ഓരോരുത്തൻ തന്റെ സഹോദരനെതിരായി കള്ളം പറകയും, നമ്മുടെ പിതാക്കന്മാരുടെ ഉടമ്പടിയെ വഷളാക്കുകയും ചെയ്യുന്നു? [ഈയോ. അ. ൩൫. വാ. ൫൪; മത്താ. അ. ൨൩. വാ. ൩൨; ൫ കോറ. അ. ൨൨. വാ. ൩൨; അപ്പൊ. അ. ൪. വാ. ൩൨.]

൧൦. യൂദാ വഞ്ചന ചെയ്കയും ഇസ്രായേലിലും ഓറെശ്ലേമിലും അശുദ്ധിയുളവാക്കുകയും ചെയ്തു. എന്തെന്നാൽ യൂദാ സൈന്യങ്ങളുടെ കർത്താവിന്റെ വിശുദ്ധസ്ഥലം അശുദ്ധമാക്കി. അന്യദേവന്മാരെ സ്നേഹിക്കയും സേവിക്കയും ചെയ്തു. [എസ്രാ അ. ൯. വാ. ൫, ൨: അ. ൫൦. വാ. ൨; ന്ഹ. അ. ൫൩. വാ. ൨൩.]

൧൧. ഇതു ചെയ്യുന്ന മനുഷ്യനെയും അവന്റെ പുത്രനെയും, പൌത്രനെയും യാക്കോവിന്റെ ക്രൂടാരത്തിൽനിന്ന് കർത്താവ് നശിപ്പിച്ചുകളയും. സൈന്യങ്ങളുടെ കർത്താവിന് ബലിയർപ്പിക്കുന്നതിന് അവന് അരും ഉണ്ടായിരിക്കയില്ല. [ന്ഹ. അ. ൫൩. വാ. ൨൨, ൨൯; ബർനൊ. അ. ൨൩. വാ. ൫൨, ൫൩.]

൧൩. നിങ്ങൾ ചെയ്യുവേറൊന്ന്: നിങ്ങളുടെ ബലികളെ കടാക്ഷിക്കയോ നിങ്ങളുടെ കൈകളിൽനിന്ന് നല്ലമനസ്സോടെ സ്വീകരിക്കയോ ചെയ്യാതിരിക്കത്തക്കവണ്ണം കരച്ചിലിനാലും ഏങ്ങലുകളാലും കർത്താവിന്റെ ഭവനത്തെ കണ്ണുനീരു മൂടിയിരിക്കുന്നു. [സങ്കീ. ൭൨. വാ. ൩൨—൩൭.]

൧൪. എന്തുകൊണ്ട് എന്ന് നിങ്ങൾ ചോദിക്കുന്നുവെങ്കിൽ, കർത്താവ് നിനക്കും, നീ ആക്ഷേപിരോധമായി വഞ്ചന ചെയ്തിരിക്കുന്നുവോ ആ നിന്റെ ബാല്യത്തിലേ ഭാര്യയ്ക്കും സാക്ഷിയായിരിക്കകൊണ്ടുതന്നേ. എന്തെന്നാൽ അവൾ നിന്റെ സഖി

യും നിന്റെ ഉടമ്പടിയുടെ ഭാര്യയുമാണല്ലോ. [സുഭാ. അ. ൨. വാ. ൧൭; അ. ൭. വാ. ൧൭.]

൧൬. ഒരു മനുഷ്യനല്ലയോ ഉണ്ടായിരുന്നതു്. ആത്മാവുള്ള ശേഷംപേർ അവന്റേതാകുന്നു. ഒരുത്തൻ ദൈവത്തിൽനിന്ന് സന്താനത്തെ അന്വേഷിച്ചു. ആരും തന്റെ ബാല്യത്തിലേ ഭാര്യയോട്ട് വഞ്ചന ചെയ്യാതിരിക്കുന്നതിന്ന് നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കുവിൻ [മത്താ. അ. ൧൯. വാ. ൪, ൬; ൧ കോറ. അ. ൭. വാ. ൧൪; എസ്രാ അ. ൯. വാ. ൨.]

൧൭. എന്ന് ഇസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ കത്താവു് അരുളിച്ചെയ്യുന്നു. ദുഷ്ടതയെ അവൻ തന്റെ മേൽവസ്ത്രംകൊണ്ട് മറയ്ക്കാതിരിക്കട്ടെ എന്ന് സൈന്യങ്ങളുടെ കത്താവു് അരുളിച്ചെയ്യുന്നു. വഞ്ചന ചെയ്യാതിരിക്കുന്നതിന്ന നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കുവിൻ. [ആവത്ത. അ. ൨൪. വാ. ൧; മത്താ. അ. ൫. വാ. ൩൨; അ. ൧൯. വാ. ൯.]

൧൮. നിങ്ങൾ നിങ്ങളുടെ വചനങ്ങൾകൊണ്ട് കത്താവിനെ മുഷിപ്പിച്ചിരിക്കുന്നു. ഞങ്ങൾ എന്തിൽ കത്താവിനെ മുഷിപ്പിച്ചു എന്നു നിങ്ങൾ ചോദിക്കുന്നുവെങ്കിൽ, തിന്മ ചെയ്യുന്ന ഏവനും കത്താവിന്റെ കണ്ണുകളിൽ നല്ലവൻ ആകുന്നു എന്നും അവരിൽ അവൻ ഇഷ്ടപ്പെടുന്നു എന്നും അങ്ങനെ അല്ലെങ്കിൽ ന്യായം വിധിക്കുന്ന ദൈവം എവിടെയാകുന്നു എന്നും നിങ്ങൾ പറയുന്നതിൽ തന്നെ. [സങ്കീ. ൩൬. വാ. ൩–൧൭; ഏശാ. അ. ൪൩. വാ. ൨൪; ആമോ. അ. ൨. വാ. ൧൩.]

വ്യാഖ്യാനം

൧. "ഈ കല്പന": ശിക്ഷകളിൻകീഴ് ഭയപ്പെടുത്തിക്കൊണ്ട് എടുത്തുപറഞ്ഞ ആ തെറ്റുകളെ നിവാരണം ചെയ്യുന്നതിനുള്ള ഈ കല്പന ഏതു് എന്ന് അസ്പഷ്ടമായിട്ടല്ലാതെ സ്പഷ്ടമായി ഇവിടെ പറയുന്നില്ല.

൩. "ഭ്രമിയുടെ വിത്തു്": എബ്രായയിലും ഇങ്ങനെതന്നെ. ഗ്രീക്ക്, ലത്തീൻ വിവർത്തനങ്ങളിൽ "ഭ്രജം" എന്നാണ്.— "നിങ്ങളുടെ മുഖത്തു് ഞാൻ ചാണകം..... വിതയും": പുരോഹിതന്മാരുടെ പ്രവൃത്തി എത്രയോ വെറുക്കത്തക്കതാണ് എന്നു് കാണിക്കുന്നതിനുവേണ്ടി വളരെ കഠിനമായ പദങ്ങൾ ഇവിടെ പ്രയോഗിച്ചിരിക്കുന്നു. അവരുടെ ഈ പ്രവൃത്തിയിൽ ദൈവത്തിനുള്ള ഇഷ്ടക്കേടിന്റെ വലിപ്പം ഒരു രൂപകാലങ്കാരപ്രയോഗം വഴിയായി പ്രസ്പഷ്ടമാക്കുന്നു. ഈദൃശ പദപ്രയോഗങ്ങൾ വി. ഗ്രന്ഥത്തിൽ വേറെ ചില സ്ഥലങ്ങളിലും പ്രയോഗിച്ചിട്ടുണ്ട്.

൪. "ലേവിയോട്ടുള്ള": ലേവിയുടെ സന്തതികളെ കുറിക്കുന്നതിനായി പഴയനിയമത്തിൽ ലേവി എന്ന പദം ഉപയോഗിക്കുക വളരെ സാധാരണമാണ്. ലേവായർ എന്നാണ് ഇവിടത്തെ അർത്ഥം.— "ഈ കല്പന" വാ. ൧ വ്യാ.

൧൫, ൧൬: വിഗ്രഹാരാധന പഴയനിയമത്തിൽ ഒരു തരം വ്യഭിചാരമായിട്ടാണ് പരിഗണിക്കപ്പെട്ടിരുന്നതു്. പുറജാതികളുമായുള്ള വിവാഹം ഇസ്രായേൽ ജനത്തിന് വിലക്കപ്പെട്ടിരുന്നു. പുറ. അ. ൩൪. വാ. ൧൬; ആവത്ത അ. ൭. വാം ൩.

൨൯– ൨൩: ൨൨, ൨൩ എന്നീ വാക്യങ്ങളിൽ പറഞ്ഞവയുടെ പൂരണമാണ് ഈ ഭാഗം. സത്യവിശ്വാസികളായ എബ്രായ ഭാര്യമാരെ പരിത്യജിച്ച്, വിഗ്രഹാരാധനക്കാരായ പുറജാതി സ്ത്രീകളെ പരിഗ്രഹിക്കുന്നു. ഇപ്രകാരം പരിത്യജിക്കപ്പെട്ട എബ്രായ ഭാര്യമാരുടെ കണ്ണുനീർ ദൈവത്തിൻപക്കൽ എത്തിയിരിക്കുന്നുവെന്ന് ആലങ്കാരികമായി പറഞ്ഞിരിക്കുന്നു.

൨൪. "ഉടമ്പടിയുടെ ഭാര്യ": വിവാഹഉടമ്പടി മുഖേന സ്വീകരിച്ച ഭാര്യ.

൨൫. സൃ. അ. ൨. വാ. ൨൪–ലേ ആശയമാണ് ഈ വാക്യത്തിൽ അടങ്ങിയിരിക്കുന്നത്. ദൈവം ആദ്യം ആദത്തെ സൃഷ്ടിക്കയും അനന്തരം അവന്റെ വാരിയെല്ലിൽനിന്ന് സ്ത്രീയെ സൃഷ്ടിച്ച് അവന് ഭാര്യയായി കൊടുക്കയും ചെയ്തു. ഇങ്ങനെ അവർ ഇരുവരെയും തമ്മിൽ യോജിപ്പിച്ചത് മനുഷ്യവർഗ്ഗത്തിന്റെ വർദ്ധനയ്ക്കുവേണ്ടിയായിരുന്നു. ആദത്തെ ഒരുവനായും ഹവ്വായെ ഒരുവളായും മാത്രം സൃഷ്ടിച്ചതുപോലെ നിങ്ങളുടെ ബാല്യത്തിലെ ഭാര്യമാരോടു മാത്രം നിങ്ങൾ യോജിച്ചിരിക്കേണ്ടതാണ്.

൩–ാം അദ്ധ്യായം

ന്യായാധിപനായ മ്ശിഹാ വന്ന് പുരോഹിതന്മാരെ ശുദ്ധീകരിക്കയും അവരുടെ നിർമ്മലമായ ബലികൾ കർത്താവിന് ഇഷ്ടപ്പെടുകയും ചെയ്യും (വാ. ൧-൫). ദശാംശം കൊടുക്കുന്നതിനെക്കുറിച്ച് (വാ. ൬–൧൨). വിധി ദിവസത്തിൽ പാപികൾക്കു ശിക്ഷയും നീതിമാന്മാർക്ക് മഹത്വവും ലഭിക്കും (വാ. ൧൩–൧൮).

൧. ഇതാ, ഞാൻ എന്റെ ദൂതനെ അയയ്ക്കും. അവൻ എന്റെ മുൻപിൽ വഴി ഒരുക്കും. നിങ്ങൾ പ്രതീക്ഷിച്ചിരിക്കുന്ന ആളും നിങ്ങൾ ഇഷ്ടപ്പെടുന്ന ഉടമ്പടിയുടെ ദൂതനുമായവൻ പെട്ടെന്ന് കർത്താവിന്റെ ദൈവാലയത്തിലേയ്ക്കു വരും. ഇതാ, അവൻ വരുന്നു എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. [മത്താ. അ. ൧൧. വാ. ൧൦; മർക്കോ. അ. ൧. വാ. ൨; ലൂ. അ. ൧. വാ. ൧൬, ൽസ്സ: അ. ൬. വാ. ൨൬; ഏശാ. അ. ൪൦. വാ. ൩: ൽസ്സ. വാ. ൻ; ഹഗ്ഗി. അ. ൨. വാ. ൬; ലൂ. അ. ൨. വാ. ൨൬.]

൨. അവൻ വരുന്ന ദിവസത്തെ വഹിക്കുന്നവൻ ആര്? അഥവാ അവൻ വെളിപ്പെടുമ്പോൾ നില്ക്കുന്നതിന് ശക്തിയുള്ളവൻ ആര്? എന്തെന്നാൽ, അവൻ ശുദ്ധീകരിക്കുന്ന അഗ്നിപോലെയും വെളുപ്പിക്കുന്ന ഗന്ധകംപോലെയും ആകുന്നു. [മത്താ. അ. ൩. വാ. ൧൦–൧൨.]

൩. ലേവിയുടെ പുത്രന്മാർ കർത്താവിന് നീതിയോടെ ബലിയർപ്പിക്കുന്നതിനുവേണ്ടി അവൻ അവരെ വീണ്ടും വെള്ളിപോലെ കറകളഞ്ഞ് ശുദ്ധമാക്കുകയും വെള്ളിയും പൊന്നും പോലെ നിർമ്മലമാക്കുകയും ചെയ്യും. [ഏശാ. അ. ൧. വാ. ൨൫; സ്സൂറി. അ. ൧൩. വാ. ൯; ൧ പത്രോ. അ. ൨. വാ. ൫.]

൪. യൂദായുടെയും ഓറൈ്ശ്ലേമിന്റെയും ബലി, പൂർവ്വികദിവസങ്ങളിലെപ്പോലെയും, പ്രാചീനവർഷങ്ങളിലെപ്പോലെയും കർത്താവിന് ഇഷ്ടപ്പെടും. [അ. ൧. വാ. ൧൫.]

൫. ഞാൻ നിങ്ങൾക്കെതിരായി

ന്യായവിധിയിൽ അടുത്തുവരും. മന്ത്ര
വാദികൾക്ക് വിരോധമായും വ്യഭി
ചാരികൾക്കു വിരോധമായും, കള്ള
സത്യം ചെയ്യുന്നവക്കു വിരോധമായും,
വേലക്കാരന്റെയും പരദേശിയുടെ
യും അനാഥന്റെയും വിധവയുടെ
യും പ്രതിഫലത്തെ കവർച്ച ചെയ്യു
ന്നവക്ക് വിരോധമായും, എന്റെ
പക്കലേയ്ക്ക് തിരിയുന്നവന്ന് എതിരാ
യി നില്ക്കുവക്ക് വിരോധമായും, എ
ന്നെ ഭയപ്പെടാത്തവക്ക് വിരോധമാ
യും ഞാൻ ശീഘ്രസാക്ഷിയായിരിക്കും
എന്ന് സൈന്യങ്ങളുടെ കർത്താവ്
അരുളിച്ചെയ്യുന്നു. [സ്സൂറി. അ. ൫.
വാ. ൮; എബ്രാ. അ. ൧൩. വാ. ൮;
യാക്കോ. അ. ൫. വാ. ൮, ൯.]

൬. എന്തെന്നാൽ ഞാൻ കർത്താ
വാകുന്നു. എനിക്കു മാറ്റമില്ല. യാക്കോ
ബിന്റെ പുത്രന്മാരായ നിങ്ങൾ, നി
ങ്ങളുടെ ദുഷ്ടതയിൽ നിന്ന് മാറിയി
ട്ടില്ല. [സംഖ്യാ. അ. ൨൩. വാ. ൧൯;
റോമാ. അ. ൧൧. വാ. ൨൯; യാക്കോ.
അ. ൧. വാ. ൧൭.]

൭. നിങ്ങളുടെ പിതാക്കന്മാരുടെ
കാലം മുതൽ നിങ്ങൾ എന്റെ കല്പ
നകളിൽനിന്നു മാറി അവയെ അനു
സരിക്കാതിരിക്കുന്നു. എന്റെ പക്ക
ലേയ്ക്കു പിന്തിരിയുവിൻ, ഞാൻ നി
ങ്ങളുടെ പക്കലേയ്ക്കു തിരിയാം എ
ന്ന് സൈന്യങ്ങളുടെ കർത്താവ് അ
രുളിച്ചെയ്യുന്നു. ഞങ്ങൾ എന്തിലേ
യ്ക്കു പിന്തിരിയേണ്ടു എന്ന് നിങ്ങൾ
ചോദിക്കുന്നുവെങ്കിൽ [നടപ. അ. ൩.
വാ. ൧൯; സ്സൂറി. അ. ൧. വാ. ൩.]

൮. നിങ്ങൾ എന്നെ കവർച്ച
ചെയ്യുമോ? മനുഷ്യൻ
ദൈവത്തെ കവർച്ച ചെയ്യുമോ?
ഞങ്ങൾ നിന്നെ എന്തിൽ കവർച്ച
ചെയ്തു എന്ന് നിങ്ങൾ ചോദിക്കു
ന്നുവെങ്കിൽ, ദശാംശങ്ങളിലും പ്ര
ഥമഫലങ്ങളിലും. [൨ാഹ. അ. ൧൩.
വാ. ൧൦–൧൨.]

൯. നിങ്ങൾ ശാപഗ്രസ്തരത്രേ.
നിങ്ങൾ എന്നെ കവർച്ച ചെയ്യുകയി
രിക്കുന്നു.

൧൦. അഖില ജനമേ, നിങ്ങൾ
ദശാംശങ്ങൾ എന്റെ കലവറയി
ലേയ്ക്കു കൊണ്ടുവരുവിൻ. അവ എ
ന്റെ ഭവനത്തിൽ ഭക്ഷണമായിരി
ക്കും ഇതിൽ നിങ്ങൾ എന്നെ പരി
ക്ഷിച്ചു നോക്കുവിൻ എന്ന് സൈ
ന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യു
ന്നു. ആകാശത്തിന്റെ വാതായന
ങ്ങളെ ഞാൻ നിങ്ങൾക്കു തുറന്ന്
നിങ്ങൾ മതി എന്നു പറയുന്നതുവ
രെ അശ്ശിസ്സുകളെ നിങ്ങൾക്കായി
ഞാൻ വർഷിക്കും. [സുഭാ. അ. ൩.
വാ. ൯, ൧൦; ൨ ബെർയാ. അ. ൨൫.
വാ. ൨൦; ൨ ബെർയാ. അ. ൩൧. വാ.
൨൨; ന്൨ാഹ. അ. ൧൦. വാ. ൩൭;
൨ രാജാ. അ. ൭. വാ. ൨.]

൧൧. ഭൂമിയുടെ ഫലങ്ങൾ നശി
പ്പിക്കാതിരിക്കുന്നതിന്ന് വെട്ടുകിളി
യെ ഞാൻ ശാസിക്കും. ഒരു മുന്തി
രിച്ചെടിപോലും ഭൂമിയിൽ നിങ്ങൾ
ക്കു നഷ്ടപ്പെടുകയില്ല എന്ന് സൈ
ന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യു
ന്നു. [ആമോ. അ. ൪. വാ. ൯.]

൧൨. നിങ്ങൾ എനിക്ക് ഇഷ്ടമു
ള്ള ദേശ (വാസികൾ) മാകുമ്പോൾ
എല്ലാ ജനങ്ങളും നിങ്ങളെ സ്തുതി
ക്കും എന്ന് സൈന്യങ്ങളുടെ കർത്താ
വ് അരുളിച്ചെയ്യുന്നു. [പുറ. അ.
൧൯. വാ. ൬.]

൧൩. നിങ്ങളുടെ വചനങ്ങൾ
എനിക്കു വിരോധമായി ശക്തിപ്പെട്ട
എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.
ഞങ്ങൾ നിനക്കു വിരോധമായി
എന്തു പറഞ്ഞു എന്ന് നിങ്ങൾ ചോ
ദിക്കുന്നുവെങ്കിൽ, [അ. ൨. വാ. ൧൭.]

൧൪. നിങ്ങൾ പറഞ്ഞതെന്തെന്നാൽ: കർത്താവിനു വ്യർത്ഥമായി ഞങ്ങൾ ശുശ്രൂഷ ചെയ്യുന്നു. ഞങ്ങൾ അവന്റെ പ്രമാണങ്ങൾ കാത്തതു കൊണ്ടും സൈന്യങ്ങളുടെ കർത്താവിന്റെ മുൻപാകെ വിനയപൂർവ്വം വ്യാപരിച്ചതുകൊണ്ടും ഞങ്ങൾക്ക് എന്തു പ്രയോജനമുണ്ടായി. [ഇയോ. അ. ൨൧. വാ. ൧൪; ൧൫: അ. ൨൨. വാ. ൧൬; സങ്കീ. ൧൨. വാ. ൧൫–൧൪; സ്തോ. അ. ൧. വാ. ൧൨.]

൧൫. ഇനി ഞങ്ങൾ ദുഷ്ടന്മാരെ ഭാഗ്യവാന്മാരെന്നു വിളിക്കും. പാപപ്രവൃത്തികൾ അഭിവൃദ്ധിപ്പെടുകയും ദൈവത്തെ പരീക്ഷിക്കുന്നവർ രക്ഷിക്കപ്പെടുകയും ചെയ്യുന്നു. [സങ്കീ. ൯൫. വാ. ൯.]

൧൬. കർത്തൃഭക്തർ ഇപ്രകാരം തമ്മിൽ തമ്മിൽ പറഞ്ഞു: കർത്താവു ശ്രദ്ധിച്ചു കേട്ടു; അവൻ തന്നെ ഭജിക്കുന്നവരെയും, തന്റെ നാമത്തെ വഴുത്തുന്നവരെയും തന്റെ സന്നിധിയിൽ സ്മാരകഗ്രന്ഥത്തിൽ എഴുതി. [സങ്കീ. ൩൩. വാ. ൨൨; ൩൬. വാ. ൧൬; എബ്രാ. അ. ൩. വാ. ൧൩; ഏശാ. അ. ൬൩. വാ. ൩; വെളി. അ. ൨൦. വാ. ൧൨.]

൧൭. ഞാൻ അവരെ ഒരുമിച്ചുകൂട്ടുന്ന ദിവസത്തിൽ അവർ എനിക്കുള്ളവരായിരിക്കും എന്നു സൈന്യങ്ങളുടെ കർത്താവു അരുളിച്ചെയ്യുന്നു. ഒരു മനുഷ്യൻ തനിക്കു ശുശ്രൂഷ ചെയ്യുന്ന തന്റെ പുത്രനോടു ദയ കാണിക്കുന്നതുപോലെ ഞാൻ അവരോടു ദയ കാണിക്കും. [പുറ. അ. ൧൯. വാ. ൫; ആവർ. അ. ൭. വാ. ൬; സങ്കീ. ൧൩൫. വാ. ൧൩; ഏശാ. അ. ൪൯. വാ. ൧൫; തെത്തോ. അ. ൨. വാ. ൧൪; ൧ പത്രോ. അ. ൨. വാ. ൯.]

൧൮. നിങ്ങൾ വീണ്ടും നീതിമാനെയും ദുഷ്ടനെയും, ദൈവത്തെ സേവിക്കുന്നവരെയും അവനെ സേവിക്കാത്തവരെയും തിരിച്ചറിയും. [സങ്കീ. ൩൨. വാ. ൧൦.]

വ്യാഖ്യാനം

൧. "ഇതാ, ഞാൻ എന്റെ ദൂതനെ..... എന്റെ മുമ്പിൽ വഴി ഒരുക്കും": നമ്മുടെ കർത്താവിന്റെ പുരോഗാമിയായ വി. യോഹന്നാൻ മാംദാനായെക്കുറിച്ചാണ് ഇവിടെ പറയുന്നതെന്നുള്ളതു സ്പഷ്ടമാണ്. നമ്മുടെ കർത്താവുതന്നെ ഈ വാക്യം ഉദ്ധരിച്ചുകൊണ്ട് ഇതു വി. യോഹന്നാൻ മാംദാനായെക്കുറിച്ചു പറഞ്ഞിരിക്കുന്നു എന്ന് അരുളിച്ചെയ്തിട്ടുണ്ട്. പിതാവായ ദൈവം സുതനായ ദൈവത്തോടു പറയുന്ന വിധത്തിൽ മ്ശീഹാ ഈ വാക്യം തന്നെക്കുറിച്ചു ഉദ്ധരിച്ചതായി വി. മത്തായിയും, മർക്കോസും, ലൂക്കായും എഴുതിവച്ചിരിക്കുന്നു. "ഇതാ! നിന്റെ മുമ്പിൽ വഴി തയ്യാറാക്കുവാനായി എന്റെ ദൂതനെ നിന്റെ മുൻപാകെ ഞാൻ അയയ്ക്കുന്നു" (മത്താ. അ. ൧൧. വാ. ൧൦; മർക്കോ. അ. ൧. വാ. ൨; ലൂ. അ. ൭. വാ. ൨൭). — "ഉടമ്പടിയുടെ ദൂതനുമായവൻ" പഴയ ഉടമ്പടിയുടെ പൂർത്തീകരണമായ പുതിയ ഉടമ്പടി സ്ഥാപിക്കുവാനിരിക്കുന്നവൻ.

൨. "നില്ക്കുന്നതിനു ശക്തിയുള്ളവൻ ആര്?": വെളി. അ. ൬. വാ. ൧൭.

"ശുദ്ധീകരിക്കുന്ന അഗ്നി..... ആകുന്നു": ഈ ഉപമ അടുത്ത വാക്യംകൊണ്ടു പൂർത്തിയാക്കുന്നു.

൩. "ലേവിയുടെ പുത്രന്മാർ..... നിർമ്മലമാക്കുകയും ചെയ്യും:" ഈ പ്രവചനം മ്ശീഹായുടെയും ശ്ലീഹന്മാരുടെയും സുവിശേഷ പ്രസംഗം മുഖേന നിറവേറി.

൫. "ഞാൻ ശീഘ്രസാക്ഷിയായിരിക്കും": വേഗത്തിലും ആകസ്മികമായും പാപകൃത്യങ്ങളുടെ ദുഷ്ടതയെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും പ്രത്യക്ഷപ്പെടുത്തുന്ന വിധികർത്താവായിരിക്കും.

൬– ൧൨: ൬–ാം വാക്യംമുതൽ ൧൨–ാം വാക്യംവരെ, ദൈവാലയ കർമ്മങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നതിനാവശ്യമായ ശോശങ്ങളും മറ്റും കൊടുക്കുന്നതിനുള്ള ഉപദേശമാണ്.

൭. "കലവറയിലേയ്ക്ക്": ന്ഫ. അ. ൭൦. വാ. ൩൯: അ. ൧൨. വാ. ൨൪: അ. ൧൩. വാ. ൨– ൧൩; ൧ ബെർയാ. അ. ൩൧. വാ. ൧൧– ൧൨.— "എന്റെ ഭവനത്തിൽ ഭക്ഷണമായിരിക്കും": പുരോഹിതന്മാർക്കും ലേവ്യർക്കും (സംഖ്യ അ. ൧൮. വാ. ൨൧–൩൨).

൧൨. "വെട്ടുകിളിയെ": യൂഏ. അ. ൧ നോക്കുക.— "ശാസിക്കും": വിലക്കും.

൧൩. "നിങ്ങളുടെ വചനങ്ങൾ..... ശക്തിപ്പെട്ട": ദൈവത്തിന്റെ നീതിയേയും പരിപാലനയേയും ചോദ്യംചെയ്തുകൊണ്ടും പരിഹസിച്ചുകൊണ്ടുമുള്ള ദൈവദൂഷണങ്ങൾ ദിവസംതോറും നിങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. ആ ദൈവദൂഷണങ്ങൾ ഏവയെന്ന് അടുത്ത വാക്യങ്ങളിൽ പറയുന്നു (വാ. ൧൪, ൧൫). വിരുദ്ധ മനസ്ഥിതിയോടുകൂടിയും, ഉഗ്രമായും, പരുഷമായും നിങ്ങൾ നിങ്ങളുടെ ദൈവദൂഷണങ്ങളിൽ നിലനില്ക്കയും, "കർത്താവിനു വ്യർത്ഥമായി ഞങ്ങൾ ശുശ്രൂഷ ചെയ്യ" എന്ന് പരിഹാസപൂർവ്വം വിളിച്ചു പറഞ്ഞുകൊണ്ട് നിങ്ങളുടെ ദൈവദൂഷണങ്ങളിൽ നിങ്ങൾ ശക്തിപ്പെട്ട വരികയും ചെയ്യുന്നു (ലിറാനൂസ്, കസ്സ്രോ). നിരന്തരവും ആക്ഷേപജനകവുമായ നിങ്ങളുടെ ഈ ദൈവദൂഷണങ്ങൾ, മൂർച്ചയുള്ള കല്ലുകൾകൊണ്ട് എന്നെ നിങ്ങൾ മുറിപ്പെടുത്തിയാലെന്നതുപോലെ എനിക്ക് വളരെ വേദനയും ഉപദ്രവും വരുത്തുന്നു (വി. ഈറാനീമോസ്, റെമീജ്യൂസ്, ഫെയ്മോ, ആരിയാസ്). എനിക്ക് ആക്ഷേപജനകങ്ങളായ ഈ ദൈവദൂഷണങ്ങളാൽ, എന്റെ പ്രവാചകന്മാർ അവരുടെ പ്രസംഗങ്ങളാലും മാതൃകകളാലും എന്റെ പക്കലേയ്ക്ക് തിരിച്ച അനേകരെ നിങ്ങൾ എന്നിൽനിന്ന് അകറ്റിയിരിക്കുന്നു.

൧൫. "ദുഷ്ടന്മാരെ": ദൈവത്തോട് ധിക്കാരപൂർവ്വം വർത്തിക്കയും, സുകൃതികളെ ഞെരുക്കുകയും, ആരെയും വകവെയ്ക്കാതിരിക്കയും ചെയ്യുന്ന ആളുകളെ.— "പാപകൃത്യങ്ങൾ അഭിവൃദ്ധിപ്പെടുന്നു": അനവധി സന്താനങ്ങൾ, ഭവനങ്ങൾ, ലൗകികസമ്പത്തുകൾ മുതലായി ഈ ലോകത്തിൽ സുഖമായി ജീവിക്കുന്നതിനാവശ്യമായവയെല്ലാം പാപം ചെയ്യുന്നവർക്ക് ധാരാളമായി ലഭിച്ചുകൊണ്ടിരിക്കുന്നു.— "ദൈവത്തെ പരീക്ഷിക്കുന്നവർ രക്ഷിക്കപ്പെടുന്നു": പാപം ചെയ്തുകൊണ്ട് ദൈവത്തെ കോപിപ്പിക്കുന്നവർക്ക് വിരുദ്ധമായി ഒന്നുംതന്നെ സംഭവിക്കുന്നില്ല. പാപം ചെയ്തുകൊണ്ട് ദൈവത്തെ പരീക്ഷിച്ചു നോക്കുന്ന കഠിന പാപികളെയാണ് ഇവിടെ ദൈവത്തെ പരീക്ഷിക്കുന്നവർ എന്നു പറഞ്ഞിരിക്കുന്നത്. ഇവർ പാപം ചെയ്യുന്നതുകൊണ്ട് തൃപ്തിപ്പെടാതെ, പാപത്തെപ്പറ്റി കണക്കു ചോദിക്കുന്ന ദൈവം ഉണ്ടോ എന്നറിയുന്നതിനായി തങ്ങളുടെ കഠിന പാപങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നു. ശിക്ഷിക്കപ്പെടാതെ, രക്ഷിക്കപ്പെട്ടുകയാണ്

ചെയ്യുന്നതെന്ന് അവർ കാണുമ്പോൾ ജയശാലികളെപ്പോലെ ദൈവത്തെയും നീതിമാന്മാരെയും പുച്ഛിച്ചുകൊണ്ട് ക്രൂരൽക്രൂടാതെ തങ്ങളുടെ പാപവഴിയിലൂടെ മുമ്പോട്ട പോകുന്നു.

൧൫. "കർത്തൃഭക്തന്മാർ ഇപ്രകാരം തമ്മിൽത്തമ്മിൽ പറഞ്ഞു": ദൈവഭക്തന്മാരായ ആളുകൾ മേല്പറഞ്ഞ ദൈവദൂഷണക്കാർക്കെതിരായി ദൈവത്തിന്റെ പരിപാലനയെയും നീതിയെയുംപറ്റി വലിയ ആദരത്തോടെ സംസാരിച്ചു. ദൈവം ഈ ജീവിതത്തിൽ പല കഠിന പാപങ്ങളെയും ശിക്ഷിക്കാതെ വിട്ടുകളയുന്നതായി കാണപ്പെട്ടുന്നുവെങ്കിലും, ഭാവിജീവിതത്തിൽ ഓരോ പാപത്തിനും ശരിയായ ശിക്ഷ നല്കുമെന്നും, പൊതുവിധി ദിവസത്തിൽ തന്റെ നീതിയെ എല്ലാമനുഷ്യരുടെമേലും പ്രകാശിപ്പിക്കുമെന്നും വിശുദ്ധ ലിഖിതങ്ങളിൽ നിന്നും പിതാക്കന്മാരിൽനിന്നും ഗ്രഹിച്ചിരുന്നവയെ തമ്മിൽ തമ്മിൽ പറഞ്ഞു പരസ്പരം ധൈര്യപ്പെടുത്തുകയും പ്രേരിപ്പിക്കയും ചെയ്തിരുന്നു.— "കർത്താവു് ശ്രദ്ധിച്ചു കേട്ട..... എഴുതി": ദുഷ്ടന്മാരുടെ ദൈവദൂഷണങ്ങളും, ദൈവപരിപാലനയെയും നീതിയെയും ആദരിച്ചുകൊണ്ടുള്ള ഭക്തന്മാരുടെ പ്രസ്താവനകളും, ഏറ്റവും നിസ്സാരമായ ഭാവികാര്യങ്ങൾപോലും അറിയുന്നവനും അത്യന്തം വിശ്വസ്തനുമായ ദൈവം യഥാതഥം ഗ്രഹിച്ചു. ദൈവത്തിരുനാമത്തെയും അവിടുത്തെ മഹത്വത്തെയും ഭക്തിയോടെ നിരന്തരം ധ്യാനിക്കയും പ്രസംഗിച്ചറിയിക്കയും ചെയ്യുന്ന ഭക്തന്മാരുടെ പേരുകൾ ആയുസ്സിന്റെ പുസ്തകത്തിൽ എഴുതി. ഇങ്ങനെ എഴുതിയതു് തന്റെ ഭക്തന്മാരുടെ ഭക്തിതീക്ഷ്ണതയെ ലോകംമുഴുവനും അറിയിക്കുന്നതിനും, വിധിദിവസത്തിൽ എല്ലാവരുടെയും മുൻപാകെ വെച്ചു് നിത്യകിരീടം നല്കുന്നതിനും വേണ്ടിയാകുന്നു. ദൈവം, വിധിദിവസത്തിൽ, സകല മനുഷ്യരുടെയും മാലാകാമാരുടെയും മുൻപാകെ ഓരോമനുഷ്യനും അവനവന്റെ യോഗ്യതയ്ക്കു് അഥവാ അയോഗ്യതയ്ക്കു് തക്കവണ്ണം സമ്മാനമോ ശിക്ഷയോ നല്കുന്നതിനായി ഓരോരുത്തന്റെയും വചനങ്ങളെയും പ്രവൃത്തികളെയും ഒരു സ്മാരക ഗ്രന്ഥത്തിലെന്നപോലെ തന്റെ ബോധത്തിൽ ക്രമപ്പെടുത്തിവെയ്ക്കുന്നു.

൧൭. "ഞാൻ അവരെ ഒരുമിച്ചു കൂട്ടുന്ന ദിവസത്തിൽ": പൊതുവിധിദിവസത്തിൽ— "അവർ എനിക്കുള്ളവരായിരിക്കും": നീതിമാന്മാരും ഭക്തന്മാരുമായ ആളുകൾ എനിക്ക് പ്രത്യേകമായി തിരഞ്ഞെടുക്കപ്പെട്ടവരും പ്രതിഷ്ഠിക്കപ്പെട്ടവരുമായിരിക്കയും എന്നെ അഭിമുഖമായി ദർശിച്ചുകൊണ്ട് സമ്പൂർണ്ണം അനുഭവിക്കുകയും ചെയ്യും.

൧൮. "നിങ്ങൾ . . . . തിരിച്ചറിയും": ദുഷ്ടന്മാർ നിത്യശിക്ഷക്കും നീതിമാന്മാർ നിത്യഭാഗ്യത്തിനും വിധിക്കപ്പെടുന്നതു കാണുമ്പോൾ ദുഷ്ടനും നീതിമാനും തമ്മിലുള്ള വ്യത്യാസം നിങ്ങൾ തിരിച്ചറിയും. ആ വിധിയെക്കുറിച്ച് അടുത്ത അദ്ധ്യായത്തിൽ പറയുന്നു.

൪-ാം അദ്ധ്യായം

വിധി ദിവസത്തെപ്പറ്റി തുടർന്നുള്ള പ്രസ്താവന (വാ. ൧–൩). മോശെയുടെ നിയമമനുസരിച്ചു ജീവിക്കുവാനുള്ള ഉപദേശം (വാ. ൪). ഏലിയാ നിവ്യാ വന്ന് ജനങ്ങളെ പാപമോചനത്തിനായി ഒരുക്കും (വാ. ൫, ൬).

൧ എന്തെന്നാൽ ഇതാ, ചൂളപോലെ എന്റെ കോപം ജ്വലിക്കുമെന്ന നാളുകൾ വരുന്നു. എല്ലാ ദുഷ്ടന്മാരും പാപം ചെയ്യുന്നവരെല്ലാവരും ഉണക്കപ്പുല്ലാകും. വരുവാനിരിക്കുന്ന ആ ദിവസം അവരെ ദഹിപ്പിക്കും. വേരോ ശിഖരമോ അവക്കു ശേഷിക്കയുമില്ല എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. [യൂഫ്. അ. ൨. വാ. ൯൫: അ. ൯. വാ. ൨; ൨ പത്രോ. അ. ൩. വാ. ൭, ൧൦.]

൨. എന്റെ നാമത്തെ വണങ്ങുന്ന നിങ്ങൾക്ക് നീതിയുടെ സൂര്യൻ സ്വന്നാവിൽ ആരോഗ്യത്തോടുകൂടി ഉദിക്കും. നിങ്ങൾ പുറപ്പെട്ട് നാല്ക്കാലിക്കൂട്ടത്തിലേ കാളക്കുട്ടികളെപ്പോലെ തുള്ളിച്ചാടും. [ലൂ. അ. ൧. വാ. ൭൮; അപ്പൊ. അ. ൫. വാ. ൧൪; ൨ പത്രോ. അ. ൧. വാ. ൧൯.]

൩. നിങ്ങൾ ദുഷ്ടന്മാരെ ചവിട്ടും. എന്തെന്നാൽ ഞാൻ പ്രവർത്തിക്കുവാനിരിക്കുന്ന ആ ദിവസത്തിൽ അവർ നിങ്ങളുടെ ഉള്ളങ്കാലുകളുടെ കീഴെ ചാരമായിരിക്കും എന്ന് സൈന്യങ്ങളുടെ കർത്താവ് അരുളിച്ചെയ്യുന്നു. [൨ ശമൂ. അ. ൨൨. വാ. ൪൩; മീകാ അ. ൭. വാ. ൧൦; സ്സേറി. അ. ൧൦. വാ. ൫.]

൪. ഞാൻ ഹോറിവിൽ വച്ച് എല്ലാ ഇസ്രായേലിനും വേണ്ടി എന്റെ ദാസനായ മോശെയോട് കല്പിച്ചിട്ടുള്ള നിയമത്തെ – കല്പനകളെയും വിധികളെയും – ഓർത്തുകൊള്ളുവിൻ. [പുറ. അ. ൨൦. വാ. ൩–൧൭; ആവർത്ത. അ. ൪. വാ. ൧൦; സങ്കീ. ൭൪൭. വാ. ൨.]

൫, ൬. ഞാൻ വന്ന് ഭൂമിയെ നശിപ്പിക്കുന്നതിനു മുമ്പ് പിതാക്കന്മാരുടെ ഹൃദയത്തെ പുത്രന്മാരിലേയ്ക്കും, പുത്രന്മാരുടെ ഹൃദയത്തെ പിതാക്കന്മാരിലേക്കും തിരിക്കുന്നതിനായി, കർത്താവിന്റെ വലിയതും ഭയങ്കരവുമായ നാൾ വരുന്നതിനു മുൻപേ, ഇതാ, ഞാൻ നിങ്ങൾക്ക് ഏലിയാ നിവ്യായെ അയയ്ക്കും. [യൂഫ്. അ. ൨. വാ. ൯൫; മത്താ. അ. ൧൭. വാ. ൧൨; അ. ൧൯. വാ. ൧൦–൧൯; ലൂ. അ. ൧. വാ. ൧൭.]

വ്യാഖ്യാനം

൧. "എന്തെന്നാൽ": ഈ പദം മുൻ അദ്ധ്യായത്തിന്റെ ഒടുവിൽ പറഞ്ഞ സംഗതിയുമായി ഈ വാക്യത്തിനുള്ള ബന്ധത്തെ കാണിക്കുന്നു. അതായത്, നീതിമാനും ദുഷ്ടനും തമ്മിലുള്ള വ്യത്യാസം വിധി ദിവസത്തിൽ കാണാമെന്നും, ഭക്തന്മാർ ദൈവത്തെ സേവിക്കുന്നത് വ്യർത്ഥമോ നിഷ്ഫലമോ അല്ലെന്നുമുള്ള സത്യം. അതിനുള്ള കാരണം, അഗ്നി വിറകിനെ എന്നപോലെ ദൈവകോപം ദുഷ്ടന്മാരെ ശിക്ഷിക്കുവാനിരിക്കുന്ന ദിവസം അടുത്തുവരുന്നു. ഏ

ന്നാൽ നീതിമാന്മാക്ക് അപ്പോൾ നീതിയുടെ സൂര്യൻ ഉദിക്കും. പ്രവാചകൻ ഇവിടെ അവസാന വിധിദിവസത്തെക്കുറിച്ച് പറയുന്നതായിട്ടാണ് വി. ഈറാനിമോസ്, ക്രൂരിസ്റ്റോസ്, തെയൊദോരേത്തൂസ്, തെമീജിയൂസ്, ലിരാന്തൂസ് മുതലായവർ മനസ്സിലാക്കുന്നത്.— "ഇതാ, ചൂള . . . . നാളുകൾ വരുന്നു": തനതു വിധിയുടെയും പൊതുവിധിയുടെയും ദിവസങ്ങളെപ്പറ്റിയാണ് ഇവിടെ പറയുന്നത്. ദുഷ്ടന്മാരെ നരകശിക്ഷക്കു വിധിക്കുമ്പോൾ ന്യായാധിപനായ മ്ശീഹാ പ്രത്യക്ഷപ്പെടുന്നുവാനിരിക്കുന്ന കോപത്തെയാണ് "ചൂളപോലെ എരിയുന്ന" എന്ന വാക്കുകൾ സൂചിപ്പിക്കുന്നത്. "അവന്റെ സിംഹാസനം അഗ്നിജ്വാല (പോലെയും) അവന്റെ രഥചക്രങ്ങൾ എരിയുന്ന അഗ്നി (പോലെയും ആയിരുന്നു). അഗ്നിയാകുന്ന ഒരു പ്രവാഹം അവന്റെ മുൻപിൽ നിന്ന് പുറപ്പെട്ടുവന്നു. ആയിരമായിരങ്ങൾ അവനു ശുശ്രൂഷ ചെയ്തു. പതിനായിരം പതിനായിരങ്ങൾ അവന്റെ മുമ്പാകെ നിന്നു. ന്യായവിസ്താരം സ്ഥാപിക്കപ്പെട്ടു. പുസ്തകങ്ങളും തുറക്കപ്പെട്ടു" (ദാനിയെ. അ. ൭. വാ. ൯, ൧൦) എന്ന് ദാനിയേൽ പറഞ്ഞിരിക്കുന്നതുപോലെ തന്നെ— "വേരോ ശിഖരമോ ശേഷിക്കയുമില്ല": പൂർണ്ണനാശത്തെ കുറിക്കുന്ന ഒരു എബ്രായ പഴഞ്ചൊല്ലാകുന്നു ഇതു.

൨. "എന്റെ നാമത്തെ . . . . ഉദിക്കും": വിധി ദിവസത്തിൽ ദുഷ്ടന്മാക്ക് സംഭവിക്കുവാനിരിക്കുന്നവയെക്കുറിച്ച് മുൻവാക്യത്തിൽ പറഞ്ഞു. ഈ വാക്യത്തിൽ ദൈവത്തെ വണങ്ങുന്നവക്ക് വിധിദിവസം ഉണ്ടാകുവാനിരിക്കുന്ന മഹാഭാഗ്യത്തെക്കുറിച്ച് പറയുന്നു. നീതിസൂര്യനായ മ്ശീഹാ സ്വർഗ്ഗത്തിൽനിന്നു പ്രത്യക്ഷനാകുമ്പോൾ അവർ അത്യധികം ആനന്ദിക്കും.— "സ്വനാവിൽ ആരോഗ്യത്തോടുകൂടി ഉദിക്കും": സൂര്യന്റെ നാവു് അതിന്റെ കിരണങ്ങളാണല്ലോ. മ്ശീഹായിൽനിന്നു പുറപ്പെടുന്ന സ്വർഗ്ഗീയ പ്രകാശത്തെയാണ് ഈ വാക്കുകൾ സൂചിപ്പിക്കുന്നതു്. ആ ദിവ്യപ്രഭ നീതിമാന്മാക്ക് സൌഭാഗ്യ സന്ദായകമായിരിക്കും.

൩. "ഞാൻ ഹോരീവിൽ..... ഓത്തുകൊള്ളുവിൻ": ആവർത്ത. അ. ൪. വ൫. വ൬; ആചാ. അ. ൨൩. വാ. ൨൩.

൪—൬. "ഏലിയാനിവ്യായെ അയയ്ക്കും": ആഹാവിന്റെയും അയാളുടെ പുത്രനായ ഏഹസിയായുടെയും നാളുകളിൽ (ബി. സി. 875– 851) പ്രവചിച്ച മഹാഭക്തനായ ഏലിയാനിവ്യാ, മ്ശീഹായുടെ രണ്ടാമത്തെ ആഗമനത്തിനുമുമ്പ് വരുവാനിരിക്കുന്നുവെന്ന സംഗതി സംബന്ധിച്ചാണ് ഈ വാക്യങ്ങളിൽ പറയുന്നതു്. ഇദ്ദേഹത്തിന്റെ ജന്മദേശം "തശ്ബി" ആയിരുന്നതുകൊണ്ടു്, സപ്തതി, അറബി മുതലായ വിവർത്തനങ്ങളിൽ "തശ്ബിയിലേ ഏലിയായെ" എന്നു തർജ്ജമ ചെയ്തിരിക്കുന്നു. ഈ പ്രവാചകമുഖ്യന്റെ ജീവചരിത്രം, രാജാക്കന്മാരുടെ ൧–ാം പുസ്തകം ൧൭–ാം അദ്ധ്യായംമുതൽ ൨൧–ാം അദ്ധ്യായം ൨൧വരെയുള്ള വാക്യങ്ങളിലും, ൨൨–ാം അദ്ധ്യായം ൨൱ വരെയുള്ള വാക്യങ്ങളിലും, രാജാക്കന്മാരുടെ ൨–ാം പുസ്തകം ൧–ാം അദ്ധ്യായംമുതൽ ൨–ാം അദ്ധ്യായം ൧൭ വരെയുള്ള വാക്യങ്ങളിലും വിവരിച്ചിരിക്കുന്നു. അക്കാലത്തെ ആഹാവു് എന്ന ഇസ്രായേൽരാജാവു് ഈസബെൽ എന്ന പെഴ്നിക്കെക്കാരിയായ ഒരു രാജകുമാരിയെ വിവാഹംചെയ്തു് അവളുടെ ഹിതാനുവർത്തിയായി ബാലാ എന്ന ദേവനെ ആരാധിക്കയും ഇസ്രായേൽ ജനങ്ങൾ തെറ്റിപ്പോകുന്നതിന് ഹേതുഭൂതനായിത്തീരുകയും ചെയ്തപ്പോൾ രാജസന്നിധിയിൽ പ്രത്യക്ഷനായി ദൈവേശിക്ഷ അറിയിക്കുന്നവനായിട്ടാണ് നാം ആദ്യമായി ഏലിയാ നിവ്യായെ കാണുന്നതു്. സത്യദൈവാരാധനയിൽ നിന്നുതെറ്റി ദുർഗ്ഗാഗികളായിത്തീർന്ന ഇസ്രായേൽ ജനത്തെയും അവരുടെ ദുഷ്ട

രാജാക്കന്മാരെയും ഇദ്ദേഹം കുറെപ്പേട്ടത്തി ശാസിക്കയും, അവരുടെ കുറവുകൾക്ക് യഥായോഗ്യം ഓരോ ശിക്ഷകളെ അറിയിക്കയും നടത്തുകയും ചെയ്തിരുന്നു. ലോകത്തിൽ രാജാക്കന്മാർ തങ്ങൾക്കുവേണ്ടി ധീരപ്രവൃത്തികൾ ചെയ്തവരെ വിശ്രുതരാക്കുവാനായി വിശേഷബഹുമാനചിഹ്നങ്ങൾ ധരിപ്പിച്ച് രഥത്തിലിരുത്തി തെരുവുകളിൽക്കൂടി എഴുന്നെള്ളിക്കുന്നതുപോലെ, രാജാധിരാജനായ ദൈവം, തന്റെ സ്തുതിയിന്മേൽ അതിതൽപരനായി അനവധി ധീരപ്രവൃത്തികൾ ചെയ്ത ഏലിയാനിവ്യായെ ശരീരത്തോട്ടുകൂടി ആകാശത്തിലേയ്ക്ക് എഴുന്നെള്ളിച്ചു കൊണ്ടുപോകുവാൻ തിരുമനസ്സായി. "ഇതാ! അഗ്നിരഥവും അഗ്നിക്കുതിരകളും..... ഏലിയാ കൊടുങ്കാറ്റിലൂടെ ആകാശത്തിലേയ്ക്കു കരേറുകയും ചെയ്തു" (൨ രാജ. അ. ൨. വാ. ൧൧) എന്നതേ ഈ മഹാപ്രവാചകന്റെ അചിരജീവിതാന്ത്യത്തെപ്പറ്റി വി. ഗ്രന്ഥം സാക്ഷിക്കുന്നതു്. അഗ്നിരഥത്തിന്റെയും അഗ്നിക്കുതിരകളുടെയും രൂപം ധരിച്ച ദൈവദൂതന്മാരാൽ, അഥവാ ദൈവദൂതന്മാരുടെ നേതൃത്വത്തിൽ അഗ്നിരഥവും അഗ്നിക്കുതിരകളും പോലെയുള്ള മേഘങ്ങളിൽ, കൊടുങ്കാറ്റിനാൽ വഹിക്കപ്പെട്ട്, ഏലിയാ ആകാശത്തിലേയ്ക്കു കരേറി എന്നാണ് വിശുദ്ധഗ്രന്ഥപണ്ഡിതന്മാർ പ്രസ്താവിക്കുന്നതു്. കൊടുങ്കാറ്റിനെ നിയന്ത്രിച്ചിരുന്ന വാനാരൂപികളാൽ വഹിക്കപ്പെട്ട് ഏലിയാ വായുമണ്ഡലത്തിൽക്കൂടി ദൈവം തനിക്കായി നിശ്ചയിച്ചിരുന്ന സ്ഥലത്തേയ്ക്കു പോയി. ആ സ്ഥലം പുരീസായാണെന്നും, സൂക്ഷ്മി അഞ്ചാം അദ്ധ്യായം ൨൪–ാം വാക്യത്തിൽ "ദൈവം അവനെ എടുത്തു" എന്നു പറയപ്പെട്ടിരിക്കുന്ന ഹ്നോകിനോടുകൂടി ഏലിയായും അവിടെ മരണമാസ്വദിക്കാതെ ജീവിച്ചിരിക്കുന്നുവെന്നുമാണ് സാധാരണമായി വിചാരിക്കപ്പെട്ടുവരുന്നതു.

മാലാകിയുടെ ഗ്രന്ഥത്തിൽ മശിഹായുടെ അവസാനത്തെ വരവിനു മുമ്പ് ഏലിയാനിവ്യാ വരുമെന്നുള്ളപ്രവചനത്തെ ശരിയായിട്ടല്ല യൂദന്മാർ മനസ്സിലാക്കിയതു്. അവർ മശിഹായുടെ ആദ്യത്തെ വരവിനെയും രണ്ടാമത്തെ വരവിനെയും വേർതിരിച്ച് ഗ്രഹിക്കാതെ, അവയെ കൂട്ടിക്കുഴച്ച് തെറ്റായി മനസ്സിലാക്കി. വി. ലിഖിതത്തിന്റെ അബദ്ധമായ ഒരു വ്യാഖ്യാനത്തിൽ നിന്നാണ് ഈ തെറ്റിദ്ധാരണയുളവായതു്. നിയമജ്ഞന്മാർ ജനങ്ങളുടെയിടയിൽ പ്രചരിപ്പിച്ചിരുന്ന ഒരു അബദ്ധവ്യാഖ്യാനമായിരുന്നു ഇതു്. മാലാകി ദീർഘദർശി മശിഹായുടെ ആദ്യത്തെ വരവിന്റെ മുന്നോടിയായ വി. സ്നാപകയോഹന്നാനെപ്പറ്റി തന്റെ പ്രവചനഗ്രന്ഥം ൩–ാം അദ്ധ്യായം ൧–ാം വാക്യത്തിൽ പ്രസ്താവിക്കയും അയാൾ മശിഹായ്ക്കു വഴി തയ്യാറാക്കുമെന്നും, മശിഹാ ഓരൊഴ്ശം ദൈവാലയത്തിലേയ്ക്കു വരുമെന്നും മറും അറിയിക്കയും ചെയ്തശേഷം പ്രവചനഗ്രന്ഥത്തിന്റെ ഒടുവിൽ മശിഹായുടെ രണ്ടാമത്തെ വരവിന്റെ മുന്നോടിയായ ഏലിയാനിവ്യായുടെ ആഗമനത്തെക്കുറിച്ചു പ്രവചിച്ചിരിയ്ക്കുന്നതുകൊണ്ടു് ആ പ്രവചനം മശിഹായുടെ ആദ്യത്തെ വരവിനെക്കുറിച്ചല്ലെന്ന് നിഷ്പ്രയാസം ഗ്രഹിക്കുവാൻ പാടുണ്ടായിരുന്നു. മാത്രമല്ല "ഞാൻ വന്ന് ഭൂമിയെ നശിപ്പിക്കുന്നതിന് മുമ്പ്" എന്നും "കർത്താവിന്റെ വലിയതും ഭയങ്കരവുമായ നാൾ വരുന്നതിന് മുൻപേ" എന്നും പ്രവചനത്തിൽ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതുകൊണ്ടു് ലോകാവസാനത്തിനുള്ള മശിഹായുടെ വരവിന് മുന്നോടിയായി ഏലിയാനിവ്യാ വരുവാനിരിക്കുന്നുവെന്നാണ് പ്രവചനസാരമെന്നു സ്പഷ്ടമായിരുന്നു.

എന്നാൽ യൂദന്മാർ ഇങ്ങനെ ശരിയായ വിധത്തിൽ ഗ്രഹിക്കാതെ, മശീഹായുടെ ആദ്യത്തെ വരവിനുമുമ്പ് ഏലിയാനിവ്യാ വരുമെന്ന് വിചാരിച്ചിരുന്നതായി നാം കാണുന്നു. വി. മത്തായിയുടെ സുവിശേഷം ൧൭–ാം അദ്ധ്യായം ൧൧–ാം വാക്യത്തിൽ, നമ്മുടെ കർത്താവ് താൻ ആരാകുന്നുവെന്നാണ് ജനങ്ങൾ

പറയുന്നതെന്നു ശിഷ്യന്മാരോടു ചോദിച്ചപ്പോൾ, ഏലിയായാകുന്നുവെന്നു ചിലർ പറയുന്നുവെന്നു അവർ ഉത്തരിച്ചതായി നാം വായിക്കുന്നുണ്ടല്ലോ. അപ്രകാരംതന്നെ വി. യോഹന്നാന്റെ സുവിശേഷം ൧-ാം അദ്ധ്യായം ൨൧-ാം വാക്യത്തിൽ, ഓറെശ്ലെത്തുനിന്നു യൂദന്മാർ ആചാര്യന്മാരെയും ലേവായരെയും അയച്ചു വി. സ്നാപകയോഹന്നാന്റെ പക്കൽ അന്വേഷണം നടത്തിയ കൃത്യത്തിൽ "നീ ഏലിയ ആണോ?" എന്നു ചോദിച്ചതായും, അതിനു അദ്ദേഹം "ഞാനല്ല" എന്നു മറുപടി പറഞ്ഞതായും നാം വായിക്കുന്നു. മാത്രമല്ല, വി. മത്തായിയുടെ സുവിശേഷം ൧൭-ാം അദ്ധ്യായം ൧൦-ാം വാക്യത്തിൽ നമ്മുടെ കർത്താവിനോടുതന്നെ "ഏലിയാ മുമ്പേ വരേണ്ടതാകുന്നു എന്നു നിയമജ്ഞന്മാർ പറയുന്നതെന്തു" എന്നു ശിഷ്യന്മാർ ചോദിക്കുന്നതായും, അതിനു നമ്മുടെ കർത്താവു് "എല്ലാം നിവൃത്തിയാക്കുവാൻ ഏലിയാ ആദ്യമേ വരും" എന്നും "എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ഇതാ! ഏലിയാ വന്നു കഴിഞ്ഞു" എന്നും അവരോടു് അരുളിച്ചെയ്യുന്നതായും നാം കാണുന്നു.

ഇവിടെ "വന്നു കഴിഞ്ഞു" എന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്യുന്ന ഏലിയാ, യോഹന്നാൻമാംദോനായാണെന്നു് ശിഷ്യന്മാർക്കു് ഉടനെ മനസ്സിലായി എന്നു വി. മത്തായി പറയുന്നു. യോഹന്നാൻ മാംദോനായെ നമ്മുടെ കർത്താവു് ഏലിയാ എന്നു വിളിക്കുന്നതു് ആളിനടുത്തവിധത്തിലല്ല, പ്രത്യുത ഉദ്യോഗത്തിലും, ആത്മാവിലും, പുണ്യത്തിലും അദ്ദേഹത്തിനു ഏലിയായോടുള്ള സാമ്യം കൊണ്ടാണെന്നു് സ്പഷ്ടമാണല്ലോ. ആകയാൽ നമ്മുടെ കർത്താവു് രണ്ടു ഏലിയാമാരെ വേർതിരിക്കുന്നു. ഒരാൾ ആളിനടുത്ത വിധത്തിൽ അഥവാ അക്ഷരാർത്ഥത്തിലുള്ള ഏലിയാ: "എല്ലാം നിവൃത്തിയാക്കുവാൻ ഏലിയാ വരും" എന്നു് അയാളെക്കുറിച്ചു് അരുളിച്ചെയ്തു. മറെറയാൾ, പ്രതിരൂപമായ അഥവാ രൂപകാർത്ഥത്തിലുള്ള ഏലിയ: അതായതു് യോഹന്നാൻ മാംദോനാ: "ഏലിയാ വന്നു കഴിഞ്ഞു" എന്നു് അയാളെക്കുറിച്ചു അരുളിച്ചെയ്തു. എന്തെന്നാൽ, മുകളിൽ വിവരിച്ചതുപോലെ മൂന്നാമർ മശീഹായുടെ ഇരുതല ആഗമനങ്ങളെ കൂട്ടിക്കുഴച്ചു് ഒന്നാക്കുകയും, അതിനുമുമ്പു് ഏലിയാവരുമെന്നു് പറയുകയും അങ്ങനെ ഏലിയാ വരാത്തതിനാൽ മശീഹാ വന്നിട്ടില്ല എന്നു് വാദിക്കയും ചെയ്തിരുന്നു. അതിനു പ്രത്യുത്തരമായി നമ്മുടെ കർത്താവു്, മശീഹായ്ക്കു രണ്ടു് ആഗമനങ്ങൾ ഉണ്ടെന്നും, അവയിൽ ആദ്യത്തേതിന്റെ പുരോഗാമി, മാലാകിയുടെ പുസ്തകം ൪-ാം അദ്ധ്യായം ൫-ാം വാക്യത്തിൽ പ്രവചിച്ചിരിക്കുന്ന ഏലിയായുടെ പ്രതിരൂപമായ യോഹന്നാൻമാംദോനായാണെന്നും, രണ്ടാമത്തേതിന്റെ പുരോഗാമി സാക്ഷാൽ ഏലിയാതന്നെയായിരിക്കുമെന്നും, ആകയാൽ മശീഹായുടെ മുന്നോടിയായിരിക്കുമെന്നു് പ്രവചിക്കപ്പെട്ടിരിക്കുന്ന പ്രതിരൂപമായ ഏലിയായെ അവർ കണ്ടതുകൊണ്ടു് മശീഹാവന്നു എന്നു് വിശ്വസിക്കാൻ അവർ കടപ്പെട്ടിരുന്നുവെന്നും അരുളിച്ചെയ്യുന്നു.— "പിതാക്കന്മാരുടെ ഹൃദയത്തെ പുത്രന്മാരിലേയ്ക്കും പുത്രന്മാരുടെ ഹൃദയത്തെ പിതാക്കന്മാരിലേയ്ക്കും തിരിക്കുന്നതിനായി": ഇവിടെ പറയുന്ന പിതാക്കന്മാർ, ദൈവത്തോടു് വലിയ വിശ്വസ്തത പ്രദർശിപ്പിച്ചിരുന്നവരും യഹൂദജനത്തിന്റെ അടിസ്ഥാനക്കാരുമായ ശ്രോത്രപിതാക്കന്മാരാണു്. യഹൂദജനം അവരുടെ പൂർവ്വപിതാക്കന്മാരുടെ പഴയ വിശ്വാസത്തിൽനിന്നും അധ:പതിച്ചുപോകും. ഈ അധ:പതനം അവരുടെ പൂർവ്വപിതാക്കന്മാരുടെ ഹൃദയത്തെ അവരിൽനിന്നു് അകററി എന്നു പറയാം. ഈ ഹൃദയ അകൽച്ചയെ അവരിൽ നിന്നു് നിഷ്കാസനം ചെയ്തു, അബ്രാഹം, ഇസഹാക്കു്, യാക്കോബു് എന്നീ പൂർവ്വപിതാക്കന്മാരുടെ ദൈവവിശ്വാസവും ഭക്തിയും അവരിൽ ജനിപ്പിക്കുക എന്നുള്ളതാണു് ഏലിയായുടെ ജോലി.

എബ്രായ, സുറിയാനിഭാഷകളിൽ പ്രയോഗിച്ചിരിക്കുന്ന
ചില സംജ്ഞാനാമങ്ങൾക്കു സമാനമായി ഇംഗ്ലീഷിൽ
പ്രചാരത്തിലിരിക്കുന്ന ശബ്ദങ്ങൾ.

അർത്തഹ്ശെശ്ത്ത്	Artaxerxes
അർമ്മാനിയാ	Armenia
ആദോം	Edom (Idumea)
ആമോസ്യാ	Amasias
ആസോർ	Assyria
ആഹാസ്	Achaz
ആറാവ്യാ	Arabia
ഈലസ്	Elath (Ailath)
എബ്രായർ	Hebrews
ഓബദ്യാ	Abdias
ഓസ്യാ	Ozias (Azarias)
കർക്കമൂശ്	Carchemish
ക്രൊശ്	Cyrus
തഗ്ലസ് പൽസർ	Theglath Phalasar
ദാർയാവാശ്	Darius
ദെക്കലസ്	Tigris
നബുക്കദ്നാസർ	Nabuchodonosor
നാഹോം	Nahum
പ്കഹ്	Phacee
പ്കൈഹാ	Phaceia
പാരൈസ്	Persia
പെറ്ഓൻ ഹ്ഗീറാ	Pharao Necho
പ്രാസ്	Euphrates
ബാബേൽ	Babylonia
ബെൽത്ത്ശാസർ	Baltassar
മനശ്ശെ	Manasses
മനഹേം	Manahem

മാദായ്	Media
മീകാ	Micheas
മെസ്രേൻ	Egypt
മ്രോദാക് ബെൽദാൻ	Merodach Baladan
യാഹോ ആഹാസ്	Joachaz
യാഹോശാപ്പാത്ത്	Josaphat
യോആശ്	Joas
യോപ്പേ	Joppa
യോയാകീൻ	Joachin
യൗനാൻ	Jonas
യോൻ അമ്മോൻ	Thebes
യോയാക്കീം	Joakim
യോശ്യാ	Josias
യോസാം	Joatham
യോറബ്അം	Jeroboam
ശ്കേം	Sichem
ശൽമാനെസർ	Shalmanassar
ശാമ്രേൻ	Samaria
ശാലോം	Sellum
സർഗോൻ	Sargon
സർഹാദോം	Esarhaddon
സുർബാവേൽ	Zorobabel
സൈദാൻ	Sidon
സേദക്യാ	Sedecias
സോർ	Tyre
സ്ലാ	Petra (Rock)
ഹബ്ക്കോക്ക്	Habakkuk
ഹേസക്കിയാ	Ezechias

ACHARYA PALACKAL THOMMA LIBRARY